# കാർമ്മൽ

## കർമ്മലസഭാനവീകരണ വിശേഷാൽപ്രതി

**October 1962**



CARMEL
uarterly
CENTENARY
562-1962
pecial

# കാർമ്മൽ

വർഷം 15 പു. 15 | ഒക്ടോബർ 1962 | ലക്കം 4

# കർമ്മെല സഭാനവീകരണത്തിൻെറ പ്രാധാന്യം അന്നും ഇന്നും

കർമ്മെലസഭാനവീകരണത്തിൻെറ നാലാം ശതാബ്ദാഘോഷങ്ങളുടെ സ്വരം ലോകമെങ്ങും മറെറാലിക്കൊണ്ടിരിക്കുകയാണ്. 1562 ആഗസ്ററ് 24-ാംതീയതി ആവിലാ പട്ടണത്തിൽ നടന്ന ഒരു ചെറിയ സംഭവം. അന്നതിൻെറ പ്രാധാന്യം ഗ്രഹിച്ചവർ തുലോം ചുരുക്കം. ദൈവദർശനങ്ങളും വെളിപാടുകളും ഉണ്ടായിരുന്ന വി. അമ്മത്രേസ്യാപോലും ഇന്നു നാം കാണുന്നവിധം ആ സംഭവത്തെ വീക്ഷിച്ചു കാണുകയില്ല. തങ്ങൾ നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ വിദൂരഫലം വിശുദ്ധന്മാരിൽ നിന്നു ദൈവം മറച്ചുവയ്ക്കുക വളരെ സാധാരണമാണ്.

ഇന്നു ലോകമാസകലം വ്യാപിച്ചുകിടക്കുന്ന 727 മഠങ്ങളിലായി 12000-ൽ പരം സന്ന്യാസിനികളും 361 ആശ്രമങ്ങളിലായി 4100 സന്ന്യാസികളും അമ്മത്രേസ്യായുടെ സന്താനങ്ങളായുണ്ട്. എന്നാൽ സ്ത്രീ വിഭാഗത്തിൻെറ നവീകരണം ത്രേസ്യാ ആരംഭിച്ചതു് പാവപ്പെട്ട കേവലം നാലു സ്ത്രീകളെക്കൊണ്ടും പുരുഷന്മാരുടേതു് രണ്ടു സന്ന്യാസവൈദികരെക്കൊണ്ടും മാത്രമായിരുന്നു. ദൈവത്തിൻെറ ആജ്ഞാനുസാരം അവിടുത്തെ നാമത്തിൽ, അവിടുത്തെ മഹത്വത്തിനുവേണ്ടിമാത്രം ആരംഭിക്കുന്ന സംരംഭങ്ങൾ എത്തെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടാലും, അവിടുന്നു് നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യം പ്രാപിക്കുമെന്നതിനു് കർമ്മെലസഭാനവീകരണം ഒരു മകുടോദാഹരണമാണ്. രാഷ്ട്രീയാധികാരികളും പൊതുജനങ്ങളും സഭാധികാരികൾപോലും അതിനെ അടിച്ചമർത്തുന്നതിനു പരിശ്രമിച്ചു. പക്ഷേ, മർദ്ദനമേൽക്കുന്തോറും അതു കൂടുതൽ ശക്തിപ്പെട്ടുവന്നു. കാരണം, ദൈവശക്തി അതിനെ നയിച്ചിരുന്നു. ദൈവത്തിനു് ഒരു മഹൽകാര്യം അതുമൂലം സാധിക്കാനുണ്ടായിരുന്നു. ഇക്കാര്യസാദ്ധ്യത്തിനു് ഉപകരണമായി ദൈവം തിരഞ്ഞെടുത്തതു് ആവിലായിലെ ത്രേസ്യായെയാണ്.

സത്യവിശ്വാസചൈതന്യം ക്ഷയിച്ചതിൻെറ ഫലമായി ഏററം ശോചനീയമായ ധാർമ്മികാധഃപതനത്തിലെത്തിയ 16-ാം നൂററാണ്ടിലായിരുന്നു വി. അമ്മത്രേസ്യാ ജീവിച്ചതു്. കത്തോലിക്കാസഭയ്ക്കകത്തു് കാലോചിതമായ ഒരു നവീകരണം തുടങ്ങുവാൻ താമസിച്ചതിനാൽ പ്രോട്ടസ്റ്റൻറ് മതവിപ്ലവം ആരംഭിച്ചു കഴിഞ്ഞിരുന്നു. വി. ത്രേസ്യാ ജനിച്ച 1515-ാമാണ്ടുമുതൽ പ്രോട്ടസ്റ്റൻറമതങ്ങളുടെ ജനയിതാവായ ലൂഥർ കത്തോലിക്കാസഭയ്ക്കെതിരായി പരസ്യമായി പ്രസംഗിച്ചുതുടങ്ങിയിരുന്നു. ജർമ്മനിയുടെ മൂന്നിൽ രണ്ടുഭാഗം ജനങ്ങളെ കത്തോലിക്കാസഭാ ഐക്യത്തിൽ നിന്നു വേർപെടുത്തിക്കൊണ്ടു് 1546-ൽ ലൂഥർ മരിച്ചപ്പോൾ വി. അമ്മത്രേസ്യായ്ക്കു് 31 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

ലൂഥറിനെ അനുകരിച്ചു് സ്വന്തം ജഡികാഭിലാഷത്തിനുവേണ്ടി ഹെൻറി 8-ാമൻ 1534-ൽ ഇംഗ്ലണ്ടിൽ ആരംഭിച്ച മതവിപ്ലവം അമ്മത്രേസ്യായുടെ സമകാലീനയായിരുന്ന എലിസബത്തു രാജ്ഞിയുടെ ഭരണകാലത്തു് അതിൻെറ മൂർദ്ധന്യത്തിലെത്തിയിരുന്നു. യൂറോപ്യൻ രാജ്യങ്ങൾ ഓരോന്നോരോന്നായി

കത്തോലിക്കാസഭയിൽ നിന്നു വിഛേദിക്കപ്പെട്ട് പ്രോട്ടസ്റ്റൻറുകാരുടെ പിടിയിലമരുവാനുള്ള ആപത്തു് അത്യധികമായിരുന്നു. ഒരുത്തമ കത്തോലിക്കനും രാജ്യതന്ത്രനിപുണനുമായിരുന്ന സ്പെയിനിലെ രാജാവ്, ഫിലിപ് രണ്ടാമൻെറ സൂക്ഷ്മദൃഷ്ടികളേയും മയക്കി ആ രാജ്യത്തും പ്രവേശിക്കുന്നതിനു് പ്രോട്ടസ്റ്റൻറുകാർ പരിശ്രമിച്ചുകൊണ്ടിരുന്നു.

ഇത്തരുണത്തിൽ പ്രോട്ടസ്റ്റൻറുകാരുടെ ആക്രമണങ്ങളെ ചെറുക്കുന്നതിനുള്ള പരിപാടികൾ സർവ്വജ്ഞാനിയായ ദൈവവും ഒരുക്കുന്നുണ്ടായിരുന്നു. 16–ാം നൂററാണ്ട് മതത്യാഗത്തിനു കുപ്രസിദ്ധി ആർജ്ജിച്ചതാണെങ്കിലും, വിശുദ്ധിയുടെ പരിമളത്തിനും മുമ്പിട്ടു നിൽക്കുന്ന ഒരു കാലഘട്ടമാണു്. വി. ഇഗ്നേഷ്യസ് (1491–1556), വി. അമ്മത്രേസ്യാ (1515–82), വി. ഫിലിപ്നേരി (1515–95), വി. പീററർ കനീസിയൂസ് (1521–97), വി. ഫ്രാൻസീസ് സേവ്യർ (†1552), കുരിശിൻെറ വി. യോഹന്നാൻ (1542–91), വി. അഞ്ചാം പീയൂസ് മാർപ്പാപ്പാ †1572) മുതലായ വിശുദ്ധരെ കത്തോലിക്കാസഭയ്ക്കു പ്രദാനം ചെയ്തതു് 16–ാം നൂററാണ്ടായിരുന്നു. പ്രോട്ടസ്റ്റൻറുകാർക്കെതിരായി ദൈവം അണിനിരത്തിയ രണ്ടു പ്രധാന സൈന്യവ്യൂഹങ്ങൾ വി. ഇഗ്നേഷ്യസിൻെറ നേതൃത്വത്തിലുള്ള ഈശോസഭയും വി. അമ്മത്രേസ്യായിൽ നിന്നു് ഉടലെടുത്ത നവീകൃത കർമ്മലസഭയുമാകുന്നു. ഇവയിൽ ആദ്യത്തെ സൈന്യം വിവിധതരത്തിലുള്ള കാലോചിതമായ പ്രേഷിതപ്രവർത്തനങ്ങൾവഴി മുന്നണിയിൽനിന്നും രണ്ടാമത്തെ സൈന്യം പ്രാർത്ഥനയുടെയും ത്യാഗത്തിൻെറയും ആയുധങ്ങളേന്തി പിന്നണിയിൽനിന്നും, അതായതു് അദൃശ്യമായ ആന്തരിക ജീവിതത്തിൻെറ രംഗത്തുനിന്നും പ്രോട്ടസ്റ്റൻറുകാരോടു യുദ്ധം ചെയ്തു് കത്തോലിക്കാസഭയെ സംരക്ഷിച്ചു. ഇതിനുള്ള പ്രചോദനം കർമ്മലീത്തക്കു ലഭിച്ചതു് വി. അമ്മത്രേസ്യാവഴിയാണു്. അതിനവൾ ഉപയോഗിച്ച മാർഗ്ഗം ആന്തരികജീവിതത്തിൻെറ നവോത്ഥാനമായിരുന്നു.

കർമ്മെലസഭയിൽ ഒരു നവീകരണം നടപ്പിൽ വരുത്തിക്കൊണ്ടു് വിശുദ്ധ അതു സാധിച്ചു എന്നു പറയുമ്പോൾ എന്താണു് അർത്ഥമാക്കുന്നതു് എന്നറിഞ്ഞിരിക്കേണ്ടതാണു്. വി. അമ്മത്രേസ്യായുടെ കാലത്തു് കർമ്മെലീത്തർ അനുഷ്ഠിച്ചിരുന്നതു് നാലാം യൂജിൻ മാർപ്പാപ്പാ 15–ാം നൂററാണ്ടിൽ ഔദ്യോഗികമായി ലഘൂകരിച്ച ഒരു നിയമമായിരുന്നു. യഥാർത്ഥ ആന്തരികജീവിതം നയിക്കുന്നതിനു് ഇതിനേക്കാൾ കൂടുതൽ സഹായിക്കുന്ന ഒരു നിയമമായിരുന്നു കർമ്മെലീത്തർ അതിനുമുമ്പു് അനുഷ്ഠിച്ചിരുന്നതു്. ജറുസലേമിലെ പാത്രിയാർക്ക് ആയിരുന്ന വി. ആൽബെർട്ടു് 1210–ൽ നൽകിയതും നാലാം ഇന്നസെൻറ് മാർപ്പാപ്പാ 1248–ൽ അംഗീകരിച്ചതുമായ ആ പൂർവ്വനിയമത്തിൻെറ പുനരനുഷ്ഠാനമല്ലാതെ മററൊന്നുമല്ല വി. അമ്മത്രേസ്യാ ആരംഭിച്ച നവീകരണം.

ഇതിനവളെ പ്രേരിപ്പിച്ചതു് മിശിഹായോടും അവിടത്തെ മൗതികശരീരമായ കത്തോലിക്കാസഭയോടുമുള്ള സീമാതീതമായ സ്നേഹമായിരുന്നു. ലൂഥറന്മാർ ഫ്രാൻസിലും മററു രാജ്യങ്ങളിലും ചെയ്തിരുന്ന അക്രമങ്ങളെപ്പററിയും വരുത്തിയിരുന്ന നാശങ്ങളെപ്പററിയും അവൾ അറിയുന്നതിനിടയായി. അവരുടെ എണ്ണം അനുദിനം വർദ്ധിക്കുന്നെന്നു് അവൾ കേട്ടു. താൻ ഒരു സ്ത്രീയും പാപിനിയും തൻമൂലം കർത്താവിനുവേണ്ടി തനിക്കാഗ്രഹമുള്ളതെല്ലാം ചെയ്യുവാൻ അശക്തയുമാണെന്നു് ഗ്രഹിച്ചപ്പോൾ അവൾക്ക് അസഹനീയമായ മനോവേദന അനുഭവപ്പെട്ടു. ഈശോയിക്കു് വളരെയധികം ശത്രുക്കളും കുറച്ചുമാത്രം സ്നേഹിതരും ഉള്ളതിനാൽ, ഈ കുറച്ചു സ്നേഹിതരെങ്കിലും വളരെ വിശ്വസ്തരായിരിക്കണമെന്നും അതിനുവേണ്ടി തന്നാൽ പാടുള്ളതു് താൻ ചെയ്യുമെന്നും വിശുദ്ധ തീരുമാനിച്ചു. തനിക്കു് സാദ്ധ്യമായിരുന്നതു് തൻെറ ആശയഗതിയുള്ള സഹോദരികളോടുകൂടി സുവിശേഷോപദേശങ്ങൾ ഏററം വിശ്വസ്തമായി അനുഷ്ഠിച്ചുകൊണ്ടു് നമ്മുടെ കർത്താവിനെ സന്തോഷിപ്പിക്കുകയും തിരുസഭയുടെ യോധാക്കൾക്കും പ്രബോധനംകൊണ്ടു് അവളെ സംരക്ഷിക്കുന്ന പ്രസംഗകന്മാർക്കും പണ്ഡിതന്മാർക്കുംവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുകയാണെന്നു് ത്രേസ്യായിക്കു് ബോദ്ധ്യമായി. നാശത്തിൻെറ മാർഗ്ഗത്തിൽ ചരിക്കുന്ന നിരവധി ആത്മാക്കളെപ്പററിയുള്ള ചിന്ത അവളുടെ ഹൃദയത്തെ ഭേദിച്ചു. തന്നോടുകൂടി പൂർവ്വനിയമം അനുഷ്ഠിച്ചു ജീവിക്കുവാൻ തുടങ്ങിയ സഹോദരികളെ എരിയമ്പുപോലെ തീക്ഷ്ണമായ വാക്കുകളാൽ വിശുദ്ധ ഉദ്ബോധി

ഷ്ടിച്ചു, അവരുടെ ദൈവവിളിയും ജീവിതകർത്തവ്യവും അവരുടെ ആഗ്രഹങ്ങളുടേയും കണ്ണുനീരുകളുടേയും വിഷയവും തിരുസഭയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി പ്രാർത്ഥിക്കുകയാണെന്ന്, ലോകം അഗ്നിയിൽ ദഹിക്കുകയും, തിരുസ്സഭയെ ആളുകൾ നിലംപരിശാക്കാൻ പരിശ്രമിക്കുകയും, മിശിഹായെ വീണ്ടും കുരിശിൽ തറയ്ക്കുവാൻ തുനിയുകയും ചെയ്യുമ്പോൾ വെറും ഭൗതികനന്മകൾക്കുവേണ്ടി പ്രാർത്ഥിച്ചു സമയം പാഴാക്കരുതെന്ന് (1). നവീകൃത കർമ്മെലസഭയുടെ പ്രാധാന്യവും ലക്ഷ്യവും എന്തെന്ന് ഭാവിതലമുറകളും ഒരിക്കലും വിസ്മരിക്കരുതെന്ന് കരുതി വിശുദ്ധ വീണ്ടും പറയുന്നു: "നിങ്ങളുടെ പ്രാർത്ഥനകളും ആഗ്രഹങ്ങളും ദേഹമർദ്ദനങ്ങളും ഉപവാസങ്ങളും ഞാൻ മുൻപു പ്രസ്താവിച്ച നിയോഗങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടുന്നില്ലെങ്കിൽ, നിങ്ങളെ കർത്താവ് ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നതിന്റെ ഉദ്ദേശ്യം സാധിക്കുകയോ അവിടുന്ന് നിങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി നിർവഹിക്കുകയോ ചെയ്യുന്നില്ലെന്ന് നിങ്ങൾ വിചാരിച്ചുകൊള്ളുവിൻ." (2)

സന്യാസിനികളുടെ നവീകൃതജീവിതം ആരംഭിച്ചപ്പോൾ വി. ത്രേസ്യായ്ക്കുണ്ടായിരുന്ന വിപുലവും മഹനീയവുമായ ലക്ഷ്യങ്ങൾ പൂർണ്ണമായി പ്രാപിക്കുവാൻ സന്യാസികളുടെ നവീകരണംകൂടി അത്യന്താപേക്ഷിതമായിരുന്നു. അഗാധമായ ആന്തരികജീവിതത്തിന്റെ ഫലദായകത്വം എത്ര മഹത്തരമെങ്കിലും അതോടുകൂടി വൈദികർക്കനുയോജ്യമായ പ്രേഷിതപ്രവർത്തനങ്ങൾ സമ്മേളിക്കുമ്പോൾ ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും വിസ്മയനീയമാംവിധത്തിൽ സംസിദ്ധമാകുന്നു. വി. ത്രേസ്യായുടെ പുത്രിമാരുടെ തീക്ഷ്ണമായ ആന്തരികജീവിതംവഴി തിരുസഭയ്ക്കു നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവാനുഗ്രഹങ്ങൾക്കു പുറമേ, നവീകരണ കർമ്മെലസഭയുടെ പുരുഷവിഭാഗംവഴി പുതിയ ഒരുണർവ്വ് പല രംഗങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അതിന്നും തുടർന്നുകൊണ്ടിരിക്കുകയാണ്.

പ്രാർത്ഥനകൊണ്ടു മാത്രമല്ല, പ്രവർത്തനംകൊണ്ടും മിശിഹായിക്കു ആത്മാക്കളെ നേടിക്കൊടുക്കുവാൻ അതിയായി ആഗ്രഹിച്ചിരുന്ന വി. ത്രേസ്യായുടെ പ്രേഷിതചൈതന്യത്തിന്റെ അനന്തരാവകാശികളാണ് അവളുടെ പുത്രന്മാർ. വിശുദ്ധയുടെ പ്രഥമ ആത്മപുത്രനും സന്യാസികളുടെ നവീകരണത്തിൽ അവളുടെ സഹപ്രവർത്തകനുമായ കുരിശിന്റെ വി. യോഹന്നാനും കൂട്ടുകാരും പ്രാർത്ഥനാജീവിതത്തോടു കൂടി പ്രേഷിതജോലികൾ വളരെ ഫലപ്രദമായി കൂട്ടിയിണക്കി കൊണ്ടുപോകുന്നതുകണ്ട് ആ അമ്മഹൃദയം കുളുർക്കെ ഇഹത്തിൽവച്ച് സന്തോഷിച്ചിട്ടുണ്ട്. അമ്മയുടെ മരണാനന്തരം അവളുടെ വീരസന്താനങ്ങൾ വിശ്വാസദീപവുമേന്തി ദിഗന്തങ്ങളിൽപോയി അനാഗതരുടെ മദ്ധ്യത്തിൽ നിർവ്വഹിച്ചിട്ടുള്ള മിഷ്യൻ ജോലികളുടെ വിപുലത ഇവിടെ വിവരിക്കുക ക്ഷിപ്രസാദ്ധ്യമല്ല. അവയുടെ ഫലങ്ങൾ സമൃദ്ധമായി അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണ് കേരള കത്തോലിക്കർ.

മിഷ്യൻ രംഗത്തേക്കാൾ കൂടുതൽ ആദ്ധ്യാത്മികരംഗത്തല്ലേ അവർ ശ്രദ്ധ പതിച്ചതെന്ന് ചോദിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ ജീവിതശുദ്ധിയും ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും ധ്യാനപരമ്പരകളുംവഴി സുകൃതജീവിതത്തിന്റെ ഉൽകൃഷ്ടതയെപ്പററിയുള്ള ബോദ്ധ്യം വിശ്വാസികളുടെ ഹൃദയങ്ങളിൽ ദൃഢതരമാക്കുവാൻ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കർമ്മലീത്തർ എക്കാലത്തും ധാരാളം ഉണ്ടായിരുന്നു. വി. അമ്മത്രേസ്യായുടെയും കുരിശിന്റെ വി. യോഹന്നാന്റെയും സ്വർഗ്ഗീയ പ്രബോധനങ്ങൾ ഒരമൂല്യ നിക്ഷേപംപോലെ പിതൃസ്വത്തായി കൈവരംവച്ചനുഭവിച്ചിരുന്ന കർമ്മെല സഭയിലേയ്ക്കു് ആദ്ധ്യാത്മികതയിൽ നേതൃത്വം നൽകുന്നതിനു് ആവശ്യപ്പെട്ടുകൊണ്ട് തിരുസഭയുടെ ഏതു ഭാഗത്തുനിന്നും ദൃഷ്ടികൾ തിരിച്ചിരുന്നു. ഇന്നതു് ഒരാജ്ഞപോലെ അനുഭവപ്പെട്ടിരിക്കുന്നതിന്റെ ഫലമായി, ആദ്ധ്യാത്മികജീവിതം സംബന്ധിച്ച് ഉപരിജ്ഞാനം നൽകുന്നതിനുവേണ്ടി നിഷ്പാദുക കർമ്മലീത്തർ റോമയിൽ ഒരു Institute of Spirituaity ആരംഭിച്ചിട്ടുണ്ട്. കർമ്മെല സഭയിലെ സമർത്ഥരായ യുവ സന്യാസവൈദികർക്കുവേണ്ടി ഉദ്ദേശിച്ചിരുന്ന ഈ സ്ഥാപനം, ഇന്നു് പ. സിംഹാസനത്തിന്റെ കല്പനപ്രകാരം മററുള്ളവർക്കുകൂടി തുറന്നിട്ടിരിക്കുകയാണ്. ഇവിടെ ലഭിക്കുന്ന പ്രബോധനവും അതനുസരിച്ചുള്ള ജീവിതവും ആദ്ധ്യാത്മികതയെ

---

(1) Way of Perfection 1/5.
(2) Way of Perfection III/10.

കർമ്മലസഭാ നവീകരണത്തിന്റെ തിരുവനന്തപുരത്തെ

# നാലാം ശതാബ്ദപൂർത്തിയാഘോഷങ്ങളുടെ റിപ്പോർട്ട്

(Fr. ELISEUS, O. C. D.)

അങ്ങനെ ആ ദിവസം അവസാനം വന്നുചേർന്നു—കർമ്മലസഭാനവീകരണത്തിന്റെ നാലാം ശതാബ്ദവും, നിഷ്പാദുക കർമ്മലീത്തരുടെ മലബാർ പ്രോവിൻസിന്റെയും തിരുവനന്തപുരം മിഷ്യന്റെയും ആഭിമുഖ്യത്തിൽ കേരള സ്റ്റേററിന്റെ തലസ്ഥാന നഗരിയിൽ ആഘോഷിക്കുന്ന ദിവസം. അതു് ചിരപ്രതീക്ഷിതമായിരുന്നു. ആഘോഷപരിപാടികൾ ചിരസജ്ജീകൃതങ്ങളും. പെ. ബ. ബെർണർദീൻ ഒ. സി. ഡി. യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒരു കമ്മിററിയാണു് ആഘോഷപരിപാടികളുടെ സൂത്രധാരത്വം വഹിച്ചതു്.

കഴിഞ്ഞ കൊല്ലത്തെ ഒക്ടോബർ ലക്കം കാർമ്മേലിൽതന്നെ ഇക്കൊല്ലത്തെ ഈ ജൂബിലിയാഘോഷങ്ങളെക്കുറിച്ചു് മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്നു. ആഘോഷങ്ങളടുത്തു വരുന്നതിനു ഒരു മാസം മുമ്പു മുതലേ തിരുവനന്തപുരം പട്ടണത്തിലും പട്ടണപ്രാന്തങ്ങളിലുള്ള പള്ളിപ്പരിസരങ്ങളിലും പ്രധാനാഘോഷപരിപാടികൾ അറിയിച്ചുകൊണ്ടു് വാൾപോസ്റ്ററുകൾ മഞ്ഞും മഴയും .കണക്കാക്കാതെ നിലകൊള്ളുന്നുണ്ടായിരുന്നു. അവയെ തുടർന്നു് നോട്ടീസുകളും ക്ഷണക്കത്തുകളും തിരുവനന്തപുരത്തു മാത്രമല്ല കേരളത്തിന്റെ നാനാഭാഗത്തേയ്ക്കും ആയിരക്കണക്കിനു് അയയ്ക്കപ്പെടുകയുണ്ടായി.

## ഉൽഘാടനം

തിരുവനന്തപുരം കർമ്മലീത്താ മിഷ്യന്റെ സുപ്പിരിയർ പ്രൊവിൻഷ്യലായ വെരി റവ. ഫാ. ഇരനേയൂസ് കർമ്മൽഹിൽ ആശ്രമ ദേവാലയത്തിൽ 1962 ആഗസ്റ്റ് 7—ാം നു- ചൊവ്വാഴ്ച കാലത്തു് പാട്ടുകുർബാന പാടുകയും ദേവാലയാങ്കണത്തിൽ നിൽക്കുന്ന ആ ഉയർന്ന കൊടിമരത്തിന്റെ അഗ്രത്തിലേയ്ക്കു് കർമ്മലസഭാപതാക ഉയർത്തി പാറിക്കുകയും ചെയ്തതോടെ ശതാബ്ദാഘോഷങ്ങളുടെ ആദ്യ പരിപാടി ആരംഭിച്ചുകഴിഞ്ഞു. അന്നേദിവസം വൈകുന്നേരം, തിരുവനന്തപുരം നഗരത്തിലും ചുററുമുള്ള സ്ഥലങ്ങളിലുംനിന്നു് പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്ന മൂന്നൂററിച്ചില്വാനം വരുന്ന പ്രശസ്തരും പ്രബുദ്ധരുമായ അതിഥികളുടെ സാന്നിദ്ധ്യത്തിൽ ബെൻസിഗർ ധ്യാനമന്ദിരഹാളിൽവച്ചു് കേരള ഗവർണ്ണർ ശ്രീ. വി. വി. ഗിരി ശതാബ്ദ ജൂബിലി ഉൽഘാടനം ചെയ്തു. ഉൽഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചതു് കൊല്ലം മെത്രാൻ റൈററ് റവ. ഡോക്ടർ ജെറോം ഫെർണാൻഡെസ് തിരുമനസ്സുകൊണ്ടായിരുന്നു. പരിവാരസമേതം നേരത്തെ ആഗതനായ ഗവർണ്ണരെ സ്റ്റേററ് ബാൻഡിന്റെ ഗാനാലാപത്തോടുകൂടി ആശ്രമവാസികൾ ബഹുമാനപുരസ്സരം സ്വീകരിക്കുകയും ആശ്രമത്തിന്റെ എല്ലാഭാഗങ്ങളും

---

പ്പററിയുള്ള മതിപ്പു് ജനതാമദ്ധ്യത്തിൽ വർദ്ധിപ്പിക്കുന്നതിനിടയാകുമെന്നു് നമുക്കു് പ്രതീക്ഷിക്കാം.

സ്നേഹം വഴിഞ്ഞൊഴുകുന്ന പ്രാർത്ഥനകൊണ്ടും ഉദാരമായ ആത്മപരിത്യാഗംകൊണ്ടും പോഷിപ്പിക്കുന്ന ഒരാന്തരിക ജീവിതത്തിന്റേയും തൻമൂലം തിരുസഭയ്ക്കും മനുഷ്യവർഗ്ഗത്തിനും ഉളവാകുന്ന പ്രയോജനത്തിന്റേയും സന്ദേശമാണു് തെരേസ്യൻ കാർമ്മേൽ ലോകത്തിനു് എന്നും നൽകിക്കൊണ്ടിരിക്കുന്നതു്. 16—ാം നൂററാണ്ടിലെന്നപോലെ ഈ ഇരുപതാം നൂററാണ്ടിലും ജനങ്ങളുടെ ധാർമ്മികോന്നമനം സാധിക്കുന്നതിനു്, വി. അമ്മത്രേസ്യായെപ്പോലെ പ്രാർത്ഥനകൊണ്ടും പരിത്യാഗം കൊണ്ടും സ്വയം നവീകരിക്കുന്നതിന്റെ ഫലമായി ഉജ്ജ്വലിക്കുന്ന പ്രേഷിതചൈതന്യത്താൽ പ്രചോദിതരായ ആത്മാക്കളെയാണു് നമുക്കു കൂടുതലാവശ്യം. അത്തരം ആത്മാക്കളെ സഭയ്ക്കകത്തും പുറത്തും വാർത്തെടുക്കുക സ്വജീവിതത്തിന്റെ അഞ്ചാം നൂററാണ്ടാരംഭിക്കുന്ന നവീകൃത കർമ്മലസഭയുടെ ഒരു വിശിഷ്ട കർത്തവ്യമായിരിക്കട്ടെ.

——

15072

കൊണ്ടുനടന്നു കാണിക്കുകയും ചെയ്തു. ദേവാലയം, പ്രാർത്ഥനാലയം, ഗ്രന്ഥാലയം, ഭക്ഷണശാല, അന്തർഭൗമിക ശ്മശാനസ്ഥലം മുതലായവയും ഭക്തിദ്യോതകങ്ങളായ അവിടത്തെ സകല ക്രമീകരണങ്ങളും ഞങ്ങളുടെ പ്രശസ്താതിഥിയെ ഹഠാദാകർഷിച്ചു എന്നു് അദ്ദേഹം തൻെറ പ്രസംഗത്തിൽ വെളിപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിൻെറയും ക്ഷണിതാക്കളുടെയും ബഹുമാനാർത്ഥം സേവിയേർസിൻെറ മേൽനോട്ടത്തിൽ ടീ പാർട്ടിയും സമ്മേളനത്തിൻെറ അവസാനം നടത്തപ്പെട്ടു. (ഉൽഘാടന ചടങ്ങു സംബന്ധിച്ചുള്ള മനോരമ പത്ര റിപ്പോർട്ടു് അന്യത്ര).

## സ്റ്റഡിക്ലാസ്സുകളും കോൺഫെറൻസുകളും

ഉൽഘാടനത്തെ തുടർന്നുള്ള ദിവസങ്ങളിൽ എല്ലാദിവസവും പാട്ടുകുർബാനയും വാഴ്വും പ്രത്യേക നോവേന പ്രാർത്ഥനകളും ഉണ്ടായിരുന്നു. ആളുകളുടെ ഹൃദയത്തെ ഒരുക്കുന്നതിനുദ്ദേശിച്ചുള്ള ഈ ചടങ്ങുകൾക്കു പുറമേ ബുദ്ധിയുടെ പോഷണത്തിനുവേണ്ടിയും ആഘോഷ പരിപാടിയിൽ ചില അയിററങ്ങൾ കൊള്ളിച്ചിരുന്നു. അവയിൽ ഒന്നു് സ്റ്റഡിക്ലാസ്സുകളും മറെറാന്നു് കോൺഫെറൻസുകളും ആയിരുന്നു.

ആഗസ്ററു് 12—ാം നു- ഞായറാഴ്ച, റവ. ഫാ. എലിസേവൂസ് മാനസിക പ്രാർത്ഥനയേക്കുറിച്ചു്, ഓരോ മണിക്കൂറു് നീണ്ടുനിന്ന നാലു സ്റ്റഡിക്ലാസുകൾ ബർസിഗർ ധ്യാനമന്ദിരത്തിൽവച്ചു അഭ്യസ്ത വിദ്യരെ ഉദ്ദേശിച്ചു് നടത്തുകയുണ്ടായി. കുറച്ചു പ്രായമായവർക്കു് വിഷമമേറിയ ജോലിയാണു് ക്ലാസിലിരുന്നു പഠിക്കുക. എങ്കിലും പ്രബുദ്ധരായ 24 പേരോളം അതിൽ കാലത്തു മുതൽ വൈകുന്നേരംവരെ വളരെ താല്പര്യത്തോടുകൂടി സംബന്ധിച്ചു. ആഭ്യന്തരമന്ത്രി മി. പി. ററി. ചാക്കോയും മററും കോളേജ് കുമാരന്മാരെപ്പോലെ ബെഞ്ചിലിരുന്നു് സശ്രദ്ധം പാഠങ്ങൾ കേൾക്കുകയും നോട്ടെഴുതിയെടുക്കുകയും ചെയ്ത കാഴ്ച കാണികളെ വിസ്മയിപ്പിക്കാതിരുന്നില്ല.

മാനസിക പ്രാർത്ഥനയുടെ ആദ്യപടവിയായ ധ്യാനം എന്തു്, അതിൻെറ ഭാഗങ്ങൾ ഏവ, അതെങ്ങനെ നടത്തണം എന്നിപ്രകാരമുള്ള വിഷയങ്ങളായിരുന്നു പ്രതിപാദ്യം. ധ്യാനം, ആത്മാവു് ദൈവത്തോടുചെയ്യുന്ന ഒരു സ്നേഹസംഭാഷണമാകയാൽ, അധികം ചിന്തിക്കുന്നതിലല്ല, പിന്നയോ അധികം സ്നേഹിക്കുന്നതിലാണു് അതടങ്ങിയിരിക്കുന്നതു് എന്ന വി. അമ്മത്രേസ്യായുടെ ആശയം ശ്രോതാക്കളുടെ മനസ്സിൽ പതിപ്പിക്കുവാൻ ക്ലാസദ്ധ്യാപകൻ പ്രത്യേകം പരിശ്രമിച്ചു.

ആഗസ്റ്റ് 13—ാം നു- തിങ്കളാഴ്ചയും പിറെറ ദിവസം ചൊവ്വാഴ്ചയും വൈകുന്നേരം ബെൻസിഗർ മെമ്മോറിയൽ ഹാളിൽവച്ചു് റവ. ഫാ. ഫിലിപ്പും, റവ. ഫാ. ലൂക്കാസും യഥാക്രമം കർമ്മെലസഭാ ചരിത്രത്തെപ്പററിയും, കർമ്മെലീത്ത ആദ്ധ്യാത്മികതയേപ്പററിയും നടത്തിയ കോൺഫറൻസുകളിൽ ഒട്ടുവളരെപ്പേർ സംബന്ധിക്കുകയുണ്ടായി.

കർമ്മെലസഭ ഒരു സന്ന്യാസസഭയായി നിലവിൽ വന്നതും അംഗീകരിക്കപ്പെട്ടതും 13—ാം നൂററാണ്ടിലാണെങ്കിലും, മിശിഹായുടെ ജനനത്തിനു് തൊള്ളായിരം വർഷങ്ങൾക്കു മുമ്പു് പലസ്തീനായിലെ മൌണ്ടു് കാർമ്മെലിൽ തപസ്സു ചെയ്തു ജീവിച്ചിരുന്ന ഏലിയാസ് ദീർഘദർശിയിൽ നിന്നാണു് അതിൻെറ ആദർശവും ആരംഭവും എന്നു് പറഞ്ഞുകൊണ്ടാണു് ഫാ. ഫിലിപ്പു് തൻെറ പ്രസംഗം തുടങ്ങിയതു്. സഭയുടെ പൂർവ്വ നിയമം, യൂറോപ്പിലേയ്ക്കുള്ള അതിൻെറ പ്രയാണം, അവിടെ നേരിട്ട വിഷമങ്ങൾ, നിയമത്തിൻെറ ലഘൂകരണം, പ. കന്യകയുടെ ഉത്തരീയദാനം, സഭാനവീകരണം, വികസനം, മിഷ്യൻ പ്രവർത്തനങ്ങൾ, നമ്മുടെ രാജ്യത്തേയ്ക്കുള്ള അതിൻെറ പ്രവേശനം മുതലായ വിഷയങ്ങളെ പരാമർശിച്ചു് അദ്ദേഹം നൽകിയ കോൺഫെറൻസ് അതിൽ സംബന്ധിച്ച ഭൂരിപക്ഷം ആളുകൾക്കും ഒരു പുതിയ പ്രകാശമായിരുന്നു.

റവ. ഫാ. ലൂക്കാസ് തൻെറ പ്രഭാഷണത്തിൽ കർമ്മെലീത്താ ആദ്ധ്യാത്മികതയുടെ നാനാവശങ്ങളേക്കുറിച്ചു് സമ്യക്കായി പ്രതിപാദിച്ചു. ദൈവത്തോടുള്ള സ്നേഹൈക്യമാണു് അതിൻെറ ലക്ഷ്യം. അതു പ്രാപിക്കുന്നതു് ആന്തരികവും പ്രാവർത്തികവുമായ സ്നേഹം പുലർത്തിക്കൊണ്ടാണു്. അതിനു് മാനസിക പ്രാർത്ഥനയുടെ വിശപസ്തമായ അഭ്യസനം ഒഴിച്ചുകൂടാത്ത ഒരു വ്യവസ്ഥയാകുന്നു. ദൈവസ്നേഹത്തിൻെറ ജീവിതമാകുന്ന കർമ്മെലീത്താ ജീവിതം. സ്നേഹം, ത്യാഗം, പ്രവർത്തനം കർമ്മെലീത്താ ആദ്ധ്യാത്മികതയുടെ ഘടകങ്ങളാണു്. ഇപ്രകാരമുള്ള വിഷയങ്ങളേക്കുറിച്ചു്

വി. അമ്മത്രേസ്യാ, കുരിശിൻെറ വി. യോഹന്നാൻ, വി. കൊച്ചുത്രേസ്യാ മതലായവരുടെ പഠനങ്ങളും മാതൃകകളും ചൂണ്ടികാണിച്ചുകൊണ്ട് അദ്ദേഹം ഒരു മണിക്കൂർ പ്രസംഗിച്ചു.

### ത്രിദിനം

ആഗസ്റ്റ് 15—ാം നു- ബുധനാഴ്ച കാലത്തു് ഞങ്ങളുടെ പ്രൊവിൻഷ്യൽ വെറി. റവ. ഫാ. തദ്ദേയൂസ് പാട്ടു കുർബാന പാടുകയും വൈകുന്നേരം പ. കുർബാനയുടെ ആശീർവ്വാദത്തിനുമുമ്പ് വെറി. റവ. ഫാദർ ബെർണർദീൻ. ഒ. സി. ഡി., വി. അമ്മത്രേസ്യായും സഭാ നവീകരണവും എന്ന വിഷയത്തേക്കുറിച്ച് പള്ളിയിൽ പ്രസംഗിക്കുകയും ചെയ്തു.

പിറേറദിവസം വ്യാഴാഴ്ച, ദിവ്യ ബലി പാടിയർപ്പിച്ചതു് തിരുവനന്തപുരം കർമ്മെലീത്താ മിഷ്യൻെറ സുപ്പീരിയർപ്രൊവിൻഷ്യൽ വെറി. റവ. ഫാദർ ഇരനേയൂസും വൈകുന്നേരം പ്രസംഗിച്ചതു് റവ. ഫാ. പോൾ, ഒ. സി. ഡി. യും ആയിരുന്നു. പ്രസംഗവിഷയം "കുരിശിൻെറ വി. യോഹന്നാനും സഭാനവീകരണവും".

ആഗസ്റ്റ് 17—ാം നു- വെള്ളിയാഴ്ച തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോക്ടർ ബെനെഡിക്ററ് മാർ ഗ്രെഗോരിയോസ് തിരുമനസ്സുകൊണ്ടു് പോങ്ങുംമൂട്ട് മഠത്തിലെ കന്യാസ്ത്രീകളുടെ ഗായക സംഘത്തിൻെറ സഹായത്തോടുകൂടി ആശ്രമദേവാലയം നിറഞ്ഞു നിന്നിരുന്ന വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ മലങ്കര റീത്തിൽ ആഘോഷമായ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. വൈകുന്നേരത്തെ പ്രസംഗം നടത്തിയതു് റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി. ആയിരുന്നു. അദ്ദേഹം തിരഞ്ഞെടുത്തതു് "കർമ്മെലസഭാനവീകരണവും മിഷ്യൻ പ്രവർത്തനങ്ങളും'' എന്ന വിഷയമായിരുന്നു.

### പരിശുദ്ധ കുർബാനയുടെ ആരാധനയും പ്രദക്ഷിണവും.

ദേഹാസ്വാസ്ഥ്യം നിമിത്തം ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതുപോലെ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് വന്നുചേരാതിരുന്നതിനാൽ ആഗസ്റ്റ് 18—ാം നു- ശനിയാഴ്ച കാലത്തു് പ. കുർബാന എഴുന്നെള്ളിച്ചു വച്ചുകൊണ്ടു് സീറോ മലബാർ റീത്തിൽ പാട്ടു കുർബാന പാടിയതു് റവ. ഫാ. പ്രോബസ് സി. എം. ഐ. ആയിരുന്നു. തദവസരത്തിൽ വാഴപ്പള്ളിയിൽനിന്നു വന്നിരുന്ന ആരാധന സഭക്കാരായ സഹോദരികളാണ് ഗായക സംഘത്തിൻെറ ചുമതല നിർവ്വഹിച്ചതു്. ദിവ്യബലി കഴിഞ്ഞശേഷവും വൈകുന്നേരം ആറുമണിവരെ പ. കുർബാനയുടെ ആരാധന തുടർന്നുകൊണ്ടിരുന്നു. ദേവാലയം തലേനാളത്തേക്കാൾ ജനനിബിഡമായി കാണപ്പെട്ടു.

വൈകുന്നേരം തിരുവനന്തപുരത്തെ മാർ തെയോഫിലോസ് ബി. ററി. കോളേജിൻെറ പ്രിൻസിപ്പാൾ റവ. ഫാ. ജോസ് മാത്യുവിൻെറ പ്രസംഗത്തെ തുടർന്ന് തിരുവനന്തപുരം രൂപതാസഹായമെത്രാൻ റൈററ് റവ. ഡോക്ടർ പീററർ ബെർണ്ണാർഡ് പെരെയിരാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ പ. കുർബാനയുടെ എത്രയും ഭക്തിദ്യോതകമായ പ്രദക്ഷിണം ദേവാലയാങ്കണത്തിൽ നടത്തപ്പെട്ടു. മനോഹരമായി അലങ്കരിക്കപ്പെട്ടിരുന്ന പൂപ്പന്തലിനുകീഴെ, പഞ്ചസാരമണലും പുഷ്പദളങ്ങളും നിരത്തിയിരുന്ന വഴിയിലൂടെ തിരുവനന്തപുരം മെത്രാപ്പോലീത്താ, പാലാമെത്രാൻ, മോൺസിഞ്ഞോരന്മാർ, നിരവധിവൈദികർ, 150—ൽ പരം വൈദികവിദ്യാർത്ഥികൾ, അത്രയുംകന്യാസ്ത്രീകൾ, അനേകശതം വിശ്വാസികൾ എന്നിവരാൽ പരിസേവിതനായി, അവരുടെ ഹൃദയാന്തർഭാഗത്തുനിന്നു നിർഗ്ഗളം പ്രവഹിച്ചിരുന്ന സ്നേഹഗാനങ്ങളും തീക്ഷ്ണ പ്രാർത്ഥനകളും ശ്രവിച്ചുകൊണ്ടു് ദിവ്യകാരുണ്യനാഥൻ മന്ദം മന്ദം മുന്നോട്ടു് നീങ്ങിയിരുന്നതു് സന്നിഹിതരായവരെ കോൾമയിർ കൊള്ളിച്ച ഒരു കാഴ്ചയായിരുന്നു.

### കാർമ്മലമാതാവിൻെറ പ്രദക്ഷിണം

പ. കുർബാനയുടെ പ്രദക്ഷിണവും വാഴ്വും കഴിഞ്ഞശേഷം രാത്രി ഏഴേകാൽ മണിമുതൽ ഒമ്പതേകാൽ മണിവരെ, രാജോചിതമായി അലങ്കരിക്കപ്പെട്ടിരുന്ന ഒരു രഥത്തിൽ കർമ്മെലമാതാവിൻെറ തിരുസ്വരൂപവും എഴുന്നെള്ളിച്ചുകൊണ്ടു് ഒരു പ്രായശ്ചിത്ത പ്രദക്ഷിണം കാർമ്മെൽഹിൽ ആശ്രമദേവാലയത്തിൽ നിന്നു പുറപ്പെട്ടു് പാളയംപള്ളിവഴി മെയിൻറോഡിലൂടെ ചുററി തിരിച്ചുവരുകയുണ്ടായി. നടപ്പിൻെറ ക്ഷീണം വകവയ്ക്കാതെ, കത്തിച്ച എണ്ണത്തിരികൾ

കരങ്ങളിലേന്തി, പാട്ടും പ്രാർത്ഥനയും ഇടകലർത്തി, പരിപൂർണ്ണ അച്ചടക്കത്തിലും അടക്കമൊതുക്കത്തിലും ആബാലവൃദ്ധം പൊതുജനങ്ങൾ, കന്യാസ്ത്രീകളോടും വൈദികരോടുംകൂടി ഇതിൽ പങ്കെടുത്തതു് ഭക്തിസംവർദ്ധകവും ഹൃദയസ്പർശകവുമായ ഒരു കാഴ്ചയായിരുന്നു.

## സമ്മേളനങ്ങൾ

സമാപന പൊതുസമ്മേളനം കൂടാതെ മൂന്നു് പ്രത്യേകസമ്മേളനങ്ങളും ആഘോഷപരിപാടിയിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു. അവയിൽ ആദ്യത്തേതു് കർമ്മലമൂന്നാം സഭാംഗങ്ങളായ രൂപതാ വൈദികരുടെ സമ്മേളനമായിരുന്നു. ആഗസ്റ്റ് 16-ാംതീയതി ഉച്ചയ്ക്കുമുമ്പു് എത്രയും അഭിവന്ദ്യ ഡോക്ടർ പീറ്റർ ബെർണാർഡു് പെരയിരാതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കാർമ്മൽഹിൽ ആശ്രമത്തിൽ വച്ചു് നടന്ന ഈ സമ്മേളനത്തിൽ കോട്ടാർ, തിരുവനന്തപുരം മുതലായ രൂപതകളിൽ നിന്നായി ഏതാനും 20-ൽ പരം വൈദികർ സംബന്ധിച്ചിരുന്നു. വെരി. റവ. ഫാദർ ഡോമിനിക്ക് ഒ. സി. ഡി. യുടെ സ്വാഗതപ്രസംഗത്തെത്തുടർന്നു് തിരുവനന്തപുരം സെൻറ് വിൻസൻറ് മൈനർ സെമ്മിനാരി റക്ടർ വെരി. റവ.ഫാ. മാക്കു് നേറേറായും റവ. ഫാ. അദെയോ ദാത്തൂസു് ഒ. സി. ഡി. യും പ്രസംഗിച്ചു. കൃതജ്ഞത പറഞ്ഞതു് വെരി. റവ. ഫാ. ബൊനവെഞ്ചർ ഒ. സി. ഡി. ആയിരുന്നു.

ഇതര പ്രത്യേക സമ്മേളനങ്ങൾ നടന്നതു് സമാപനദിവസമായ ആഗസ്റ്റ് 19-ാം തീയതി ഞായറാഴ്ചയായിരുന്നു. അന്നേദിവസം കാലത്തു് തിരുവനന്തപുരം മെത്രാൻ റൈററ് റവ. ഡോക്ടർ വിൻസെൻറ് ദെരേരായ്ക്കു പകരം തൻെറ സഹായമെത്രാൻ ലത്തീൻ റീത്തിൽ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. ദിവ്യബലിക്കിടയ്ക്കു് ചങ്ങനാശ്ശേരി അതിരൂപതാ വികർ ജനറൽറൈററ് റവ. മോൺസിഞ്ഞോർ എൽ. ജെ. ചിററൂർ ദേവാലയം നിറഞ്ഞു തിങ്ങിനിന്നിരുന്ന ജനങ്ങളോടു് സന്ദർഭോചിതമായ ഒരുജ്ജ്വല പ്രസംഗം .വി.' അമ്മത്രേസ്യായേപ്പററിയും കർമ്മലസഭാനവീകരണത്തെപ്പററിയും പറയുകയുണ്ടായി. തദവസരത്തിൽ വരാപ്പുഴ അതിരൂപതാ പ്രോ-വികാർ ജനറൽ റൈററ് റവ. മോൺസിഞ്ഞോർ കൊർണേലിയൂസ് എലഞ്ഞിക്കൽ സന്നിഹിതനായിരുന്നു. പൊന്തിപ്പിക്കൽ കുർബാനയ്ക്കുശേഷം ബെൻസിഗർ ധ്യാനമന്ദിരഹാളിൽവച്ചു് പാലാ മെത്രാൻ റൈററ് റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കർമ്മെലമൂന്നാംസഭാംഗങ്ങളായ അൽമേനികളുടെ പ്രത്യേകസമ്മേളനം നടത്തപ്പെട്ടു. വരാപ്പുഴ, എറണാകുളം മുതലായ സ്ഥലങ്ങളിൽനിന്നു് വന്നിരുന്ന മൂന്നാംസഭാപ്രതിനിധികളെ കൂടാതെ സ്ഥലത്തെ മൂന്നാംസഭാംഗങ്ങളും അല്ലാത്തവരുമായ ഒരുവലിയ ജനക്കൂട്ടം അതിൽ സംബന്ധിച്ചു. കർമ്മെല മൂന്നാംസഭാംഗങ്ങളായ ഷെവലിയർ ജോസഫ് വിതയത്തിൽ, ശ്രീ. ഈ. പി. വർഗീസു് എന്നിവരായിരുന്നു പ്രസംഗകന്മാർ. സമ്മേളനത്തിൽ വെരി. റവ. ഫാ. തോമസ് ഒ. സി. ഡി. സ്വാഗതപ്രസംഗവും ശ്രീ. ജെ. ഐ. രത്നരാജ് കൃതജ്ഞതാപ്രസംഗവും ചെയ്തു. സ്ഥലത്തെ ചെറുപുഷ്പ ഭക്തസഖ്യതാംഗങ്ങളായ കുട്ടികളുടെ കഴിവിൽപ്പെട്ട കലാപ്രകടനങ്ങൾ സദസ്യരെ ആഹ്ലാദചിത്തരാക്കി.

കാർമ്മെൽഹില്ലിൽ അൽമായ മൂന്നാംസഭക്കാരുടെ ആഭിമുഖ്യത്തിൻമേൽ പ്രസ്താവിച്ച സമ്മേളനം നടന്നുകൊണ്ടിരുന്ന ആ സമയത്തുതന്നെ മറെറാന്നു് തിരുവനന്തപുരം ഹോളി എയിൻജൽസ് കോൺവെൻറിൽ കർമ്മെലീത്താ സന്യാസിനികൾക്കുവേണ്ടി മാത്രമായി നടത്തപ്പെട്ടു. അതിൻെറ അദ്ധ്യക്ഷൻ വിജയപുരം മെത്രാൻ റൈററ് റവ. ഡോക്ടർ അമ്പ്രോസ് ആബസലോ ഒ. സി. ഡി. യും പ്രസംഗകർ റവ. സിസ്റ്റർ മരിസെസിൽ, റവ. ഫാ. എലിസേവൂസ് ഒ. സി. ഡി., റവ. ഫാ. ജോൺ ഓഫ് ദി ക്രോസ് ഒ. സി. ഡി. എന്നിവരും ആയിരുന്നു. ഹോളി എയിൻജൽസ് കോൺവെൻറംഗമായ റവ. സിസ്റ്റർ മേരി എലയാസു് സദസ്യരെ സ്വാഗതംചെയ്തു; ചങ്ങനാശ്ശേരി അസമ്പ്ഷൻകോളേജ് സ്റ്റാഫംഗമായ റവ. സിസ്റ്റർ ഗ്രെഗോരിയ അവക്കു കൃതജ്ഞതയും രേഖപ്പെടുത്തി.

ഹോളി എയിൻജൽസ് കോൺവെൻറിലെ അംഗങ്ങളും, വരാപ്പുഴ, എറണാകുളം, പാലാ, ചങ്ങനാശ്ശേരി മുതലായ രൂപതകളിലെ കർമ്മെലീത്താ സന്യാസിനികളുടെ പ്രതിനിധികളും മദർ ജനറൽമാരും ഉൾപ്പെടെ 150-ൽപരം കന്യാസ്ത്രീകൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു. വി. അമ്മത്രേസ്യായോടും

അവരാം നവീകരിച്ച കർമ്മെലസഭയോടും അവക്കുള്ള സ്നേഹാദരവുകളുടേയും കൃതജ്ഞതയുടേയും ഒരാത്മാർത്ഥ പ്രകടനമായി അവരുടെ അമൂല്യസാന്നിദ്ധ്യത്തെ ഞങ്ങരാം എന്നും സ്മരിക്കുന്നതാണു്.

ഹോളി എയിൻജൽസിലെ മദർ ജനറലും മററ സഹോദരികളും അതിഥികളുടെ ബഹുമാനാർത്ഥം സംഘടിപ്പിച്ച കലാപ്രകടനങ്ങളും നൽകിയ ടീ പാർട്ടിയും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്.

## സമാപനസമ്മേളനം

ആഗസ്റ്റ് 19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞു് നാലരമണിക്കു് വിസ്തൃതമായ കാർമ്മെൽ ഹിൽ ദേവാലയാങ്കണത്തിൽ വച്ച്, ചങ്ങനാശേരി മെത്രാപ്പോലീത്താ മോസ്ററ് റവ. ഡോക്ടർ മാത്യു കാവുകാട്ടുതിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽ പൊതു സമ്മേളനം ആരംഭിച്ചു. യോഗം തുടങ്ങുന്നതിനു രണ്ടു മണിക്കൂറ മുമ്പുമുതലേ യോഗസ്ഥലത്തേക്കുള്ള ജനപ്രവാഹം ആരംഭിച്ചു കഴിഞ്ഞിരുന്നു. സമ്മേളന സമയമായപ്പോളേയ്ക്കും പതിനായിരത്തിൽ പരംവരുന്ന ഒരു ജനാവലിയെക്കൊണ്ടു് സെബസ്ത്യാനി നഗർ നിറഞ്ഞുകഴിഞ്ഞു. 1657 ഫെബ്രുവരിയിൽ കൊച്ചിയിൽ വന്നിറങ്ങിയ ആദ്യ നിഷ്പാദുക കർമ്മെലീത്താ സംഘത്തിൻെറ നേതാവായ ജോസഫ് സെബസ്ത്യാനിയുടെ സ്മരണയ്ക്കായി യോഗസ്ഥലത്തെ സെബസ്ത്യാനി നഗർ എന്നാണു് നാമകരണം ചെയ്തിരുന്നതു്. ഈ വിജന പ്രദേശത്തു് ഇത്രമാത്രം ജനങ്ങരാം എവിടെ നിന്നു വന്നു എന്നു് ആളുകരാം അതിശയിച്ച് അന്യോന്യം ചോദിച്ചുപോയി. കർമ്മെലീത്താസഭാംഗമായ തിരുവനന്തപുരം മെത്രാൻ തിരുമനസ്സുകൊണ്ടു് ഒരിടയലേഖനം വഴി (ഇടയലേഖനം അന്യത്ര) നൽകിയ ആഹ്വാനം, അടുത്തുള്ള ഇടവക വികാരിമാർ നൽകിയ പ്രോത്സാഹനം, തിരുവനന്തപുരം രൂപതയിലെ, പ്രത്യേകിച്ച്, കടൽത്തീരത്തെ കത്തോലിക്കർക്കു് കർമ്മെല മാതാവിനോടും കർമ്മെല സഭയോടുമുള്ള സ്നേഹം, പൊതു സമ്മേളനകാര്യ പരിപാടിയിൽ കൊള്ളിച്ചിരുന്ന വിവിധ കലാപരിപാടികരാം മുതലായവയായിരിക്കണം ആയിരക്കണക്കിനാളുകളെ കാർമ്മെൽ ഹില്ലിലേയ്ക്കു് ആകർഷിച്ച പ്രധാന കാരണങ്ങരാം. പൊതു സമ്മേളനത്തെ ഒരു വമ്പിച്ച വിജയമാക്കിയതു് ഈ ആളുകളുടെ സാന്നിദ്ധ്യവും സഹകരണവുമായിരുന്നു എന്നു് നിസ്തർക്കം പറയാം. സെബസ്ത്യാനി നഗറിലെ സകല സജ്ജീകരണങ്ങളും അതിനു മകുടം ചാർത്തികൊണ്ടു് അതിൻെറ തെക്കുവശത്തു ഉയർന്നു നിന്നിരുന്ന അദ്ധ്യക്ഷവേദിയിലെ മനോഹരമായ അലങ്കാരങ്ങളുമെല്ലാം റവ. ഫാ. പീ. സി. തോമസിൻെറ വിദഗ്ദ്ധമായ മേൽനോട്ടത്തിൽ നടത്തപ്പെട്ടതായിരുന്നു എന്ന വസ്തുത വിസ്മരിക്കാൻ പാടില്ല.

അദ്ധ്യക്ഷനു പുറമേ പ്ലാററഫോറത്തിൽ ആസനസ്ഥരായിരുന്ന പ്രശസ്താതിഥികളായ ഹൈക്കോർട്ടു് ജഡ്ജി ശ്രീമതി അന്നാച്ചാണ്ടി, റൈററ് റവ. മോൺസിഞ്ഞോർ സി. ററി. കുരുവിള, പ്രൊവീൻഷാളന്മാരായ വെറി റവ. ഫാദേർസ് തദ്ദേയൂസു്, ഇറനേയൂസു് (തിരുവനന്തപുരം), ലൂയിസ്മരിയാ (വിജയപുരം), ഡെലിഗെയിററ് പ്രൊവീൻഷ്യൽ വെറി റവ. ഫാ. തെയോഫിൻ, (മഞ്ഞുമ്മേൽ), റവ. ഫാ. കോൺസ്ററൻ റൈററൻ മുതലായവരെയും മററു മാന്യ സദസ്യരെയും സ്വാഗതം ചെയ്തുകൊണ്ടും കർമ്മെല സഭാ നവീകരണത്തിൻെറ പ്രാധാന്യം ചൂണ്ടികാണിച്ചുക്കൊണ്ടും വെറി റവ. ഫാ. ബെർണ്ണർദീൻ ഒ. സി. ഡി. ഒരുജ്ജ്വല പ്രസംഗം ചെയ്തു. പ്രസംഗകരിൽ ഒരാളായിരുന്ന ആഭ്യന്തര മന്ത്രി മി. പി. ററി. ചാക്കോ സമ്മേളനം ആരംഭിച്ചതിൻെറ ശേഷമാണു് എറണാകുളത്തുനിന്നും വിമാനംവഴി തിരുവനന്തപുരത്തിറങ്ങി സ്ഥലത്താഗതനായതു്. സമ്മേളനചടങ്ങുകളുടെയെല്ലാം സമ്യക്കായ റിപ്പോർട്ടു് 1962 ആഗസ്റ്റ് 21—ാം നു-ലക്കത്തെ ദീപികയിൽ പ്രസിദ്ധീകരിച്ചിരുന്നതു് അന്യത്ര ചേർത്തിരിക്കുന്നു.

—o—

---

അവിടുത്തെ പ്രവർത്തനങ്ങരാംക്കു് ആരും അളവു് നിർണ്ണയിക്കരുതെന്ന കാര്യത്തിൽ ദൈവത്തിനു് വളരെ നിഷ്ക്കർഷയുണ്ടു്." വി. അമ്മത്രേസ്യാ ആഭ്യന്തരഹർമ്മ്യം 1/4.



His Excellency, the Governor, Shri. V. V. Giri being received by the inmates of Carmel Hill Monastery and by the Honourable Home Minister Shri. P. T. Chacko.



Tea Party in honour of His Excellency the Governor and other distinguished guests.



Carmel Hill Monastery and Church
Trivandrum.



Our Religious welcoming His Grace the
Most Rev. Benedict Mar Gregorios
Archbishop of Trivandrum.



Rev. Fr. Dominic OCD., welcoming
His Excellency The Rt. Rev. Dr. Peter
Bernard Pereira and the Diocesan Priests to
the Third Order Meeting.



Rev. Fr. Adeodatus OCD.,
addressing the Diocesan Priests'
Third Order Meeting.



Rev. Fr. Thomas welcomes His Excellency
The Rt. Rev. Dr. Sebastian Vayalil,
Bishop of Palai, and the audience to the
Secular Third Order Meeting.



His Excellency
The Rt. Rev. Dr. Amrose OCD.
Bishop of Vijayapuram, Presiding over the
Conference of the Carmelite Sisters.

## 1962 ആഗസ്റ്റ് 8–ാംനു ലെ

# മലയാള മനോരമ റിപ്പോർട്ട്

## കർമ്മലീത്താ സഭാ ശതാബ്ദാഘോഷം ഗവർണ്ണർ ഉൽഘാടനംചെയ്തു

(സ്വന്തം ലേഖകൻ––തിരുവനന്തപുരം ആഗസ്റ്റ് 7)

ശാന്തിയും സമാധാനവും നിറഞ്ഞ കർമ്മലീത്താ ആശ്രമാന്തരീക്ഷത്തിൽ, മന്ത്രിമാരും, ഭരണാധികാരികളും, രാഷ്ട്രീയ പ്രവർത്തകരും കുറച്ചുകാലം കഴിഞ്ഞുകൂടുന്നപക്ഷം അവർക്കെല്ലാം അവരുടെ ചുമതലകൾ കൂടുതൽ ഭംഗിയായും തൃപ്തികരമായും സത്യസന്ധമായും നിർവ്വഹിക്കുവാൻ സാധിക്കുന്നതാണെന്നു കേരള ഗവർണ്ണർ ശ്രീ. വി. വി. ഗിരി പ്രസ്താവിച്ചിരിക്കുന്നു.

കർമ്മലീത്താ ഒന്നാം സഭാനവീകരണത്തിൻെറ നാലാം ശതാബ്ദാഘോഷങ്ങൾ ഇന്നു് ഇവിടെവച്ചു് ഉൽഘാടനം ചെയ്തുകൊണ്ടു പ്രസംഗിക്കുകയായിരുന്നു ഗവർണ്ണർ.

കർമ്മലീത്താ ഒന്നാംസഭയുടെ മലബാർ പ്രോവിൻസിൻെറയും, തിരുവനന്തപുരം ബൽജിയം കർമ്മലീത്താ മിഷ്യൻെറയും സംയുക്താഭിമുഖ്യത്തിൽ കൊണ്ടാടപ്പെടുന്ന ഈ ശതാബ്ദാഘോഷത്തിൻെറ ഉൽഘാടന സമ്മേളനം പാങ്ങോട്ടു് കാർമ്മൽ ഹിൽ ആശ്രമ ദേവാലയത്തോടു് അനുബന്ധിച്ചുള്ള ബെൻസിഗർ ധ്യാനമന്ദിരത്തിൽ വച്ചാണു നടത്തപ്പെട്ടതു്.

ഇന്നു വൈകുന്നേരം നടന്ന ഉൽഘാടന സമ്മേളനത്തിൽ കൊല്ലം ബിഷപ്പ് ഡോ. ജറോം ഫെർണാണ്ടസ് തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. തിരുവനന്തപുരം അതിരൂപതാ വികാരി ജനറൽ റൈററ് റവ. മോൺസിഞ്ഞോർ സി. ററി. കുരുവിള, ആഭ്യന്തര മന്ത്രി ശ്രീ. പി. ററി. ചാക്കോ, ഹെൽത്തു് സർവീസസ് ഡയറക്ടർ ഡോ. ററി. ഭാസ്കരമേനോൻ, ഡി. ജഡ്ജി ശ്രീ. സി. ജെ. ദേവസ്സി, സ്റ്റേഷനറി കൺട്രോളർ ശ്രീ. നാരായണൻ നായർ, സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ ജനറൽ മനേജർ ശ്രീ. ററി. ആർ. കൃഷ്ണസ്വാമി, ഡ. ജനറൽ മാനേജർ ശ്രീ. കെ. സി. കുരുവിള, മെഡിക്കൽ കോളജ് പ്രൊഫസർ ശ്രീ. കെ. എൻ. പൈ എൻജിനീയറിംഗ് കോളജ് പ്രിൻസിപ്പൽ ശ്രീ. കെ. സി. ചാക്കോ മുതലായവർ ഉൾപ്പെടെ ഒരു പ്രശസ്ത സദസ്സ് ഈ ഉൽഘാടന ചടങ്ങിൽ സംബന്ധിച്ചിരുന്നു. ആഘോഷക്കമ്മററി ചെയർമാൻ റവ. ഫാ. ബർണ്ണർഡിൻ ഓ. സി. ഡി. ചെയ്ത സ്വാഗത പ്രസംഗത്തിൽ കേരള ഗവർണ്ണർ ശ്രീ. വി. വി. ഗിരി എല്ലാ മതവിഭാഗങ്ങളെയും ഒരുപോലെ വാൽസല്യപൂർവം പരിഗണിക്കുന്ന വസ്തുത എടുത്തു പറയുകയുണ്ടായി. കർമ്മലീത്താ സഭയുടെ മലബാർ പ്രോവിൻസിൻെറ പ്രൊവിൻഷ്യൽ വെരി. റവ. ഫാ. തദ്ദേയൂസ് ഓ. സി. ഡി. കൃതജ്ഞത പറഞ്ഞു.

കർമ്മലീത്താസഭയ്ക്കും അതിലെ വൈദികർക്കും ആഘോഷങ്ങൾക്കും അതിൽ പങ്കുകൊള്ളുന്നവർക്കും മാർപ്പാപ്പാ തിരുമനസ്സിലെ അനുഗ്രാശിസ്സുകൾ അറിയിച്ചുകൊണ്ടു് റോമിൽ നിന്നു് ഒരു കേബിൾ സന്ദേശവും ലഭിച്ചിരുന്നു.

### ഉൽഘാടന പ്രസംഗം

പരീക്ഷണങ്ങളുടെയും പ്രയാസങ്ങളുടെയും നീർച്ചുഴിയിൽ കിടന്നു വിഷമിക്കുന്ന ഈ ലോകത്തിൽ കർമ്മലീത്താ സഭയിലെ വൈദികർ പരിപൂർണ്ണമന:ശാന്തിയിലും, സംതൃപ്തിയിലും കഴിഞ്ഞുകൂടുന്നതു് ഒരു മഹാനുഗ്രഹമാണെന്നു് ഗവർണ്ണർ ശ്രീ. ഗിരി ഉൽഘാടന പ്രസംഗത്തിൽ ചൂണ്ടികാണിച്ചു. ആർഭാടങ്ങളോ ബാഹ്യാഡംബരങ്ങളൊ ഇല്ലാതെ ഈശ്വരചിന്തയിൽ ധ്യാനനിരതരായ വൈദികർ ഭൗതിക കാര്യങ്ങളിൽ നിന്നു തികച്ചും വിമുക്തരായതിനാലാണു് അവർക്കു് മനസ്സമാധാനവും, സംതൃപ്തിയും കൈവരുത്തുവാൻ കഴിഞ്ഞതെന്നു് അദ്ദേഹം പറഞ്ഞു.

# ദീപിക റിപ്പോർട്ട്

1962 ഓഗസ്റ്റ് 21 ചൊവ്വാ

## ജ. അന്നാചാണ്ടി കത്തോലിക്കാ സഭയെ ആശ്ലേഷിക്കാനുണ്ടായ കാരണങ്ങൾ

അതിൽ ഒന്നു ദൈവദാസി സി. അൽഫോൻസായുടെ മാദ്ധ്യസ്ഥത്താൽ അത്ഭുതകരമായി ലഭിച്ച രോഗശാന്തി

കർമ്മെലീത്താ സഭാ നവീകരണത്തിന്റെ 4-ാം ശതാബ്ദപൂർത്തിയാഘോഷ സമാപനം—ചങ്ങനാശേരി

മെത്രാപ്പോലീത്താ, ജ. അന്നാചാണ്ടി, മന്ത്രി പി. റ്റി. ചാക്കോ ഇവരുടെ പ്രസംഗങ്ങൾ

(സ്വ. ലേ. തിരുവനന്തപുരം ഓ. 20)

കഴിഞ്ഞ രണ്ടാഴ്ചയായി നടന്നുവന്നിരുന്ന കർമ്മെലീത്താ ഒന്നാം സഭാ നവീകരണത്തിന്റെ നാലാംശതവത്സരാഘോഷങ്ങൾ ഇന്നലെ വൈകുന്നേരം പാങ്ങോട്ട് സെബസ്ത്യാനി നഗറിൽ വച്ച് ചങ്ങനാശേരി ആർച്ച്ബിഷപ്പ് ഡോ. മാത്യു കാവുകാട്ടു തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തോടുകൂടി സമാപിച്ചിരിക്കുന്നു.

സമാപനയോഗത്തിൽ ജസ്റ്റീസ് ശ്രീമതി അന്നാചാണ്ടി, ആഭ്യന്തരവകുപ്പു മന്ത്രി പി. റ്റി. ചാക്കോ എന്നിവർ പ്രസംഗിച്ചു. യോഗത്തിലും അതോടനുബന്ധിച്ചു നടന്ന പരിപാടികളിലും പ്രശസ്താതിഥികളും മതാധികാരികളും പതിനായിരത്തിനുമേൽ സ്ത്രീപുരുഷന്മാരും സംബന്ധിച്ചിരുന്നു. ആഘോഷക്കമ്മെററി ചെയർമാൻ വെ. റവ. ഫാ. ബർണ്ണാർഡിൻ ചെയ്ത സ്വാഗത പ്രസംഗത്തിൽ കർമ്മെലീത്താ സഭയുടെ ഇതഃപര്യന്തമുള്ള പ്രവർത്തനത്തേയും കേരളത്തിലെ കത്തോലിക്കാസഭയ്ക്കു കർമ്മെലീത്താസഭയോടുള്ള കടപ്പാടിനേയും വിശദീകരിക്കുകയുണ്ടായി.

വെ. റവ. ഫാ. പീററർ തോമസ്സ് ആശംസാ സന്ദേശങ്ങൾ വായിച്ചു. പരിശുദ്ധപിതാവിന്റെ സിക്രട്ടറി, കാർഡിനൽ സെർറാ, കാർഡിനൽ ഗ്രാഷ്യസ്, ഇൻറർനൺഷ്യോ, വെ. റവ. ഫാ. അവുരേലിയൻ ഓ. സി. ഡി. തുടങ്ങിയവർ സന്ദേശങ്ങൾ അയച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു.

കർമ്മെലീത്താസഭയുടെ നവീകരണവും നവോത്ഥാനവും കഴിഞ്ഞിട്ടു നാനൂറുവർഷങ്ങൾ തികയുന്ന ഈ അവസരം സമുചിതമായി ആഘോഷിക്കുക അഭിമാനകരമായ ഒരു കാര്യമാണെന്ന് അദ്ധ്യക്ഷപ്രസംഗം നടത്തിക്കൊണ്ട് ചങ്ങനാശേരി ആർച്ചുബിഷപ്പ് തിരുമേനി പറഞ്ഞു. തനിക്ക് ഒന്നാം സഭയുമായുള്ള ബന്ധം അനുസ്മരിച്ചു. ജീവിതത്തിലെ ഓർമ്മിക്കത്തക്ക പല സംഭവങ്ങളും ഈ സഭയിൽവച്ചാണ് ഉണ്ടായത്. ഒരു പടികൂടികടന്നാൽ ഒന്നാം സഭയിൽ ചേർന്നു പോകാൻ സാദ്ധ്യതയുണ്ടായിരുന്നു എന്നും, എന്നാൽ ഒന്നാം സഭയിലും രണ്ടാം സഭയിലും ചേർന്നില്ല എങ്കിലും മൂന്നാം സഭയിൽ ഉണ്ടെന്നും തിരുമേനി പറഞ്ഞു.

### ജ. അന്നചാണ്ടിയുടെ പ്രസംഗം

അടുത്തതായി ജസ്റ്റീസ് ശ്രീമതി അന്നാചാണ്ടി താൻ എങ്ങനെ കത്തോലിക്കാസഭയിലേയ്ക്ക് ആകർഷിക്കപ്പെട്ടു, അതിനു നേരിടേണ്ടി വന്ന പ്രതിബന്ധങ്ങൾ എന്നിവ വിവരിക്കുന്ന ഒരു ആത്മകഥാപ്രധാനമായ പ്രസംഗംനടത്തി. സമുദായത്തിൽ സമുന്നതപദവിയിൽ ഇരിക്കുന്ന ആ മഹതിയുടെ അനുഭവങ്ങൾ

---

തനിക്ക് ഇതിനു മുമ്പെരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്ത ഹൃദയശാന്തിയാണ് ഇന്ന് ഇവിടെ അനുഭവപ്പെടുന്നതെന്നും, കർമ്മലീത്താ സഭയുടെ ഈ ആഘോഷങ്ങളിൽ സംബന്ധിക്കാൻ ഇടയായതു് തന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവമായി താൻ പരിഗണിക്കുമെന്നും ശ്രീ. ഗിരി പ്രസ്താവിച്ചു.

കൊല്ലം ബിഷപ്പ് ഡോ. ജറോം ഫർണ്ണാണ്ടസ് തിരുമേനി ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ കർമ്മലീത്താസഭയുടെ ഉൽഭവം, വളർച്ച മുതലായി സഭയുടെ ഇതഃപര്യന്തമുള്ള ചരിത്രം വിവരിച്ചിരുന്നു.

സദസ്യർ കയ്യടിയോടെ സ്വീകരിച്ചു. അവർ പറഞ്ഞ വിവരങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

"ഞാൻ ജനിച്ചു വളന്നതു് കത്തോലിക്കാസഭയിൽ അല്ല. എന്നെ കത്തോലിക്കസഭയിൽ കൊണ്ടു വന്നതു് പരിശുദ്ധമറിയമാണു്. ഞാൻ എങ്ങനെ കത്തോലിക്കാസഭയിൽവന്നു എന്ന ആത്മകഥാഭാഗങ്ങൾ ഇപ്പോൾ പറയണമെന്നു കരുതിയിരുന്നതല്ല. എനിക്കു് ചില ആലോചനകൾ ഒക്കെയുണ്ടായിരുന്നു. ഉദ്യോഗത്തിൽ നിന്നും വിരമിച്ചിട്ടു് റോമിൽ പോകണം. പരിശുദ്ധപിതാവിനെ കാണണം, ആശീർവാദം വാങ്ങണം. അതു് കഴിഞ്ഞു് എൻെറ അനുഭവങ്ങളെക്കുറിച്ചു് ഒരു പുസ്തകം എഴുതണം. ഞാൻ ഇതുവരെ ആഗ്രഹിച്ച നല്ലകാര്യങ്ങൾ എല്ലാം എനിക്കു സാധിച്ചുകിട്ടിയിട്ടുണ്ടു്. ഇവയും നിറവേററിക്കിട്ടുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഞാൻ കത്തോലിക്കാസഭയിൽ ചേന്നതിനു് വളരെ പ്രതിബന്ധങ്ങൾ നേരിടേണ്ടിവന്നു എന്നു പറയുന്നതു് മുഴുവൻ ശരിയല്ല. നല്ലകാര്യങ്ങൾ ചെയ്യണമെന്നു തീരുമാനിച്ചാൽ അതിനു് എനിക്കു് ഒരു പ്രതിബന്ധവും ഉണ്ടാകാറില്ല. പ്രതിബന്ധങ്ങൾ ഭയന്നു് പിറകോട്ടുപോയിട്ടുമില്ല.

കത്തോലിക്കാസഭയിൽ ചേരുന്നതിൽ ഞാൻ എൻെറ ഭത്തൃവിനോടു് ഒരു അനുസരണക്കേടു കാണിച്ചു. ആദ്യം അദ്ദേഹം വളരെ ക്ഷോഭിച്ചു. എങ്കിലും പിന്നീടു ക്ഷമിച്ചു. ഇന്നദ്ദേഹം ഇവിടെ വന്നിട്ടുമുണ്ടു്. സംഭവം ഇപ്രകാരമാണു്. എൻെറ കൊന്തനമസ്കാരവും, പള്ളിയിൽപോക്കും, കന്യാസ്ത്രീകളും മററുമായുള്ള ബന്ധവും കണ്ടു് ഒരിക്കൽ മി. ചാണ്ടി പറഞ്ഞു. "നീ പുറത്തുചാടല്ലെ" എന്നു. "ഇല്ല" എന്നു് ഞാൻ ഉറപ്പുകൊടുത്തു. പക്ഷെ അദ്ദേഹം അറിയാതെയാണു് ഞാൻ കത്തോലിക്കാസഭയിൽ ചേന്നതു്.

## സഭയിലേക്കുണ്ടായ ആകഷണം

കത്തോലിക്കാസഭയിലേക്കു് എന്നെ ആകർഷിക്കുന്നതിനു് പല കാരണങ്ങളും ഉണ്ടായി. ഞാൻ ഇവിടെ ഹോളി ഏഞ്ചൽസ് കോൺവെൻറു് സ്കൂളിലാണു് പഠിച്ചതു്. പ്രായം ചെന്ന സിസ്റ്ററന്മാക്കു് എന്നെ ഇപ്പോഴും ഓർമ്മിക്കാൻ സാധിക്കും. അന്നു് എൻെറ പേർ അന്നാ ജേക്കബ് എന്നായിരുന്നു. "ബുദ്ധിമതിയും വായാടിയും" ആയകുട്ടി എന്നാണു് എനിക്കു് അവിടെ നിന്നും സർട്ടിഫിക്കേററു് എഴുതിതന്നതു്. ഇന്നും വായാടിതന്നെ. അതുപോകട്ടെ.

## അമ്മ പറഞ്ഞകഥ

ചെറുപ്പത്തിൽതന്നെ എൻെറ അമ്മ പല കഥകളും പറഞ്ഞുതന്നകൂട്ടത്തിൽ മാതാവു് ഈശോവിനെയും കൊണ്ടു് ഹേറോദേസിൽനിന്നും രക്ഷനേടാൻ ഒളിച്ചുപോയ കഥപറഞ്ഞുതന്നു. അതു് എൻെറ ഹൃദയത്തിൽ തറച്ചു. പിൽക്കാലത്തു് എൻെറ അമ്മതന്നെ പറഞ്ഞിട്ടുണ്ടു് അതിനു് ശേഷം ഞാൻ പല തവണയും, പാവയെവച്ചുകൊണ്ടു് ഒളിച്ചോട്ടം കളിച്ചിരുന്നു എന്നു്. കോൺവൻറിലുള്ള മാതാവിൻെറ ഒരു ഫോട്ടോ എന്നെ വല്ലാതെ ആകർഷിച്ചു.

## സി. അൽഫോൻസായുടെ മാദ്ധ്യസ്ഥം

കാലം മുമ്പോട്ടുപോയി ഞാൻ പഠിച്ചു. അഭിഭാഷകയായി. ഉദ്യോഗസ്ഥയായി. ഇതിനിടയിൽ എൻെറ കൈയ്യും കാലും ഒടിഞ്ഞു ചികിത്സക്കു് മദ്രാസിൽപോയി. എൻെറ കാൽ മുറിക്കുടുന്നകാര്യം സംശമാണെന്നു് ഡോക്ടറന്മാരുടെ അഭിപ്രായം എനിക്കു കേൾക്കാൻ സാധിച്ചു. ഉദ്യോഗം, പ്രതാപം, യൌവ്വനം ഇവ നിറഞ്ഞുനിൽക്കുംകാലം. അംഗഭംഗം നേരിടുന്നു എന്ന ചിന്ത എന്നെ നിരാശയാക്കി. പ്രാത്ഥനയും എല്ലാം നിറുത്തി. മരിച്ചാൽതന്നെ എന്തു് എന്നായി. ആയിടയ്ക്കു് എന്നെ ശുശ്രൂഷിക്കാൻ ഒരു കത്തോലിക്കാ സ്ത്രീവന്നു. അവർ എന്നോടു പറഞ്ഞ മൂന്നു കാര്യങ്ങൾ ചെയ്താൽ കാലു ശരിയാകുമെന്നു്. അവ ചെയ്യാമെന്നു ഞാൻ ഏററു. ഒന്നു് അൽഫോൻസാമ്മയ്ക്കു് ഒരു നവനാൾ. കാലും കയ്യും ശരിയാകുമ്പോൾ സ്വർണ്ണത്തിലോ വെള്ളിയിലോ ഒരു കാലുംകയ്യും ഉണ്ടാക്കി നേർച്ച. മൂന്നാമതു കത്തോലിക്കാമതം സ്വീകരിക്കുക. ഇവ ഞാൻ സ്വീകരിച്ചു. എൻെറ കാൽ അത്ഭുതകരമായ വിധം സുഖപ്പെട്ടു.

രോഗം ഭേദമാകുന്നതിനു എടുത്ത നേർച്ചയുടെ ആദ്യത്തെ രണ്ടുഭാഗങ്ങളും നിവ്വഹിച്ചശേഷം മൂന്നാമത്തെ ഭാഗം കുടിശിഖ കിടന്നു.

## പ്രാർത്ഥിച്ചതു ലഭിച്ചു

ഞാൻ എറണാകുളത്തു ജോലിയിൽ ഇരുന്നപ്പോൾ അഡ്വക്കററ് സാറാപോത്തനും ഒത്തു് കൂടെക്കൂടെ ദേവാലയത്തിൽ പൊയ്ക്കൊണ്ടിരുന്നു. അന്നു ഞാൻ മാതാവിനോട്ട് പ്രാർത്ഥിച്ചു എന്റെ വീട്ടിൽ ജപമാല എത്തിക്കുന്നതിനു് ഒരു കൂട്ട് കിട്ടണമെ എന്നു്. ഏതാണ്ട് അത്ഭുതകരമായ രീതിയിൽ എന്റെ മകൻ ഒരു കത്തോലിക്കാ പെൺകുട്ടിയെ കല്യാണം കഴിച്ച് ആ പ്രാർത്ഥന ഫലവത്താക്കി.

നാഗർ കോവിലിൽ വച്ചാണ് കത്തോലിക്കാ സഭയിലേക്ക് വരുന്നതു് സംബന്ധിച്ച് അവസാന തീരുമാനം എടുത്തതു്. ജോലി സംബന്ധമായി നാഗർ കോവിലിൽ താമസിക്കേണ്ടിവന്നു. അവിടെ മഠത്തിലായിരുന്നു താമസം. എങ്ങുമില്ലാത്ത എന്റെ ജീവിതത്തിൽ എനിക്കു മടുപ്പുതോന്നി കത്തോലിക്കാസഭയിൽ ചേരണമെന്നു് അവസാന തീരുമാനം എടുത്തു. പ്രാർത്ഥനയും മററും പഠിച്ചുശേഷം ചേരുകയും ചെയ്തു.

## ഭർത്താവും ഞാനും

എന്റെ ഭാർത്തവ് ഈ വിവരം അറിയുന്നതു് കുറെ കഴിഞ്ഞാണു്. അദ്ദേഹം ഒരു പുരാതന യാക്കോബായ കുടുംബാംഗമാണു്. എന്റെ സഭാമാററം അദ്ദേഹത്തെ ദേഷ്യപ്പെടുത്തി. ബന്ധം വേർപിരിയുമെന്നുവരെ പറഞ്ഞു. പക്ഷേ പിന്നീട്ട് അദ്ദേഹം എന്നോട്ട് ക്ഷമിച്ചു. അദ്ദേഹം ഇന്നു് ഇവിടെ ഉണ്ട്. എനിക്കു് മാതാവിനോട്ട് ഒരപേക്ഷകൂടിയുണ്ട്. ഞങ്ങൾ എല്ലാവരും ഒന്നിച്ചിരുന്നു വീട്ടിൽ ജപമാല എത്തിക്കുന്ന ഒരു അവസരം നൽകണമേ എന്നു്. അതു മാതാവ് കേൾക്കാതിരിക്കുകയില്ല."

-

തുടന്നു് ഭൗതികമായ നേട്ടങ്ങൾക്കു് പുറകേപോകാതെ പ്രാർത്ഥനാബന്ധമായ ജീവിതം നയിക്കുവാൻ അന്നചാണ്ടി ആവശ്യപ്പെട്ടു. ഇതു വെറും വയസ്സുകാലത്തെ ഉപദേശ പ്രസംഗം അല്ലെന്നു പറഞ്ഞതു് നീണ്ടു നിന്ന ചിരിക്ക് കാരണമാക്കി. അവർ മൈക്കിനു മുമ്പിൽ നിന്നുകൊണ്ടു് ആവേ മരിയ പാടുകയും അതു് സദസ്യരെക്കൊണ്ടു് ഏററുപാടിക്കുകയും ചെയ്തു ശേഷമാണു് തന്റെ പ്രസംഗം അവസാനിപ്പിച്ചതു്.

## മന്ത്രിയുടെ പ്രസംഗം

തുടന്നു് പ്രസംഗിച്ച സംസ്ഥാന ആഭ്യന്തരവകുപ്പു മന്ത്രി പി. ററി. ചാക്കോ, മിസ്റ്റർ ചാണ്ടിയും അടുത്തു തന്നെ മിസ്സിസ് ചാണ്ടിയുടെ ഒപ്പം എത്തുമെന്നു് പ്രത്യാശ പ്രകടിപ്പിച്ചു. ചാക്കോ തന്റെ പ്രസംഗത്തിൽ പ്രധാനമായും രണ്ടു കാര്യങ്ങളാണു് പരാമർശിച്ചതു്.

1) അമ്മത്രേസ്യാപുണ്യവതി സഭാനവീകരണത്തിനു് തയ്യാറായ കാലഘട്ടം, സാഹചര്യം, ലക്ഷ്യം തുടങ്ങിയവ.

2) പ്രാർത്ഥനയുടെ ആവശ്യം. ജീവിതത്തിൽ അതിനുള്ള സ്ഥാനം.

അമ്മത്രേസ്യാ പുണ്യവതി, സഭാ നവീകരണത്തിനു് മുതിന്നതു് അന്നു സഭയിൽ കാണപ്പെട്ട ചില പ്രത്യേകതകൾകൊണ്ടാണു്. 14-ാം നൂററാണ്ടിനു ശേഷം നവീകരണകാലഘട്ടംവരെ സന്യാസ സഭകളിൽ പഴയ ഉഗ്രവ്രതത്തിനു് അയവുവരുത്തി ആളുകളെ ആകർഷിച്ചുകൊണ്ടിരുന്നു. അതു് തീർച്ചയായും മാനദണ്ഡം കുറയ്ക്കുന്ന ഒരു നടപടി ആയിരുന്നു. ഇന്നു ലോകം, ഇതിനുമുമ്പു് ഒരിക്കലും ഉണ്ടായിട്ടില്ലാത്തതു പോലെ ഭൗതികത്തിലേയ്ക്കു് ആണ്ടുപോവുകയാണു്. ഭൗതികമല്ലാത്ത ഒന്നിലും വിശ്വസിക്കാത്തവരുടെ സംഖ്യയും വർദ്ധിച്ചുവരുകയാണു്. മതകർമ്മങ്ങൾ വെറും സാമൂഹ്യ ആചാരമാണെന്നുവരെ പറയുന്നുണ്ടു്. ഈ ചുററുപാടുകളിൽ ജനങ്ങൾ പ്രാർത്ഥനയുടെയും വ്രതാനുഷ്ഠാനങ്ങളുടെയും തപശ്ചര്യകളുടെയും വഴിയിലേക്കു് നീങ്ങണമെന്നു് മന്ത്രി ഉദ്ബോധിപ്പിച്ചു.

വെരി റവ. ഫാദർ തദ്ദേവൂസിന്റെ കൃതജ്ഞതാ പ്രകടനത്തോടെ യോഗം സമാപിച്ചു.

യോഗത്തിൽ ഇടയ്ക്കിടെ കലാപരിപാടികളും ഉണ്ടായിരുന്നു. തിരുവനന്തപുരം ഹോളി ഏഞ്ചൽസ് കോൺവെൻറുകാരുടെ നൃത്തം, കർമ്മലസഭാ യോഗാർത്ഥികളുടെസമൂഹ ഗാനം, എറണാകുളം സെൻറ് തെരേസാസ് കോൺവെൻറുകാരുടെ ഏകാങ്കനാടകം, തിരുവനന്തപുരം കാർമ്മൽ ഹോസ്റ്റൽകാരുടെ ടാബ്ളോ, കുമാരി വത്സമ്മ ജോണിന്റെ "പ്രകാശമേ നയിച്ചാലും" ഡാൻസ്, പോൾ മാധവൻ നായരുടെ കഥാ പ്രസംഗം മുതലായവ കലാപരിപാടികളിൽ ഉൾപ്പെടുന്നു.

# കർമ്മലാരാമം

## സമൂഹഗാനം

(വരിക നീ മാമരിയെ. എ. മ.)

ജയ! ജയ! ജൂബിലിമേൽ
നവീകൃതകർമ്മലസഭതൻ ജൂബിലിമേന്മേൽ
ജയ! ജയ! ജൂബിലിമേൽ
നാലാം ശതക സുശോഭിത
ജൂബിലിമേന്മേൽ (ജയ! ജയ!....)

1. ആവില തന്നിലെ യോഗിനിയാലെ
അലരണിയും പൊൻ ജൂബിലിമേന്മേൽ.
ആ. ആ. ആ.

2. കവികുല കോകില, മനുപമ, യമിയാം
കുരിശിൻെറ ജോണാ കർമ്മലയിൽ
കരളിനിര, കുളിരല, തഴുകി, മനോഹര-
സുരസുധ തൂവിയ ഗീതകമെ (ആ. ആ. ആ.)

3. പരിശുദ്ധിപടരും പരിമളമൊഴുകി
പരിചൊടു പാരിതിൽ വരമഴ തൂകി
ശിശുമിശിഹാതൻ കൺമണി,യമല
"ചെറുപുഷ്പം" വിടരന്ന പൂവനികെ,

പാടുക, പാടുക, കർമ്മലതൻ
പാവന കോമള ഗീതകം നാം
ജയഘോഷമോടെ-ജനകോടികളെ
അമലോത്ഭവതൻ-വിജയോത്സവമെ (ജയ ജയ.)

(By. Rev. Fr. Jacob Kallarakkal)

Solo-ജയ! ജയ! ജൂബിലിമേൽ!
നവീകൃതകർമ്മലസഭതൻ ജൂബിലിമേന്മേൽ
നാലാം ശതകസുശോഭിത ജൂബിലിമേന്മേൽ

Chorus-ജയ! ജയ!...................

Solo-(1) കർമ്മെലീത്താ സഭ. അവരം സുകൃതപരിമളം വീശി സേവനനിരതയായി മുന്നേറുകയാണ്, വിജയപതാകയുമേന്തി. സുരഭില കുസുമംവിതറുന്ന നവീകൃത കർമ്മലാരാമം. അവരംക്കിന്നു 400 വയസ്സ് തികഞ്ഞു കഴിഞ്ഞു. ആന്തരിക ജീവിതത്തിൻെറ ഉത്തമ മാതൃകയാണവരം. ആദ്ധ്യാത്മികചൈതന്യം തുളുമ്പുന്ന—പ്രാർത്ഥനാനിരതമായ—ആദ്ധ്യാത്മിക ശക്തികേന്ദ്രമായ അവളുടെ ചരിത്രത്തിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

Chorus-ജയ! ജയ!...................

Solo-ആവിലതന്നിലെ യോഗിനിയാലെ
അലരണിയും പൊൻജൂബിലിമേന്മേൽ
ആ....ആ....ആ

Chorus-ആവിലതന്നിലെ യോഗിനിയാലെ
.... .... .... .... ....ആ....ആ....ആ

Solo-(2) 1560-ലെ ഒരു സന്ധ്യാസമയം. ആവിലായിലെ ത്രേസ്യായും മററു ചില ഭക്തസ്ത്രീകളും ഇൻകാർനേഷൻ മഠത്തിലെ സന്ദർനമുറിയിൽ സമ്മേളിച്ചിരിക്കുന്നു. വനവാസികളായ പിതാക്കന്മാരുടെ ജീവിതചര്യയാണ് അവരുടെ സംഭാഷണ വിഷയം. ത്രേസ്യാ വസിച്ചിരുന്ന ഇൻകാർനേഷൻ മഠത്തിലെ സുഖപ്രദമായ ജീവിതരീതിയും വനവാസികളുടെ കർക്കശവും പരിത്യാഗപൂർണ്ണവും പരിപാവനവുമായ തപോജീവിതവും തമ്മിൽ അവർ താരതമ്യപ്പെടുത്തിനോക്കി. കൂടുതൽ പരിപൂർണ്ണവും ഏകാന്തവുമായ ഒരു സന്യാസജീവിതം നയിക്കേണ്ടതിൻെറ ആവശ്യകത അപ്പോഴാണ് അവക്ക് ബോദ്ധ്യമായത്. അതിനു പര്യാപ്തമായ ഒരു മഠം സ്ഥാപിക്കുന്നതിനുതന്നെ അവർ തീരുമാനിച്ചു. മഠം പണിയുന്നതിനുള്ള തുകയുടെ ഒരു ഭാഗം അവിടെ കൂടിയിരുന്ന ഭക്തസ്ത്രീകളിൽ രണ്ടുപേർ വാഗ്ദാനം ചെയ്തു. ത്രേസ്യായുടെ ഈ സദുദ്യമം സഫലീകൃതമാക്കുവാൻ ഉററു ശ്രമിക്കണമെന്നതായിരുന്നു ദിവ്യരക്ഷകൻെറ അനുശാസനം. തൻെറ ആദ്ധ്യാത്മിക ഗുരുവും ഈശോസഭാവൈദികനുമായ ഫാ ബൽത്താസർ അൽവാരസ്, ത്രേസ്യായെ ഉപദേശിച്ചു, സഭാധികാരികളുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്നതിനു്. അന്നത്തെ പ്രൊവിൻഷ്യൽ ഫാ. ഗ്രിഗരി ഫെർണാണ്ടസ് സകലവിധ ഒത്താശകളും വാഗ്ദാനം ചെയ്തു് അവരെ അനുഗ്രഹിച്ചു.

ഇത്രയുമായപ്പോരം ആവിലാനഗരവാസികളുടെ ഇടയിൽ ഒരു വലിയ കോളിളക്കംതന്നെയുണ്ടായി.

ത്രേസ്യായേയും കൂട്ടരേയും ശിക്ഷിക്കുന്നതിനും അവരുടെ മഠം ചുട്ടെരിക്കുന്നതിനും അവർ സന്നദ്ധരായി. സാധാരണ ജനങ്ങൾ മാത്രമല്ല നഗരസഭതന്നെ ഇക്കാര്യത്തിൽ മുൻകൈയ് എടുത്തു പ്രവർത്തിക്കുവാൻ നിശ്ചയിച്ചു. നഗരാധിപൻതന്നെ കുറെ ആളുകളേയും കൂട്ടിക്കൊണ്ടു മഠത്തിലെത്തി. എന്തിനുവേണ്ടി? അതേ അവരെ ഉൻമൂലനം ചെയ്യുന്നതിനു്. ഒരു വലിയ യോഗം വിളിച്ചുകൂട്ടി ആ പാവപ്പെട്ട കന്യകമാരെ അടിച്ചോടിക്കണമെന്ന പ്രമേയവും അവർ പാസ്സാക്കി. എന്നാൽ ബുദ്ധിമാനും തപോനിഷ്ഠനും, ദൈവസ്നേഹിയുമായ ഒരു ഡൊമിനിക്കൻ സഭാവൈദികൻ—ഡൊമിനിക്ക് ബാഞ്ഞസ്—സഭയിൽ എഴുന്നേററുനിന്നു. യോഗാംഗങ്ങളുടെ അഭിപ്രായം വെറും ബാലിശമാണെന്നും, ഏതാനും കന്യകകൾ ദൈവത്തെ സ്തുതിച്ച് ഒരു മഠത്തിൽ താമസിക്കുന്നതുകൊണ്ടു ആവിലാപട്ടണത്തിൻെറ മതിലുകൾ ഇടിഞ്ഞു വീഴുകയില്ലെന്നും തൻനിമിത്തം ജനങ്ങൾക്കു യാതൊരു കെടുതിയും സംഭവിക്കുകയില്ലെന്നും അദ്ദേഹം സംയുക്തികം സമർത്ഥിച്ചു. അതിനാൽ നഗരസഭയുടെ ആദ്യത്തെ തീരുമാനം അല്പം ഭേദപ്പെടുത്തി തല്ക്കാലം ആ മഠം നശിപ്പിക്കേണ്ടതില്ലെന്ന നിലപാടിൽ അവർ എത്തിച്ചേർന്നു. വളരെ അധികം ഒച്ചപ്പാടുണ്ടാക്കിയ ഈ സംഭവം അന്നത്തെ മന്ത്രിസഭയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. മന്ത്രിസഭയുടെ കല്പനയനുസരിച്ച് കേസുവിസ്താരം മുറയ്ക്കു നടന്നു. ഫലമോ? നഗരസഭയുടെ വമ്പിച്ച പരാജയം. ആവിലാപട്ടണം ശാന്തമായി. അങ്ങനെ 1562 ഓഗസ്റ്റ്മാസം 24-ാം തീയതി നവീകൃത കർമ്മലസഭയുടെ പ്രഥമഭവനം ആവിലായിൽ സ്ഥാപിതമായി. കർമ്മലസഭാചരിത്രത്തിൽ തങ്കലിപികളാൽ അങ്കിതമാക്കപ്പെട്ട ഈ മഹാസംഭവത്തിൻെറ 4-ാം ശതാബ്ദമാണു് കേരളത്തിൻെറ തലസ്ഥാനമായ ഈ തിരുവനന്തപുരം പട്ടണത്തിൽ ഇന്നു നാം ആഘോഷിക്കുന്നതു്.

Solo—ആവിലതന്നിലെ...............

കവികുലകോകിലമനുപമയമിയാം  
കുരിശിൻെറ ജോണാ കർമ്മലയിൽ  
കരൾനിറകുളിരല, തഴുകിമനോഹര—  
സുരസുധതൂവിയ ഗീതകമേ... ആ... ആ... ആ

Chorus—ആവിലതന്നിലെ......... ആ... ആ... ആ

Solo—(3) വി. അമ്മത്രേസ്യാ സഭാനവീകരണംമൂലം കർമ്മലീത്താ സന്യാസിനികളുടെ ഇടയിൽ ആദ്ധ്യാത്മികചൈതന്യം പകർന്നുകൊടുത്തു് ഒരു മഹാപരിവർത്തനം വരുത്തിയതുപോലെ കവികുലകോകിലവും മൗതിക ദൈവശാസ്ത്രജ്ഞനും തപോനിഷ്ഠനുമായ കുരിശിൻെറ വി. യോഹന്നാൻെറ സഹായസഹകരണത്തോടുകൂടി 1568 നവംബർ 28-ാം തീയതി ദൂരുവേലോയിൽ ഒരു ചെറിയ ആശ്രമം സ്ഥാപിച്ചുകൊണ്ടു് കർമ്മലീത്താവൈദികരുടെ ഇടയിലും ഒരു മഹാപരിവർത്തനം വരുത്തി.

നിഷ്പാദുക കർമ്മലസഭ—1562-ൽ ആവിലായിൽ അങ്കുരിച്ച ആ ചെറുവല്ലരി—ശാഖോപശാഖകളായി വളർന്നു പന്തലിച്ച് ഇന്നു ലോകമാസകലം വ്യാപിച്ചിരിക്കുന്നു.

ഇന്നു് 727 നവീകൃത കർമ്മലീത്താ മഠങ്ങളിലായി 12000-ത്തിൽ പരം സന്യാസിനികളും 361 ആശ്രമങ്ങളിലായി 4100-ൽ പരം സന്യാസികളും അഭൗമ ജീവിതത്തിൻെറ മാധുര്യം ലോകത്തിനു പകർന്നുകൊടുത്തുകൊണ്ടു് ദൈവസ്നേഹത്തിൻെറയും പരസ്നേഹത്തിൻെറയും ഉന്നത സോപാനങ്ങൾവഴി വിശുദ്ധിയുടെ മഹനീയ കൊടുമുടിയിലേക്കു പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു.

Solo—പരിശുദ്ധിപടരും പരിമളമൊഴുകി  
പരിചൊടു പാരിതിൽ വരമഴതൂകി  
ശിശുമിശിഹാതൻ കൺമണി,യമല  
"ചെറുപുഷ്പം" വിടർന്നു പൂവനികെ.

പാടുക പാടുക കർമ്മലതൻ—  
പാവന കോമളഗീതകം നാം  
ജയഘോഷമോടെ-ജനകോടികളെ  
അമലോത്ഭവതൻ—വിജയോത്സവമെ.

ജയ! ജയ!

Chorus—പരിശുദ്ധിപടരും.......... ജയ! ജയ!

Solo—(4) കർമ്മലീത്താസഭ—അനുദിനം മുന്നേറുകയാണു്. ആദ്ധ്യാത്മികമാതാവ്, ദൈവദൂത സന്നിഭ, വനിതാസോളമൻ എന്നീ അപരാഭിധാനങ്ങളാൽ വിശ്രുതിഖ്യാതയായിത്തീർന്നിട്ടുള്ള ഒരു അമ്മത്രേസ്യായേയും, മൗതിക ദൈവശാസ്ത്രജ്ഞനായ ഒരു കുരിശിൻെറ യോഹന്നാനേയും, ആധുനികലോകത്തിലെ ഏററവും

# ജൂബിലിഗാനം

(ആജാസനം എ. മ.)

'Tota Pulchra es Maria'

ലോകാംബികേ, നാരിമാർ മാലികേ,
സർവ്വസുന്ദരിനീയെ, മരിയേ, കന്യാമണി!
കാന്തിയുടെ കന്ദളമെ നീ—ശാന്തിയുടെ
മന്ദിരമെ നീ

1. ദ്വാദശതാരകശീർഷയെ, സൂര്യൻ
നല്ലാടയായ് ഭൂഷിതെ,
പനിമതിയെ പീഠമായ്—പദതളിരി
ലണിയുഃവാഠം
സൂക്ഷ്മതഴകിവാനിടെ, വിലസും
നാരിയാരിവ൦
നാഥെ! നീ കർമ്മലരാജ്ഞിയെ
(കാന്തിയുടെ....ലോക)

2. ഉത്തരീയോജ്ജ്വലരൂപിണി, എത്ര
നല്ലമ്മയായ് വാഴ്‌വൂ നീ
ഉപമയില്ല നിന്നുടെ—മഹിമയേതും മന്നിടെ
മനുജനില്ല വാക്കുകൾ—നിഴലുപോലും
ചൊല്ലുവാൻ
നാഥെ! നീ കർമ്മലരാജ്ഞിയെ (കാന്തിയുടെ....)

3. നാകത്തിൽ ഞങ്ങളെ ചേർക്കുവാൻ—ആപ
ത്തിലാശ്രയംതേടുവാൻ
ഉത്തരീയമണിയുമെ, നിത്യം ഞങ്ങൾ നിമ്മലെ
ചിത്തശുദ്ധി നൽകണെ, മുക്തിയേകും വാതിലെ
നാഥെ! നീ കർമ്മലരാജ്ഞിയെ (കാന്തിയുടെ....)

4. അനുപമസൗന്ദര്യസാരമെ! അനഘ, നീ
കരുണ, തന്നാഴിയെ
സകല നന്മപൂരിതേ, അമലജന്മലാളിതെ
അഖിലനാഥനംബികേ, ശരണമെന്നമാവണെ,
നാഥെനീ !കർമ്മലരാജ്ഞിയെ (കാന്തി........)

5. പ്രാർത്ഥനാപൂക്കളാൽ തീർക്കമീ—ജൂബിലി
പ്രീതിയിൽ കാണണെ
സുകൃതമേറം ജീവിതം—മനുജനിരയിലുയരണം
കലഹനിവഹമകലണം—വിമലഹൃദയഭ
രണമായ്
നാഥെ! നീ കർമ്മലരാജ്ഞിയെ. (കാന്തിയുടെ....)

(BY Rev. Fr. Jocob Kallarakkal

---

വലിയ വിശുദ്ധയെന്ന് സുഭഗസ്മരണാർഹനായ 11–ാം പിയൂസ് മാർപ്പാപ്പാ തിരുമേനിയാൽ പ്രകീർത്തിക്കപ്പെട്ട ഒരു കൊച്ചുത്രേസ്യായേയും, വി. തെരേസാമാർഗ്ഗരററ റെഡി, കമ്പോഞ്ഞായിലെ രക്തസാക്ഷികൾ മുതലായ അനേകം പുണ്യാത്മാക്കളേയും തിരുസഭാമാതാവിനു പ്രദാനം ചെയ്തുകൊണ്ട് അവൾ സ്വർഗ്ഗീയപരിമളം പരത്തി മുന്നേറുകയാണ്.

Chorus–ജയ! ജയ!.........

Solo–(5) ഭുവനപ്രസിദ്ധയായ നിഷ്പാദുക കർമ്മലാരാമമേ! വിരാജിക്കൂ. ആദ്ധ്യാത്മിക ജീവിതത്തിന്റെ വെന്നിക്കൊടിയുമേന്തി–പ്രാർത്ഥനാചൈതന്യം പരത്തി, സുകൃതസൗരഭ്യം വീശി, അണിയണിയായി മുന്നേറുക. ഭാരതകാർമ്മേലെ, നീ വിജയിച്ചാലും. ഹിമവൽ സേതുപര്യന്തം ദൈവസ്നേഹത്തിന്റേയും) പരസ്നേഹത്തിന്റേയും പടഹദ്ധ്വനി മാറെറാലിക്കൊള്ളട്ടെ. പ്രാർത്ഥനയിലും പരിത്യാഗത്തിലും അടിയുറച്ച ജീവിത വിശുദ്ധിയാൽ ആദ്ധ്യാത്മികജീവിതത്തിന്റെ ശക്തികേന്ദ്രമായി, ദൈവസ്നേഹത്തിന്റെ കിരണ കന്ദളങ്ങൾ നാലുപാടും വിതറി, ഹൃദയാനന്ദമുളവാക്കി, സ്വർഗ്ഗീയ സൗഭാഗ്യത്തിലേക്ക് ജനകോടികളെ നയിച്ചുകൊണ്ട് നീ നീണാൾ വിജയിച്ചാലും!

ഭാരത കാർമ്മൽ വെൽവൂതാക.

Chorus–ജയ! ജയ!...............

... ... ... ആ...ആ...ആ

# സ്പെയിനിലെ ജൂബിലി ആഘോഷങ്ങൾ*

(Our reprcsentative Rev. Fr. Cyriac, O. C. D.)

## പേപ്പൽ ലഗേററ്

കർമ്മലസഭാനവീകരണത്തിൻെറ നാലാം ശതാബ്ദ ജൂബിലിപ്രമാണിച്ച് കഴിഞ്ഞ ആഗസ്ററമാസം 20 മുതൽ 25 വരെ തീയതികളിൽ സ്പെയിനിൻെറ തലസ്ഥാനനഗരമായ മാഡ്രിഡിൽ വച്ച് കർമ്മലീത്താ അൽമായ മൂന്നാംസഭയുടെ ആഭിമുഖ്യത്തിൽ കൂടിയ അന്തർദ്ദേശീയ കോൺഗ്രസ്സ് പ്രസ്തുത സഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു പുതിയ അധ്യായമാണ് സൃഷ്ടിച്ചിരിക്കുന്നതു്. സുമാർ നാനൂറു വർഷങ്ങൾക്കുമുമ്പ് ആവിലായിലെ വി. അമ്മത്രേസ്യ നിർവഹിച്ച കർമ്മലസഭാനവീകരണംവഴിയായി തിരുസ്സഭയ്ക്കു് ചെയ്തിട്ടുള്ള മഹൽസേവനത്തെ കൃതജ്ഞതയോടുകൂടി സ്മരിച്ചുകൊണ്ടു് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് ജൂബിലി ആഘോഷങ്ങൾക്കു മകുടം ചാർത്തുന്നതിനായി അത്യുന്നത കർദ്ദിനാൾ ചെററാ തിരുമേനിയെ തൻെറ ഔദ്യോഗികപ്രതിനിധിയായി സ്പെയിനിലേക്കു് നിയമിച്ചയയ്ക്കുകയുണ്ടായി എന്നുള്ളതു് സ്പാനീഷ്ജനതയ്ക്കു് പൊതുവേയും കർമ്മലിത്താസഭയ്ക്കു് പ്രത്യേകിച്ചും അത്യാഹ്ളാദപ്രദവും അഭിമാനകരവുമായ ഒരു മഹാ സംഭവമാണ്

ആഗസ്ററ് 20-ാനു- രാവിലെ പത്തുമണിയോടുകൂടി റോമിൽ നിന്നും പ്രത്യേക വിമാനത്തിൽ മാഡ്രിഡ് വിമാനത്താവളത്തിൽ എത്തിച്ചേർന്ന പേപ്പൽ പ്രതിനിധിക്കു് രാജോചിതമായ ഒരു സ്വീകരണമാണ് നൽകപ്പെട്ടതു്. രണ്ടു കർമ്മലീത്താ മെത്രാന്മാരായ മൊൺ. ഹെൻറി, മൊൺ. സ്റെറല്ലാ എന്നിവരാൽ അനുഗതനായി വിമാനത്തിൽ നിന്നും താഴെയിറങ്ങിയ കർദ്ദിനാൾ തിരുമേനിയെ സ്പെയിനിലെ പേപ്പൽ നൽഷ്യോ, പെ. ബ. സുപ്പീരിയർ ജനറാൾ, സ്പാനീഷ് വിദേശകാര്യമന്ത്രി എന്നിവർ ചേർന്ന് സ്വീകരിച്ചു. തദവസരത്തിൽ സ്പാനീഷ് മിലിററിബാൻറ് പാപ്പാമംഗളവും സ്പാനീഷ് ദേശീയഗാനവും ആലപിക്കുകയുണ്ടായി. അനന്തരം പേപ്പൽ ലഗേററ് സ്പാനീഷ് പട്ടാളത്തിൻെറ പരേഡ് പരിശോധിക്കുകയും സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു.

## സിസ്റ്റൈൻ ചാപ്പൽ ഗായകസംഘം

വത്തിക്കാനിലെ പ്രഖ്യാതമായ സിസ്റ്റൈൻ ചാപ്പൽ ഗായകസംഘം വേറൊരു വിമാനത്തിൽ പേപ്പൽ പ്രതിനിധിയെ അനുധാവനം ചെയ്തിരുന്നു. പ്രസ്തുത ഗായകസംഘത്തിൻെറ ശ്രുതിമധുരമായ ഗാനാലാപം ജൂബിലി ആഘോഷങ്ങൾക്കു മാററു വർദ്ധിപ്പിക്കുവാൻ പര്യാപ്തമായിരുന്നു എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

## അന്തർദ്ദേശീയ കോൺഗ്രസ്സ്

ആഗസ്ററ് ഇരുപതാംതീയതി വൈകുന്നേരം 6 മണിക്കു് മാഡ്രിഡിലെ വി. അമ്മത്രേസ്യായുടെ ആശ്രമദേവാലയത്തിൽ വച്ച് ദിവ്യബലിക്കുശേഷം വിവിധ രാജ്യങ്ങളിൽ നിന്നു് ആഗതരായിട്ടുള്ള മൂന്നാം സഭാ ഡലിഗേററുകളെ സ്വീകരിച്ചുകൊണ്ടു് സുപ്പീരിയർ ജനറാൾ പെ. ബ. അനസ്താസിയൂസ് ഒ. സി. ഡി. ഒരു പ്രഭാഷണം ചെയ്യുകയും അന്തർദ്ദേശീയ കോൺഗ്രസ് ഉൽഘാടനം ചെയ്യുകയുമുണ്ടായി. ആഗസ്ററ് 21, 22, 23 ഈ തീയതികളിൽ നഗരത്തിലെ പ്രധാന ഗവമ്മെണ്ടു് മന്ദിരത്തിൽ വച്ച് കോൺഗ്രസ്സ് സമ്മേളനങ്ങൾ നടത്തപ്പെട്ടു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള മൂന്നാം സഭാംഗങ്ങൾക്കുപുറമേ വമ്പിച്ച ഒരു ജനാവലി യോഗത്തിൽ പങ്കുകൊണ്ടു. 21-ാനു- കൂടിയ പൊതുയോഗത്തിൽ ഇന്ത്യൻ കർമ്മലീത്താസഭയെപ്പററി ഒരു ലഘുപ്രസംഗം ചെയ്യുന്നതിനു നിങ്ങളുടെ പ്രതിനിധിക്കു് അവസരം ലഭിച്ചു. എന്നാൽ അമേരിക്കൻ ഐക്യനാടുകൾ, മെക്സിക്കോ, ബ്രസ്സീൽ, ചിലി, ആസ്ത്രേലിയ മുതലായ വിദൂരദേശ

* ഇൻഡ്യൻ കാർമ്മലിനെയും, വിശിഷ്യാ, ഇവിടുത്തെ ആത്മായകർമ്മലിത്താസഭക്കാരെയും പ്രതിനിധീകരിച്ചുകൊണ്ടു് ശതാബ്ദാഘോഷങ്ങളിൽപങ്കെടുക്കുവാൻ സ്പെയിനിലേക്കുപോയ റവ. ഫാ. സിറയിക്ക് അയച്ചുതന്ന റിപ്പോർട്ടു്.

ങ്ങളിൽ നിന്ന് 500-ൽ പരം മൂന്നാംസഭാംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരിക്കെ ഇന്ത്യയിൽ നിന്ന് മൂന്നാം സഭാംഗങ്ങൾ ആരുമുണ്ടായിരുന്നില്ല എന്നുള്ളത് പലർക്കും ആശ്ചര്യത്തിനിടയായി എന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

തീർത്ഥാടനം

കോൺഗ്രസ്സ്ദിവസങ്ങളിൽ രാവിലെ സഭാംഗങ്ങൾക്കായി പ്രത്യേകം തയ്യാറാക്കിയിരുന്ന വാഹനങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് തീർത്ഥാടനങ്ങൾ നടത്തപ്പെട്ടു. വി. അമ്മത്രേസ്യാ എഴുതിയ പുസ്തകങ്ങൾ (original copies) സൂക്ഷിക്കപ്പെട്ടിരിക്കുന്ന Escorial കൊട്ടാരം, സ്പെയിനിലെ ആഭ്യന്തര യുദ്ധത്തിന്റെ വിജയസ്മാരകമായി ജനറൽ ഫ്രാങ്കോ പണികഴിപ്പിച്ചിട്ടുള്ള Valle dos Caidos എന്ന സ്ഥലത്തെ മലമുകളിൽസ്ഥാപിച്ചിരിക്കുന്ന 450 അടി ഉയരമുള്ള കരിങ്കൽകുരിശ്, അതിന്റെ അടിയിൽ മലതുരന്നുനിർമ്മിച്ചിട്ടുള്ള ബ്രഹ്മാണ്ഡമായ ബസ്സിലിക്കാ, (ഈ ബസ്സിലിക്കായുടെ അകത്ത് ഏതാനും ദിവസങ്ങൾക്കുമുമ്പ് മൂന്നു ബോംബുകളുമായി പതിയിരുന്ന രണ്ടു പേരെ പോലീസ് പിടികൂടി തൽക്ഷണം കൊന്നുകളയുകയുണ്ടായി.) വി. യോഹന്നാൻ ക്രൂസിന്റെ ഭൗതികാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്ന സെഗോവിയാ ആശ്രമദേവാലയം, വിശുദ്ധനെ അടച്ചിരുന്ന ടൊളേഡോയിലെ ജയിൽ, അവിടെ വി. അമ്മത്രേസ്യാ സ്ഥാപിച്ച മഠം എന്നീ സ്ഥലങ്ങളായിരുന്നു തീർത്ഥാടനകേന്ദ്രങ്ങൾ. മാഡ്രിഡിൽനിന്നും എഴുപതും എൺപതും മൈൽ അകലെയുള്ള ഈ സ്ഥലങ്ങളിൽ എത്തിച്ചേർന്നശേഷം തീർത്ഥാടകരായ സഭാംഗങ്ങൾക്കുവേണ്ടി ഓരോ മെത്രാന്മാർ ഓരോ ദിവസവും ദിവ്യബലി അർപ്പിക്കുകയും സഭാംഗങ്ങൾ വി. കുർബ്ബാന സ്വീകരിക്കുകയും ചെയ്യുവെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

ആവില

ജൂബിലി ആഘോഷങ്ങളുടെ പ്രധാന ദിവസമായ ആഗസ്റ്റ് 24-ാംനു- രാവിലെ 9 മണിക്ക് സഭാംഗങ്ങളെല്ലാവരും മാഡ്രിഡിൽ നിന്നും പ്രത്യേക മോട്ടോർവാഹനങ്ങളിൽ വിശുദ്ധ അമ്മ ത്രേസ്യായുടെ ജന്മഭൂമിയായ ആവിലായിലെത്തിച്ചേർന്നു. വിശുദ്ധ സ്ഥാപിച്ച ആദ്യത്തെ മഠത്തോടനുബന്ധിച്ചുള്ള ദേവാലയത്തിലും വിശുദ്ധജനിച്ച ഭവനത്തിന്റെസ്ഥാനത്തു സ്ഥിതിചെയ്യുന്ന ആശ്രമദേവാലയത്തിലുംവച്ച് അർപ്പിക്കപ്പെട്ട ദിവ്യബലിയിൽ സഭാംഗങ്ങൾ സംബന്ധിച്ചു. അതിനുശേഷം 11 മണിക്ക് സ്ഥലത്തെ കത്തീഡ്രൽ ദേവാലയത്തിൽവച്ച് പേപ്പൽ ലെഗേററ് സിസ്റ്റൈൻചാപ്പൽ ഗായകസംഘത്തോടുകൂടി ആഘോഷമായ ദിവ്യബലി സമർപ്പിക്കുകയും വി. അമ്മത്രേസ്യായുടെ സഭാനവീകരണത്തെക്കുറിച്ചു ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി. അനന്തരം വിശുദ്ധയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ടു ആശ്രമദേവാലയത്തിലേക്കു നീങ്ങിയ ഘോഷയാത്രയിൽ പതിനായിരക്കണക്കിനു് ആളുകൾ സംബന്ധിച്ചു. ആവിലാനഗരം മുമ്പെങ്ങും ദർശിച്ചിട്ടില്ലാത്ത ഒരു മനുഷ്യമഹാസമുദ്രമാണ് അവിടെ കാണപ്പെട്ടതു്. പേപ്പൽ പ്രതിനിധിക്കുപുറമേ സ്പെയിനിലെ മൂന്നാംസഭാംഗങ്ങളായ രണ്ടു കർദ്ദിനാളന്മാരും അനേകം മെത്രാപ്പോലീത്താമാരും മെത്രാന്മാരും നിരവധി വൈദികരും കന്യാസ്ത്രീകളും പ്രദക്ഷിണത്തിൽ പങ്കുകൊണ്ടു. വി. അമ്മത്രേസ്യായുടെ ആത്മിക പുത്രന്മാരായ ആയിരത്തിൽപരം കർമ്മലീത്താസന്യാസികൾ വെള്ളക്കാപ്പ ധരിച്ചുകൊണ്ടു് തങ്ങളുടെ വത്സലമാതാവിന്റെ സ്വരൂപത്തിന്റെ മുമ്പിൽ രണ്ടുവരിയായി നിന്നു് മാർച്ചു് ചെയ്തുപോകുന്നതു് ആരെയും കോൾമയിർകൊള്ളിക്കുന്ന ഒരു കാഴ്ചയായിരുന്നു. നാനൂറുവർഷങ്ങൾക്കുമുമ്പ് താൻ നട്ടുവളർത്തിയ നിഷ്പാദുക കാർമ്മലസഭയാകുന്ന ആ മുന്തിരിച്ചെടി പുഷ്ടിപ്രാപിച്ച് നാനാദിഗന്തങ്ങളിലേയ്ക്കും അതിന്റെ ശാഖകളെ പരത്തി പന്തലിച്ച് നിറയെ പൂക്കളും കായ്കളുമായി നിൽക്കുന്ന ആ മനോഹരമായ കാഴ്ച കണ്ടു് വി. അമ്മത്രേസ്യാ ആനന്ദബാഷ്പങ്ങൾ പൊഴിച്ചിരിക്കണം. പ്രദക്ഷിണത്തിനു ശേഷം നടന്ന വി. കുർബാനയുടെ ആശീർവാദം കഴിഞ്ഞു് തീർത്ഥകരെല്ലാവരും 80 മൈൽ അകലെയുള്ള സലമാങ്കാപട്ടണത്തിലേക്കു യാത്രപുറപ്പെട്ടു. രാത്രി അവിടെ താമസിച്ചതിനുശേഷം രാവിലെ എല്ലാവരും 30 മൈൽ അകലെ സ്ഥിതിചെയ്യുന്ന ആൽബാ ദെ തോർമസ് എന്ന സ്ഥലത്തേയ്ക്കു പോയി- അവിടെയാണ് വി. അമ്മത്രേസ്യായുടെ അന്തിമ നിമിഷങ്ങൾ ചെലവഴിച്ച മുറിയും വിശുദ്ധയുടെ അക്ഷയ

# വിശുദ്ധ ത്രേസ്യായും സഭാനവീകരണവും*

## 1562 ആഗസ്ററ് 24

(Sri. A. S. Thomas—Mararikulam)

1562 ആഗസ്ററ 24-ാം തിയതി ഞായറാഴ്ച സുപ്രഭാതത്തിൽ സാൻറോക്ക് ഡിസ്ട്രിക്ററിൽപ്പെട്ട ആവിലാനഗരത്തിൻെറ വടക്ക് ഒരു കൊച്ചു കന്യകാമഠത്തിൽനിന്നും മണിനാദം കേട്ടു. ആ നാദം സമീപസ്ഥരായ ജനങ്ങളെ തലേരാത്രി കൊണ്ടുണ്ടാക്കിയതായി തോന്നിക്കുന്ന ഒരു കൊച്ചു കപ്പേളയിലേയ്ക്ക് ആനയിച്ചു. വി. ഔസേപ്പു പിതാവിൻെറ നാമധേയത്തിലാണ് ആ കപ്പേള പ്രതിഷ്ഠിക്കപ്പെട്ടിരുന്നത്. പ്രതാപവാനായ ആ പിതാവിൻെറ ഒരു പ്രതിമ വാതുക്കലും, നമ്മുടെ ദിവ്യനാഥ അവളുടെ തിരുക്കുമാരനെ കയ്യിലെടുത്തുകൊണ്ടു നില്ക്കുന്ന മറെറാരു പ്രതിമ കന്യകാലയത്തിൻെറ പ്രവേശന കവാടത്തിലും സ്ഥാപിക്കപ്പെട്ടിരുന്നു. ഈ കന്യകാമഠമായിരുന്ന നവീകരിക്കപ്പെട്ട അഥവാ നിഷ്പാദുക കർമ്മലീത്താ സഭയുടെ പ്രഥമ സ്ഥാപനം. അന്നാണ് അവിശ്വസനീയമായ നിരവധി ക്ലേശങ്ങൾ തരണം ചെയ്തശേഷം ആവിലായിലെ ഇൻകാർനേഷൻ കർമ്മലീത്താംഗമായ മദർ ത്രേസ്യാ ദെ അഹുമേദാ ഒരു പുതിയ സഭ ഉൽഘാടനം ചെയ്തത്. അല്പം ലാഘവപ്പെടുത്തിയ പൂർവ്വ സഭാനിയമങ്ങളാണ് അവിടെ ആചരിക്കപ്പെട്ടു പോന്നത്. വി. ഔസേപ്പു പിതാവിൻെറ ചെറിയ മണികേട്ട് വന്നുചേർന്നവർ അവിടത്തെ കാഴ്ചകണ്ട് അത്ഭുത പരതന്ത്രരായി. ബെത്ലെഹേമിലെ കാലിത്തൊഴുത്തുപോലെ ദരിദ്രമായ ഒരു അവസ്ഥയാണ് അവിടെ അവർ ദർശിച്ചത്. ശോചനീയമായ മതിൽക്കെട്ടുതന്നെ അവരുടെ ഹൃദയത്തെ സ്പർശിക്കത്തക്കതായിരുന്നു. സ്ഥാപകയുടെ ഒരു സ്നേഹിതനായ ഗാസ്പർദാസാ എന്ന വൈദികൻ അതിനിർമ്മലവും വെടിപ്പുള്ളതുമായ അൾത്താരയിൽ ദിവ്യബലി അർപ്പിക്കുകയും, പരിശുദ്ധ കുർബ്ബാന പുതിയ സങ്കേതത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം ആവിലായിലെ മെത്രാൻെറ പ്രതിനിധിയെന്ന നിലയിൽ "ദൈവത്തിൻെറ ധീരദാസികളായ"

മായിരിക്കുന്ന ഹൃദയവും സൂക്ഷിക്കപ്പെട്ടിരിക്കുന്ന ആശ്രമദേവാലയം സ്ഥിതിചെയ്യുന്നത്. അവിടെ പേപ്പൽ പ്രതിനിധി കർദ്ദിനാൾ ചെന്തോ തിരുമനസ്സുകൊണ്ട് അർപ്പിച്ച ദിവ്യബലിയിൽ തീർത്ഥകരെല്ലാം പങ്കുകൊണ്ടു. തദവസരത്തിൽ ബൽജിയത്തിലെ രാജാവ് പത്നീസമേതം സന്നിഹിതനായിരുന്നു എന്നുള്ളത് പ്രത്യേകം പ്രസ്താവാർഹമാണ്.

### സലമാങ്കാ

25-ാംനു- ഉച്ചയോടുകൂടി ആൽബാ ദെ തോർമസിൽ നിന്നും സലമാങ്കായിലെ വി. സ്റ്റീഫൻെറ മനോഹരമായ ബസിലിക്കായിൽ എത്തിച്ചേർന്ന കർദ്ദിനാൾ തിരുമേനി അവിടെവച്ച് മററു കർദ്ദിനാളന്മാരുടെയും മെത്രാന്മാരുടെയും സാന്നിദ്ധ്യത്തിൽ ജൂബിലിയുടെ സമാപനച്ചടങ്ങു നിർവഹിച്ചുകൊണ്ട് പ്രൗഢഗംഭീരമായ ഒരു പ്രഭാഷണം ചെയ്തു. തദവസരത്തിൽ സ്പെയിനിലെ നിയമമന്ത്രി മി. ഇത്തുർമെന്തി വി. അമ്മത്രേസ്യായുടെ സഭാനവീകരണത്തെക്കുറിച്ചും വിശുദ്ധയുടെ ആത്മീക പുത്രന്മാരായ കർമ്മലീത്ത വൈദികർ ചെയ്യുന്ന സേവനത്തെ പ്രശംസിച്ചുകൊണ്ടും സുദീർഘമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

സ്പെയിനിൻെറ അധിപനും ഉത്തമ കത്തോലിക്കനും വി. അമ്മത്രേസ്യായുടെ യഥാർത്ഥ ഭക്തനുമായ ജനറൽ ഫ്രാങ്കോ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കുന്നതിന് തൻെറ പ്രത്യേക പ്രതിനിധിയെ അയയ്ക്കുകയും ജൂബിലിക്കുവേണ്ടി ഒന്നരലക്ഷം രൂപാ സംഭാവനചെയ്യുകയും ചെയ്തു എന്നുള്ളത് ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്.

---

* കടപ്പാട് St. Teresa and Reform-24th August 1962, By Fr. Michael, O. C. D. From the Quarterly "Mount Carmel" (Spring 1962), Wicanton, England.

നാലു് അർത്ഥിനികൾക്കു്—പുതിയ സഭാംഗങ്ങളായിത്തീരേണ്ട നാലു് പേർക്കു്—അദ്ദേഹം നവീകരിക്കപ്പെട്ട സഭയുടെ ഒരു തരം പരുക്കൻ സഭാവസ്ത്രം നൽകി. പ്രാചീനകാലങ്ങളിലെ സന്യാസികൾ ഉപയോഗിച്ചിരുന്ന ഒട്ടകത്തിൻെറ രോമംകൊണ്ടുള്ള വസ്ത്രംപോലെ അത്രയേറെ പരുക്കനായിരുന്ന പുതിയ സഭാവസ്ത്രം. മദർ ത്രേസ്യാതന്നെ അവിടെ എല്ലാക്കാര്യങ്ങളുടെയും മേൽനോട്ടം വഹിക്കുന്നുണ്ടായിരുന്നു. കൂടെ ഇൻകാർണേഷൻ കോൺവൻറിലെ വേറെ രണ്ടു കന്യാസ്ത്രീകളും ഉണ്ടായിരുന്നു. പിന്നീടു് അവരും നവീകരണ സഭാംഗങ്ങളായി. അന്നു നിലവിലിരുന്ന പതിവനുസരിച്ചു് ആ സമയം അവരെല്ലാം നിയമാനുസരണം അവരുടെ മഠത്തിൽനിന്നും അകലെയായിരുന്നു. മദർ ത്രേസ്യായുടെ അനുജത്തി ദോൺ ജ്വാനാ ദെ അഹുമേദായും, അവളുടെ ഭർത്താവു് ദോണാജ്വാൻ ദെ ഓവല്ലെയും സുഹൃത്തുക്കളായ ആവിലായിലെ ജൂലിയനും റോമൻ ബ്രീഫ് നേടിയ ആ മഹതി ദോണാ ഗ്വിയിമാർ ദെ ഒല്ലോവായും ആ സമയം അവിടെ സന്നിഹിതരായിരുന്നു. ആകപ്പാടെ പ്രാർത്ഥനാത്മകമായ ഒരു അന്തരീക്ഷമായിരുന്നു ആ രംഗം. എങ്കിലും അമ്മ ത്രേസ്യാ അവിടെ സ്വതന്ത്രയായിരുന്നില്ല. ദിവ്യനാഥൻ കൂടെക്കൂടെ കല്പിച്ചിരുന്നതു് ഇപ്പോൾ അനുസരിക്കുന്നതിനു് സാധിച്ചു എന്നൊരു ചാരിതാർത്ഥ്യം അവൾക്കുണ്ടായി. പരിശുദ്ധകുർബ്ബാന പരസ്യമായി എഴുന്നള്ളിച്ചു വച്ചുകണ്ടപ്പോൾ ത്രേസ്യായ്ക്കു് സ്വർഗ്ഗത്തിൽ ഇരിക്കുന്ന ഒരു അനുഭൂതിയാണുണ്ടായതു്. അനുഗാമികളായി ലഭിച്ച കന്യകകളെ സംബന്ധിച്ചു് അവൾക്കു് നല്ല ആത്മവിശ്വാസം തോന്നി. മുൻകൂട്ടി ആസൂത്രണം ചെയ്തതുപോലെ അവരെക്കൊണ്ടു് പ്രാർത്ഥനയിലും പരിത്യാഗപ്രവൃത്തികളിലും നിരതമായ ഒരു സഭയെ വാർത്തെടുക്കാൻ കഴിയുമെന്ന ചിന്ത അവളെ സന്തുഷ്ടയാക്കി. സന്തോഷാധിക്യം അവളെ അഗാധമായ പ്രാർത്ഥനയിൽ നിമഗ്നയാക്കി.

## നമ്മുടെ കർത്താവിൻെറ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ

എന്നാൽ ഉടനെതന്നെ സാത്താൻെറ ഉഗ്രമായ കോപത്തെ നേരിടേണ്ടിവന്നു. നിഷ്പാദുക സഭാംഗങ്ങളുടെകൂടെ അല്പസമയം മാത്രമെ അവൾക്കു് ആശ്വാസമായി കഴിയുവാൻ സാധിച്ചുള്ളു. അല്പസമയത്തിനുള്ളിൽ ആ നഗരിയിൽ അവൾക്കെതിരായി ഒരു വലിയ കോളിളക്കംതന്നെ അവൻ സൃഷ്ടിച്ചു. ഏതാനും മാസങ്ങൾക്കു മുമ്പു് ഈ പദ്ധതിയുടെ ആവിഷ്ക്കരണവാർത്ത അറിഞ്ഞ അവസരത്തിലും അവൻ ഇതുപോലെ ഒരു കലക്കം ഉണ്ടാക്കിയതാണു്. പെട്ടെന്നുണ്ടായ ബഹളം പ്രോവിൻഷ്യാളുടെ മനസ്സു മാററുന്നതിനും അദ്ദേഹത്തെക്കൊണ്ടു് പുതിയ സഭയുടെ അനുവാദം പിൻവലിപ്പിക്കുന്നതിനും പ്രേരകമായിത്തീർന്നു. തന്നെയല്ല അവളുടെ ഈശോസഭക്കാരനായ കുമ്പസ്സാരക്കാരൻ വൈദികൻ (ആത്മീയോപദേഷ്ടാവു്) അദ്ദേഹത്തിൻെറ മേലധികാരിയുടെ നിർദ്ദേശപ്രകാരം പുതിയ സഭയുടെ പ്രവർത്തനം നിറുത്തിവയ്ക്കുന്നതിനു് അവളെ ഉപദേശിക്കുന്നതിനു് നിർബ്ബന്ധിതനായിത്തീർന്നു. നമ്മുടെ ദിവ്യനാഥൻ തൻെറ തിരഞ്ഞെടുക്കപ്പെട്ടവരുടെ—ത്രേസ്യയുടെയും മററു സഹോദരികളുടെയും—സഹായത്തിനുണ്ടായിരുന്നു. അവിടുന്നു കാര്യങ്ങൾ താമസിയാതെ ശരിപ്പെടുത്തുമെന്നു് അവൾക്കു് ഉറപ്പു നൽകുകയും തൽക്കാലം ആത്മീയോപദേഷ്ടാവിനെ അനുസരിക്കുന്നതിനും, വീണ്ടും പദ്ധതി തുടരുന്നതിനു് കല്പിക്കുന്നതുവരെ നിശ്ശബ്ദയായി കഴിയുന്നതിനും ആജ്ഞാപിച്ചു. ഈശോ സഭാറെക്ടറുമാരുടെ മാററം അവളുടെ ആത്മീയോപദേഷ്ടാവിനു്, പുതിയ സ്ഥാപനത്തിൻെറ പ്രവർത്തനത്തിൽ അവളെ കഴിയുന്നത്ര ഉത്സാഹത്തോടുകൂടി കർമ്മനിരതയാക്കുന്നതിനു് അനുവാദം കൊടുക്കുവാൻ അവസരമുണ്ടാക്കി. അപ്പോൾ ഓവല്ലെസ് ദമ്പതികൾ അതിലേയ്ക്കായി തങ്ങളുടെ സ്വന്ത ആവശ്യത്തിനെന്നോണം ഒരു വീടു സമ്പാദിക്കുകയും ത്രേസ്യാ അവിടെ സജ്ജീകരണം ആരംഭിക്കുകയും ചെയ്തു. പെദ്രോ ഇബാഞെസ്സ് (Pedro Ibanez) എന്ന ത്രേസ്യായുടെ ഡോമിനിക്കൻ സ്നേഹിതനാൽ പരിശീലിപ്പിക്കപ്പെട്ട ദോണാ ഗ്വിയിമാർ ദെ ഒല്ലാവോ ആവിലായിലെ മെത്രാൻെറ അധികാരാതൃത്തിയിൽ പുതു കർമ്മെലീത്താ സഭയുടെ ഒരു മഠം ആരംഭിക്കുന്നതിനായുള്ള അനുവാദത്തിനു് റോമിലേയ്ക്കു് ഒരു അപേക്ഷ ബോധിപ്പിച്ചു. എന്നാൽ ആ മഠം കർമ്മെലീത്താസഭയുടെ അധികാരപരിധിയ്ക്കു് വെളിയിലായിപ്പോകുമല്ലോ എന്ന ചിന്ത ത്രേസ്യായെ വല്ലാതെ വ്യാകുലപ്പെടുത്തി. ഈ പരിതഃസ്ഥിതിയിൽ ഇതുതന്നെയാണു് ബുദ്ധിപൂർവ്വകമെന്നു് ദിവ്യനാഥൻ ഉറപ്പു നൽകുകയും റോമിനെ ആശ്രയിക്കേണ്ടതിനു്

സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ഒരു വിശദീകരണം കൊടുക്കുകയും അവയെല്ലാം വിജയം വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ രഹസ്യ ഒരുക്കങ്ങളുടെ മദ്ധ്യേ ത്രേസ്യായെ അവളുടെ പ്രൊവിൻഷ്യാൾ സഭയുടെ ഒരു ഉൽകൃഷ്ട ഉപകാരിണി സ്വഭർത്താവിന്റെ ദേഹവിയോഗംമൂലം അത്യധികം ക്ലേശത്തിലാണെന്ന് അറിയുകയാൽ അവളെ സമാശ്വസിപ്പിക്കുന്നതിന് ടൊളേദോയിലേയ്ക്കു് പോകുവാൻ നിയോഗിച്ചു. നമ്മുടെ ദിവ്യനാഥനും ഒട്ടും ഉപേക്ഷ വിചാരിക്കാതെ ഉടൻതന്നെ പോകുവാൻ അവളോടു പറയുകയും, അവിടെയും പരീക്ഷണങ്ങൾ ഉണ്ടായേക്കുമെന്നും എന്നാൻ അതുവഴിയായി അവിടുന്ന് കൂടുതൽ സേവിക്കപ്പെടുന്നതിന് ഇടയാകുമെന്നും അവളെ അനുസ്മരിപ്പിക്കുകയും ചെയ്തു. കോൺവൻറിനെ സംബന്ധിച്ചിടത്തോളം 'ബ്രീഫ്' വരുന്നതുവരെ ത്രേസ്യാ അവിടെ ഇല്ലാതിരിക്കുന്നതാണ് നല്ലതു്. സാത്താൻ പ്രൊവിൻഷ്യാളിന്റെ ആഗമനത്തിനെതിരായി ഒരു വലിയ ഗൂഢാലോചന നടത്തുന്നുണ്ടായിരുന്നു. ഇതേസംബന്ധിച്ച് അവൾ ഈശോ സഭാറെക്ടരോട് ആലോചിച്ചപ്പോൾ അദ്ദേഹവും കഴിയുന്നത്ര വേഗം പോകണമെന്നാണ് ഉപദേശിച്ചതു്. ആകയാൽ അവൾ പ്രൊവിൻഷ്യാളിന്റെ കല്പന അനുസരിച്ചു സമാശ്വാസപ്രവർത്തനം വിജയകരമായി പര്യവസാനിപ്പിച്ച് തിരിയെ ആവിലായിൽ എത്തിയ ത്രേസ്യായ്ക്കു് സ്വ സഹോദരിയുടെ അസാന്നിദ്ധ്യത്തിൽ പെട്ടെന്ന് രോഗിയായിത്തീർന്ന സഹോദരീഭർത്താവിനെ ശുശ്രൂഷിക്കേണ്ട ചുമതലകൂടി വന്നുചേർന്നു. അവൾ ആവിലായിൽനിന്നും മടങ്ങിവന്ന ദിവസം വൈകുന്നേരംതന്നെ റോമിൽനിന്നുള്ള ഔദ്യോഗിക വിജ്ഞാപനപത്രിക (ബ്രീഫ്) യും വന്നെത്തി. അവിടെ സ്ഥലത്തെ മെത്രാനും അവളുടെ സ്നേഹിതനായ അൽക്കാണ്ഡ്റായിലെ വി. പീററും ഉണ്ടായിരുന്നു. അന്നത്തെ സാഹചര്യങ്ങളിൽ മെത്രാനിൽനിന്നും വി. ഔസേപ്പു പിതാവിന്റെ നാമധേയത്തിലുള്ള മഠത്തിന്—കടുത്ത ദാരിദ്ര്യാവസ്ഥയിലുള്ള മഠത്തിനു—അംഗീകാരം വാങ്ങുക അത്ര എളുപ്പമായിരുന്നില്ല. എങ്കിലും വി. പീററർ അൽക്കാണ്ഡ്റാ മെത്രാനെ അതിനു സമ്മതിപ്പിച്ചു. അങ്ങനെ തന്റെ രോഗിയായ ബന്ധുവിന്റെ ഭവനത്തിൽവച്ച് അതിരഹസ്യമായി പുതിയ സഭയുടെ അവസാന ഒരുക്കങ്ങൾ പൂർത്തിയാക്കുന്നതിനു് അതിന്റെ സ്ഥാപകയായ മദറിന് സാധിച്ചു. ത്രേസ്യായ്ക്കു് പതിമ്മൂന്നു ഡൂക്കററ് നാണയം കൊണ്ടു് സാധിക്കാവുന്നതു് നിസ്സാരമാണെന്നും, എന്നാൽ ദൈവത്തോടുകൂടി ത്രേസ്യായ്ക്കു് പതിമ്മൂന്നു ഡൂക്കററുകൊണ്ടു് അത്ഭുതം പ്രവർത്തിക്കാൻ കഴിയുമെന്നും ഒരിക്കൽകൂടി അവൾ അനുഭവംകൊണ്ടറിഞ്ഞു. എന്തതിശയം—അന്നുരാവിലെതന്നെ വിശുദ്ധ ഔസേപ്പിന്റെ—കാലപ്പഴക്കംകൊണ്ടു് തീരെ മോശമായിരുന്നതും കേവലം മൂന്നു റാത്തൽ ഭാരമുള്ളതുമായ ആ കൊച്ചുമണിയടിച്ച് അവർക്ക് അവളുടെ വിജയാഹ്ലാദം പ്രഖ്യാപിക്കുവാൻ കഴിഞ്ഞു. പരാജിതനായ സാത്താൻ കോപവെറിയാൽ കലിതുള്ളുകയായി. ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ആവിലായിലെ ഒട്ടുമിക്ക ആളുകളിലും അവൻ വേദനയും വൈരാഗ്യവും പകർന്നു. തൽഫലമായി ഒരു മണിക്കൂറിനു മുമ്പു് വി. ഔസേപ്പിന്റെ കന്യകാലയത്തിന്റെ വിജയത്തിൽ ആഹ്ലാദിച്ച ആ ജനങ്ങൾ തന്നെ ഇപ്പോൾ അതു നിർത്തലാക്കുന്നതിനായി ബഹളം കൂട്ടി. പ്രതിഷേധപ്രകടനങ്ങളിൽ വൈദികരും സന്യാസ സഭാംഗങ്ങൾ പോലും ഭാഗഭാക്കുകളായി. ആവിലായിൽ ഇപ്പോൾതന്നെ ആവശ്യത്തിലധികം മഠങ്ങൾ ഉണ്ടെന്നും ഇനിയും മഠങ്ങളുടെ ആവശ്യമില്ലെന്നും അവർ ആക്രോശിച്ചു്. കല്ലെറിഞ്ഞു. അനവധി മുട്ടും തട്ടും കല്ലേറും ആ കൊച്ചു കന്യകാലയത്തിന്റെ വാതിൽ ഏററു. അതിനെ നിരോധിക്കണമെന്നായിരുന്നു മുദ്രാവാക്യം. മേയറും ആലോചനാംഗങ്ങളും ഭദ്രാസന ദേവാലയത്തിലെ വൈദിക ശ്രേഷ്ഠന്മാരും സമ്മേളിച്ച് ഈ പുതിയ കന്യകാലയത്തെ നിരോധിക്കണമെന്നുതന്നെ തീരുമാനിച്ചു.

ഒരുഗ്രസമരം

ഗർവ്വിഷ്ഠനായ സാത്താൻ പിന്നീടു് ത്രേസ്യായെ അവളുടെ ജീവിതത്തിൽ നേരിടേണ്ടിവന്ന അതി കഠിനമായ ഒരു ആദ്ധ്യാത്മികായോധനത്തിൽ ഉൾപ്പെടുത്തി. അതെപ്പററി അവൾ സവിസ്തരം എഴുതിയിട്ടുണ്ടു്. അല്പം മുൻപു് ലോകത്തിലെ യാതൊന്നും അവളുടെ സന്തോഷത്തിനോ സംതൃപ്തിയ്ക്കോ മാററം വരുത്തുകയോ തടസ്സമായിത്തീരുകയോ ചെയ്യരുതെന്ന് അവൾ ചിന്തിച്ചു. ഏതാനും മണിക്കൂറുകൾക്കുശേഷം

അതേ ചിന്തതന്നെ അവളുടെ ഹൃദയത്തെ വേദനിപ്പിച്ചു. അതെല്ലാം തെററായിരുന്നില്ലേ? സാത്താൻ അവളുടെ ചിന്ത ഈ വഴിയ്ക്കു തിരിച്ചു. പ്രൊവിൻഷ്യാളിൻെറ കല്പന കൂടാതെ ഈ മാതിരിയുള്ള ഒരുക്കങ്ങൾ ചെയ്യുതു് അനുസരണയ്ക്കെതിരായ തെററല്ലേ? കൂടാതെ ഇത്രവളരെ കർക്കശമായ നിയമമനുസരിച്ചു് മനുഷ്യർക്കു് എങ്ങനെ സമാധാനമായി കഴിയുവാൻ സാധിക്കും? വിശപ്പടക്കാൻ മതിയാവുന്നത്രയെങ്കിലും ഭക്ഷിക്കാനുണ്ടാകുമോ? അവളെ സംബന്ധിച്ചിടത്തോളം അസ്വസ്ഥമായ ശരീരപ്രകൃതി അവളെ ഇത്രമാത്രം കഠിനമായ പ്രായശ്ചിത്തം എടുക്കുന്നതിനനുവദിക്കുമോ? മനസ്സമാധാനത്തെ അലങ്കോലപ്പെടുത്തുന്ന ഇമ്മാതിരി പ്രവൃത്തികൾ ചെയ്യുന്നതിനു് പ്രേരിപ്പിക്കുന്നതു് സാത്താനല്ലെന്നു് അവൾക്കുറപ്പുണ്ടോ? ഇങ്ങനെയായാൽ ഒടുവിൽ ആത്മരക്ഷതന്നെ അപകടത്തിലാകുകയില്ലേ? റോമൻ 'ബ്രീഫീ'നെ സംബന്ധിച്ച കാര്യങ്ങൾ അവളുടെ സ്മൃതി പഥത്തിൽ നിന്നും അവൻ തന്ത്രപൂർവ്വം മായിച്ചുകളഞ്ഞു. ദിവ്യനാഥൻെറ ആജ്ഞകളും വിജ്ഞാനികളായ ദൈവദാസന്മാരുടെ ഉറപ്പുകളും ദൈവവെളിപാടിനായുള്ള അവളുടെ രണ്ടു വർഷത്തെ എല്ലാ പ്രാർത്ഥനകളും അവൾ മറന്നു. ഏതെങ്കിലും വിധത്തിലുള്ള ലഘുവായ അപൂർണ്ണതയുണ്ടെന്നു് അവൾക്കു് ബോദ്ധ്യമാകുന്നതായാൽ ഒന്നല്ല ആയിരം സ്ഥാപനങ്ങൾപോലും ബലികഴിക്കാൻ തയ്യാറാണെന്നുള്ള അവളുടെ ദൃഢപ്രതിജ്ഞയെപ്പററിയും അവൾ നിശ്ശേഷം വിസ്മരിച്ചു. അവളുടെ വിശ്വാസംപോലും പതുങ്ങലിലായി. സ്വാഭിപ്രായങ്ങളെ അനുസരിക്കുകയായിരുന്നു എന്ന ഹൃദയത്തെ സദാപി പീഡിപ്പിക്കുന്ന ഒരു വിചാരം മാത്രം അവശേഷിച്ചു. അവളുടെ ഹൃദയവേദന മരണവേദനയ്ക്കു സമമായിരുന്നു. ഉപദേശത്തിനു് സമീപിക്കുന്നതിനു് അവിടെ ആത്മീയോപദേഷ്ടാവുണ്ടായിരുന്നില്ല. പിൽക്കാലങ്ങളിൽ ഈ സ്ഥാപനങ്ങൾ മൂലം അവൾ അനുഭവിക്കേണ്ടി വന്നേക്കാവുന്ന പീഡകളെപ്പററി അവളുടെ ആത്മാവു് പ്രവചിക്കുന്നതായി അവൾക്കുതോന്നി. അവളുടെ ജീവിതത്തിലെ ഏററവും ക്ലേശം നിറഞ്ഞ ഒരു അവസരമായിരുന്നു അതെന്നാണു് അവൾ അതെപ്പററി എഴുതിയിട്ടുള്ളതും. ഈ വേദനകൾക്കിടയിൽ പരി. കർബ്ബാനയുടെ സന്നിധിയിൽ പോകുകയുണ്ടായി. അതു് അവൾക്കു് അല്പമായ വെളിച്ചവും ധൈര്യവും നവചൈതന്യവും പ്രദാനം ചെയ്തു. ഈവക പരീക്ഷണഘട്ടങ്ങളിൽ അവൾ സാധാരണ പരിക്ഷിക്കാറുള്ള യുക്തി ഉപയോഗിച്ചു് ഇങ്ങനെ സ്വയം വാദിച്ചുനോക്കി. പരീക്ഷണങ്ങൾ അവൾ ആവശ്യപ്പെട്ടതല്ലേ? ഇപ്പോളിതാ കുറെ പരീക്ഷണങ്ങൾ. ദിവ്യനാഥനെപ്പററി കുറച്ചെല്ലാം പ്രവർത്തിക്കുന്നതിനും സഹിക്കുന്നതിനും അവൾ ആഗ്രഹിച്ചതല്ലേ? ഇതാണു് അതിനുള്ള അവസരം. അവസാനമായി ഈ വാദഗതിയിൽ ഉറച്ചു നിൽക്കുന്നതിനു് പരി. കുർബ്ബാനയുടെ സാന്നിദ്ധ്യത്തിൽ വച്ചു് ഈ പുതിയ സഭയിൽ അവൾ പ്രവേശിക്കുന്നതാണെന്നു് ഒരു സത്യ പ്രതിജ്ഞയുംകൂടി ചെയ്തു. പെട്ടെന്നു് സാത്താൻ അവളെ വിട്ടകന്നു. ടീസാ അവൻെറ നേരെ ചെറുതായൊന്നു മന്ദഹസിച്ചു. കാരണം, ഇതെല്ലാം അവൻെറ പ്രവൃത്തിമൂലമാണു സംഭവിച്ചതെന്നു് അപ്പോൾ അവൾക്കു് ബോദ്ധ്യമായി.

## വീണ്ടും വിഷമങ്ങൾ

എന്നാൽ ഇതുകൊണ്ടൊന്നും അവൾക്കു് ദീർഘമായി സന്തോഷിക്കുന്നതിനു് സാധിച്ചില്ല. സാധുക്കളായ ഇൻകാർണേഷൻ കോൺവൻറിലെ മററു സഹോദരികളെയും സാത്താൻ വൃഥാ വിട്ടില്ല. അവരുടെ ഹൃദയങ്ങളിലും അവൻ കലക്കം സൃഷ്ടിച്ചു. നിരന്തരമായ അവൻെറ ശല്യങ്ങളിൽനിന്നും ഒഴിഞ്ഞു് അല്പം വിശ്രമിക്കുന്നതിനു് അവർക്കു് സമയം കിട്ടിയില്ല. മഠാധിപയിൽനിന്നു് ഉടൻ തിരിച്ചുചെല്ലണമെന്നുള്ള ഒരു ആജ്ഞ അവൾക്കു ലഭിച്ചു. ധാരാളം സഹിക്കേണ്ടിവരുമെന്നു് അറിഞ്ഞുകൊണ്ടും അതെല്ലാം മുൻകൂട്ടിതന്നെ ദൈവത്തിനു സമർപ്പിച്ചുകൊണ്ടും വി. ഔസേപ്പുപിതാവിനോടു തന്നെ താമസിയാതെ വീണ്ടും അദ്ദേഹത്തിൻെറ നാമത്തിലുള്ള ഭവനത്തിലേയ്ക്കു് തിരിയെ അയയ്ക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി പ്രാർത്ഥിച്ചുകൊണ്ടും അവൾ പെട്ടെന്നു തന്നെ പുറപ്പെട്ടു. മുൻപു് അവർ ഭീഷണിപ്പെടുത്തിയിട്ടുള്ളതനുസരിച്ചു് ഇപ്പോൾ തീർച്ചയായും അവർ തന്നെ കാരാഗൃഹത്തിൽ അടയ്ക്കുമെന്നും അവിടെ നിശ്ശബ്ദമായി അന്യ ശല്യങ്ങളൊന്നും കൂടാതെ ഏകാന്തമായി അല്പം വിശ്രമിക്കാമെന്നുമുള്ള പ്രതീക്ഷയോടു

കൂടിയാണ് അവൾ അവിടെ ചെന്നത്. മാനസികമായും ശാരീരികമായും അവൾക്കു വലിയ ആസ്വാസ്ഥ്യം തോന്നി. എങ്കിലും ഞവൾ അവിടെ ചെന്ന് വിഷയത്തെ സംബന്ധിച്ച് അവളുടെ മൊഴി കൊടുത്തുകഴിഞ്ഞപ്പോൾ ഒരു വിധത്തിൽ മഠാധിപയുടെ മനസ്സലിഞ്ഞു. എന്നാൽ കന്യാസ്ത്രീകൾ അതുകൊണ്ടൊന്നും ശാന്തരായില്ല. അവർ പ്രൊവിൻഷ്യാളിന്റെ പക്കൽ ആവലാതിപ്പെട്ടു. അദ്ദേഹം വന്ന് അവളെ അതി കർശനമായി ശാസിച്ചു. പ്രായംചെന്ന കന്യാസ്ത്രീകളുൾപ്പെട്ട ഒരു ട്രൈബ്യൂണൽ കോടതി സംഘടിപ്പിക്കുകയും അദ്ദേഹംതന്നെ അതിന്റെ ആദ്ധ്യക്ഷം വഹിക്കയും ചെയ്തു. ത്രേസായുടെ മാററ് ഉരച്ചുനോക്കുന്ന അതി വിശിഷ്ടമായ ഒരു സന്ദർഭമായിരുന്നു അത്. ദിവ്യനാഥനുവേണ്ടി കുറച്ചെങ്കിലും സഹിക്കാമെന്നുള്ള അതിയായ സന്തോഷത്തോടുകൂടിയാണ് അവൾ ആ വിചാരണസഭയിൽ ഹാജരായതു്. ക്രിസ്തുനാഥനെ അന്യായമായി വിചാരണ ചെയ്തതിനെപ്പററി അവൾ ധ്യാനിച്ചു. അതുമായി തുലനം ചെയ്യുന്നതായാൽ അവളുടേതു് ഒന്നുമല്ലെന്ന് അവൾ കണ്ടു. സ്വയരക്ഷയ്ക്കായി യാതൊരു എതിർവാദവും ചെയ്യാതെ അവളിൽ കുററാരോപണം നടത്തിയവരുടെ വാക്കുകൾ വിനയപൂർവ്വം അവൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. സ്വന്ത ബഹുമാനത്തിനുവേണ്ടിയാണ് അവളിപ്രകാരമെല്ലാം പ്രവർത്തിച്ചതെന്ന് പറഞ്ഞുകൊണ്ട് അവർ തെററായി അവളിൽ കുററാരോപണം ചെയ്തേക്കാം; എന്നാൽ നേരെമറിച്ച് അവരെക്കാൾ പാപിനിയാണ് അവൾ എന്നു പറയുന്നതായാൽ അതു് സത്യമായിരിക്കുമെന്ന് അവൾ സ്വയം പറഞ്ഞു. പ്രൊവിൻഷ്യാൾ എങ്ങനെ വേണമെങ്കിലും ശിക്ഷിച്ചുകൊള്ളട്ടെ അവൾക്കതിൽ യാതൊരു വിരോധവുമില്ല. എന്നാൽ അദ്ദേഹം അവളോടു ക്ഷമിക്കുന്നതിൽ ഉപേക്ഷ കാണിക്കരുതു്; അദ്ദേഹത്തിനു് പിന്നീടു് അവൾ ഒരു ശല്യമായും തീരരുതു്, എന്നായിരുന്നു അവൾ ആഗ്രഹിച്ചതു്. അവിടെ ഉണ്ടായിരുന്ന സഹോദരികളോടു് കാര്യത്തെപ്പററിയുള്ള അവളുടെ മൊഴി വിശദമായി പറയുന്നതിനു് ആജ്ഞാപിക്കപ്പെട്ടുകയാൽ കഥ മുഴുവൻ അവൾ പറഞ്ഞു. ആ കൂട്ടത്തിൽ ദിവ്യനാഥന്റെ കല്പനകളെപ്പററിയും അവരോടു പറഞ്ഞു. പ്രശാന്ത മധുരമായ അവളുടെ പ്രസ്താവന കേട്ടശേഷം പ്രൊവിൻഷ്യാളിനോ സഹോദരികൾക്കോ അവളിൽ ഏതെങ്കിലും കുററം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. വാസ്തവത്തിൽ പ്രൊവിൻഷ്യാളിനെ അവൾ തന്നിയെ കണ്ട് കാര്യങ്ങൾ അദ്ദേഹത്തെ കുറച്ചുകൂടി വിശദമായി ധരിപ്പിച്ചതോടുകൂടി വി. ഔസേപ്പിന്റെ കന്യകാലയം വിജയിക്കുന്നതായാൽ, നഗരത്തിലെ ബഹളം ശമിക്കുന്നതോടുകൂടി വീണ്ടും അവളെ അങ്ങോട്ടുതന്നെ അയയ്ക്കാമെന്ന് അദ്ദേഹം വാക്കുകൊടുത്തു. ഗാസ്പർ ദാസ, ബേനസ്സ് (Benez) മുതലായ പ്രസിദ്ധരും പ്രശസ്തരും സ്വാധീന ശക്തിയുള്ളവരും സ്ഥിരചിത്തരുമായ സ്നേഹിതന്മാരുടെ ഇടപെടൽകൊണ്ട് നഗരത്തിലെ കുഴപ്പങ്ങൾ ശാന്തമായി. നിരോധിക്കൽ പ്രശ്നമേ ഇല്ലാതായി. അതോടുകൂടി ത്രേസ്യാ വീണ്ടും തന്റെ അനാഥമായിക്കിടന്ന കന്യകാലയത്തിലേയ്ക്കു മടങ്ങി. അവിടെ അവൾ ഈശോയുടെ ത്രേസ്യായായിത്തീർന്നു. മഠത്തിനുള്ളിൽ പ്രവേശിക്കുന്നതിനു മുമ്പ് കപ്പേളയിൽ കയറി കുറച്ച് സമയം പ്രാർത്ഥിച്ചു. അപ്പോൾ അവൾക്കു് ഒരു ആനന്ദപാരവശ്യമുണ്ടായി. ക്രിസ്തുവിനെ കാണുകയും അവിടുന്ന് അവളെ വളരെ സ്നേഹപൂർവ്വം സ്വീകരിക്കുന്നതായും അവളുടെ തലയിൽ അവിടുന്ന് ഒരു കിരീടം അണിയിക്കുന്നതായും ദിവ്യനാഥന്റെ മാതാവിനെപ്രതി അവൾ ചെയ്ത സേവനങ്ങൾക്ക് അവളോടു നന്ദിപറയുന്നതായും അവൾക്കു തോന്നി. മൂന്നുമാസത്തോളം എല്ലാകാര്യങ്ങളിലും ആ നാലുപേരിൽ മൂത്തയാളിനെ അനുസരിക്കുന്നതിലും എല്ലാവരിലും ഇളയവളായി കഴിയുന്നതിലും അവൾ നിർബ്ബന്ധം കാണിച്ചു. എന്നാൽ ആ കാലപരിധിക്കുശേഷം ശ്രേഷ്ഠത്തിയുടെ ചുമതല വഹിക്കുവാൻ അവൾ നിർബ്ബന്ധിതയായി അഞ്ചുകൊല്ലക്കാലം സന്തോഷപ്രദമായി ഈ ഏകാന്ത ഭവനത്തിൽ കഴിച്ചുകൂട്ടി. ഒരിക്കൽകൂടി ക്രിസ്തുവിന്റെ സ്നേഹത്തെ പ്രതി ആത്മാക്കളുടെ രക്ഷയിലുള്ള തീക്ഷ്ണത കാരണവും അവൾക്ക് സ്ഥാപകയുടെ ഭാരമേറിയ ചുമതല ഏറെറടുക്കേണ്ടിവന്നു. അങ്ങനെ വളരെ ക്ലേശകർങ്ങളായ ഇരുപതുകൊല്ലം അവൾ തരണം ചെയ്യേണ്ടിവന്നു. അതിനുള്ളിൽ അവൾ വളരെ അവശയായി. അവൾക്കേററം പ്രിയപ്പെട്ട ആവിലായിലെ വി. ഔസേപ്പിന്റെ ഭവനത്തിൽപോയി ശാന്തമായി മരണമടയുന്നതിന് ആഗ്രഹിച്ചു. പക്ഷെ ആവിലായി

ലേയ്ക്കു പോകുംവഴി ക്ഷീണം അധികരിക്കയാൽ ആൽബാ ദെ തോർമസിൽ (Alba de Tormes) വിശ്രമിക്കുന്നതിനു നിർബ്ബന്ധിതയായിത്തീരുകയും അവിടെ വച്ചു ത്രേസ്യാ ചരമമടയുകയുമാണുണ്ടായതു്. ക്രിസ്തുനാഥൻ കൂടെക്കൂടെയുള്ള കല്പനകൾവഴി അവളുടെ ചുമതലകൾ വർദ്ധിപ്പിക്കുന്നതിനു മുമ്പു് സെൻറ് ജോസഫിലെ ദൈവദൂതസമാനരായ കന്യകകളുടെയിടയിൽ ഏററവും നികൃഷ്ട ജീവിയാണു് താനെന്നു് അവൾ പലപ്പോഴും വിചാരിച്ചിരുന്നെങ്കിലും അവിടെ അവൾ ചെലവഴിച്ച അഞ്ചു വർഷവും അവളുടെ ജീവിതത്തിലെ ഏററവും സന്തോഷപ്രദമായ വർഷങ്ങളായിരുന്നു. പലപ്പോഴും സ്വർഗ്ഗത്തെപ്പററി അവൾ സ്വപ്നംകണ്ടുകൊണ്ടിരുന്നു. സ്വർഗ്ഗത്തിൽനിന്നാണു് ലോകത്തെ നോക്കിക്കൊണ്ടിരുന്നതു്. ലോകം അവളെ എങ്ങനെ പരിഗണിക്കുമെന്നുള്ളതിനെപ്പററി അവൾ കൂട്ടാക്കിയിരുന്നില്ല. എന്നാൽ ഒരു ആത്മാവിൻെറ നിസ്സാരമായ അഭിവൃദ്ധിയിൽപോലും അവൾ അതീവതാല്പര്യം പ്രദർശിപ്പിച്ചുപോന്നു. വിശുദ്ധ ഔസേപ്പിൻെറ കന്യകാലയം അതിവേഗം കസ്റ്റിലിയിലെ (Castille) വിശിഷ്ടരായ ഏതാനും ആത്മാക്കളെ ആകർഷിച്ചു. ഇവരെ ത്രേസ്യാ തൻെറ വീരോചിതമായ മൂശയിൽ അതിവിശിഷ്ടമായ ധ്യാനപ്രിയരുടെ ഒരു വർഗ്ഗമായി വാർത്തെടുത്തു. അവർ പിന്നീടു് അവരുടെ സമയം വന്നപ്പോൾ ഈ സഭയെ സ്പെയിനിൽ ആകമാനം പ്രചരിപ്പിച്ചു. കൂടാതെ ദുരിതപൂരിതമായ യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും നാലു നൂററാണ്ടുകൾക്കു മുമ്പു് ത്രേസ്യായാൽ ഉൽഘാടനം ചെയ്യപ്പെട്ട ആ മഹത്തായ ജീവിതമാർഗ്ഗം വ്യാപിപ്പിച്ചു.

നമ്മുടെ വിശുദ്ധപോലും സാത്താൻ എന്തിനാണു് ഏതാനും സ്ത്രീകളെ ഉപദ്രവിക്കുന്നതിൽ ഇത്രമാത്രം ബദ്ധിമുട്ടിയതെന്നോർത്തു് അത്ഭുതവിവശയായ നിലയ്ക്കു് ഒരു പക്ഷെ നമുക്കും അതിൽ അത്ഭുതം തോന്നിയേക്കും. സ്വഭാവാതീതലോകത്തു് ദൈവപ്രസാദം മൂലം മഹത്തായ സംഭവവികാസങ്ങൾ ഉണ്ടാകുന്നതു് സാത്താൻ അത്യുഗ്രമായ കോപത്തോടുകൂടിയാണു് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതു്. മഹത്തായ ശക്തിയുടെ വർദ്ധനവു് അവനെ സംബന്ധിച്ചിടത്തോളം ഒരു അപകടശകുനം തന്നെയാണു്. ദൈവം തൻെറ മഹത്തായ ചില ലക്ഷ്യങ്ങളുടെ നിർവ്വഹണത്തിനായി ഉപകരണങ്ങളാക്കുന്നവരെ അവരുടെ യോഗ്യത തെളിയിക്കുന്നതിനായി സാത്താനു് യഥേഷ്ടം പരീക്ഷിക്കുന്നതിനു് വിട്ടുകൊടുക്കാറുണ്ടു്. തൻെറ സഭയെ പൂർവ്വകാലത്തു് അതിനുണ്ടായിരുന്ന പ്രാർത്ഥനാദർശത്തിൽ പുനരുദ്ധരിച്ചപ്പോൾ വി. ത്രേസ്യാ തിരുസ്സഭയ്ക്കുതന്നെ അതിവിശിഷ്ടവും വിദൂരവ്യാപകവുമായ ഫലമുളവാക്കുന്ന അതിമഹത്തായ ഒരു സേവനമാണനുഷ്ഠിച്ചതു്. കത്തോലിക്കാനവീകരണത്തിനായി പ്രവർത്തിച്ച പ്രഗത്ഭനേതാക്കന്മാരുടെ മുന്നണിയിൽ ഈ സേവനമാണു് വി. ത്രേസ്യാക്കു് അതിപ്രധാനമായ ഒരു സ്ഥാനം സമ്പാദിച്ചുകൊടുത്തതു്. ആകയാൽ ഈ മഹൽസേവനത്തിനു് സർവ്വഥായോഗ്യയാക്കിത്തീർക്കുന്നതിനുവേണ്ടിയാണു് ദൈവം അശുദ്ധാരൂപിയുടെ ആക്രമണത്തിനു് അവളെ വിധേയയാക്കിയതു്.

തൻെറ സഭയെ വിശുദ്ധ നവീകരിച്ചതിൻെറ പ്രാധാന്യം ഗ്രഹിക്കുന്നതിനു് തിരുസഭയുടെതന്നെ നവീകരണചരിത്രം അറിയേണ്ടതായിട്ടാണിരിക്കുന്നതു്. കത്തോലിക്കാ പുനരുദ്ധാരണദശയിൽ 1515 മാർച്ച് 28–ാംതീയതി ആവിലായിലെ വിശ്വാസതീക്ഷ്ണതയുള്ള ഒരു കുടുംബത്തിലെ അംഗമായിട്ടാണു് കഥാനായികജനിച്ചതു്. മോൺസിഞ്ഞോർഹ്യൂഗ് (Hugues) എഴുതിയതുപോലെ ഒന്നിനുപിറകെ ഒന്നായി അക്കാലത്തു് ഏഴു മഹാന്മാരായ പാപ്പാമാർ തിരുസ്സഭാഭരണം നടത്തി. ഇവർ, അദ്ദേഹം തുടരുന്നു, വാസ്തവത്തിൽ വിശ്വാസികളുടെ ഉത്തമന്മാരായ സേനാധിപന്മാർ തന്നെ ആയിരുന്നു. അവരുടെ സഹായത്തിനായി ഏതാനും യഥാർത്ഥ വിശുദ്ധന്മാരുമുണ്ടായി. ഈ വിശുദ്ധർ അവർ സ്ഥാപിച്ച സന്യാസസഭയിലും, സഭാംഗങ്ങൾവഴി മററു് അനേകം ആത്മാക്കളിലും അവരുടെ വിശുദ്ധിയുടെ സ്വാധീനം ചെലുത്തുകയും പുതിയ പാപ്പാമാരുടെ നയപരിപാടികൾ പ്രാവർത്തികമാക്കുന്നതിനു് കാരണമായിത്തീരുകയും ചെയ്തു. ഈ അറുപതുകൊല്ലത്തെ അതിമഹത്തായ നേട്ടമാണു് ട്രെൻറു് സൂനഹദോസ്. തിരുസ്സഭയുടെ നവീകരണത്തിൽ ഈ സൂനഹദോസ് രണ്ടു സുപ്രധാന കാര്യങ്ങളാണു് നിർവ്വഹിച്ചതു്. ഇതു് തിരുസ്സഭയുടെ അപ്പസ്തോലികപ്രവർത്തനങ്ങളിൽ ഒരു മഹത്തായ നവചൈതന്യം പ്രദാനംചെയ്യുകയും സഭയുടെ ആന്തരികജീവിതം ഫലസമൃ

ഢമാക്കുകയും ചെയ്തു. ആന്തരിക ജീവിതം ധന്യമാക്കു ന്നതിൽ മുഖ്യമായി പ്രയത്നിച്ചതു് വി ത്രേസ്യായും അവളുടെ സഹപ്രവർത്തകനായ കുരിശിന്റെ വി. യോഹന്നാനുമായിരുന്നു. അവരായിരുന്നു ധ്യാനനിരതമായ ജീവിതത്തിന്റെ മഹാത്മാക്കളായ പുനരുദ്ധാരകർ. അവർ സ്വാനുഭവത്തിൽ ധ്യാനാത്മകമായ ജീവിതംവഴി ഏററവും മഹനീയമായ ഉല്ക്കർഷം പ്രാപിക്കുകയും അവരുടെ സഭയെ പരിഷ്ക്കരിക്കുകയും തദ്വാരാ പരസഹസ്രം ജനങ്ങളോടൊപ്പം അതിന്റെ പ്രയോജനം കൈവരിക്കുകയും ചെയ്തു. ത്രേസ്യാ നവീകരിച്ച നിയമം, അതിന്റെ പരിപൂർണ്ണതയിൽ കർമ്മെലസഭയിലെ സന്യാസികളെ മററു ജോലികളിൽ വ്യാപൃതരല്ലാത്ത അവസരങ്ങളിൽ അവരുടെ ആശ്രമമുറികൾക്കുള്ളിൽ ഇരുന്നുകൊണ്ടു് ഇരവുപകൽ ദിവ്യനാഥന്റെ നിയമത്തെപ്പററി ധ്യാനിക്കുന്നതിനും പ്രാർത്ഥനയിൽ കഴിച്ചുകൂട്ടാനുമാണു് അനുശാസിക്കുന്നതു്. ഏകാന്തമായ പ്രാർത്ഥനയുടെ എല്ലാം ലക്ഷ്യം കർമ്മെലഗിരിയുടെ ഉച്ചിയിൽ എത്തുന്നതിനാണു്. കുരിശിന്റെ വി. യോഹന്നാന്റെ വാക്കുകളിൽ പ്രാർത്ഥന കർമ്മെലഗിരിയിലേയ്ക്കുള്ള ആരോഹണത്തിന്റെ ആമുഖം മാത്രമാണു്. ആത്മാവിന്റെ രൂപാന്തരത്തോടുകൂടി അതു പരിപൂർണ്ണമായി ദൈവസ്നേഹത്തിൽ ഐക്യംപ്രാപിക്കണം. ആ സ്ഥിതിയിൽ എത്തിക്കഴിഞ്ഞാൽ ആത്മാവു മറെറാരിടത്തായിരുന്നാൽപോലും അതിനു് സ്നേഹത്തിന്റെ നിയമമല്ലാതെ മറെറാരു നിയമവും അറികയില്ലെന്നാണു് അദ്ദേഹം പറയുന്നതു്. എന്തുകൊണ്ടെന്നാൽ പരിശുദ്ധാരൂപി ആത്മാവിൽ കത്തിച്ചിട്ടുള്ള അഗ്നി അതിനെ സ്നേഹാഗ്നിയാക്കി രൂപാന്തരപ്പെടുത്തുകയാൽ അതിന്റെ പ്രവർത്തനം ദൈവിക പ്രവർത്തനമായി മാറും. അദ്ദേഹം തന്റെ ആത്മീകകീർത്തനത്തിൽ പറയുന്ന, ആത്മാവിന്റെ ലഘുവായ പ്രവർത്തനംപോലും, സ്നേഹരൂപാന്തരീകരണത്തിന്റെ ഈ സ്ഥിതിയിൽ, ദൈവതിരുമുമ്പിലും ആത്മാവിന്റെമുമ്പിലും കൂടുതൽ വിലയുള്ളതും ബാഹ്യാനുഷ്ഠാനങ്ങളെല്ലാം ചേരുന്നതിനെക്കാൾ സഭയ്ക്കു് കൂടുതൽ പ്രയോജനകരവുമായിരിക്കും എന്നു്. ഈ മരരൂപം പ്രാപിക്കുന്നസ്നേഹമാണു് വി. കൊച്ചുത്രേസ്യായുടെ കർമ്മെലസഭയിലേയ്ക്കുള്ള ദൈവവിളിക്കു് നിദാനമായിത്തീർന്നതു്. കർമ്മെലസഭയിലെ ജീവിതം അവളിൽ അത്യുൽക്കടവും ആദ്യ വീക്ഷണത്തിൽ പരസ്പരവിരുദ്ധങ്ങളെന്നു് തോന്നുന്നതുമായ ആശയാദർശങ്ങൾ കൊണ്ടു് നിറഞ്ഞതായിത്തീരുകയും അതെല്ലാം ദൈവപ്രചോദനത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാണെന്നു് അവൾ വിശ്വസിക്കയാൽ അതെപ്പററി ഒരു വ്യക്തമായ ധാരണയ്ക്കായി അവൾ ഒരു മാർഗ്ഗം അന്വേഷിക്കുകയും ചെയ്തു. അതു് വി. പൗലോസിന്റെ കൊറിന്ത്യാക്കാർക്കുള്ള ഒന്നാംലേഖനം പന്ത്രണ്ടും പതിമൂന്നും അദ്ധ്യായങ്ങളിൽ അവൾ കണ്ടെത്തി. സഭ പലതരത്തിലുള്ള അംഗങ്ങൾ അടങ്ങിയ ഒരു ശരീരമാണെന്നും ഓരോ അംഗത്തിനും വിഭിന്നങ്ങളായ പ്രവൃത്തികളാണുള്ളതെന്നും അവിടെ അവൾ കണ്ടു. അതിന്റെ അംഗങ്ങൾ എല്ലാം ഓരോതരത്തിൽ പ്രാധാന്യം അർഹിക്കുന്നതാണു്. ആകയാൽ സ്നേഹത്താൽ ജ്വലിക്കുന്നതായ ഒരു ഹൃദയം അതിനുണ്ടു്. സഭയുടെ അംഗങ്ങളെ കർമ്മനിരതരാക്കുന്നതു് സ്നേഹദീപമാണു്. ആ ദീപം അണയുന്നതായാൽ അപ്പസ്തോലന്മാർ വേദം പ്രസംഗിക്കുകയില്ല. രക്തസാക്ഷികൾ രക്തം ചിന്തുന്നതിനു മുന്നോട്ടു വരികയില്ല. എല്ലാം സ്നേഹമാണു്. ആനന്ദോന്മത്തയായി ഒരിക്കൽ അവൾ ഇങ്ങനെ പറഞ്ഞു. "ഓ ഈശോയെ എന്റെ സ്നേഹമേ....എന്റെ ദിവ്യ ആഹ്വാനം ഒടുവിൽ ഞാൻ കണ്ടെത്തി! *എന്റെ ദൈവവിളി സ്നേഹമാകുന്നു.* (ചരിച്ചെഴുത്തു് വിശുദ്ധയുടെ സ്വന്തമാണു്.) എന്റെ തിരുസ്സഭാമാതാവിന്റെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും." ഇതേ ആദർശം തന്നെയാണു് വി. ത്രേസ്യാ, വി. ഔസേപ്പിന്റെ കന്യകാലയം എന്തിനു് സ്ഥാപിച്ചെന്നു് തന്റെ സഹോദരികളോടു് പറയുമ്പോൾ, മറെറാരു പ്രകാരത്തിൽ, പക്ഷേ അവളുടെ ലളിതവും അനിതരസാധാരണവുമായ ശൈലിയിൽ സുകൃതസരണി എന്ന ഗ്രന്ഥത്തിലെ ആദ്യ അദ്ധ്യായങ്ങളിൽ ചിത്രീകരിക്കുന്നതു്. അനന്യസാധാരണമായ ദൈവപ്രസാദത്താലും അവിശ്വസനീയങ്ങളായ പരീക്ഷണങ്ങളാലും പൈശാചികാക്രമണങ്ങളാലും രൂപാന്തരം പ്രാപിച്ച അവളുടെ ആത്മാവു് പരിശുദ്ധമായ ദൈവസ്നേഹത്താൽ ഉജ്ജ്വലിതമായി. ഫ്രാൻസിൽ തിരുസ്സഭ ലൂഥറന്മാരുടെ ഉപദ്രവം നിമിത്തം പീഡിപ്പിക്കപ്പെടുന്നതായി കേട്ടു് അവൾ ദിവ്യനാഥന്റെ സന്നിധിയിൽ ഇരുന്നു കരയുകയും ആ വലിയ തിന്മയ്ക്കു് പ്രതിവിധിയുണ്ടാ

ക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്തു. അവിടെ നശിച്ചുകൊണ്ടിരിക്കുന്ന ഒരു ആത്മാവിനെ രക്ഷിക്കുന്നതിനായി ആയിരം പ്രാവശ്യം സന്തോഷത്തോടുകൂടി മരിക്കാൻ അവൾ ഒരുക്കമായിരുന്നു. കേവലം അബലയായ അവൾക്ക് അവളുടെ അഭിലാഷാനുസരണം ദിവ്യരക്ഷകനെ സേവിക്കാൻ കഴിഞ്ഞില്ല. ദിവ്യനാഥന് ശത്രുക്കൾ അധികവും സ്നേഹിതർ ചുരുക്കവുമായിരുന്നതിനാൽ ഈ ചുരുക്കം പേരെങ്കിലും വിശ്വസ്തരായി ജീവിതം നയിക്കണമെന്ന് അവൾ ആഗ്രഹിച്ചു. സുവിശേഷപ്രബോധനങ്ങൾ അനുസരിച്ച് പാടുള്ളപൂർണ്ണതയോടെ ജീവിക്കുന്നതിന് അവൾ നിശ്ചയിച്ചു. അവളുടെ സഹോദരികളും അങ്ങനെ ജീവിക്കണമെന്ന് അവൾ തീരുമാനിച്ചു. നമ്മുടെ നാഥയും രാജ്ഞിയുമായ ദിവ്യാംബികയുടെ നിയമം പരിപൂർണ്ണമായി ആചരിച്ചും തിരുസ്സഭായോദ്ധാക്കന്മാരും സംരക്ഷകരുമായ പിതാക്കന്മാർക്കും ഉപദേശകന്മാർക്കുംവേണ്ടി പ്രാർത്ഥിച്ചുംകൊണ്ട് കന്യകാലയത്തിലെ ആവൃതികളിൽ ജീവിച്ച് തിരുസ്സഭയ്ക്കുവേണ്ടി പോരാടുന്നതിനായി അവൾ ആഗ്രഹിച്ചു. ക്രിസ്തുവിന്റെ മൗതികശരീരത്തിൽ സഭാപിതാക്കന്മാരും മതപ്രബോധകന്മാരും വേദശാസ്ത്രപണ്ഡിതന്മാരും അവിടുത്തെ രക്ഷാകരപ്രവർത്തനത്തിന്റെ പരസ്യജോലി ആവർത്തിച്ചെങ്കിൽ, ത്രേസ്യായും അവളുടെ സന്യാസിനികളും ഒരിക്കൽക്കൂടി പ്രാർത്ഥനയിലും സഹനത്തിലും അവിടുത്തെ രഹസ്യജീവിതത്തെ- അതേ, നിശാവേളകളിൽ അവിടുന്നു മലഞ്ചെരിവുകളിലും ഗഹ്വരങ്ങളിലും ദൈവത്തോടു നടത്തിയ നിരന്തരമായ പ്രാർത്ഥനയെ— ഗദ്സമെൻ തോട്ടത്തിലെ സുദീർഘമായ ധ്യാനത്തേയും ഉഗ്രമായ യാതനകളെയും—കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടുള്ള മൂന്നുമണിക്കൂർ സമയത്തെ കൊടും സഹനത്തേയും പരമപരിത്യാഗത്തേയും അനുകരിക്കയാണ് ചെയ്തതു്. രണ്ടുകൂട്ടരും അവരുടെ ജീവിതക്രമം നവീകരിച്ചു. അവരെ അനുകരിച്ച് അവരുടെ പിൻതലമുറയും ക്രിസ്തുവിന്റെ രക്ഷണീയ ദൗത്യം അഭംഗുരം തുടർന്നുകൊണ്ടിരിക്കുകയാണ്. രഹസ്യജീവിതത്തിലും പരസ്യജീവിതത്തിലും ക്രിസ്തു തന്റെ പിതാവിന്റെ ദൗത്യത്തിൽ, കുരിശിന്റെ വി. യോഹന്നാൻ സസന്തോഷം ആവർത്തിച്ചുപറഞ്ഞിരുന്നതുപോലെ, ദിവ്യാൽപരം ദിവ്യമായ പ്രവർത്തനത്തിൽ, അതായതു് ആത്മാക്കളുടെ രക്ഷയിൽ, സദാ ദത്തശ്രദ്ധനായി വർത്തിച്ചിരുന്നു.



ലുവൈനിൽവച്ച് കഴിഞ്ഞ ജൂൺമാസം 30-ാംനു വൈദികപട്ടം സ്വീകരിച്ച ഫാ. അനസ്താസ് ഒ. സി. ഡി. (കോട്ടാർ), ഫാ. മാർട്ടിൻ ഒ. സി. ഡി. (കോതമംഗലം), ഫാ. യൂജിൻ ഒ. സി ഡി. (തൃശ്ശൂർ)

"നമുക്കെല്ലാവർക്കും ദൈവം തരുന്ന സാധാരണ സഹായങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ നമ്മുടെ ആത്മാവിൽ ചൈതന്യമുണ്ടാകുന്നു നമ്മുടെ അസ്വസ്ഥതകൾക്ക് നിരവധി ഔഷധങ്ങളും തന്റെ തിരുസഭയിൽ അവിടുന്ന് നിക്ഷേപിച്ചിട്ടുണ്ട്. അടുത്തടുത്തുള്ള കുമ്പസാരം, സൽഗ്രന്ഥങ്ങൾ, പ്രസംഗങ്ങൾ മുതലായവയാണ്, അനാസ്ഥയിലും, പാപങ്ങളിലും, പാപകാരണങ്ങളിലും ഉൾപ്പെട്ടിരിക്കുന്ന ആത്മാവിന്റെ രക്ഷാമാർഗ്ഗം. ഇവയിൽനിന്ന് ചൈതന്യവും പോഷണവും ആത്മാവിനു സിദ്ധിക്കുന്നു; നല്ല ധ്യാനംകൊണ്ട് അതിനു പൂർണ്ണ വളർച്ചയും സിദ്ധിക്കുന്നു" വി. അമ്മത്രേസ്യാ, ആഭ്യന്തര ഹർമ്മ്യം, സദനം V/2/3

# ശീശ്മവിനാശനത്തിനായി കർമ്മെലീത്താ സന്യാസിമാരുടെ കേരളപ്രാപ്തി

(Sri V. C. George, B. A., L. T.)

### അസംതൃപ്തിയുടെ കാരണങ്ങൾ

മാർതോമ്മാ അപ്പോസ്തലൻെറ അനുയായികളായി സത്യവിശ്വാസത്തിലും ഏക ആദ്ധ്യാത്മികാധികാരത്തിങ്കീഴിലും കഴിഞ്ഞുവന്ന കേരളനസ്രാണികളുടെയിടയിൽ 16-ാം നൂററാണ്ടിൻെറ അവസാനത്തോടുകൂടി അഭിപ്രായഭിന്നതകൾ അനുഭവപ്പെട്ടതു് - ചരിത്രവസ്തുമാത്രമാണു്. മേനസ്സീസ് മെത്രാപ്പോലീത്താ കേരളസുറിയാനിക്കാരുടെമേൽ അധികാരം നടത്തണമെന്നും, അതാവശ്യമില്ലെന്നും, അങ്കമാലിരൂപതയിൽ ഒരു സൂനഹദോസ് നടത്തണമെന്നും നടത്തേണ്ടതില്ലെന്നും, സൂനഹദോസ് അങ്കമാലിയിൽ വേണമെന്നും, അല്ലാ ഉദയമ്പേരൂരിൽ വേണമെന്നും, കൽദായറീത്തിൻപ്രകാരമുള്ള കർമ്മാചാരങ്ങളിൽ ഭേദഗതികൾ വരുത്തി ലത്തീൻ റീത്തനുസരിച്ചുള്ള വ്യതിയാനങ്ങൾ ഏർപ്പെടുത്തി കുർബാനയിൽ പത്തീറാ അഥവാ പുളിക്കാത്ത അപ്പം ഉപയോഗിക്കണമെന്നും, വേണ്ടാ, പഴയപടി കൽദായരീതിയിലുള്ള കർമ്മങ്ങളും അസ്സീറായും അല്ലെങ്കിൽ പുളിക്കുന്ന അപ്പവും മതിയെന്നും, അങ്ങനെ അഭിപ്രായാന്തരങ്ങൾ പലതു് അന്നു് നടമാടിക്കൊണ്ടിരുന്നു. മേനസ്സീസ് മെത്രാപ്പോലീത്തായും കേരളത്തിലുണ്ടായിരുന്ന പോർട്ടുഗീസധികാരികളും കൊച്ചിരാജാവു് മുതലായ നാടുവാഴികളെ തങ്ങളുടെ ഇംഗിതമനുസരിച്ചു പ്രവർത്തിക്കുവാൻ, നിർബന്ധിക്കത്തക്കവണ്ണം സ്വാധീനശക്തിയുള്ളവരായിരുന്നതിനാൽ കേരളത്തിലെ സുറിയാനി അർക്കദിയാക്കോൻെറമേൽ മേനസ്സീസ് അധികാരം പ്രയോഗിക്കുന്നതിനും, അങ്കമാലി മഹായിടവകയിൽപ്പെട്ട വിശ്വാസികളെ ബന്ധിക്കത്തക്കവണ്ണം ഒരു സൂനഹദോസ് സമ്മേളിക്കുന്നതിനും, അതിൻെറ രംഗം ഉദയമ്പേരൂർ ആക്കുന്നതിനും, അതിൽ പോർട്ടുഗീസ് വൈദികരും ലത്തീൻ വൈദികരും ഇടപെടുന്നതിനും, കൽദായറീത്തനുസരിച്ചുള്ള കർമ്മങ്ങളുടെ സ്ഥാനത്തു് ലത്തീൻ റീത്തനുസരിച്ചുള്ള കർമ്മങ്ങൾ ദത്തെടുക്കുന്നതിനും, ഈശോസഭാംഗവും ലത്തീൻറീത്തുകാരനുമായ റോസ് മെത്രാൻ കൽദായറീത്തുകാരായ മാർ അബ്രാഹം മെത്രാപ്പോലീത്തായുടെയും നിയുക്ത പാലയൂർ മെത്രാൻ ഗീവർഗീസ് അർക്കദിയാക്കോൻെറയും പിൻഗാമിയായി കേരള നസ്രാണികളുടെ ആദ്ധ്യാത്മികഭരണാദ്ധ്യക്ഷനാകുന്നതിനും സംഗതിവന്നു. വൈദികശക്തിയും രാജകീയാധികാരവുംമൂലം സൂനഹദോസിൽ സംബന്ധിക്കുന്നതിനും സൂനഹദോസ് നിശ്ചയങ്ങൾ അനുസരിക്കുന്നതിനും നിർബന്ധിതരായ ഒരു വലിയ വിഭാഗം സുറിയാനിക്കാർ സൂനഹദോസിനെയും അതിലെ നിശ്ചയങ്ങളെയും ആന്തരികമായി വെറുത്തിരുന്നുവെന്നതു് നിഷേധിച്ചുകൂടാ. അവയ്ക്കെതിരായി അവസരം കിട്ടിയപ്പോഴൊക്കെ അവർ സ്വരമുയർത്തുകയും ചെയ്തു.

അസംതൃപ്തിയും പ്രതിഷേധസ്വരവും ഫ്രാൻസിസ് മെത്രാൻെറ കാലം മുതൽ ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടേയിരുന്നു. ഫ്രാൻസീസ്റോസ് ഈശോസഭാംഗവും ലത്തീൻ റീത്തുകാരനുമായിരുന്നെങ്കിലും, അദ്ദേഹം സുറിയാനിഭാഷാപണ്ഡിതനും സുറിയാനി വൈദികരിൽ ഒരു നല്ല വിഭാഗത്തിൻെറ ഗുരുനാഥനുമായിരുന്നതുകൊണ്ടു് അദ്ദേഹത്തെപ്പററി സുറിയാനിക്കാരുടെയിടയിൽ തോന്നിയ വെറുപ്പു് വളരെ പ്രകടമാക്കിയിരുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ ഈശോസഭാംഗപിൻഗാമികളിരുവരെസംബന്ധിച്ചും ഏതെങ്കിലും ദാക്ഷിണ്യബുദ്ധിക്കവകാശമില്ലായിരുന്നു. ആകയാൽ റോസിൻെറ കാലത്തു് മുഴങ്ങിത്തുടങ്ങിയ ഈശോസഭാവിദ്വേഷകാഹളം അദ്ദേഹത്തിൻെറ ജസ്വീത്തു് പിൻഗാമികൾ, ദോം സ്റ്റീഫൻ ബ്രിട്ടോ (1618-34), ദോം ഫ്രാൻസീസ്ഗാർസ്യാ (1636-59) എന്നിവരുടെ കാലത്തു് അത്യധികം ശബ്ദായമാനമായിത്തീർന്നു. പാലയൂരിലെ സുറിയാനിമെത്രാൻ ഗീവർഗീസ് അർക്കദിയാക്കോൻെറ അടുത്തപിൻഗാമി ഗീവർഗീസ് നാമധാരിയായിരുന്ന ഒരു അർക്കദിയാക്കോനായിരുന്നു. ഈശോസഭക്കാരല്ലാത്ത സന്യാസസഭാംഗങ്ങളെ, ദൊ

മിനിക്കന്മാരെയൊ, ഫ്രാൻസിസ്ക്കന്മാരെയോ, തങ്ങളുടെയിടയിൽ മതപരമായ പ്രവൎത്തനങ്ങൾക്കായി ആവശ്യപ്പെട്ടുകൊണ്ട് ഈ രണ്ടാം ഗീവർഗീസ് അൎക്കദിയാക്കോൻ പ്രൊപ്പഗാന്താ തിരുസംഘസമക്ഷവും പ. പിതാവിന്റെ സന്നിധിയിലും അപേക്ഷകൾ അയയ്ക്കുകയും ആ അപേക്ഷകൾ റോമായിൽ ചൎച്ചാവിഷയമാകുകയും ചെയ്തിരുന്നു. അൎക്കദിയാക്കോന്റെ പ്രസ്തുത ഉദ്യമങ്ങളെപ്പററി ബ്രിട്ടോ മെത്രാപ്പോലീത്താ 1630-ൽ ഗോവാമെത്രാപ്പോലീത്തായ്ക്കയച്ച ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "അയാൾ ഇപ്പോൾ ദുരാലോചനനടത്തുന്നതു് മലങ്കരമെത്രാന്റെ സ്ഥാനം വേറൊരു സന്ന്യാസസഭാംഗത്തിനു നൽകുവാനാകുന്നു. അയാളുടെ അന്തരംഗത്തിന്റെ അടിയിൽ കിടക്കുന്ന ആശയം ഈശോസാംഗങ്ങളിൽ നിന്നും മോചനം ലഭിക്കുന്നപക്ഷം, അയാൾ എപ്പോഴും അഭിലഷിച്ചുകൊണ്ടിരിക്കാറുള്ള ബബിലോനിയൻ മേല്പട്ടക്കാരെ ലഭിക്കുവാൻ എളുപ്പമായിരിക്കുമെന്നുള്ളതത്രേ. ആകയാൽ മാനുവെൽ ദെ പോപ്പുലോ എന്ന സന്ന്യാസവൈദികനുമായി സഖ്യം ചേരുകയും ഈ മിഷ്യന്റെ കാൎയ്യങ്ങൾ കേരളത്തിനുപുറമേ നിൎവ്വഹിക്കുവാൻ അദ്ദേഹത്തിനു് സ്വാധികാരം എല്പിച്ചുകൊടുത്തു് വ്യാപകമായ ഒരു ശാസനം നൽകുകയും ചെയ്തിരിക്കുന്നു. ഈ ദെ പോപ്പുലോ ഈ മിഷ്യന്റെ പ്രൊകുറയിററർ ആണെന്നുപറയുക സാഹസത്തിന്റെ സീമതന്നെ. ഇപ്രകാരമുള്ള ദുരഭിയോഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ആൾ ആരുതന്നെയായാലും അയാൽ ഒരു കപടകാരിയായി ശിഷിക്കപ്പെടേണ്ടതാണ്. മാത്രമല്ല, മാനുവേൽ പാദ്രി അദ്ദേഹത്തിന്റെ ദ്രോഹകൃത്യത്തിൽ വിജയിക്കുന്നപക്ഷം അദ്ദേഹത്തിനെതിരായി ഈശോസഭാപാദ്രിമാർ നടത്തേണ്ടുന്ന പ്രതിക്രിയകളുടെ അഭാവത്തിൽ, അദ്ദേഹവുമായി ഒരു മത്സരത്തിലേപ്പെടുവാൻ മതിയായ ധൈൎയ്യം എനിക്കുണ്ടാകുകയില്ലെന്നുള്ള കാൎയ്യവും ഞാൻ മറച്ചുവയ്ക്കുന്നില്ല." (Ferroli, The Jesuits in Malabar, pp. 365-66).

### പരിഹാരമാൎഗ്ഗങ്ങൾ അന്വേഷിക്കുന്നു

അൎക്കദിയാക്കോനും ഈശോസഭാവൈദികരും തമ്മിൽ ഒരു പ്രചണ്ഡ മത്സരം, ശീതസമരം, നടന്നിരുന്നുവെന്നാണ് ബ്രിട്ടോ മെത്രാപ്പോലീത്തായുടെ കത്തിലെ ഉദ്ധൃത ഭാഗം തെളിയിക്കുന്നതു്. ഈശോസഭാംഗങ്ങളുടെസ്വ്യനതകൾ വിസ്തരിച്ചും ഇതര സന്ന്യാസസഭാംഗങ്ങളുടെ സാന്നിദ്ധ്യം കേരളത്തിലുണ്ടാകേണമെന്നഭ്യൎത്ഥിച്ചും അൎക്കദിയാക്കോൻ ഒരു നിവേദനം 1628-ൽ ലിസ്ബണിലുണ്ടായിരുന്ന മാൎപ്പാപ്പായുടെ പ്രതിനിധിക്കു് സമൎപ്പിച്ചു. ആ നിവേദനം റോമയിലേയ്ക്കയയ്ക്കുകയും കർദ്ദിനാൾസംഘം 1630 സെപ്ററംബർ 16-ാംനു- സമ്മേളിച്ചു് മററു സന്ന്യാസസഭാംഗങ്ങൾ കേരളത്തിൽ പ്രവൎത്തനം നടത്തണമെന്നും സ്വദേശ വൈദികരുടെ സംഖ്യ വൎദ്ധിപ്പിക്കണമെന്നും ഈശോസഭാമെത്രാന്മാരുടെ പിന്തുടൎച്ച അവസാനിപ്പിക്കുവാൻ ഫാദർ ദൊനാത്തോ എന്ന ഫ്രാൻസിസ്കൻപാദ്രിയെ ബ്രിട്ടോമെത്രാപ്പോലീത്തായുടെ സഹായിയും പിന്തുടൎച്ചാവകാശിയുമായി അഭിഷേകം നടത്തണമെന്നും നിർദ്ദേശിക്കുകയുംചെയ്തു. ബ്രിട്ടോ മെത്രാപ്പോലീത്തായിക്കെതിരായി പോർട്ടുഗീസ്‌രാജസന്നിധിയിൽ ഒരു പരാതി 1633-ൽ ബോധിപ്പിച്ചതും സ്മരണീയമാണ്. ഈ സംഭവവികാസങ്ങളിൽ നിന്നു മനസ്സിലാക്കാം 17-ാംനൂററാണ്ടിലെ കേരളനസ്രാണികൾ അക്കാലത്തു് ഇവിടെയുണ്ടായിരുന്ന ഈശോസഭാവൈദികരെ എത്രമാത്രം വെറുത്തിരുന്നുവെന്നു്. എന്നിരുന്നാലും ഈശോസഭാമേൽപട്ടക്കാരുടെ പിൻതുടൎച്ച തുടരത്തക്കവണ്ണം വ്യവസ്ഥചെയ്യുവാനായിരുന്നു ബ്രിട്ടോ മെത്രാപ്പോലീത്തായുടെ ഉദ്യമം. ഫാദർ ദൊനാത്തോയുടെ അകാല നിൎയ്യാണംമൂലം ബ്രിട്ടോയുടെ ആഗ്രഹം സഫലമായി. ഈശോസഭാംഗം ദോം ഫ്രാൻസിസ് ഗാർസ്യ, ബ്രിട്ടോ മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി നിയമിക്കപ്പെട്ടു.

### അനുരഞ്ജനവും അകൽച്ചയും

ഗാർസ്യായുടെ നിയമനാനന്തരം മെത്രാപ്പോലീത്തായും അൎക്കദിയാക്കോനുമായി രഞ്ജനയുണ്ടായി. 1633-ൽ ബ്രിട്ടോമെത്രാപ്പോലീത്താ എഴുതിയ ഒരു കത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "എന്റെ സഹായമെത്രാനായി പിന്തുടൎച്ചാവകാശത്തോടുകൂടി ഫാ. ഗാർസ്യായെ അവർ തിരഞ്ഞെടുത്തതായി കേൾക്കുകയുണ്ടായി. ഞാൻ സന്തുഷ്ടനായിരിക്കുകയാണ്. എന്തെന്നാൽ അദ്ദേഹത്തിനു് വമ്പിച്ച ഗുണവിശേഷങ്ങളുണ്ടു്. കേരളസഭയുടെ ഭാവിയെപ്പററി ഇനിമേൽ എനിക്കു സ്വസ്ഥചിത്തനായി കഴിയുകയും ചെയ്യാം.

മററുള്ളവരിൽനിന്നു് ഒട്ടേറെ വ്യത്യസ്തരായ ഈ ജനങ്ങളുടെ ഭാഷ പഠിക്കുവാനും അവരെപ്പററി കുറെയൊക്കെ പരിചയം സമ്പാദിക്കുവാനും പ്രാപ്തനാകത്തക്കവണ്ണം അദ്ദേഹം ഇതിലും പ്രായംകുറഞ്ഞവനായിരുന്നെങ്കിൽ ഞാൻ കൂടുതൽ സൗഭാഗ്യവാനാകുമായിരുന്നു. ഞാൻ എൻെറ അർക്കദിയാക്കോനുമായി സമാധാനപൂർവ്വം വർത്തിക്കുന്നു. എത്രമാത്രം ക്ലേശം അദ്ദേഹം എനിക്കുണ്ടാക്കിയാലും, ഈ സഭയുടെ ആദ്ധ്യാത്മിക നന്മയ്ക്കുവേണ്ടി ഇപ്പോഴത്തെ അവസ്ഥ എന്തുനഷ്ടം സഹിച്ചിട്ടും പാലിക്കണമെന്നു് ഞാൻ ആഗ്രഹിക്കുകയാണു്. മററുവിധത്തിലായാൽ സംഭവിക്കാവുന്ന അനത്ഥങ്ങളെപ്പററി എനിക്കു സുദീർഘ പരിചയമുണ്ടു്." (Op. cit p. 371).

മെത്രാപ്പോലീത്തായും അർക്കദിയാക്കോനും തമ്മിലുണ്ടായ രഞ്ജനാവസ്ഥയും മൈത്രിയും അധികം ദീർഘിച്ചില്ല. ഏതദ്ദേശ്യ വൈദികരുടെ ശക്തികുറയ്ക്കണമെന്നു ഈശോസഭാംഗങ്ങൾ അന്നുദ്ദേശിച്ചിരുന്നതായി അഭിപ്രായമുണ്ടു്. എന്നാൽ നാട്ടുപട്ടക്കാരിൽ ചിലർ അക്കാലത്തു് ഇടവകപ്പള്ളികളിൽനിന്നു മാറി സമൂഹജീവിതം നയിക്കുന്നതിനു് ഒരാശ്രമം ഇടപ്പള്ളിയിൽ സ്ഥാപിക്കുകയും അവിടെ ജപതപങ്ങളിലും ആദ്ധ്യാത്മിക ചിന്തകളിലും വ്യാപൃതരായി ജീവിക്കുകയും ചെയ്തിരുന്നു. ഈ ചെറുസംഘം വൈദികർ എങ്ങനെയോ മെത്രാപ്പോലീത്തായുടെ വിദ്വേഷത്തിനു വിഷയമായി; അദ്ദേഹം ആശ്രമം അടച്ചുപൂട്ടുവാൻ ആജ്ഞ നൽകി. ഈ നടപടി വീണ്ടും മെത്രാപ്പോലീത്തായേയും ദോം ഗാർസ്യായേയും ഒരുഭാഗത്തും അർക്കദിയാക്കോനെ എതിർഭാഗത്തും ആക്കിത്തീർത്തു. മെത്രാപ്പോലീത്തായുടെ നിലപാടു് ഈശോസഭാദ്ധ്യക്ഷൻെറ പിന്തുണയോടുകൂടിയായിരുന്നു. ആ സ്ഥാനിക്കു മെത്രാപ്പോലീത്താ ഇപ്രകാരമെഴുതി. "ഞാൻ വശീഭൂതനായില്ല. ഒന്നാമതു്, അങ്ങേ പിതൃത്വത്തിൻെറ ഉപദേശം അനുസരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നതുകൊണ്ടു്; രണ്ടാമതു്, ആ മന്ദിരം ക്രിസ്തുമതത്തിൻെറ താല്പര്യങ്ങൾക്കു് ഹാനികരമാണെന്നു് ഞാൻ വിശ്വസിക്കുന്നതിനാൽ.... മററു സന്യാസസഭാംഗങ്ങൾ വാസ്തവത്തിൽനിന്നു് വ്യത്യസ്തമായി അവരുടെ കാര്യം റോമായിൽ ധരിപ്പിക്കുമെന്നു് ഭയപ്പെടേണ്ടിയിരിക്കുന്നു. ആപത്തൊഴിക്കുവാനും അവർ വിജയിക്കാതിരിക്കുവാനും വേണ്ടി അങ്ങേ പിതൃത്വം ശ്രദ്ധിക്കേണ്ടതുണ്ടു്." (ibid-pp 371-2). ബാബേൽ പാത്രയക്കീസുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാനുള്ള അഭിലാഷവും ഈശോസഭാവൈദികരോടുള്ള വിപ്രതിപത്തിയും ഒരു ഭാഗത്തും, പോർട്ടുഗീസ് രാജകീയശക്തി പ്രയോഗിച്ചു് കൽദായറീത്തും കർമ്മാചാരങ്ങളും ഇല്ലാതാക്കി ലത്തീൻറീത്തും കർമ്മാചാരങ്ങളും നടപ്പിലാക്കണമെന്നുള്ള അത്യാശ മറുഭാഗത്തും, അണിനിരന്നു സമരം നടന്നുവരികയാൽ ഒരു ഭാഗക്കാർ മറെറാരു ഭാഗക്കാരോടനുബന്ധിച്ചു് ശീശ്മശബ്ദം ഉപയോഗിക്കുന്നതു് ഇക്കാലത്തെ അനുവാചകരുടെ ശ്രദ്ധാപൂർവ്വമായ പരിഗണന അർഹിക്കുന്നുണ്ടു്.

## ഒരു ആദ്യ പരിശ്രമം

പ്രസ്തുത സമരത്തിൻെറ അഥവാ ആശയസംഘട്ടനത്തിൻെറ കാലത്തായിരുന്നു കർമ്മെലീത്താസഭാംഗങ്ങൾ കേരളത്തിൽ ആദ്യമായി കാലുകുത്തിയതു്. ഈശോസഭാംഗങ്ങളല്ലാത്ത സന്യാസവൈദികരെ തങ്ങളുടെയിടയിൽ മിഷ്യൻപ്രവർത്തനങ്ങൾക്കായി ലഭിക്കുവാൻ കേരളനസ്രാണികൾ 16-ാംനൂററാണ്ടിൻെറ അന്തിമ ദശകങ്ങൾമുതൽ അതിയായി കൊതിച്ചിരുന്നതാണു്. ഗോവയിൽ ആശ്രമം സ്ഥാപിച്ചു് മിഷ്യൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന കർമ്മെലീത്താ സഭാംഗങ്ങൾ കേരളനസ്രാണികളുടെ സ്നേഹാദരവിഷയമാകുകയും, പ്രസ്തുത സന്യാസവൈദികർ കേരളം ഹൃദ്യമായ ഒരു പ്രവർത്തനരംഗമായി കാണുകയും ചെയ്തു. 1632-ൽ കർമ്മെലീത്തരായ രണ്ടു സന്യാസവൈദികർ കേരളത്തിൽ വരികയും കുറവിലങ്ങാടു് മുതലായ പല പ്രധാന സുറിയാനിപള്ളികളിലും മിഷ്യൻ പ്രവർത്തനം നടത്തുകയും ദൈവമാതാവിൻെറ ഉത്തരീയസഖ്യത്തിൽ ഒട്ടധികം അംഗങ്ങളെ ചേർക്കുകയും ചെയ്തതായി ചരിത്രമുണ്ടു്. 1632-ൽ കർമ്മെലീത്താസന്യാസികൾ കേരളത്തിൽ പ്രവേശിച്ചുവെന്നു് ഇൽദേഫോൻസ് പാദ്രി Relazione delle Missione di Coccino - Travancore എന്ന കൃതിയിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും, കേരളമിഷ്യനിൽ പ്രവർത്തിച്ച പ്രഥമ കർമ്മെലീത്താ സന്യാസിമാരിരുവരിൽ ഒരുവൻ, ഈശോയുടെ ജോസഫ് അലെക്സിയൂസ് പാദ്രി 1642-ൽ എഴുതിയ ഒരു കത്തിൽ നിന്നു് മനസ്സിലാകുന്നതു് കേരളത്തിൽ മിഷ്യൻ രംഗങ്ങൾ സ്ഥാപിക്കു

വാൻ കൊടുങ്ങല്ലൂരിലെ ഗാർസ്യാമെത്രാപ്പോലീത്തായുടെ പ്രാതികൂല്യം കർമ്മലീത്താസഭാംഗങ്ങൾക്ക് അനുഭവപ്പെട്ടുവെന്നും, അവരുടെ കേരളമിഷ്യൻ സ്ഥാപനപരിശ്രമം പരാജയപ്പെട്ടുമെന്നുമാണ്. 1632-ൽ ആരംഭിച്ച ശ്രമം 1642-ൽ പരാജയപ്പെട്ടതായിരിക്കുമോ? ഏതായാലും 1650-നുമുമ്പ് കർമ്മലീത്താസഭാംഗങ്ങൾക്ക് കേരളം ഹൃദ്യമായ ഒരു പ്രവർത്തനരംഗമായി തോന്നിയതും പ്രസ്തുത സഭാംഗങ്ങളെ ആദരണീയരായ മിഷ്യൻപ്രവർത്തകരായി കേരള നസ്രാണികൾ പരിഗണിച്ചതും, കർമ്മലീത്താക്കാരെ പരാജയപ്പെടുത്താൻ ഗാർസ്യാമെത്രാപ്പോലീത്താ ഉത്സാഹിച്ചതും, അവിസ്മരണീയ ചരിത്രസംഭവങ്ങളാകുന്നു.

## കൂനൻകുരിശു സത്യവും റോമായിലെ നീക്കവും

ഈ സാഹചര്യങ്ങളിലായിരുന്നുവല്ലോ മട്ടാഞ്ചേരിയിലെ കൂനൻകുരിശു സത്യവും ആലങ്ങാട്ടെ മെത്രാൻ വാഴ്ചയും നടന്നതു്. കേരള നസ്രാണികളുടെ ഈശോസഭാവിദ്വേഷവും, ഗാർസ്യാമെത്രാപ്പോലീത്തായുടെ അധികാരം അവരിൽ ഒരു വിഭാഗം ധിക്കരിച്ചതും, സമുദായത്തെ മൊത്തത്തിൽ മാപ്പാപ്പായോടുള്ള വിധേയത്വത്തിൽ നിന്നും ഈശോസഭാംഗങ്ങളല്ലാത്ത സന്യാസസമൂഹങ്ങളുടെ പേരിലുണ്ടായിരുന്ന ബഹുമാനത്തിൽ നിന്നും വ്യതിചലിപ്പിച്ചില്ല. ഗാർസ്യായ്ക്കു് പരിപൂർണ്ണവിധേയരായിരുന്ന ഒരു വിഭാഗം കേരളനസ്രാണികൾ തോമ്മാ അർക്കദിയാക്കോൻ മെത്രാൻ വേഷധാരിയായശേഷവും ഉണ്ടായിരുന്നല്ലോ. എല്ലാവരും കൂടി ആലോചിച്ച് ഗോവായിലെ കർമ്മലീത്താ സന്യാസികളുമായി, പ്രത്യേകിച്ച്, ഈശോയുടെ അലക്സിയൂസ് പാദ്രിയുമായി, സമ്പർക്കം പുലർത്തുകയും ആവുന്നതും വേഗം കർമ്മലിത്താവൈദികരെ കേരളത്തിലേയ്ക്കയയ്ക്കുവാൻ മാപ്പാപ്പാസമക്ഷം അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പുത്തൻകൂറ്റശീശ്മയുടെ ആവിർഭാവത്തെപ്പററി മാപ്പാപ്പായുടെ മുമ്പാകെ നിവേദനം സമർപ്പിക്കുവാൻ ഗാർസ്യാമെത്രാപ്പോലീത്താ ഹയസിന്ത് ദെ മജിസ്ത്രിസ് എന്ന ഈശോസഭാവൈദികനെ പ്രതിനിധിയായി റോമായിക്കയച്ചിരുന്നു. ഈ പ്രതിനിധിയിൽനിന്നും, കേരള നസ്രാണികളുടെ അപേക്ഷയിൽനിന്നും, ജോസഫ് അലക്സിസ് പാദ്രിയുടെ കത്തിൽനിന്നും കേരളത്തിലെ ദുർഭഗാവസ്ഥ ഗ്രഹിച്ച ഏഴാം അലക്സാണ്ടർ പാപ്പാ കർമ്മലീത്താസഭാദ്ധ്യക്ഷനു് ആ സഭാംഗങ്ങളിൽ സമർത്ഥരും പണ്ഡിതരുമായ നാലുപേരെ കേരളത്തിലേയ്ക്കു് അയയ്ക്കുവാൻ ആജ്ഞ നൽകി. ഇതനുസരിച്ച് സഭാദ്ധ്യക്ഷൻ ഹയസീന്ത്, മാർസെല്ലോ. വിൻസെൻറ്, ജോസഫ് എന്നീ കർമ്മലീത്താപാദ്രിമാരെ കേരളസന്ദർശനത്തിനായി നിയോഗിക്കുകയും ചെയ്തു.

ഇതിനോടനുബന്ധിച്ച് പ്രൊപ്പഗാന്താ തിരുസംഘം 1655 നവംബർ 22-ാംനു- ചേർന്ന ഒരു പ്രത്യേക യോഗത്തിൽ "സംഭവങ്ങളുടെ യഥാർത്ഥവിവരങ്ങൾ ഗ്രഹിക്കുന്നതിനും അർക്കദിയാക്കോനോടും അദ്ദേഹത്തിൻെറ അനുയായികളോടും സമ്പർക്കം പുലർത്തി, അദ്ദേഹത്തിൻെറ കുററം ക്ഷമിച്ച്, റോമായിലെ വിശുദ്ധ സഭാമാതാവിൻെറ വക്ഷസ്സിലേയ്ക്കു് അദ്ദേഹത്തെ വീണ്ടും സ്വീകരിക്കുന്നതിനുമായിട്ടു" ഹയസീന്ത് പാദ്രിയെ അദ്ദേഹത്തിനു് സംതൃപ്തരും സംപ്രീതരുമായ രണ്ടോമൂന്നോ സഹപ്രവർത്തകന്മാരോടുകൂടി മലങ്കരയ്ക്കയയ്ക്കേണമെന്നു് നിശ്ചയം ചെയ്യുകയുണ്ടായി. (Hierarchia Carmelitana, Series IV, p. 186.) ഉദ്ദിഷ്ട ദൌത്യത്തിൻെറ പ്രാധാന്യം പരിഗണിച്ച് പാദ്രിമാർ രണ്ടു വിഭാഗമായി തിരിഞ്ഞു്, ഒരു വിഭാഗം കരവഴിക്കും മറേറതു് കടൽവഴിക്കും പുറപ്പെടുക അഭിലഷണീയമാണെന്നു് മാർപ്പാപ്പാതിരുമേനി പറയുകയും ഓരോ വിഭാഗത്തിനും ലക്ഷ്യപ്രാപ്തിക്കാവശ്യമായ രേഖകൾ വിനാവിളംബം തയ്യാറാക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു. ഹയസിന്ത്പാദ്രിയും മാർസെല്ലോപാദ്രിയും ലിസ്ബനിൽനിന്നു കപ്പൽ കയറി സമുദ്രയാത്രചെയ്തു കേരളത്തിലെത്തുവാനും ജോസഫ്പാദ്രി ഒരു സഹയാത്രികനുമായി അറേബ്യാ, പേർസ്യാ മുതലായ രാജ്യങ്ങളിൽകൂടി ഇന്ത്യയിൽ പ്രവേശിക്കുവാനുമായിരുന്നു നിർദ്ദേശം. ഒരു വിഭാഗത്തിനു് എന്തെങ്കിലും പ്രാതികൂല്യം നേരിട്ടാൽ, മറേറ വിഭാഗത്തിനു ലക്ഷ്യം പ്രാപിക്കുവാൻ സാധിക്കുമെന്നുള്ള ആശ്വാസമായിരുന്നു യാത്രികസംഘത്തിൻെറ വിഭജനത്തിനു് ഹേതുവായതു്. പാദ്രിമാരെ യഥാർഹം സ്വീകരിക്കുന്നതിനും അവർക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതിനും കൊച്ചിരൂപതയിലെ വൈദികാധികാരികൾക്കും, മലങ്കര ക്രൈസ്തവസമൂഹത്തിനു മൊത്തത്തിലും, അങ്കമാലിരൂപതയിലെ വൈദികർക്കും വിശ്വാസികൾക്കും, അങ്കമാലി മെത്രാപ്പോ

ലീത്തായിക്കും പ്രത്യേകം പ്രത്യേകം ളൈകികകല്പന കൾ പാദ്രിമാർവഴി റോമായിൽ നിന്നയച്ചുതു കൂടാതെ, സഭാമാതാവിൻെറ മടിയിലേയ്ക്കു തിരിച്ചുവരുവാൻ തോമ്മാ അക്ക്ദിയാക്കോനെ ആഹ്വാനം ചെയ്യുന്ന തിരുവെഴുത്തും അവരുടെ കൈവശമുണ്ടായിരുന്നു. പാദ്രിമാക്ക് വേണ്ട ഒത്താശകൾ നൽകുന്നതിനു് ഗ്രൂപാശ്ക്കത്തുകൾ മുഗൾസാമ്രാട്ടിനും പേർഷ്യാരാജാവിനും മാർപ്പാപ്പാ പാദ്രിമാർവശം ഏല്പിച്ചുയെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

## രണ്ടു വഴിക്കുള്ള യാത്ര

അപ്പസ്തോലിക കമ്മിസറിമാരായ കർമ്മെലീത്താ പാദ്രിമാർ മുൻ നിശ്ചയപ്രകാരം രണ്ടു വിഭാഗങ്ങളായി കരവഴിക്കും കടൽമാർഗ്ഗവും ഇന്ത്യയിലെത്തുവാനുത്സുകരായി. ജോസഫ് പാദ്രി, വിൽസെൻസോമേരിയാ, റഫായേൽ, അലോഷ്യസ് എന്നീ പാദ്രിമാരോട്ടുകൂടി അറേബ്യാ, പേർഷ്യാ മുതലായ രാജ്യങ്ങളിലൂടെ ക്ലേശഭൂയിഷ്ഠമായ യാത്രകഴിച്ച്, മാർഗ്ഗമദ്ധ്യേ സഹയാത്രികനായി ലഭിച്ച മത്തേവൂസ് പാദ്രിയോട്ടുകൂടി 1657 ഫെബ്രുവരിമാസത്തിൽ കേരളത്തിൽ പ്രവേശിച്ചു. മത്തേവൂസ്പാദ്രി സുപ്രസിദ്ധ ഭിഷഗ്വരനും പിൽക്കാലത്തു് ജാതിമതഭേദമെന്യേ കേരളീയരുടെ അച്ഛനാവിഷയമായിത്തീർന്ന ദേഹവും ആയിരുന്നുവെന്നു് പ്രസ്താവിച്ചുകൊള്ളട്ടെ. ലിസ്ബെനിൽ ഒരു സംവത്സരത്തിലധികക്കാലം ഹയ്സിന്ത്പാദ്രി താമസിക്കേണ്ടിവന്നതിനാൽ, അദ്ദേഹം യാത്രികനായി വർത്തിക്കുകയിൽതന്നെ ജോസഫ്പാദ്രി ശിശ്മയുടെ വിനാശനത്തിനുള്ള ഉദ്യമങ്ങളിൽ ഏർപ്പെടുകയുണ്ടായി.

അറബികൾ, തുർക്കികൾ ആദിയായ അപരിചിതജനതകളുടെ അധിവാസസ്ഥാനങ്ങളിൽകൂടി ജോസഫ്പാദ്രിയും സഹയാത്രികരും നിർവഹിച്ച സഞ്ചാരം സംബന്ധിച്ച് കരളുരുകുന്ന പലസംഭവങ്ങളും വിൻസെൻസോമരിയാപാദ്രി അദ്ദേഹത്തിൻെറ യാത്രാവിവരണത്തിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. ആലപ്പോ, എദേസ്സാ മുതലായ ചില സ്ഥലങ്ങളിലെ അനുഭവങ്ങൾ ആശങ്കാജനകങ്ങൾതന്നെ ആയിരുന്നു. മുസ്ലീം സമുദായംഗങ്ങളായ ഒരു സാർത്ഥവാഹകസംഘത്തിൻെറ അകമ്പടിയിലായിരുന്നു ബസ്സോറായിക്കുള്ള യാത്ര. ഈ സംഘം പട്ടാളക്കാരുടെ ശമ്പളത്തിനുള്ള പണം കൊണ്ടുപോകുകയായിരുന്നു. അവരുടെ കപ്പിത്താൻ വിശ്രമാവസരങ്ങളിൽ പാദ്രിമാരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെ കരുതി സ്നേഹപൂർവ്വം പെരുമാറി അദ്ദേഹത്തിൻെറ കൂടാരത്തിനുസമീപം സംരക്ഷിച്ചിരുന്നുവെന്നും, സഞ്ചാരമദ്ധ്യേ പണപ്പെട്ടികൾക്കു സമീപം പാദ്രിമാർക്ക് സ്ഥാനം കല്പിച്ചിരുന്നുവെന്നുമാണ് വിവരണത്തിൽ കാണുന്നതു്. ആലപ്പോയിലെ കർമ്മെലീത്താമേലധികാരികളുടെ നിർദ്ദേശപ്രകാരം ബ്രൂണോ എന്ന കർമ്മെലിത്താപാദ്രി നമ്മുടെ പാദ്രിമാരോട്ടുകൂടി സഞ്ചരിക്കുവാൻ സന്നദ്ധനായി. ഈ വിവരം പട്ടണത്തിലെ ജനങ്ങൾ അറിഞ്ഞപ്പോൾ ബ്രൂണോ പാദ്രിയെ വിട്ടുപിരിയാനുള്ള വൈമനസ്യംമൂലം അവരുടെയിടയിൽ ഒരുവക പ്രക്ഷോഭണംതന്നെയുണ്ടായി. ആ ഇടയ്ക്കു് യാക്കോബായക്കാരുടെ പാത്രിയക്കീസ് അദ്ദേഹത്തിൻെറ കീഴിലുള്ള ചില സന്യാസിമാരോട്ടുകൂടി ബ്രൂണോ പാദ്രിയുടെ ശ്രമഫലമായി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരുന്നു. തൻെറയും മറ്റൊട്ടേറെ ക്രൈസ്തവരുടെയും ആത്മരക്ഷയെ കരുതി ബ്രൂണോഅച്ചൻ സ്ഥലം വിടരുതെന്നു് പാത്രിയക്കീസ് സ്ഥലത്തെ ഫ്രഞ്ച്കോൺസലിൻെറ സന്നിധിയിൽവച്ചു നിർബന്ധിച്ചു. യവുനായ സഭയിലെ മെത്രാപ്പോലീത്തായും ബ്രൂണോപാദ്രി സ്ഥലംവിടുന്നതിൽ പ്രതികൂലിയായിരുന്നു. ബ്രൂണോപാദ്രി ആശ്രമത്തിൽനിന്നു പുറത്തിറങ്ങിസഞ്ചരിക്കുമ്പോൾ മുസ്ലീം മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ അദ്ദേഹത്തിൽ പക്കൽ കൊണ്ടുചെന്നു് അവരുടെമേൽ അദ്ദേഹത്തിൻെറ അനുഗ്രഹാശിസ്സുകൾ അഭ്യർത്ഥിക്കുക സാധാരണമായിരുന്നു എന്നതിൽനിന്നു് അദ്ദേഹം ആർജ്ജിച്ച പൊതുജനാദരവ് എത്രമാത്രമായിരുന്നുവെന്നു് ഊഹിക്കാമല്ലോ. പൊതുജനസമ്മർദ്ദത്തിൻെറ ഫലമായി നമ്മുടെ പാദ്രിമാർ ബ്രൂണോപാദ്രിയുടെ സഹയാത്രയും നിയന്ത്രണവും കൂടാതെ ബാബേലിലേയ്ക്കു പുറപ്പെടേണ്ടിവന്നു. സാർത്ഥവാഹകസംഘനേതാവിൻെറ നിർദ്ദേശപ്രകാരം പാദ്രിമാർ സഭാവസ്ത്രം പരിത്യജിച്ച് തുർക്കിസമ്പ്രദായത്തിൽ വസ്ത്രധാരണം നടത്തേണ്ടിവന്നു. നീണ്ടങ്കിവസ്ത്രങ്ങൾ അണിഞ്ഞു്, പാദജംഘകൾ ഇരുമ്പ് കെട്ടിയ ചെരിപ്പുകളിൽ പൊതിഞ്ഞു്, പാശ്വങ്ങൾ തുകൽവാറുകൊണ്ടു് വരിഞ്ഞു് ഭാരമേറിയ തലപ്പാവുമേന്തി, യാത്രയ്ക്കൊരുങ്ങിയ പാദ്രിമാർ ഏതോ ഒരു പ്രഹസനത്തിനു് തയ്യാറെടുത്ത പ്രതീതി ഉളവാക്കിയെന്നു് വിൻ-

സേൻസൊമരിയ രേഖപ്പെടുത്തിയിട്ടുണ്ട്. (Viaggio alle Indie Orientali, Book I, p. 63). വേഷം മാറിയതിനുശേഷം മുസ്ലീം അധികാരികൾ പാദ്രിമാരോട് വളരെ ഹൃദ്യമായിത്തന്നെ പെരുമാറി.

സിറിയായിൽകൂടി ബാബിലോൺവരെയുള്ള യാത്ര വളരെ ക്ലേശകരമായിരുന്നു. മൂന്നു മാർഗ്ഗങ്ങളാണ് യാത്രക്കാർ ഉപയോഗിക്കാറുണ്ടായിരുന്നത്. ഇവയിൽ ഒന്ന് മെസൊപ്പൊത്തേമിയായിൽകൂടി യൂഫ്രറീസ്, ടൈഗ്രീസ് എന്നീ നദികൾക്കിടയിലുള്ള അവിസ്തൃത തടത്തിലൂടെ ആ നദികളുടെ സംയോഗസ്ഥാനത്തെത്തി അവിടെ നിന്ന് കൽദിയായിലെ പർവതനിരകളിലേയ്ക്കു നയിക്കുന്നതും ബാബിലോണിൽ എത്തുന്നതുവരെ വളഞ്ഞു പുളഞ്ഞു കിടന്നതുമായിരുന്നു. ഈ വഴി ഒട്ടകങ്ങൾക്കു ദുർഘടമായിരുന്നതിനാൽ, യാത്രക്കാർ കുതിരകളും കഴുതകളും ഉപയോഗിക്കേണ്ടിയിരുന്നു. ഈ വഴിയത്രെ നമ്മുടെ സഞ്ചാരികൾ ഉപയോഗിച്ചതു്. ദുസ്സഹവും പീഡാജനകവുമായ ചൂടു നിമിത്തം യാത്ര രാത്രിയിൽ കഴിച്ച് പകൽ മുഴുവനും കൂടാരങ്ങളിൽ വിശ്രമിക്കുകയായിരുന്നു അവരുടെ പതിവ്. എളുപ്പത്തിൽ കത്തിക്കാളത്തക്കവണ്ണം പാരമണ്ണ് പുരട്ടിയുണക്കിയ വിറകുകൊള്ളികളോ, എണ്ണയിൽ മുക്കിയുണക്കിയ തുണികളോ എരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ആയസ ദീപിക, അഥവാ നെട്ടുങ്കൻ ദീപയഷ്ടി, വളരെ ഉയരത്തിൽ പൊക്കിപ്പിടിച്ചുകൊണ്ട് മുന്നോട്ടു നടക്കുന്ന ഒരു മാർഗ്ഗദർശകനെ പിന്തുടരുക മാത്രമാണ് യാത്രാസംഘത്തിൽപെട്ടവർ ചെയ്യേണ്ടിയിരുന്നതു്. മുൻനിരകളിലുള്ളവർക്ക് പ്രകാശം ലഭിക്കുമെങ്കിലും, മററുള്ളവരെസംബന്ധിച്ച് തപ്പിത്തടഞ്ഞു മുന്നോട്ടു പോകുവാനും വിളിച്ചും കൂകിയും കൂട്ടം വിടാതിരിപ്പാനും മാത്രമേ ദീപിക ഉപകരിച്ചിരുന്നുള്ളൂ. ദീപിക്കാവശ്യമായ വിറക്, തുണി മുതലായ ദാഹ്യവസ്തുക്കൾ പ്രത്യേകം ഒരുക്കി കുതിരപ്പുറത്തു കയററിക്കൊണ്ടു പോയിരുന്നു. ആലെപ്പോയിൽനിന്നു പുറപ്പെട്ട നമ്മുടെ സഞ്ചാരികൾ എദേസ്സായിൽ എത്തി. യാത്രാമദ്ധ്യേ ഉണ്ടായ സ്വാനുഭവം വിൻസേൻസോമരിയാപാദ്രി ഇപ്രകാരം വിവരിക്കുന്നു. "എനിക്ക് ഒരു വലിയ ഉപദ്രവം പററി. ഒരു കാലിൽ മുറിവേററ് രക്തം ഒലിച്ചതു മൂലം, കുപിതനായിത്തീർന്ന എന്റെ കുതിര എന്നേയും വഹിച്ചുകൊണ്ട് മുമ്പോട്ടു നീങ്ങാൻ വിസമ്മതിച്ചു. അതിന്റെ പുറത്തു നിന്നിറങ്ങി രാത്രിയിൽ അധികഭാഗവും ഞാൻ പാദചാരിയായി കഴിഞ്ഞുകൂടുവാൻ നിർബന്ധിതനായി. പിന്നീട് ക്ഷീണാധിക്യത്താൽ, ഭാരം വഹിച്ചിരുന്ന വേറൊരു കുതിരപ്പുറത്തു കയറി. അതിന്റെ സഹായത്താൽ സൂര്യോദയത്തിനൊരു രണ്ടു മണിക്കൂർ മുമ്പ് വിശ്രമാർത്ഥം "കാളയുടെകല്ല്" എന്നു് തുർക്കിഭാഷയിൽ പേരുള്ള ഒരു വലിയ ഗ്രാമത്തിനു സമീപത്തെത്തി". അവിടെ ചൂട് ദുസ്സഹമായിരുന്നുവെന്നും കൈകളും മുഖവും വറുത്തെടുത്തപോലെ കാണപ്പെട്ടുവെന്നും പ്രസ്താവിച്ചശേഷം അദ്ദേഹം തുടരുകയാണ്; "ക്ഷീണാധിക്യംകൊണ്ടും ആതപപീഡകൊണ്ടും ആ ദിവസം മുഴുവനും വെറും നിലത്തു കിടന്നുരുണ്ട്, ഓരോ നിമിഷവും ശ്വാസം മുട്ടി ഹൃദയം സ്തംഭിക്കുമെന്ന അവസ്ഥയിൽ കാണപ്പെട്ട ജോസഫ്പാദ്രിയുടെ സഹവാസം നഷ്ടപ്പെട്ടേയ്ക്കുമെന്ന് ഞാൻ അത്യധികം ഭയപ്പെട്ടു. അടുത്തുണ്ടായിരുന്ന കിണററിൽനിന്നു കൂടെക്കൂടെ വെള്ളം കോരി നനച്ച വസ്ത്രം കൊണ്ട് അദ്ദേഹത്തിന്റെ ശരീരം ആച്ഛാദനം ചെയ്യുക മാത്രമായിരുന്നു അദ്ദേഹത്തെ സഹായിക്കാനുണ്ടായിരുന്ന ഏക മാർഗ്ഗം. ഈ പ്രയോഗം അദ്ദേഹത്തിന് കുറച്ചൊന്ന് ആശ്വാസം നൽകിയതായി തോന്നി. സന്ധ്യയോടുകൂടി സുഖപ്രദമായ ഒരു കാററു തിയപ്പോൾ ജോസഫ്പാദ്രിക്കും ഞങ്ങൾക്കെല്ലാവർക്കും ശ്വാസംവിടാറായി." (Op. cit. p 63.)

രാത്രിഞ്ചരരായ സാർത്ഥവാഹകസംഘവും സഹ യാത്രികരും ക്ഷീണാർത്തരായി സൂര്യോദയത്തിന് രണ്ടു മണിക്കൂർ മുമ്പ് പൂർവ്വപിതാവ് അബ്രാഹമിന്റെ ജന്മസ്ഥാനമെന്ന് പാരമ്പര്യമുള്ളതും പൌരസ്ത്യക്രൈസ്തവരുടെ സുപ്രസിദ്ധ കേന്ദ്രവുമായ എദേസ്സായിലെത്തി. സുറിയാനി പണ്ഡിതവിശുദ്ധൻ മാർ അപ്രേം അധിവസിച്ചിരുന്ന പരിപൂതാശ്രമത്തിന്റെ നാശശിഷ്ടങ്ങളാണ് സഞ്ചാരികൾക്ക് ആദ്യം ദൃഷ്ടിഗോചരമായതു്. അവയ്ക്കു സമീപം കർദ്ദിനാൾ ബറോനിയൂസ് പ്രസ്താവിച്ചിട്ടുള്ള സാമോൻ, ഹ്യൂറിയോ, ആദിബോൻ എന്നീ വേദസാക്ഷികളുടെ ശവകുടീരങ്ങൾ ദൃശ്യമായി. എദേസ്സായിൽ നമ്മുടെ സഞ്ചാരികൾ താമസിച്ച ദിവസങ്ങളിൽ വിൻസെൻസോപാദ്രി സന്ദർശിച്ച സ്മരണീയ രംഗങ്ങളിലൊന്ന്, മാർതോ

മ്മാർശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ ദീർഘകാലം സൂക്ഷിച്ചിരുന്ന സമാധിയായിരുന്നു. മററു പാദ്രിമാർ അവശരായി കൂടാരത്തിൽ നിന്നിറങ്ങാതെ കഴിഞ്ഞുപോൽ. എദേസ്സായിൽനിന്നു പുറപ്പെട്ട് ഗൊച്ചിയെഫാറിലും, അവിടെനിന്നു നിസ്ബീസ്‌വഴി നിനിവെയിലും നമ്മുടെ സഞ്ചാരികൾ എത്തി. മററൊരു സാർത്ഥവാഹകസംഘത്തിൻെറ കൂടെയായിരുന്നു നിനിവയിൽനിന്നു ബാബിലോണിലേക്ക് നീങ്ങിയതു്. ബാബിലോണിൽ ഏതാനും ദിവസങ്ങൾ താമസിച്ചതിനിടയിൽ സന്ദർശിച്ച വിവിധ രംഗങ്ങളെപ്പററി വിൻസെൻസോപാദ്രി വിസ്തരിച്ചെഴുതിയിട്ടുണ്ട്. ബാബേലിൽനിന്ന് ഏലററാറാ കടന്ന് സഞ്ചാരികൾ ബസ്സോറായിലെത്തി.

## ജലമാർഗ്ഗം

ഡച്ചുകാരുടെ ഒരു കപ്പലിൽ കപ്പിത്താൻ മുതലായവരാൽ അത്യാനന്ദപൂർവം സ്വീകരിക്കപ്പെട്ട് നമ്മുടെ പാദ്രിമാർ ബസ്സോറായിൽനിന്ന് ജലമാർഗ്ഗം ഇൻഡ്യയിലേക്കു യാത്ര തുടർന്നു. അന്നത്തെ കണക്കനുസരിച്ച് 2500 മൈൽ ദീർഘിച്ചതായിരുന്നു യാത്ര. ഗോമറോൻ മുതലായ സ്ഥലങ്ങളിൽ കപ്പലടുത്തു് കെട്ടിക്കിടന്നതിൻെറ ശേഷം, യാത്ര തുടർന്ന് ഗുജറാത്തിലെ കാംബേയ്ക്കു സമീപം സുവാലിയിൽ ഏതാനും ആഴ്ച്ചകൾ കഴിഞ്ഞ് കപ്പലടുത്തു. കപ്പൽ ഇന്ത്യയോടു സമീപിച്ചപ്പോൾ അദൃഷ്ടപൂർവങ്ങളായ കാഴ്ച്ചകൾ പാദ്രിമാരെ അമ്പരപ്പിച്ചുവെന്നാണ് വിൻസെൻസോപാദ്രി എഴുതിയിരിക്കുന്നതു്. ഡച്ചു കപ്പൽക്കാരുമായി കണക്കു പറഞ്ഞ് അവർക്ക് ചെല്ലേണ്ടിയിരുന്ന പണം കൊടുത്തു് അവരുമായി യാത്ര പറഞ്ഞു് പിരിഞ്ഞശേഷം സുവാലിയിൽനിന്ന് സൂറത്തിലേക്ക് പുറപ്പെടുവാനുറച്ചു. കടൽതീരത്തുകൂടി എരിയുന്ന മണലിലും എടുത്തുചാടുന്ന ചെളിയിലുമായി പാദരക്ഷ അണിഞ്ഞും അണിയാതെയും നടത്തിയ ആ യാത്രയിലെ ദുരനുഭവങ്ങൾ ഏതു കഠിന ഹൃദയനേയും കരയിപ്പിക്കത്തക്കവിധത്തിലാണ് പാദ്രി വിവരിച്ചിട്ടുള്ളതു്. ഏതാണ്ട് രണ്ടുമൈൽ ഈ യാതന അനുഭവിച്ചശേഷം ഒരു ഗ്രാമത്തിൽ പ്രവേശിച്ച പാദ്രിമാരെ ഡച്ചുകാരുടെ മിത്രങ്ങളായിരുന്ന ആ ഗ്രാമവാസികൾ, അക്രൈസ്തവരായിരുന്നിട്ടും, ഭക്ഷ്യപാനീയങ്ങളും വിശ്രമസൌകര്യങ്ങളും കൊടുത്തു് ബഹുമാനിച്ചു സൽക്കരിച്ചു. നമ്മുടെ പാദ്രിമാർ സൂറത്തിൽ ഒരു മാസത്തോളം താമസിച്ചതിനിടയ്ക്ക് അവിടെ നിന്ന് കുറെ ദൂരത്തിൽ മിഷ്യൻ പ്രവൎത്തനം നടത്തിയിരുന്ന നിഷ്പാദുക കർമ്മലീത്താസഭാംഗം മത്തേവൂസ്‌പാദ്രിയുമായി സമ്പർക്കം പുലർത്തുവാൻ അവൎക്കു സാധിച്ചു. അക്കാലത്തു ഒരു സുപ്രസിദ്ധ വാണിജ്യകേന്ദ്രമായിരുന്ന സൂറത്തിൻെറ പ്രതാപം യാത്രാവിവരണത്തിൽ പ്രതിബിംബിച്ചിട്ടുണ്ട്. നഗരത്തിൽ അധിവസിച്ചിരുന്ന വിദേശികളുടെ വൈവിദ്ധ്യവും ബാഹുല്യവും നിമിത്തം, പേർഷ്യൻ, പോർട്ടുഗീസ് മുതലായി 25 ഭാഷകൾ അവിടെ പ്രചാരത്തിലിരുന്നുവത്രെ. മരിച്ചവരുടെ തിരുനാൾ ദിവസം നമ്മുടെ പാദ്രിമാർ സൂറത്തിലെ കപ്പൂച്ചിൻ പാദ്രിമാരോടുകൂടി കത്തോലിക്കരുടെ ശ്മശാനങ്ങളും ശവകുടീരങ്ങളും സന്ദർശിക്കുകയുണ്ടായി.

സൂറത്തിൽനിന്നു മലയാളത്തിലേക്കുള്ള യാത്രാമാർഗ്ഗത്തെപ്പററി പാദ്രിമാർ തലചുട്ടു ചിന്തിക്കേണ്ടിവന്നു. പോർട്ടുഗീസ് ഭരണാധികാരികളുടെ അനുവാദം കൂടാതെ, മിഷനറിമാർ ഇന്ത്യയിൽ പ്രവേശിച്ചുകൂടെന്നുണ്ടായിരുന്ന ധാരണ പാദ്രിമാൎക്ക് ഭയഹേതുവായി. അവൎക്ക് ആ അനുവാദം സിദ്ധിച്ചിരുന്നില്ലാ എന്നുള്ളതായിരുന്നു കാരണം. ഗൊൽക്കൊണ്ടരാജ്യം തരണം ചെയ്ത് മൈലാപ്പൂരിലെത്തി ദക്ഷിണഭാരതത്തിലെ കിഴക്കൻ സമുദ്രതീരത്തുകൂടി കേരളത്തിലെത്തുവാൻ ഒരാലോചനയുണ്ടായി. പശ്ചിമപ്രാന്തങ്ങളിലൂടെ സഞ്ചരിക്കാമെന്ന് വേറൊരഭിപ്രായവും പ്രബലപ്പെട്ടു. സിംഹ, വ്യാഘ്ര, വാരണാദി വന്യമൃഗബഹുലമായ ഈ മാർഗ്ഗം വേണ്ടെന്നുവച്ച് ഗോവാവഴി സഞ്ചരിക്കാമെന്നാണ് തീരുമാനിച്ചതു്. ഇങ്ങനെ തുടങ്ങിയ യാത്രയുടെ പ്രാരംഭഘട്ടം ജനവാസമില്ലാത്ത കാടുകളിലും മലകളിലുംകൂടിയായിരുന്നു. ചില രാത്രി കള്ളന്മാരെ ഭയന്ന് തീയ് എരിച്ചും ഉറക്കമൊഴിഞ്ഞും വഴിയിൽതന്നെ കഴിച്ചു. മുഗൾസാമ്രാജ്യത്തിൻേറയും പോർട്ടുഗീസ് പ്രദേശത്തിൻേറയും സംയോജനസ്ഥാനങ്ങൾ ചോരന്മാരുടെ പ്രത്യേക സങ്കേതമായിരുന്നു. രണ്ട് അക്രൈസ്തവ വണിക്കുകൾ അവരുടെ ധർമ്മദാരങ്ങളോടുകൂടി സൂറത്തു് ലക്ഷ്യമാക്കി

പ്രയാണംചെയ്യുന്നതു് പാദ്രിമാർ കണ്ടു. അവർ കടന്നുപോയി ഏകദേശം ഒന്നേകാൽ മണിക്കൂർ കഴിഞ്ഞപ്പോൾ വണിക്കുകളിൽ ഒരുവൻ മടങ്ങിവന്നു് കള്ളന്മാരാൽ കൂട്ടുകാരൻ വധിക്കപ്പെട്ടുവെന്നും സ്ത്രീകൾ അപഹൃതരായിയെന്നുമുള്ള ഭീകരവാർത്ത പാദ്രിമാൎക്കു നൽകി. പോർട്ടുഗീസ് പ്രദേശങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞപ്പോൾ ഒമ്പതു മാസക്കാലത്തേക്കു് കേൾക്കുവാൻ സാധിക്കാതിരുന്ന പള്ളിമണികളുടെ നിനദം നമ്മുടെ പഥികരെ സമാശ്വസിപ്പിച്ചു. ഡാമാനിലെത്തിയശേഷം നമ്മുടെ പാദ്രിമാൎക്കു് അവിടുത്തെ ഫ്രാൻസീസ്കൻ സന്യാസിമാർ ആതിഥ്യം നൽകി. ഈശോസഭക്കാരുടെ ആശ്രമമുണ്ടായിരുന്ന നവരോൽ എന്ന സ്ഥലത്തു് ആ വൈദികരുടെ അതിഥികളായി താമസിക്കുകയിൽ, അവിടുത്തെ ജനങ്ങൾ ഏതാനും ദിവസങ്ങൾക്കുമുമ്പു് തങ്ങൾക്കു് വലുതായ നാശം വരുത്തിയ വ്യാഘ്രശല്യത്തിൽ നിന്നൊഴിവാൻ രാത്രിമുഴുവനും ചെണ്ടകൊട്ടി കഴിഞ്ഞതുമൂലം നമ്മുടെ പാദ്രിമാൎക്കു് തെല്ലു് ഉറങ്ങുവാൻ സാധിച്ചില്ല. അടുത്ത ദിവസം ബറോലീനോ എന്ന സ്ഥലത്തു് അവിടുത്തെ ക്രിസ്ത്യാനികൾ ഒരു താപസനാൽ നീതരായി പാദ്രിമാരെ സ്നേഹപൂർവം സ്വീകരിച്ചു. പിറേറ ദിവസം ദാനു എന്ന സ്ഥലത്തെത്തുകയിൽ അവിടുത്തെ കപ്പിത്താൻ പാദ്രിമാൎക്കു് വിരുന്നു നൽകി അവരെ ബഹുമാനിച്ചു. അവിടെവച്ചായിരുന്നു ജോസഫ് പാദ്രിയും സഹയാത്രികരും അവരെ കാണുവാനവിടെ എത്തിയിരുന്ന മത്തേവൂസ്പാദ്രിയും തമ്മിൽ സന്ദശനം നടന്നതു്. കർമ്മെലീത്താപാദ്രിമാർ എല്ലാവരും തേറാപ്പൂരിലേക്കു പോകുകയും അവിടെയുണ്ടായിരുന്ന ഡൊമീനക്കൻ സന്യാസിമാരാൽ സന്തോഷപൂർവം സ്വീകരിക്കപ്പെടുകയും ചെയ്തു. ചേലം, ബാൻഡ്രാ എന്നീ സ്ഥലങ്ങളിൽ കൂടി യാത്രതുടർന്നു് നമ്മുടെ പാദ്രിമാർ ബസീനിലെത്തി. അവിടെ മത്തേവൂസ് പാദ്രിയുടെ പരിചിതനായിരുന്ന ഒരു തോട്ടവുടമ വളരെ ഔദാൎയ്യപൂർവം മത്തേവൂസ്പാദ്രിയേയും സഹ യാത്രികരേയും സ്വീകരിച്ചു. ബസീനിൽനിന്നു് ഒരു തോണിയിൽ കയറി ഈശോസഭക്കാരുടെ വകയായിരുന്ന സാൽസെററ് ദ്വീപിന്റെ തീരം ചുററി താനാതോട്ടിൽകൂടി കറാൽജിയായിൽ നമ്മുടെ യാത്രികർ എത്തുകയും, അവിടെനിന്നു് താനായിലേക്കു പോകുകയും ചെയ്തു. ചിയാൽ എന്ന സ്ഥലത്തു് ഭക്തിനിർഭരമായ ഒരന്തരീക്ഷത്തിൽ ക്രിസ്തുമസ്സ് ദിനത്തിലെ കർമ്മങ്ങൾ നടത്തിയ വിവരം വിൻസെൻസോ പാദ്രി രേഖപ്പെടുത്തിയിട്ടുണ്ടു്.

ചിയാലിൽനിന്നും ഒരു തോണിയിൽ കയറി സമുദ്രത്തിൽകൂടി യാത്ര തുടർന്നു് പാദ്രിമാർ സിയാന്മൂർ, ദാബൂൽ എന്നീ സ്ഥലങ്ങളിൽ അടുത്തു. ഇങ്ങനെ സമുദ്രയാത്ര ചെയ്യുന്നവൎക്കു് കടൽക്കള്ളന്മാരിൽനിന്നു നേരിടാവുള്ള ഉപദ്രവങ്ങളെപ്പററി വിവരിക്കുകയിൽ, തോണിക്കാരാൽ വഞ്ചിതരായി തടവിലാക്കപ്പെട്ട രണ്ടു് ഡൊമിനിക്കൻ സന്യാസിമാരുടെ ദുരദൃഷ്ടവും വിൻസേൻസൊപാദ്രി പ്രതിപാദിച്ചിട്ടുണ്ടു്. ഒമ്പതു ദിവസത്തെ സമുദ്രയാത്രയ്ക്കുശേഷം, ഗോവായിൽനിന്നു വിദൂരമല്ലാത്ത ബാന്താ നദിയിൽ പ്രവേശിച്ചു. അവിടെയടുത്തു് ഒരു മിഷ്യനറി മെത്രാൻ താമസിച്ചിരുന്നതിനാൽ, അദ്ദേഹത്തെ കാണണമെന്നു് പാദ്രിമാൎക്കു് ആഗ്രഹമുണ്ടായിരുന്നു. മാൎഗ്ഗതടസ്സം നേരിടാതിരിക്കുവാൻ ഒരുദ്യോഗസ്ഥൻ ഒത്താശ ചെയ്യേണ്ടിയിരുന്നു. എന്നാൽ അദ്ദേഹത്തോടു് സംസാരിക്കുന്നതിനുമുമ്പു് സംഭാവനകൾ നൽകേണ്ടിയിരുന്നു. "ഭിഷഗ്വരൻ എന്ന നിലയിൽ മത്തേവൂസ്പാദ്രി അദ്ദേഹത്തിനു് ഔഷധങ്ങളായ ചില മൂലങ്ങൾ നൽകി. ആ ദേശങ്ങളിൽ വളരെ കാൎയ്യമായി കരുതിയിരുന്ന ഒരു കട്ട വെള്ള സോപ്പു് ഞങ്ങൾ സമ്മാനിച്ചു. അദ്ദേഹം വെററിലക്കെട്ടുകൾ പകരം തന്നു. ചിലതൊക്കെ സംസാരിച്ചശേഷം ഞങ്ങളെ മൎയ്യാദപൂർവ്വം അയയ്ക്കുകയും ചെയ്തു." എന്നിങ്ങനെയാണു് വിൻസേൻസോപാദ്രി എഴുതിയിരിക്കുന്നതു് (Ibid. p. 129). മിഷനറി മെത്രാൻ വളരെ സന്തോഷത്തോടും സ്നേഹത്തോടുംകൂടി പാദ്രിമാരെ സ്വീകരിച്ചു. ഗോവായിൽ പോകാതെ ഡച്ചുകാരെ ആശ്രയിച്ചാൽ, അവർമൂലം എളുപ്പത്തിലും അപകടം കൂടാതെയും കേരളത്തിലെത്താമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഈ അഭിപ്രായം ആദരിക്കേണമോ വേണ്ടയോ എന്നു് പാദ്രിമാർ തീരുമാനിക്കുന്നതിനു് കാലമാകുന്നതിനുമുമ്പു്, മെത്രാന്റെ അന്തേവാസിവൎഗ്ഗത്തിൽപെട്ട ഒരു പട്ടക്കാരൻ അവിടെനിന്നു് ഒളിവിൽ പുറപ്പെട്ടു് പോർട്ടുഗീസധികാരികളുടെ പക്കൽ എത്തി അവൎക്കു് പാദ്രിമാരുടെ പേരിൽ അവിശ്വാ

സം തോന്നത്തക്കവിധം പലതും അവരെ ധരിപ്പിച്ചു. പോർട്ടുഗീസ് ഇൻക്വിസിഷൻഅധികാരികൾ പാദ്രിമാർക്ക് വേണ്ട സഹായങ്ങൾ വാഗ്ദാനം ചെയ്തിരുന്നവെങ്കിലും, ഗവർമ്മെണ്ടിന്റെ നിലപാട് മററു വിധത്തിലായിരുന്നു. തന്നിമിത്തം പട്ടക്കാരന്റെ ആലോചനാഫലമായി ബാന്തായിലെ പ്രസിഡണ്ടിന്, ഏതുവിധേനയും പാദ്രിമാരെ പോർട്ടുഗീസ് ഗവമ്മെണ്ടധികാരികളുടെ അധീനതയിൽ ആക്കികൊടുക്കേണമെന്ന് ഗവമ്മെണ്ടധികാരികളുടെ ആജ്ഞ പുറപ്പെട്ടു. പാദ്രിമാർ ദനഹാ തിരുനാളിലെ തിരുക്കർമ്മങ്ങൾ കഴിഞ്ഞു് ഡച്ചുകാരുടെ കോട്ടയും കൊത്തളവുമുണ്ടായിരുന്ന വിൻഗോർളാ എന്ന വാണിജ്യകേന്ദ്രത്തിലേയ്ക്കാണ് പുറപ്പെട്ടതു്. സൂറത്തിലെ ഡയറക്ടറിൽനിന്നു കിട്ടിയ ശുപാർശക്കത്തു് വിൻഗോർളായിലെ കപ്പിത്താനെ കാണിക്കുകയും അദ്ദേഹത്തോടും കൂടെയുണ്ടായിരുന്ന ഒരു കത്തോലിക്കാ വൈദികനോടും കേരളത്തിലേയ്ക്കുള്ള യാത്രയുടെ ഉദ്ദേശ്യം അറിയിക്കുകയും ചെയ്തപ്പോൾ, പാദ്രിമാർക്ക് സത്വര സഹായ സഹകരണങ്ങൾ നൽകുവാൻ കപ്പിത്താൻ സമ്മതിച്ചു.

### കള്ളന്മാരുടെ കമ്പനിയിൽ

യാത്രയ്ക്കു് മൂന്നു മാർഗ്ഗങ്ങൾ കപ്പിത്താൻ നിർദ്ദേശിച്ചു. അദ്ദേഹം ഏതാനും ദിവസങ്ങൾക്കുള്ളിൽ ഉദ്യോഗവശാൽ കാനറായിക്കു പോകുവാനുദ്ദേശിക്കുന്നതിനാൽ കാനറാവരെ അദ്ദേഹത്തിന്റെകൂടെ യാത്ര ചെയ്തു് അവിടെനിന്നു നിർദ്ദിഷ്ടസ്ഥാനത്തെത്തുക; കൊച്ചിയിൽനിന്നുള്ള ഏതാനും തടവുകാരെ കായങ്കുളത്തേയ്ക്കയക്കേണ്ടിയിരുന്നതിനാൽ, അവരോടുകൂടി കപ്പലിൽ പുറപ്പെട്ടു കേരളത്തിൽ പ്രവേശിക്കുക. കേരളത്തിൽനിന്നുള്ള കടൽക്കള്ളന്മാരായ ഏതാനും മൂറന്മാർ അരികയററിയ ഒരു യാനപാത്രം കണ്ണൂർവരെ പോകാനുണ്ടായിരുന്നതിനാൽ, അവരുടെ സംരക്ഷണയിൽ കണ്ണൂർവരെയും അവിടെനിന്നു് കേരള മിഷ്യൻ രംഗത്തും എത്തുക. – അപകടം കുറഞ്ഞതായി തോന്നിയ മൂന്നാമത്തെ മാർഗ്ഗമാണു് പാദ്രിമാർ സ്വീകരിച്ചതു്. സമുദ്രദസ്യുക്കളുടെ പ്രമാണിയെ വിളിച്ചു് പാദ്രിമാരുടെ സുരക്ഷിതമായ യാത്രക്കുള്ള ചുമതല കപ്പിത്താൻ അയാളെ ഏൽപ്പിക്കുകയും അതിനുള്ള പ്രതിഫലം പറഞ്ഞൊതുക്കുകയും ചെയ്തു. യാനപാത്രം പുറപ്പെടുവാൻ ശേഷിച്ച ദിവസങ്ങളിൽ പാദ്രിമാരുടെ വിശ്രമത്തിനും വിനോദനത്തിനും സംതൃപ്തിക്കുമായി ഏതെല്ലാം വിധത്തിൽ കപ്പിത്താൻ പ്രവർത്തിച്ചുവെന്നു് ശരിക്കു ഗ്രഹിക്കുവാൻ വിൻസെൻസോപാദ്രിയുടെ യാത്രാവിവരണം വായിക്കുകതന്നെ വേണം.

ആവശ്യമായ സജ്ജീകരണങ്ങളെല്ലാം പൂർത്തിയാക്കിയശേഷം ജനുവരി 7-ാംതീയതിയാണു് പാദ്രിമാർ വിൻഗോർളായിൽനിന്നു് കടൽകള്ളന്മാരോടുകൂടി പുറപ്പെട്ടതു്. ഡച്ചുകാരാൽ ഉപരുദ്ധമായ ഗോവാ തുറമുഖത്തുകൂടി കള്ളന്മാരുടെ ഈ യാനപാത്രം കടന്നുപോകയിൽ, അതിൽ നാലു സന്ന്യാസസഭാംഗങ്ങളെ ഒരു ഭടൻ കാണുകയും അവർ പോർട്ടുഗീസുകാരോ പോർട്ടുഗീസ് ഹിതാനുവർത്തികളോ ആണെന്നു സംശയിച്ചതുകൊണ്ടായിരിക്കാം അവരെ കപ്പിത്താനിയാ എന്ന ഡച്ചു കപ്പലിലേക്കു വിളിപ്പിക്കുകയും ചെയ്തു. വിൻഗോർളായിലെ കപ്പിത്താന്റെയും സൂറത്തിലെ ഡയറക്ടരുടെയും ശുപാർശിക്കത്തുകൾ പററിൽ ഉണ്ടായിരുന്നതു് ഡച്ചു സൈന്യാധിപൻ അഡ്രിയാൻ റോട്ടസ് കണ്ടപ്പോൾ അദ്ദേഹം വളരെ സന്തുഷ്ടി പ്രകടിപ്പിക്കുകയും അന്നു് തന്നോടുകൂടി അത്താഴം കഴിക്കുവാൻ അവരോടാവശ്യപ്പെടുകയും പാദ്രിമാരുടെ ബഹുമാനാർത്ഥം നടന്ന ആ അത്താഴവിരുന്നിൽ സംബന്ധിക്കുവാൻ തുറമുഖത്തുണ്ടായിരുന്ന കപ്പലുകളിലെ കപ്പിത്താന്മാരെയെല്ലാം ക്ഷണിക്കുകയും ചെയ്തു. ഇററലിയിൽ നിന്നും മാൾട്ടായിൽ നിന്നും വന്നവരായ ധാരാളം കത്തോലിക്കർ വിരുന്നിൽ സംബന്ധിച്ചു. വിഭവങ്ങളുടെ വൈവിധ്യം കൊണ്ടു് വിരുന്നു് മൂന്നു മണിക്കൂർ ദീർഘിച്ചു. വിരുന്നിൽ പാദ്രിമാർക്ക് മുഖ്യസ്ഥാനം നൽകിയിരുന്നുവെന്നും പാനോപചാര പ്രസംഗമദ്ധ്യേ വലിയ തോക്കുകൾ നിറയൊഴിച്ചിരുന്നുവെന്നും പ്രസ്താവിക്കേണ്ടതുണ്ടു്.

കടൽ കള്ളന്മാർ ഇതെല്ലാം കണ്ടും കേട്ടും വിസ്മയഭരിതരായി. അവരെ തന്റെ പക്കൽ വിളിപ്പിച്ചിട്ടു് സൈന്യാധിപൻ പ്രസ്താവിച്ചു: "ഈ പാദ്രിമാർ എന്റെ സ്നേഹിതന്മാരാണു്. എന്റെയും കമ്പനിയുടെയും ആവശ്യത്തിനുകൂടിയാണു് ഇവർ കണ്ണൂർക്ക് പോകുന്നതു്. ആവുന്നതും വേഗം ഇവരുടെ സുമംഗള യാത്രാവിവരവും ഇവരോടു നിങ്ങൾ നല്ലവണ്ണം പെരുമാറിയെന്നും ഞാൻ അറിവാൻ നിങ്ങൾ കരുതൽ

ചെയ്യുവിൻ; അല്ലാത്തപക്ഷം, നിങ്ങളുടെ വർത്തകരുടെ വക ഇതിലേ സഞ്ചരിക്കുന്ന കപ്പലുകളും അന്യത്ര കാണപ്പെടുന്ന കപ്പലുകളുമെല്ലാം കടലിൽ താഴ്ത്തപ്പെടുകതന്നെ ചെയ്യും." മുസ്ലീം കടൽക്കള്ളന്മാരുടെ നേതാവ് ഈ ഭീഷണികേട്ട് വിറയ്ക്കുകയും പാദ്രിമാരുടെ സുരക്ഷിത യാത്രയ്ക്കുറപ്പുപറയുകയും പാദ്രിമാരുടെ ജീവരക്ഷയ്ക്കു് തങ്ങളുടെ ജീവൻ ജാമ്യമായിരിക്കുമെന്ന ഭരമേൽക്കുകയും ചെയ്തു. ഇതുകൊണ്ടും ഗുണവാനായ ആ സൈന്യാധിപൻ തൃപ്തിപ്പെട്ടില്ല. പശ്ചിമതീരത്തെ കടൽക്കള്ളന്മാരുടെയെല്ലാം സ്വാമിത്വം വഹിച്ചിരുന്നയാളും ഡച്ചുകാർക്ക് വിധേയനുമായിരുന്ന അദാജിയാ എന്ന മുസ്ലീം നേതാവിന് പാദ്രിമാരെ ആപൽശങ്കകൂടാതെ നിർദ്ദിഷ്ടസ്ഥാനത്തെത്തിക്കുവാൻ ഒരെഴുത്തും പാദ്രിമാരുടെ പക്കൽ ഏല്പിച്ചു. ഇതിനും പുറമെ ഏററവും ഉദാരമായ വിധത്തിലുള്ള പാസ്പോർട്ട് സ്വന്തം സിക്രട്ടറിയെക്കൊണ്ടെഴുതിച്ച് പാദ്രിമാരെ ഏല്പിക്കുകയും ആ പ്രമാണത്തിൽ പാദ്രിമാർക്ക് സകല സൌകര്യങ്ങളും ആനുകൂല്യങ്ങളും ഒത്താശകളും സഹായങ്ങളും ചെയ്യുവാൻ എല്ലാ ഡച്ചു കപ്പലുകളിലെയും കപ്പിത്താന്മാരോടു അഭ്യർത്ഥിക്കുകയും ചെയ്തു. ആ സ്ഥലത്തു് ഡച്ചുകാരുടെ തടവുകാരായി കഴിഞ്ഞ പോർട്ടുഗീസുകാർ പാദ്രിമാരോട് കുമ്പസാരിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. പാദ്രിമാർ കുമ്പസാരം കേൾക്കാനുള്ള സ്വാതന്ത്ര്യം സൈന്യാധിപനോടഭ്യർത്ഥിച്ചതിൽ, അദ്ദേഹം അതു് നിഷേധിക്കുകയാണു് ചെയ്തതു്. താൻ ഒരു കത്തോലിക്കനാണെങ്കിലും ഇതര സഭാവിഭാഗക്കാരുടെയിടയിൽ അസൂയ ജനിക്കാതിരിക്കുന്നതിന് കുമ്പസാരസ്വാതന്ത്ര്യം നിഷേധിച്ചതാണെന്നായിരുന്നു സൈന്യാധിപന്റെ സമാധാനം.

പാദ്രിമാർ വീണ്ടും യാനപാത്രത്തിൽ പ്രവേശിച്ചശേഷം, അതിലെ കപ്പിത്താനും മററു മൂറന്മാരും അവരോടു പൂർവാധികം ഭക്തിയും സ്നേഹവും പ്രകടിപ്പിച്ചുവെന്നുള്ളതു് സ്മരണീയമാണു്. പിന്നീടുള്ള യാത്രയിൽ പാദ്രിമാർ യാത്രചെയ്ത പടവിനെ കടൽക്കള്ളന്മാരുടെ ഒട്ടുവളരെ പടവുകൾ സമീപിച്ചുവെങ്കിലും യാതൊരുവിധ അമംഗള സംഭവത്തിനും ഇടയായില്ല.

എന്നാൽ ഒരു യാനപാത്രത്തിന്റെ പെരുമാററം വ്യത്യസ്തമായിരുന്നു. അതിന്റെ കപ്പിത്താൻ പാദ്രിമാരുടെ പടവിന്റെ കപ്പിത്താനോടുണ്ടായിരുന്ന വിരോധംകൊണ്ടോ മററു കാരണവശാലോ അയാളുടെ അനുയായികളെ ഒരു സംഘട്ടനത്തിനു സന്നദ്ധരാക്കി. പാദ്രിമാരുടെ യാനപാത്രത്തെ ആക്രമിക്കുവാനടുത്തു. പാദ്രിമാരുടെ കൂടെയുണ്ടായിരുന്ന കപ്പിത്താനും അനുയായികളും ആയുധപാണികളായി പാദ്രിമാരെ അരിച്ചാക്കുകളുടെ മറവിൽ പരിരക്ഷിച്ചുകൊണ്ടു ആയോധനത്തിനു തയ്യാറായെങ്കിലും, ശണ്ഠ ഒഴിക്കുവാൻ അത്യുത്സാഹം പ്രകടിപ്പിച്ചു. അഭിയോഗികളുടെ കോപജനകമായ വാക്കുകളും ചേഷ്ടകളുമെല്ലാം ക്ഷമാപൂർവം സഹിച്ചതിനു പുറമെ, ശത്രുവിനെ പ്രീണിപ്പിക്കുവാനുള്ള വിവിധോപായങ്ങൾ പ്രയോഗിക്കുകയും ചെയ്തു. എതിർക്കുവാൻ വന്നവർ തെല്ലൊന്നടങ്ങി. ചില അടയാളങ്ങൾ കാണിച്ചിട്ട്, പാദ്രിമാരുടെ യാനപാത്രത്തിൽ ഒളിച്ചുവച്ചിരിക്കുന്നതു് എന്തെന്നു കാണണമെന്നു് പറഞ്ഞ് അതിനുശേഷം തങ്ങളുടെ തോണിയെക്കൊണ്ടു് രണ്ടുപ്രാവശ്യം പ്രദക്ഷിണം വയ്പിച്ചു. അനന്തരം രണ്ടു കുത്തു തുണി പാദ്രിമാരുടെ കപ്പിത്താനോടു് കോഴവാങ്ങിക്കൊണ്ടു് അവരുടെ വഴിക്കു പോകുകയും ചെയ്തു. പാദ്രിമാരുടെകൂടെ ഏതാനും ഹൈന്ദവ കച്ചവടക്കാർ മംഗലാപുരത്തിറങ്ങുവാൻ സഞ്ചരിച്ചിരുന്നു. അവർ അർത്ഥനാശം മാത്രമല്ല ജീവനാശം കൂടി സംഭവിച്ചേക്കുമെന്നു് ഭയന്നു് സന്തപ്തചിത്തരായി കരയുകയായിരുന്നു. ഏതായാലും എതിരാളികൾ മാറിയപ്പോൾ ഒളിച്ചിരുന്ന സ്ഥലത്തുനിന്നു് പാദ്രിമാരെ വിളിച്ച് തന്റെ ജീവൻ നഷ്ടപ്പെട്ടതിനുശേഷമേ അവക്കെന്തെങ്കിലും അപകടത്തിനിടയുണ്ടായിരുന്നൊള്ളുയെന്നു് കപ്പിത്താൻ അവരെ സമാശ്വസിപ്പിക്കുകയുണ്ടായി.

പടവ് മംഗലാപുരത്തിനടുത്തപ്പോൾ നമ്മുടെ കടൽ കള്ളന്മാർ അവിടെ കണ്ട ഏതാനും സാധുക്കളായ മീൻപിടുത്തക്കാർക്ക് കിട്ടിയ മത്സ്യം മുഴുവനും മാത്രമല്ല, അവരുടെ വലകൾപോലും അപഹരിച്ച അനിഷ്ട സംഭവമുണ്ടായി. നമ്മുടെ സഞ്ചാരികൾ ദക്ഷിണാഭിമുഖമായി നീങ്ങി സാമൂതിരിയുടെ രാജ്യാതൃത്തിയിൽ പ്രവേശിച്ചപ്പോൾ അവിടെ കണ്ട പലതരം വലിയ മത്സ്യങ്ങൾ പാദ്രിമാരെ വിസ്മയഭരിത

രാക്കി. ഇതിനിടയിൽ പല ചെറിയ ഗ്രാമങ്ങൾക്കു സമീപം നമ്മുടെ കള്ളന്മാർ യാനപാത്രം കെട്ടിക്കിടന്നു് അവരുടെ തൻകാര്യങ്ങൾ പലതും കാണുകയുണ്ടായി. നമ്മുടെ പാദ്രിമാർ ഡച്ചുകാരാണോ എന്നറിവാനുള്ള ജിജ്ഞാസ അവരുടെകൂടെ സഞ്ചരിച്ചിരുന്ന കപ്പിത്താൻെറ രണ്ടു മക്കളിൽ പ്രബലപ്പെട്ടു. പാദ്രിമാർ ഡച്ചുകാരല്ലെന്നും ജന്മദേശംകൊണ്ടും മതവിശ്വാസത്താലും അവർ ഡച്ചുകാരിൽ നിന്നു് വിഭിന്നരാണെന്നും ഗ്രഹിച്ചപ്പോൾ, പാദ്രിമാരെ വധിക്കുകയോ, അടിമകളാക്കുകയോ ചെയ്യണമെന്നായിരുന്നു ആ കശ്മലരുടെ മോഹം. ആ ദുഷ്കർമ്മത്തിനു പിതാവിനെ പ്രേരിപ്പിക്കുവാനായിരുന്നു അവരുടെ അനന്തര പരിശ്രമം. പാദ്രിമാരുടെ പക്കൽ ഒട്ടുവളരെ ധനമുണ്ടായിരുന്നുവെന്നു് കപ്പിത്താൻെറ പുത്രന്മാർ ധരിച്ചു. ആലപ്പോയിലുണ്ടാക്കി ഈയം പൂശിയ ചില പാത്രങ്ങളും കിണ്ണങ്ങളും പാദ്രിമാരുടെ പക്കൽ ഉണ്ടായിരുന്നു. അവ തനി വെള്ളിപ്പാത്രങ്ങളായിരുന്നുവെന്നും കൂടാതെ ഒട്ടുവളരെ ധനം അവർ ഒളിച്ചു വച്ചിട്ടുണ്ടെന്നും ആ കള്ളന്മാർ വിശ്വസിച്ചു. താൻ സ്വന്തം ജീവൻ ജാമ്യമായിക്കൊടുത്താണു് പാദ്രിമാരെ കൊണ്ടുപോന്നിട്ടുള്ളതെന്നും സൈന്യാധിപൻെറ അപ്രിയം സമ്പാദിച്ചാൽ തങ്ങൾക്കു മാത്രമല്ലാ, തങ്ങളുടെ ജാതിക്കു മുഴുവനും അതു് അനൎത്ഥകാരണമാകുമെന്നും കപ്പിത്താൻ സ്വപുത്രന്മാരെ അറിയിച്ചു. എങ്കിലും ഒടുവിൽ അയാൾ പുത്രന്മാരുടെ പ്രേരണയ്ക്കു വശഗതനായി പാദ്രിമാരെ അടിമകളാക്കുവാൻ സമ്മതിച്ചു. യാനപാത്രത്തിൽ ആയുധങ്ങൾ സംഭരിച്ചിരുന്ന ഭാഗത്തായിരുന്നു പാദ്രിമാരുടെ സ്ഥലം. സ്വയരക്ഷയ്ക്കായി പാദ്രിമാർ ആയുധമുപയോഗിച്ചെങ്കിലോയെന്നു് സംശയിച്ചു്, പാദ്രിമാർ ഉറങ്ങാതെ കഴികവെ, അവർ ഉറങ്ങിയെന്നു വിചാരിച്ചുകൊണ്ടു് കള്ളന്മാർ ആയുധങ്ങൾ മറെറാരു സ്ഥാനത്തേക്കു മാററി. പാദ്രിമാർ ഉറങ്ങാതിരുന്നതിനു പ്രധാനകാരണം അവരുടെ വേലക്കാരൻപയ്യൻെറ ഉന്മേഷക്കുറവും മൂകതയും അവൻ ചിന്താകുലനായി ഭക്ഷണം കഴിക്കാതെ കഴിഞ്ഞതിൽനിന്നുണ്ടായ സംശയങ്ങളുമായിരുന്നു. കാര്യം പറയുവാൻ നിർബന്ധിച്ചപ്പോൾ കപ്പിത്താൻപുത്രന്മാർ ആരംഭിച്ച ഗൂഢാലോചനയെപ്പററി അവൻ കേട്ടതും മനസ്സിലാക്കിയതും പാദ്രിമാരെ അറിയിച്ചു. അവർ ഒന്നും അറിയാത്ത ഭാവം തുടർന്നു. കണ്ണൂരിലെത്തിയിട്ടും യാനപാത്രം കരയ്ക്കടുപ്പിക്കുന്നതിനു ശ്രമിയ്ക്കാതെ നമ്മുടെ കള്ളന്മാർ അനുകൂലമായിരുന്ന കാററിനെതിരായി പായ്കെട്ടി കടലിൽ കഴിയുന്നതിനു ദത്തശ്രദ്ധരായി കാണപ്പെട്ടു. പാദ്രിമാക്കുണ്ടായ വ്യാകുലതയും ഭീതിയും ഊഹ്യമാണല്ലോ. തങ്ങളെ ആവുന്നതും വേഗം തുറമുഖത്തടുപ്പിക്കുന്ന കാര്യം അവർ കപ്പിത്താനെ അനുസ്മരിപ്പിച്ചു. പുത്രന്മാരോടു യോജിച്ചു് കപ്പിത്താൻ പ്രാതികൂല്യം പ്രകടിപ്പിച്ചതിനാൽ ഗൂഢാലോചനയുടെ കാര്യം ഏതാണ്ടു് മനസ്സിലാക്കിയ ഭാവം അവലംബിച്ചു്, പാദ്രിമാർ സ്വരമയത്തി. സൈന്യാധിപൻെറ മുമ്പിൽവച്ചുണ്ടായ വാഗ്ദാനവും മററും അയാളുടെ ശ്രദ്ധയിൽപ്പെടുത്തി, അയാളെ ദുരുദ്ദേശ്യത്തിൽനിന്നു പിന്മാററുവാൻ ശ്രമിച്ചു. ദൈവം ഏതായാലും അയാളുടെ മനസ്സിളക്കി. പോതത്തിൻെറ തല തുറമുഖത്തേക്കു തിരിച്ചു് അതോടിക്കുന്നതിനും പാദ്രിമാരെ കരയ്ക്കടുപ്പിക്കുന്നതിനും അയാൾ തീരുമാനിച്ചു്, ആജ്ഞ നൽകി. തൻെറയും പുത്രന്മാരുടെയും ദുരാലോചനയ്ക്കു മൂടുപടമിടുവാൻ കപ്പിത്താൻ ഒരു വിദ്യ പ്രയോഗിച്ചു. പോതം കരയ്ക്കടുപ്പിക്കുവാൻ അമാന്തിച്ചതു് പോർട്ടുഗീസ്കോട്ടയിലെ പീരങ്കിവെടി ഭയന്നായിരുന്നു എന്നു് ഒരഭിപ്രായം പാദ്രിമാരുടെ സ്വീകരണത്തിനായി അയാൾ തട്ടിവിട്ടു. വെള്ളക്കുപ്പായങ്ങൾ അണിഞ്ഞു് കോട്ടയിലെ കാവൽഭടന്മാരുടെ ദൃഷ്ടിയിൽ പെട്ടെന്നു് പെടത്തക്കവണ്ണം ഏററം പൊക്കംകൂടിയ സ്ഥലത്തു് എണീററു നിൽക്കുകയായിരുന്നു അപകടനിവാരണാൎത്ഥം പാദ്രിമാർ പ്രയോഗിച്ച ഒരു സൂത്രം. കള്ളന്മാരുടെ യാനപാത്രത്തിൽ നാലു സന്യാസവൈദികർ നിർബാധം നിന്നിരുന്ന കാഴ്ച കടൽക്കരയിൽ തടിച്ചുകൂടിയ ബഹുജനത്തെ വിസ്മയിപ്പിക്കുകതന്നെ ചെയ്തു. ഒരു വഞ്ചിവന്നു് സന്യാസിമാരെ കള്ളന്മാരുടെ ആ സങ്കേതത്തിൽനിന്നും കരയ്ക്കടുപ്പിച്ചു. കണ്ണൂരിൽ പ്രവേശിച്ചശേഷം പാദ്രിമാർ ആദ്യം നിർവ്വഹിച്ച കൃത്യം അപകടം കൂടാതെ തങ്ങൾ അവിടെ എത്തിയ വിവരം വിൻഗോർളായിലെ കപ്പിത്താനെ ധരിപ്പിക്കുവാൻ ഒരു കത്തെഴുതുകയായിരുന്നു. പോർട്ടുഗീസുകാരെ സന്ദർശിക്കുന്നതു് തങ്ങളുടെ ദൌത്യത്തിനു് ഹാനികരമായിരിക്കുമെന്നു കരുതി പോർട്ടുഗീസുകാരുടെ ദൃഷ്ടിയിൽ പെടാതെ സ്ഥലം വിടുന്നതിനായിരുന്നു

പാദ്രിമാരുടെ നിശ്ചയം. എങ്കിലും അവരുടെ കാലടികളെ ദൈവം മററു വിധത്തിലാണ് നയിച്ചതു്. കള്ളന്മാരോടുകൂടി കള്ളന്മാരുടെ യാനപാത്രത്തിൽ സഞ്ചരിച്ച് സുരക്ഷിതരായി പട്ടണത്തിൽ പ്രവേശിച്ച പാദ്രിമാരെ കാണുവാൻ പോർട്ടുഗീസുകാരുൾപ്പെടെ ഒരു വലിയ സംഘം ആളുകൾ അവിടെ സന്നിഹിതരായി. പോർട്ടുഗീസുകാരിൽ ചിലർ അവർക്ക് ആതിഥ്യം നൽകുവാൻ സന്നദ്ധരാകുകയും ചെയ്തു.

## സാമൂതിരിയുടെ രാജ്യത്തിലൂടെ

നമ്മുടെ പാദ്രിമാർ മത്തേവൂസ്പാദ്രിയുടെ നേതൃത്വത്തിൽ ഫ്രാൻസീസ്ക്കൻ സന്യാസിമാരുടെ ഗാർഡിയൻെറ പക്കലേക്കാണ് പുറപ്പെട്ടതു്. ഗാർഡിയൻ സംസ്കാരസമ്പന്നനും ഉദാരമതിയുമായിരുന്നു. പാദ്രിമാർ തങ്ങളുടെ യാത്രോദ്ദേശ്യം അദ്ദേഹത്തെ അറിയിക്കുകയും അദ്ദേഹത്തിൽനിന്നു സകലവിധ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുകയും ചെയ്തു. പാദ്രിമാർക്ക് സ്വന്തം ആശ്രമത്തിൽ സന്തോഷപൂർവം ആതിഥ്യം നൽകിയ ഗാർഡിയൻ അവർക്ക് തന്നാൽ കഴിയാവുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാമെന്നു സമ്മതിച്ചു. ഫ്രാൻസീസ്ക്കൻ ആശ്രമത്തിൽനിന്ന് നമ്മുടെ കർമ്മലിത്താപാദ്രിമാർ ജനുവരി 29-ാം തീയതി പിരിഞ്ഞു. പാദ്രിമാരുടെ ദൌത്യം വിജയിക്കുന്നതിലേക്ക് ഗാർഡിയൻ പരിശുദ്ധാത്രുപിയുടെ ഒരു കർബാന സസന്തോഷം സമർപ്പിക്കുകയുണ്ടായി എന്നുള്ളതു് പ്രസ്താവയോഗ്യമാണ്. തെക്കോട്ടുള്ള യാത്രാമദ്ധ്യേ പാദ്രിമാർ മൂറന്മാരുടെ വാസസ്ഥാനമായ ഒരു സ്ഥലത്തെത്തിയപ്പോൾ പരിശുദ്ധ ത്രീത്വം സംബന്ധിച്ച് പാദ്രിമാരും ഏതാനും മുഹമ്മദീയരും തമ്മിൽ വിവാദമുണ്ടാകുകയും മുസ്ലീം പുരോഹിതൻ വന്നാൽ തർക്കം അവസാനിക്കുമെന്ന് പാദ്രിമാർ പറഞ്ഞതനുസരിച്ച് പുരോഹിതൻ വരികയും പുരോഹിതൻെറ സാന്നിദ്ധ്യത്തിൽ അറബിഭാഷയിലും മുസ്ലിം മതഗ്രന്ഥങ്ങളിലും ഒരുപോലെ പാണ്ഡിത്യം സമ്പാദിച്ചിരുന്ന മത്തേവൂസ്പാദ്രി മുസ്ലിം ഗ്രന്ഥങ്ങൾ വായിച്ച് വിശദീകരിച്ച് വിശുദ്ധ ത്രീത്വം സംബന്ധിച്ച ക്രൈസ്തവതത്വം ശരിയാണെന്ന് സ്ഥാപിക്കുകയും ചെയ്തതായി വിൻസെൻസോപാദ്രി എഴുതിയിട്ടുണ്ട്. (Op. cit. p. 136.)

സാമൂതിരിയുടെ രാജ്യത്തിൽകൂടിയുള്ള പ്രയാണം ഹിന്ദുക്കളായ അംഗരക്ഷകരുടെ സംരക്ഷണയിലായിരുന്നു. ആകയാൽ മാർഗ്ഗമദ്ധ്യേ പാദ്രിമാർക്കെതിരായി മുളയെടുത്ത ദുരാലോചനകളെല്ലാം നിഷ്ഫലമാകുകയാണ് ചെയ്തതു്. അരവരെ നനഞ്ഞു് രണ്ടുമണിക്കൂറോളം മലവെള്ളവും ചെളിയും നിറഞ്ഞ ഒരു താഴ്വരയിൽകൂടി നീന്തി പാദ്രിമാർ അതിരററ ദുരിതമനുഭവിച്ച കഥ മർമ്മഭേദകമാണ്. ഈ അനർത്ഥം കൊയിലാണ്ടിക്കു വടക്കുവശത്തുവച്ചായിരുന്നു. രാത്രിയിൽ തന്നെ കോഴിക്കോട്ടുപട്ടണം കടന്നുപോരണമെന്നായിരുന്നു പാദ്രിമാരുടെ ആഗ്രഹം. പക്ഷേ പോർട്ടുഗീസുകാരുടെ അവിടത്തെ ഏജൻറ് അയച്ച ആളുകൾ പാദ്രിമാരെ കണ്ടുപിടിച്ച് അവർ അവിടെ താമസിക്കണമെന്നാവശ്യപ്പെട്ടു. താമസിക്കുവാൻ നിവൃത്തിയില്ലെന്നും തിടുക്കത്തിൽ കൊച്ചിയിലെത്തേണ്ടതുണ്ടെന്നും പറഞ്ഞു് പാദ്രിമാർ മുന്നോട്ടുനീങ്ങി. ഏജൻറ് വീണ്ടും ആളയച്ച്, അവർ അവിടെ താമസിക്കണമെന്ന് നിർബന്ധിക്കുകതന്നെചെയ്തു. ഈ രണ്ടാമത്തെ സന്ദേശം ലഭിച്ചപ്പോൾ, പാദ്രിമാർ കോഴിക്കോട്ടുനിന്ന് ഒരു മൈൽ ദൂരത്തെത്തിക്കഴിഞ്ഞിരുന്നു. അവർ മടങ്ങി പട്ടണത്തിൽ പ്രവേശിച്ച്, ഏജൻറിനോടു സംസാരിച്ചപ്പോൾ അദ്ദേഹം സാക്ഷാൽ പാദ്രിമാരുടെ മിത്രവും ഗുണകാംക്ഷിയുമാണെന്ന് ബോദ്ധ്യമായി. അടുത്ത കാലത്തു് പോർട്ടുഗീസുകാരോടുള്ള മൈത്രീബന്ധം വിട്ടുകഴിയുന്ന സാമൂതിരിയുടെ രാജ്യത്തിൽകൂടി തുടന്നു യാത്രചെയ്യുന്നതു് ആപൽക്കരമായിരിക്കുമെന്നും നിർദ്ദിഷ്ടസ്ഥാനത്തു് സുഭദ്രമായും എത്തുന്നതിനു് ആവശ്യമായ ഒത്താശകൾ ഒക്കെ ചെയ്യാമെന്നും അദ്ദേഹം പാദ്രിമാരെ അറിയിച്ചു. ദൈവമാതാവിൻെറ ശുദ്ധീകരണതിരുനാളിനു തലേരാത്രിയായിരുന്നതിനാൽ ഏജൻറും കുടുംബാംഗങ്ങളും പാദ്രിമാരോട് കുമ്പസാരിക്കുകയും ഏജൻറിൻെറ വകയായി പാദ്രിമാർക്ക് കെങ്കേമമായ ഒരു വിരുന്നു നൽകുകയും ചെയ്തു.

## പാലയൂരിലും ഇടപ്പള്ളിയിലും

പ്രഭാതത്തിൽ രണ്ടു തോണികൾ തയ്യാറാക്കി ഏജൻറിൻെറ ദ്വിഭാഷിയേയും ഒരു വേലക്കാരനേയും പാദ്രിമാരുടെകൂടെ യാത്രചെയ്യുവാൻ നിയോഗിക്കുകയും പാദ്രിമാരുടെ ഉപയോഗത്തിനായി ഏതാനും

ഭക്ഷണസാധനങ്ങൾ തോണികളിൽ സംഭരിക്കുകയും ചെയ്തു. പ്രസ്തുത തോണികൾ വലിച്ചവരെയാണ് തലയിൽ കുടുമ്മയുള്ളവരായി പാദ്രിമാർ ഇൻഡ്യയിൽ ആദ്യം കണ്ടതു്. തോണികൾ കരയിൽനിന്നു വളരെ ദൂരെയല്ലാതെ നീങ്ങിക്കൊണ്ടിരുന്നതിനാൽ, ഒട്ടുവളരെ മീൻപിടിത്തക്കാരെയും അവർക്കുകിട്ടിയ വൻ മത്സ്യങ്ങളെയും പാദ്രിമാർ കാണുവാനിടയായി. ഒരിക്കൽ പാദ്രിമാരുടെ ഉപയോഗത്തിനായി മൽസ്യം വിലയ്ക്കു വാങ്ങുകയും ചെയ്തു. പോർട്ടുഗീസുകാരുടെ വക ചിന്നക്കോട്ടയും മററും കടന്നു് നമ്മുടെ സഞ്ചാരികൾ താനൂരിലെത്തി. താനൂരിൽ ധാരാളം ക്രിസ്ത്യാനികളുണ്ടായിരുന്നു. ഒരു സായംകാലത്താണ് തോണികൾ പൊന്നാനിയിൽ അടുത്തതു്. ക്ഷീണംകൊണ്ടും ചൂടിന്റെ ആധിക്യംകൊണ്ടും തലേരാത്രി ഒട്ടുംതന്നെ ഉറങ്ങാതിരുന്ന പാദ്രിമാർ ഇവിടെ അത്താഴംകൂടാതെ തറയിൽ കിടന്നുറങ്ങി. അർദ്ധരാത്രിയോടുകൂടി വീണ്ടും യാത്ര തുടരുകയും പിറേറദിവസം രാവിലെ കേരള സുറിയാനിക്കാരുടെ പ്രമുഖ കേന്ദ്രങ്ങളിലൊന്നായ പാലയൂരിൽ എത്തുകയും ചെയ്തു. ഒരു സംവൽസരം നീണ്ട യാത്രാക്ലേശങ്ങൾക്കുശേഷമാണെങ്കിലും, ലക്ഷ്യസ്ഥാനത്തെത്തിയതിൽ പാദ്രിമാർ സീമാതീതമായ ആനന്ദം അനുഭവിച്ചു എന്നു പറയേണ്ടതില്ലല്ലോ. കുരിയാക്കോസ് സഹദായുടെ നാമത്തിലുള്ള പാലയൂർ പള്ളിയിൽ പ്രവേശിച്ച് പാദ്രിമാർ പ്രാർത്ഥിച്ചതിനെതുടർന്നു് അവിടുത്തെ വികാരിയച്ചൻ അപ്രത്യക്ഷനായി എന്നാണ് വിൻസെൻസോപാദ്രി എഴുതിയിട്ടുള്ളതു്. കോഴിക്കോട്ടെ ദ്വിഭാഷിയുടെ ശ്രമഫലമായി വികാരി പാദ്രിമാരുടെപക്കൽ ചെല്ലുകയും പോർട്ടുഗീസ്ഭാഷ നല്ലവണ്ണം അറിഞ്ഞിരുന്ന അദ്ദേഹം ആ ഭാഷയുപയോഗിക്കാതെ ദ്വിഭാഷിമൂലം അവരുമായി ആശയവിനിമയം ചെയ്യുകയുമുണ്ടായി.

തോമ്മാ അർക്കദിയാക്കോൻ പലവഴിക്കും ലഭിച്ച ഉപദേശങ്ങളാൽ മനസ്സിളകി, പശ്ചാത്താപബാധിതനായി, പ്രത്യക്ഷത്തിൽ അൽഭുതങ്ങളെന്നു് പരിഗണിക്കാവുന്ന പലേ സംഭവങ്ങളാൽ പ്രതിബദ്ധനായി കഴിയുകയാണെന്നും, പോർട്ടുഗീസുകാരുടെ യാതൊരു സ്ഥലവും സന്ദർശിക്കാതെ അർക്കദിയാക്കോന്റെ ആസ്ഥാനമായ ഇടപ്പള്ളിയിലേക്ക് പോകുകയാണ് പാദ്രിമാർ ചെയ്യേണ്ടതെന്നും അർക്കദിയാക്കോൻ അവരെ സ്വർഗ്ഗത്തിൽനിന്നു വന്നവരോടൊപ്പം സ്വീകരിക്കുമെന്നും പാദ്രിമാരുടെ ആഗമനം ക്രിസ്തീയ സമൂഹത്തിനു മൊത്തത്തിൽ അനുഗ്രഹപ്രദമാണെന്നും മററുമായിരുന്നു വികാരിയുടെ അഭിപ്രായങ്ങൾ. അർക്കദിയാക്കോന്റെ പേർക്കൊരു കത്തു് തന്റെ വകയായി എഴുതി വികാരി പാദ്രിമാരെ ഏൽപ്പിച്ചു. അതിൽ പാദ്രിമാർക്കുള്ള പരിശുദ്ധ സിംഹാസനത്തിലെ കല്പനകൾ കണ്ടു എന്നു് പ്രസ്താവിച്ചതിനു പുറമെ, പാദ്രിമാരുടെ സത്യസന്ധതയും ഉദ്ദേശ്യശുദ്ധിയും കീർത്തിക്കുകയും ചെയ്തു. പാലയൂരിൽനിന്നു പാദ്രിമാർ ആയിക്കോട്ടയ്ക്കടുത്തുള്ള നദിയിൽ കൂടിയാത്രചെയ്തു് കൊച്ചിക്കായലിൽകൂടി തങ്ങളുടെ ആശാകേന്ദ്രവും അർക്കദിയാക്കോന്റെ ആസ്ഥാനവുമായ ഇടപ്പള്ളിയിലെത്തി.

ഹയസീന്ത് പാദ്രിയുടെ അഭാവത്തിൽ അധികാരനിർവഹണത്തിനായിരുന്നല്ലോ ജോസഫ്പാദ്രി നിയമിതനായതു്. ഹയസീന്ത്പാദ്രിയാകട്ടെ, ജോസഫ് പാദ്രി കേരളത്തിലെത്തി പുത്തൻകൂർ ശീശ്മക്കാരിൽ ഒരു നല്ല ഭാഗത്തെ കത്തോലിക്കാ ഐക്യത്തിൽ സ്വീകരിച്ചതിനു ശേഷമേ, ഇന്ത്യയിലെത്തിയുള്ളു. അദ്ദേഹം ഇന്ത്യയിലെത്തിയെന്നറിഞ്ഞയുടൻ സ്വന്തം പ്രവർത്തനങ്ങളെപ്പററി റോമായിൽ റിപ്പോർട്ടു സമർപ്പിക്കുവാൻ ജോസഫ്പാദ്രി ഇന്ത്യ വിട്ടു. ഹയസീന്ത്പാദ്രി ജോലി ഏറെറടുക്കുന്നതുവരെ തന്റെ സ്ഥാനത്തു പ്രവർത്തിക്കുവാനും, ഹയസീന്ത്പാദ്രിയുമായി സഹകരിക്കുവാനും മത്തേവൂസ്, മാർസേല്ലോ എന്നീ പാദ്രിമാരെ ജോസഫ്പാദ്രി നിയോഗിക്കുകയും ചെയ്തു. പുത്തൻകൂററുകാർ കത്തോലിക്കാസഭയിൽ പുനഃപ്രവേശിക്കുന്നതിനായി ഹയസീന്ത്, മത്തേവൂസ്, മാർസേല്ലോ എന്നീ പാദ്രിമാർ വളരെ ഫലപ്രദമായി പ്രവർത്തിച്ചുവരികയിൽ 1660 ജനുവരി 24-ാം തീയതി സമസ്തേഷ്യായുടെയും വിസിററർ അപ്പസ്തോലിക്കയായി പ. സിംഹാസനത്തിൽനിന്ന് ഹയസീന്ത്പാദ്രിയെ നിയമിച്ചു. പ്രസ്തുത ഉദ്യോഗം സ്വീകരിക്കുന്നതിനുമുമ്പ്, നിർഭാഗ്യവശാൽ 1661 ഫെബ്രുവരി 16-ാംനു അദ്ദേഹം ദിവംഗതനായി. കർമ്മലീത്താമിഷനറിമാരുടെ കേരളപ്രാപ്തിയെ തുടർന്നുണ്ടായ സംഭവവികാസങ്ങൾ സഭയ്ക്കും സമുദായത്തിനും ഒരുപോലെ ശുഭോദർക്കമായിരുന്നുവെന്ന് കാണുവാൻ കഴിയും.

# ഫാ. പൗളിനോസ് അ സാൻ ബർത്തൊളോമെയൊ. ഒ. സി. ഡി.

## രാമവർമ്മ മഹാരാജാവിൽനിന്നു വീരശൃംഖല ലഭിച്ച ഭാഷാപണ്ഡിതൻ

(Rev. Fr. Philip. O. C. D.)

1653. ജനുവരിമാസം 3—ാം തീയതി നടന്ന കൂനൻ കുരിശു സത്യം കാരണം സുറിയാനി സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങളും ഗാർസിയാ മെത്രാപ്പോലീത്തായേയും ഈശോ സഭാംഗങ്ങളേയും അനുസരിക്കുകയില്ല എന്നു വന്നപ്പോൾ കത്തോലിക്കാ സഭയോടും, തിരുസിംഹാസനത്തോടും അവർക്കുണ്ടായിരുന്ന ഐക്യം നിലനിറുത്തുന്നതിനുവേണ്ടി അലക്സാണ്ടർ 7—ാമൻ മാർപ്പാർപ്പാ റോമിൽനിന്നു കർമ്മെലീത്താ നിഷ്പാദുക വൈദികരെ അയക്കുകയുണ്ടായ വിവരം സകലർക്കും അറിവുള്ളതാണല്ലൊ. 1657 ഫെബ്രുവരി 22—ാം തീയതിയാണ് പരി. പിതാവിനാൽ നിയുക്തരായ ഈ കർമ്മെലീത്താ സന്യാസികൾ ഫാ. ജോസഫ് സെബസ്ത്യാനിയുടെ നേതൃത്വത്തിൽ മലബാറിൽ എത്തിയതു്. അന്നു് കേരളത്തിൽ ആരംഭിച്ച കർമ്മെലീത്താമിഷ്യൻപ്രവർത്തനം മൂന്നൂറ കൊല്ലത്തിനുശേഷം ഇന്നും തിരുവനന്തപുരം, വിജയപുരം എന്നീ രൂപതകളിലും മംഗലപ്പുഴ സെമിനാരിയിലും തുടർന്നു കൊണ്ടിരിക്കുകയാണ്.

ഇക്കാലഘട്ടത്തിൽ പണ്ഡിതരും വിശുദ്ധരുമായ അനേകം കർമ്മെലീത്താ മിഷ്യനറിമാർ കേരളത്തിൽ വേല ചെയ്തിട്ടുണ്ടു്. പാണ്ഡിത്യത്തെ സംബന്ധിച്ചിടത്തോളം അവരുടെ അഗ്രഗണ്യസ്ഥാനം വഹിക്കുന്നതു് പൗലീനോസ് പാതിരിയാണ്.

ആസ്ത്രിയായിൽ ഹോഫ് എന്ന നഗരത്തിൽ സ്ഥിതിചെയ്തിരുന്ന വെസ്ഡിൻ കുടുംബത്തിൽ 1748 ഏപ്രിൽ 25—ാം തീയതി പൗളിനോസ് ജാതനായി. അദ്ദേഹത്തിന്റെ ജ്ഞാനസ്നാനപ്പേരു ഫിലിപ്പു് എന്നായിരുന്നു. ഈശോസഭക്കാർ ഏററൻബർഗ്ഗ് എന്ന നഗരത്തിൽ നടത്തിക്കൊണ്ടിരുന്ന കോളേജിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അദ്ദേഹം ലിൻസിലെ നിഷ്പാദുക കർമ്മെലീത്താ നോവിസിയാത്തിൽ പ്രവേശിക്കുന്നതിനു് അഭ്യർത്ഥിച്ചു. സമർത്ഥനും ദൈവഭക്തനുമായിരുന്ന ആ യുവാവിനു സഭാധികാരികൾ സസന്തോഷം പ്രവേശനം നല്കി. സഭയിൽ അദ്ദേഹത്തിനു നല്കപ്പെട്ട പേരാണ് പൗളിനോസ് അ സാൻ ബർത്തളോമെയൊ എന്നു്.

വിജയപൂർവ്വം നവ സന്യാസകാലം തരണം ചെയ്തശേഷം 1769, ആഗസ്ററ് 21—ാം തീയതി അദ്ദേഹം വ്രതാനുഷ്ഠാനം നടത്തി. പ്രേഗിൻ സ്ഥിതിചെയ്തിരുന്ന കർമ്മെലീത്താ ആശ്രമത്തിലേക്കാണ് അദ്ദേഹം വേദശാസ്ത്രപഠനത്തിനായി അയയ്ക്കപ്പെട്ടതു്. അന്നുമുതൽ മിഷ്യൻ നാടുകളിൽ പോകുന്നതിനും വേദപ്രചരണാർത്ഥം സ്വജീവൻ ബലിസമർപ്പിക്കുന്നതിനും അദ്ദേഹം ആഗ്രഹിക്കുവാൻ തുടങ്ങി. ഈ ആഗ്രഹം മനസ്സിലാക്കിയ മേലധികാരികൾ അദ്ദേഹത്തെ 1773—ൽ റോമിലെ കർമ്മെലീത്താ മിഷ്യൻ സെമിനാരിയിലേക്കു അയച്ചു. പ്രസ്തുത വർഷം ഡിസംബർ 24—ാം തീയതിയാണ് അദ്ദേഹം റോമിൽ എത്തിയതു്.

1774, മാർച്ചു മാസത്തിൽ അദ്ദേഹം മലബാർ മിഷ്യനിലേക്ക് നിർദ്ദേശിക്കപ്പെടുകയും അടുത്ത മെയ് 11—ാം തീയതി പ്രേഷിത വേലയ്ക്കു് സ്വയം സമർപ്പിച്ചുകൊണ്ടു് വ്രതവാഗ്ദാനം നിർവഹിക്കുകയും ചെയ്തു. ഉടൻതന്നെ പൗളിനോസ് ലിസ്ബൺവഴി മലബാറിലേക്കു പുറപ്പെട്ടു. ദീർഘവും അപകടകരവുമായ ഒരു യാത്രയ്ക്കുശേഷം 1776, നവംബർ 21—ാം തീയതി അദ്ദേഹം വരാപ്പുഴ എത്തി.

13 കൊല്ലം മാത്രമെ അദ്ദേഹം മിഷ്യൻ രംഗത്തു് കഴിച്ചു കൂട്ടിയുള്ളു. അക്കാലഘട്ടത്തിൽ മലബാറിലെ കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി അദ്ദേഹം വളരെയധികം പ്രയത്നിച്ചു. 1779 മുതൽ 1782 വരെ ഫാ. പൗളിനോസ് വരാപ്പുഴ സെമിനാരിയുടെ റെക്ടർ ആയിരുന്നു. പിന്നീട് വികാരി ജനറലും വിസിറ്ററുമായി നിയമിതനായി.



Father Paulinus (1748-1806)

1774, ജൂലൈ മാസം രണ്ടാം തീയതി പതിന്നാലാം ക്ലെമൻറ് മാർപ്പാപ്പാ അന്നത്തെ തിരുവിതാംകൂർ ഭരണകർത്താവായിരുന്ന രാമവർമ്മ മഹാരാജാവിനു ഒരു തിരുവെഴുത്തു് അയക്കുകയുണ്ടായി. പൗളിനോസ് അച്ചനും, അദ്ദേഹത്തിൻെറ സഹവർത്തിയായിരുന്ന ക്ലെമെൻറ് അച്ചനും കൂടെ 1780–ലാണ് പ്രസ്തുത തിരുവെഴുത്തു് മഹാരാജാവിനു് സമർപ്പിച്ചതു്. തൽസംബന്ധമായി ഫാ. പൗളിനോസ് Viaggio alle Indie Orientali (കിഴക്കൻ ഇന്ത്യയിലേക്കുള്ള യാത്രാവിവരണം) എന്ന ഗ്രന്ഥത്തിൽ നല്കുന്ന വിവരണം വളരെ രസകരമാകയാൽ അതിൻെറ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം.

"പതിനാലാം ക്ലെമെൻറ് മാർപ്പാപ്പാ ഒരു അപ്പസ്തോലിക്കാ ലേഖനംവഴി മലബാറിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചു രാമവർമ്മ മഹാരാജാവിൻെറ അടുക്കൽ ശുപാർശ ചെയ്യുന്നു. പ്രസ്തുത ലേഖനം 1774, ജൂലൈ 2—ാം തീയതിയാണ് അയക്കപ്പെട്ടതെങ്കിലും, 1780–ലും അതു് വരാപ്പുഴയിലെ അലമാരയിൽ സൂക്ഷിക്കപ്പെട്ടിരുന്നു. ഈ അവസരത്തിൽ വരാപ്പുഴയിൽ അധികാരമുണ്ടായിരുന്ന പാർവ്വത്യക്കാരൻ, അവിടെ മിഷ്യനറിമാരുടെയും മെത്രാൻെറയും വകയായുണ്ടായിരുന്ന വയലുകൾക്കും തെങ്ങുംതോപ്പുകൾക്കും പതിവുള്ള കരം കൊടുക്കാതെ അവയുടെ ആദായം എടുക്കാൻ പാടില്ലെന്നു നിർദ്ദേശിച്ചു. രാമവർമ്മ മഹാരാജാവിൻെറ മുൻഗാമിയായിരുന്ന വീരമാർത്താണ്ഡമഹാരാജാവിൻെറ സർവ്വസൈന്യാധിപസ്ഥാനം വഹിച്ചിരുന്ന മാർത്താണ്ഡപ്പിള്ള മേൽപ്പറഞ്ഞ സ്ഥലങ്ങൾ കരം ഒഴിവു ചെയ്തുതന്നിരുന്ന വിവരം ഞങ്ങൾ അദ്ദേഹത്തെ അറിയിച്ചു. പക്ഷെ, പാർവ്വത്യക്കാരൻ അതൊന്നും ഗൗനിക്കാൻ തയ്യാറായില്ല. കരം കൊടുക്കുന്നതിനു ഞങ്ങളെ നിർബ്ബന്ധിക്കുന്നതിനു വേണ്ടി, 50 മഹമ്മദീയരെ വരുത്തി ഞങ്ങളുടെ ഭവനവും പള്ളിയും അയാൾ വളഞ്ഞു. അന്നത്തെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന അഭിവന്ദ്യ കാർളോസ് ഓഫ് സെൻറ് കോൺറാഡു് തിരുമേനി ഏതാദൃശ കലഹങ്ങൾ ഒന്നും ഇതിനു മുമ്പു് ദർശിച്ചിട്ടില്ലായിരുന്നതുകൊണ്ടു് ഈ സമര സന്നാഹങ്ങൾ എല്ലാം കണ്ടപ്പോൾ ബോധംകെട്ടു വീണുപോയി.

എന്നാൽ കരമൊഴിവിനെ സംബന്ധിച്ച രേഖയും മാർപ്പാപ്പായുടെ അപ്പോസ്തോലിക്ക ലേഖനവും അലമാരയിൽ ഇരിപ്പുണ്ട്. ഞാൻ പാർവ്വത്യക്കാരനെ വിളിപ്പിച്ചു്, മുപ്പതു ക്രൈസ്തവ പ്രധാനികളുടെ മുമ്പിൽവച്ചു്, രാജാവിൻെറ അടുക്കൽ ഞങ്ങൾ സങ്കടം ബോധിപ്പിക്കാൻ പോകുന്നെന്നു് അറിയിച്ചു. ഉടൻ തന്നെ എഴുത്തു കൊടുത്തയച്ചു് ബ. ക്ലെമെൻറ് അച്ചനെ ഞാൻ വരാപ്പുഴയ്ക്കു് വരുത്തി. ഞങ്ങൾ തമ്മിൽ ആലോചിച്ചു്, മഹാരാജാവിനു് സമർപ്പിക്കുന്നതിനു ഒരു ഹർജി തയ്യാറാക്കി, അതോടൊന്നിച്ചു്, ഒരു വലിയ മുഖക്കണ്ണാടി, രണ്ടു് കഷണം യൂറോപ്യൻ പട്ടു്, പതിനഞ്ചുറാത്തൽ ചുവന്ന ചന്ദനം, പന്ത്രണ്ടു കുപ്പി പേർഷ്യൻ പനിനീർ, മുതലായ സാധനങ്ങളും രാജാ-

വിനു് കാഴ്ചവയ്ക്കുന്നതിനു ഞങ്ങൾ ഒരുക്കി. മഹാരാജാവിനെ മുഖം കാണിക്കുന്നവർ ഏതാദ്ദേശ സാധനങ്ങൾ സമർപ്പിക്കുക പതിവായിരുന്നു.

താമസിയാതെ ഞങ്ങൾ രണ്ടുപേരുംകൂടെ തിരുവനന്തപുരത്തേക്കു പുറപ്പെടുകയും 1780, ജൂൺ 20—ാം തീയതി അവിടെ എത്തുകയും ചെയ്തു. കൊച്ചിയിലെ ഡച്ചു ഗവർണ്ണറായിരുന്ന അഡ്രിയാൻ മോയെൻസും, അഞ്ചുതെങ്ങിലെ ഇൻഗ്ലീഷു് ഗവർണ്ണറായിരുന്ന ജോൺ ടോർലെസ്സും ഞങ്ങൾക്കു ശുപാർശക്കത്തുകൾ നല്കിയിട്ടുണ്ടായിരുന്നു. തന്മൂലം കാര്യങ്ങൾ ഞങ്ങൾക്കനുകൂലമായി തീരുമാനിക്കുന്നതിനു രാജാവിന്റെ മന്ത്രി വളരെ താല്പര്യപ്പെട്ടു. ഞങ്ങൾ മാർപ്പാപ്പായുടെ പ്രതിനിധികളായിട്ടാണു് വന്നതെന്നുള്ള വസ്തുതയും ഞങ്ങൾക്കു് വളരെ സഹായകമായിത്തീർന്നു.

കൊട്ടാരത്തിന്റെ മതിൽക്കെട്ടിനു് മുമ്പു് ഞങ്ങൾ എത്തിയപ്പോൾ അവിടെ നിന്നിരുന്ന പടയാളികൾ ഞങ്ങൾക്കു് അഭിവാദ്യം നൽകി. അവിടെ നിന്നു പ്രധാനമന്ത്രിയാൽ നിയുക്തനായ ഒരാൾ ഞങ്ങളുടെ പല്ലക്കിന്റെ മുമ്പിൽ നടന്നു മഹാരാജാവു് വസിച്ചിരുന്ന ഭവനത്തിന്റെ മുമ്പിലേക്കു ഞങ്ങളെ ആനയിച്ചു. അവിടെ വച്ചു പല്ലക്കു വഹിച്ചിരുന്ന കൂലിക്കാരെ പറഞ്ഞയക്കേണ്ടിവന്നു. അവർ താഴ്ന്ന ജാതിക്കാരായിരുന്നതുകൊണ്ടു് അവരുടെ പ്രവേശനം രാജമന്ദിരത്തെ അശുദ്ധമാക്കുമായിരുന്നുപോലും!

അവിടെനിന്നു സർവ്വസൈന്യാധിപനാണു് രാജസന്നിധിയിലേക്കു് ഞങ്ങളെ കൊണ്ടുപോയതു്. രാജഭവനത്തിന്റെ വാതുക്കൽ മഹാരാജാവു് ഒരു വലിയ സംഖ്യ രാജകുമാരന്മാരാലും ഉദ്യോഗസ്ഥന്മാരാലും അനുഗതനായി വന്നു ഞങ്ങളെ സ്വീകരിച്ചു. രാജാവിന്റെ പുത്രൻ ഒരു വാൾ ഊരിപ്പിടിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ ഒരു വശത്തു നിലകൊണ്ടു. ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്റെ ചുറ്റുമായി നിന്നിരുന്നു. അവിടെ ഒരു മരത്തിന്റെ ചുവട്ടിൽ ഒരുക്കിയിരുന്ന മൂന്നു ഇരിപ്പിടങ്ങളിൽ ഒന്നു് രാജാവു് തനിക്കായി സ്വീകരിച്ച ശേഷം മററു് രണ്ടെണ്ണം ഞങ്ങൾക്കു് നല്കി.

ഞാനാണു് പരി. പിതാവിന്റെ തിരുവെഴുത്തു വഹിച്ചിരുന്നതു്. അതു മനോഹരമായ ഒരു സഞ്ചിയിൽ അടക്കം ചെയ്തിരുന്നു. ഞാൻ അതെടുത്തു്, ബഹുമാന സൂചകമായി നെററിയിൽ തൊടുവിച്ച ശേഷം മഹാരാജാവിന്റെ സെക്രട്ടറിയായിരുന്ന സംപ്രതി കേശവപിള്ളയെ ഏല്പിച്ചു. രാജാവിന്റെ അടുത്തു നിന്നിരുന്ന അദ്ദേഹം അതു വാങ്ങി, രാജാവിന്റെ കൈയിൽ കൊടുത്തു. രാജാവു് അതു സ്വീകരിച്ച ഉടനെ ബഹുമാന സൂചകമായി നെററിയിൽ തൊടുവിച്ചു. ഞാൻ എടുത്തു കൊടുത്ത സമയത്തു് പതിനൊന്നു് പീരങ്കി വെടികൾ മുഴങ്ങി.

ഇൻഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിലുള്ള കടൽ യുദ്ധത്തെപ്പററിയും മററും കുറച്ചുനേരം സംസാരിച്ച ശേഷം രാജാവു് എന്നോടു് ചോദിച്ചു, ഞാൻ മലബാറിൽ വന്നിട്ടു് എത്രനാളായെന്നും, ഇത്ര നന്നായി മലയാളം പഠിക്കാൻ എനിക്കു എങ്ങനെ സാധിച്ചുവെന്നും, മററു യൂറോപ്യന്മാർ അതു് നന്നായി പഠിക്കാറില്ലെന്നും, പഠിച്ചാൽത്തന്നെ, മലയാള വാക്കുകൾ അവർ കൃത്യമായി ഉച്ചരിക്കാത്തതുകൊണ്ടു് അവരുടെ സംസാരം മനസ്സിലാക്കാൻ വിഷമമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ബ്രാഹ്മണ അകാരാദിയായ അമരസിംഹം ഞാൻ വായിക്കുന്നുണ്ടു് എന്നു് ഞാൻ മറുപടി നല്കി. ആ വാക്കുകൾ കേട്ടപ്പോൾ രാജാവു് വളരെ സന്തോഷിച്ചു. ആ, നിങ്ങളും ഞങ്ങളുടെ ഗ്രന്ഥങ്ങൾ വായിക്കുന്നുണ്ടോ, എന്നദ്ദേഹം ചോദിച്ചു. ഞാൻ മലബാറിൽ ജീവിച്ചിരുന്ന കാലത്തോളം മഹാരാജാവു് എന്റെ നേരെ പ്രദർശിപ്പിച്ച അഗാധമായ സ്നേഹത്തിന്റെ പ്രധാന കാരണം ഇതായിരുന്നു.” (ch. IX). P. 124--5).

ഏററവും സൗഹാർദ്ദപരമായ ഈ സന്ദർശനം മുഖേന മിഷ്യനറിവൈദികർ ആഗ്രഹിച്ച സകല കാര്യങ്ങളും സാധിച്ചു. സന്ദർശനത്തിനുശേഷം തിരുവനന്തപുരത്തുതന്നെ കുറച്ചു ദിവസങ്ങൾ കഴിച്ചുകൂട്ടിയ അച്ചന്മാർക്കു് മഹാരാജാവു് തന്റെ കാര്യക്കാർവഴി ഒരു രാജകീയ വിരുന്നു നല്കുകയുണ്ടായി. പ്രധാനമന്ത്രിയായിരുന്ന ചെമ്പക രാമൻപിള്ള അവരെ തന്റെ ആഫീസിലേക്കു് ക്ഷണിച്ചു്, അവരുടെ പരാതികൾ കേൾക്കുകയും, വരാപ്പുഴ മിഷ്യനറിമാരെ വിഷമിപ്പിച്ച പാർവ്വത്യകാരനെ ഉടനെ പിരിച്ചയക്കുന്നതിനു ഉത്തരവു് പുറപ്പെടുവിക്കുകയും ചെയ്തു. കൂടാതെ, വരാപ്പുഴയുള്ള അവരുടെ വസ്തുക്കൾ

കരമൊഴിവാക്കുന്നതായി ഒരു പുതിയ രേഖയും അവർക്കുനൽകി.

മഹാരാജാവ് അക്കാലത്തു് ഇൻഗ്ലീഷ് ഭാഷ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതു് ഒരുവിധം നന്നായി സംസാരിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. എന്നാൽ ഇൻഗ്ലീഷ്ഭാഷയുടെ എട്ട് വിഭാഗങ്ങൾ (Parts of speech) എന്താണെന്നു് ശരിയായി ഗ്രഹിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹത്തെ ഇൻഗ്ലീഷ് പഠിപ്പിച്ചിരുന്ന സായിപ്പിനു് മലയാളം നന്നായി അറിയാൻപാടില്ലായിരുന്നതുകൊണ്ടു് അതു് ശരിയായി വ്യാഖ്യാനിച്ചുകൊടുക്കാനും സാധിച്ചില്ല. പൗലിനോസ്അച്ചനു് നന്നായി മലയാളവും ഇൻഗ്ലീഷും വശമാണു് എന്നു ഗ്രഹിച്ച മഹാരാജാവ് ഒരു രാത്രി, തന്റെ സേവകരിൽ ഒരുവനായ പയ്യമ്പള്ളികുറുപ്പിനെ അദ്ദേഹത്തിന്റെ അടുക്കൽ അയക്കുകയും, ഇൻഗ്ലീഷ് വ്യാകരണത്തിലെ 8 വിഭാഗങ്ങൾ വ്യാഖ്യാനിച്ചുകൊടുക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തു.

ആ വന്ദ്യവൈദികൻ ഈ ഭാഗങ്ങൾ നന്നായും വ്യക്തമായും വ്യാഖ്യാനിച്ചുകൊടുത്തു. മഹാരാജാവിനു് ഈ വ്യാഖ്യാനം ഭംഗിയായി മനസ്സിലാക്കാൻ സാധിച്ചു. അന്നുമുതൽ അദ്ദേഹംഫാദർ പൗലിനോസിനെ ഗുരു എന്നാണു് വിളിച്ചിരുന്നതു്. ഈ ഗുരുവിനെ കുറച്ചു നാൾകൂടെ രാജധാനിയിൽ താമസിപ്പിക്കുന്നതിനു രാജാവ് ആഗ്രഹിച്ചുവെങ്കിലും അതു് അപകടകരമാണെന്നു മനസ്സിലാക്കിയ ബ്രാഹ്മണർ തടസ്സമുണ്ടാക്കിയതുകൊണ്ടു് അദ്ദേഹവും, ഫാദർ ക്ലെമെൻറുംകൂടെ ഉടൻതന്നെ വരാപ്പുഴയ്ക്കു് തിരിച്ചുപോയി.

പിന്നീടും പലപ്രാവശ്യം ഫാ. പൗലിനോസ് മഹാരാജാവിനെ സന്ദർശിച്ചിട്ടുണ്ടു്. ഒരു സന്ദർശനം നടന്നതു, പത്മനാഭപുരത്തുവച്ചു് 1784, ഏപ്രിൽ 21-ാം തീയതിയാണു്. മട്ടാഞ്ചേരിയിലെ തിരുമല ദേവസത്തിനെതിരായി ചില പരാതികൾ ബോധിപ്പിക്കുന്നതിനാണു് അദ്ദേഹം പോയതു്. അദ്ദേഹം ഇതിനകം മഹാരാജാവിനുവേണ്ടി തയ്യാറാക്കിയിരുന്ന ഒരു മലയാളം—ഇൻഗ്ലീഷ്—പോർട്ടുഗീസു വ്യാകരണവും അദ്ദേഹം കൊണ്ടുപോയിരുന്നു. തന്റെ സേവകരെ ഇൻഗ്ലീഷും പോർട്ടുഗീസും പഠിപ്പിക്കുന്നതിനുവേണ്ടി മഹാരാജാവുതന്നെ ആവശ്യപ്പെട്ടതനുസരിച്ചാണു്, ഫാ. പൗലീനോസ് ഈ വ്യാകരണം എഴുതിയതു്. ഈ ഗ്രന്ഥം ലഭിച്ചതിൽ അത്യധികം സംപ്രീതനായ മഹാരാജാവ് വീരശൃംഖല ഉൾപ്പെടെ പല പാരിതോഷികങ്ങളും ഫാ. പൗലിനോസിനു് നല്കുകയുണ്ടായി.

എന്നാൽ ഇത്ര മഹാനായ ഈ മിഷ്യനറിവൈദികനും സുറിയാനിക്കത്തോലിക്കരും തമ്മിലുണ്ടായിരുന്ന ബന്ധം അത്ര സുഖകരമല്ലായിരുന്നുവെന്നതു് ഏററവും നിർഭാഗ്യകരമായ ഒരു വസ്തുതയാണു്. അക്കാലത്താണു് കരിയാററിൽ മെത്രാപ്പോലീത്തായോടൊന്നിച്ചു് യൂറോപ്പിനു പോയിരുന്ന പാറേമ്മാക്കൽ തോമ്മാച്ചൻ ആ വന്ദ്യപിതാവിന്റെ അകാല വിയോഗത്തിനുശേഷം അങ്കമാലി രൂപതയുടെ ഗൊവർണ്ണദോരായി നിയമിതനായതു്. പല കാരണങ്ങളാലും അന്നത്തെ സുറിയാനി സമുദായത്തിനു് വരാപ്പുഴ മിഷ്യനറിമാരോടു് അതൃപ്തിയുണ്ടായിരുന്നു. തൽഫലമായി 1787, ഫെബ്രുവരിമാസം 1-ാം തീയതി സുറിയാനിപ്പള്ളിക്കാരെല്ലാം അങ്കമാലിപ്പള്ളിയിൽ ഒരു മഹായോഗംകൂടി ഒരു പടിയോല എഴുതിയുണ്ടാക്കി. ഈ പടിയോല മിഷ്യനറിമാർക്കു വളരെ ദുസ്സഹമായി തോന്നിയതു കാരണം അവർ മഹാരാജാവിന്റെ അടുക്കൽത്തന്നെ ഗൊവർണ്ണദോർ അച്ചനും സുറിയാനി സമുദായത്തിനും എതിരായി പരാതി ബോധിപ്പിക്കാൻ ഇടയായി. ഏതാദൃശമായ പലകാരണങ്ങളാലും പൗലിനോസുപാതിരിയുടെ സകല ഗ്രന്ഥങ്ങളിലും സുറിയാനി സമുദായത്തെപ്പററി തെററിധാരണകൾ നിഴലിച്ചു കാണുന്നുണ്ടു്. അവ പ്രൊപ്പഗാന്ത തിരുസംഘത്തിനും ഉണ്ടാകുന്നതിനു് ഈ ഗ്രന്ഥങ്ങളും പൗലീനോസച്ചന്റെ റിപ്പോർട്ടുകളും പില്ക്കാലത്തു് കാരണമായിത്തീർന്നിട്ടുണ്ടു്.

മലബാർ മിഷ്യന്റെ സ്ഥിതിയെസംബന്ധിച്ചു വിവരങ്ങൾ നല്കുന്നതിനുവേണ്ടി റോമിലേക്കു ക്ഷണിക്കപ്പെട്ടതനുസരിച്ചു്, ഫാ. പൌലീനോസു് 1789, മാർച്ചു് 12-ാം തീയതി കൊച്ചിയിൽനിന്നു യൂറോപ്പിലേക്കു പുറപ്പെട്ടു, 1790-ന്റെ ആരംഭത്തിൽ അദ്ദേഹം നിത്യനഗരത്തിൽ എത്തി. ദീർഘനാൾ അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. മിഷ്യനറിമാർക്കു് ആവശ്യമായ ഗ്രന്ഥങ്ങൾ അച്ചടിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരു പ്രധാന ജോലി.

(ശേഷം 142-ാം പേജിൽ)

# വിശുദ്ധ യോഹന്നാൻക്രൂസിൻെറ
# സ്നേഹഗീത

(വിവർത്തകൻ: റവ. ഫാ. ഹെർമൻ, ഒ. സി. ഡി)

വധു:— 1

"എങ്ങു നീയൊളിച്ചെന്നെക്കേഴുവാൻ വിട്ടു, നാഥാ?
എന്നെ ഹാ! മുറിവേല്പിച്ചോടി നീ മാനെന്നപോൽ!
കരഞ്ഞു വിളിച്ചു ഞാൻ പുറകേ പുറപ്പെട്ടു,
തിരിഞ്ഞുനോക്കാതെ നീ ദൂരവേയദൃശ്യനായ്!

2

"ആലകൾ മദ്ധ്യേ കുന്നിലേറം മേയ്പരേ, മമ
ലലാസാസ്പദം നിങ്ങൾ കണ്ടുമുട്ടീടുന്നാകിൽ
ചൊല്ലുകാ ദയാന്വിതൻ തന്നോടിങ്ങേവമിവ—
ളല്ലലാൽ തപിപ്പതുമാർത്തയായ് മരിപ്പതും.

3

"സ്നേഹഭാജനത്തെ ഞാൻ തേടിയീ മലകളും
വാഹിനീതടങ്ങളും സഞ്ചരിച്ചുഴന്നിടും;
പൂക്കളെ, വന്യമൃഗക്കൂട്ടത്തെ വിഗണിച്ചു
ശക്തരെ, സീമകളെയൊക്കെയും കടന്നുപോം."

സൃഷ്ടികളോട്:— 4

"സ്നേഹിതൻ നട്ട മരക്കൂട്ടമേ, വനങ്ങളേ,
ശോഭിത സൂനമെഴും പച്ചപ്പുൽവയൽകളേ,
നിങ്ങളീ മാർഗ്ഗേ വന്ന ദിവ്യനെ ദർശിച്ചുവോ?
നിങ്ങളെക്കടന്നങ്ങുന്നീവഴി ഗമിച്ചുവോ?"

സൃഷ്ടികൾ:— 5

"ആയിരം വരജാലം വിതച്ചുകൊണ്ടങ്ങുന്നീ—
യാരാമങ്ങളിലൂടെ സത്വരം കടന്നുപോയ്;
തൃക്കടാക്ഷത്താൽമാത്രം തന്നുടെ സൗന്ദര്യമീ—
വൃക്ഷവല്ലരികളിൽ നിക്ഷേപിച്ചുദാരമായ്."

വധു:— 6

"ആർക്കു സാധിക്കുമെന്നെ സ്വസ്ഥയാക്കുവാൻ? തന്നു—
തീർക്കുക നിഃശ്ശേഷം നിന്നർപ്പണം, ജീവേശ്വരാ!
ഇന്നുതൊട്ടൊരിക്കലും ദൂതരെ വിട്ടിടൊല്ലേ,
ചൊന്നിടാനവർക്കേതും സാധ്യമല്ലെൻവാഞ്ഛിതം.

7

"നിൻപരിജനക്കൂട്ടം മാമക കർണ്ണത്തിൽ നിൻ
മാൺപെഴും വൈശിഷ്ട്യങ്ങൾ ദിനവും വിക്ഷേ-
[പിപ്പൂ;
കൊന്നിടും മട്ടോരോന്നും മുറിവേല്പിക്കുന്നെന്നെ.
ഒന്നിനും കഴിവില്ല കൊഞ്ഞതിത്തുരയ്ക്കുവാൻ

8

"എങ്കിലുമായുസ്സേ, നീയെങ്ങനെ നിലനില്പൂ?
നിങ്കലില്ലല്ലോ നിനക്കാസ്പദം ജീവിക്കുവാൻ!
പ്രാണനാഥൻ തൻസ്മൃതി കരളിൽ തറയ്ക്കുന്ന
ബാണമോരോന്നും നിന്നെക്കൊല്ലുവാൻ മതിയല്ലോ.

9

"നായകാ, നീയെൻ കരൾ മുറിപ്പെടുത്തിട്ടെന്തേ
പോയതു തിരിച്ചെത്തി സൗഖ്യമാക്കാതീവണ്ണം?
നീയതു കവർന്നിട്ടു പിന്നെയെന്തുപേക്ഷിക്കാൻ?
ന്യായമോ കൊണ്ടുപോയ് നീ സൂക്ഷിച്ചുകൊള്ളാ—
ത്തതും?

10

"എന്നഴൽ ശമിപ്പിക്ക; മറ്റൊരാളില്ലല്ലോ നീ—
യെന്നിയെ, പ്രാണേശ്വരാ, തെല്ലൊരാശ്വാസം
നല്കാൻ;
എന്മിഴികൾക്കു നേരേയൊന്നു വന്നുദിക്കണേ,
ചിന്മയാ, തല്ലക്ഷ്യം നിൻ ദർശനം മാത്രമല്ലോ.

11

"തവസാന്നിദ്ധ്യം വെളിവാക്കിയാമഹോജ്ജ്വല—
പ്രഭതൻ ദൃശ്യത്തിനാലെന്നെ നീ വധിക്കുക;
പ്രേമമാം വ്യാധിക്കു, ഹാ! സ്നിഗ്ദ്ധമാമാകാരത്തിൻ
സാമീപ്യമൊന്നല്ലാതില്ലൗഷധ, മറിഞ്ഞാലും.

12

"സ്ഫടിക പ്രഭ പൂണ്ടു ലസിക്കും സ്രോതസ്വിനീ,
വടിവിൽത്തിളങ്ങും നിൻ രാജതപ്പരപ്പിന്മേൽ
അസ്ഫുടമോർത്തുള്ളിൽ ഞാനാശിക്കും നേത്രദ്വയം
വ്യക്തമാക്കുവാൻ വേഗമൊന്നു നീ കനിഞ്ഞെങ്കിൽ!

13

“അക്കൺകൾ തൻവീക്ഷണം പൊറുക്കാനാകാ, നാഥാ!
ചിക്കെന്നു തിരിച്ചാലും; പറക്കുമല്ലെങ്കിൽ ഞാൻ.”

വരൻ:—

“നില്ക്കുകെൻ കപോതികേ, വ്രണിതഹരിണം നി-
ന്നുദ്ഗതിക്കാറേററങ്ങാഗിരിമേൽ വിശ്രമിപ്പൂ!”

വധു:—

14

“മൽപ്രിയൻ ശൈലങ്ങളാം, ഭൂരുഹനിബിഡിത
നിർജ്ജനസാനുക്കളാം, വിദൂര ദ്വീപങ്ങളാം,
ആരവഘോഷം നരച്ചൊഴുകും നദികളാം,
പ്രേമകാരിയാം മൃദുമാരുത മന്ത്രങ്ങളാം,

15

“കാല്യമോടടുത്തിടും പ്രശാന്തരജനിയാം,
നീരവസംഗീതമാം, സാരവമരണ്യമാം,
സന്തതമുല്ലാസത്തിന്നുല്ക്കർഷമേററി പ്രേമം
പൊന്നുവാന്തററം നല്കും സമൃദ്ധവിരുന്നുമാം.

16

“ജംബുകങ്ങളെപ്പിടിച്ചൊക്കയും ഹനിക്ക നാം
മുന്തിരിത്തൊടിപ്പൂക്കൾ വിരിഞ്ഞുതുടങ്ങവേ;
പനിനീർസുമങ്ങളാലൊരു മഞ്ജരി നമ്മൾ
തനിയേ കൊരുക്കവേ മലമേൽ വരേണ്ടാരും.

17

“ഉത്തരാനിലാ, നില്ക്ക, ശൈത്യമൊന്നടക്കുക,
ദക്ഷിണാനിലാ, വരൂ, പ്രേമമുജ്ജ്വലിപ്പിക്ക;
വീശുകെൻതോട്ടത്തിൽ, നിൻ സൗരഭമൊഴുകട്ടെ,
പ്രേമഭാജനം പൂക്കൾക്കിടയിൽ മേഞ്ഞുകൊള്ളും.

18

“അമ്പർ തൻസൗരഭ്യത്താൽ പൂക്കളും നല്ല പനീർ-
ച്ചെമ്പകസുമങ്ങളുമഭിഷേചനം ചെയ്കേ,
യൂദയായക്ഷികളേ, പടിക്കൽ നില്പിൻ നിങ്ങൾ,
വാതിലിൽ സ്പർശിക്കുവാൻ തുനിഞ്ഞിടേണ്ട തെല്ലും.

19

“ ഒളിച്ചുകൊൾക, പ്രിയ, തിരിച്ചു തിരുമുഖ-
മിളമേലുയർന്നിടും മലകൾ വീക്ഷിക്കുക;
ഒന്നുമേയുരയ്ക്കേണ്ട; വിദൂരദ്വീപങ്ങളിൽ
ചെന്നിടുന്നവൾക്കെഴും പരിവാരവും പാർക്ക.”

വരൻ:—

20

“ചാപലഖഗങ്ങളേ, ഹരിക,ളേണങ്ങളേ,
മാമല,സാനുക്കളേ, തടിനീതടങ്ങളേ,
ജലമേ, വാതങ്ങളേ, ചണ്ഡമാം താപങ്ങളേ,
നിശതൻകാവൽസേനനിരയാം ഭയങ്ങളേ,

21

“മോഹന വിപഞ്ചിയാൽ, മോഹിനീഗാനങ്ങളാ-
ലാണയിട്ടഭേദ്യമായ് നിങ്ങളോടോതുന്നു ഞാൻ:
അരിശമടക്കുക, ചുവരിൽ സ്പർശിക്കായ്ക,
പ്രണയി ലയിക്കട്ടെ സുഷുപ്തിതന്നിൽ സുഖം.

22

“ആശപൂണ്ടന്വേഷിച്ച രമ്യമാമാരാമത്തി-
ലാഗമിച്ചിതാ മോദമാര്യയാം വധൂരത്നം;
ഹൃദ്യമായ് ശയിപ്പൂതേ തൻഗളമണച്ചങ്ങേ
സ്നിഗ്ദ്ധപാണികൾ തന്മേലാനന്ദവിലോലയായ്.

23

“ആതവൃക്ഷത്തിൻ നല്ല ശീതളച്ഛായ തന്നിൽ,
കാതലേ, നിനക്കു ഞാൻ പാണി തന്നച്ചാരമായ്;
അന്നു നിൻജനിത്രിയാളങ്ങധഃപതിച്ചപോ-
ലിന്നു രക്ഷയും നിനക്കസ്ഥലത്തുളവായി.”

വധു:—

24

“സിംഹഗഹ്വരങ്ങളാലാവൃതം, രാജധൂമ്ര-
കൗശവസ്ത്രാലംകൃതം, ശാന്തിയാൽ സുനിർമ്മിതം,
ആയിരം ഹേമചർമ്മമൗലിയാൽ സം ചൂഡിതം,
നായകാ, നമുക്കെഴും പുഷ്പഭ്രഷ്തം തല്പം.

25

“ചാരുതയേറും തവ പാദമുദ്രകൾ നോക്കി-
ത്താരുണ്യത്തിടമ്പുകളോടുന്നു നിരന്തരം
അഗ്നിതൻ സ്ഫുലിംഗത്താൽ, സുഗന്ധവീഞ്ഞാലവ-
രുദ്ദാമിപ്പിക്കുന്നെങ്ങും ദിവ്യമാമഭ്യഞ്ജനം.

26

“എൻപ്രിയൻതന്നുള്ളിലെ വീഞ്ഞാ തന്നിൽനിന്നു-
മിമ്പമായ് രസം നുകന്നാനന്ദലീനയായ്ഞാൻ;
പിന്നെ മൈതാനത്തേയ്ക്കു വന്നിട്ടുകണ്ടില്ലൊന്നും,
ഒന്നൊഴിയാതെ,നാട്ടിൻപററവുമകന്നു പോയ്.

27

“മാറെനിക്കെൻപ്രേമദൻ നൽകി വിശ്രമത്തിനായ്,
മാധുരിയേറും ദിവ്യശാസ്ത്രവും പഠിപ്പിച്ചു;
സംവൃതിയെന്ന്യേ ഞാനർപ്പണം ചെയ്തു സ്വയം
സമ്മതമേകിയങ്ങേ വധുവായിരിക്കുവാൻ.

28

“ദേഹിയും സർവസ്വവും സേവനനിരതമായ്,
പോകുകില്ലിനിമേൽ ഞാൻ മേയ്ക്കുവാൻ മേഷങ്ങളെ;
മറെറാരു കർത്തവ്യവുമില്ല മേ നിറവേററാൻ,
മുററുമെൻ ധർമ്മം ഭുവിൽ സ്നേഹമേ, സ്നേഹം മാത്രം.

29

“ഇന്നുതൊട്ടെന്നെ നാട്ടുമൈതാനിതന്നിലാരും
കാണ്മതില്ലെങ്കിൽ ചൊൽക, നഷ്ടയായ്ത്തീർന്നു [ഞാൻ;
പ്രേമബദ്ധയായ്മാർഗ്ഗം തെററി ഞാൻ ചരിച്ചെന്നും
പ്രേമഭാജനത്തിന്നോ നേട്ടമായ്ഭവിച്ചെന്നും

30

“നൽക്കുളുർവിഭാതത്തിൽ ശേഖരിച്ചൊരുക്കിയ
പൂക്കളും ഹരിന്മണി രത്നവുംകൊണ്ടു, നാഥാ!
തീർത്തിടാം നമുക്കൊരു മാല്യമെൻമുടിനാരിൽ
കോർത്തു; നിൻ സ്നേഹമല്ലോ പുഷ്പിച്ചതിവയെല്ലാം.

31

“എൻഗളേ ചലിച്ചുള്ളൊരാമുടിനാരാൽ മാത്രം
മംഗളം,നിന്നക്ഷികൾക്കുത്സവമേറിടവേ
താവക ഹൃദന്തരം ബദ്ധമായതിനാലെ;
മാമക മിഴിയൊന്നാൽ മുറിവുമേററു ഭവാൻ.

32

“തൃക്കടാക്ഷത്താൽ, സ്വാമിൻ! നിന്റെ കണ്ണുകളെ-
ച്ചേർക്കയായവയിലെ ബ്ഭദ്രമാം പ്രസാദങ്ങൾ; [ന്നിൽ
ആയവമൂലം പാരം പ്രേമിച്ചു ഭവാനെന്നെ,
എന്മിഴികളുമർഹിച്ചങ്ങയെയാരാധിക്കാൻ.

33

“ശ്യാമയെന്നെന്നെ മേലിൽ നിന്ദിച്ചു ത്യജിക്കൊല്ലേ,
പ്രേമമേ, ഞാൻ ധന്യയായ് നിന്റെതൃക്കടാക്ഷത്താൽ;
കൃപയും സൗന്ദര്യവുമെന്നിൽ നീ ചൊരിഞ്ഞതു
മുതലെൻ ഭാവാദികൾ നിനിക്കു രമ്യമല്ലോ.”

വരൻ:— 34

“മുഗ്ദ്ധയാം കപോതിക സൈത്തുശാഖയും ചുണ്ടിൽ
കൊത്തിവന്നണഞ്ഞിതാ പേടകംതന്നിൽ ഭദ്രം;
ക്ലേശമാർന്നന്വേഷിച്ചോരിണയെച്ചെങ്ങാലിയു–
മാശപോൽപ്രാപിച്ചിതാ ഹരിതകൂലങ്ങളിൽ.

35

“വിവിക്തദേശത്തുതാനവളെന്നുമേ വാണു,
വിവിക്ത നിവാസത്തിൽ ചമച്ചു തൻനീഡവും,
വിവിക്തയാൾക്കു കാന്തൻ മാത്രമേ നിയന്താവും,
വിവിക്ത തലത്തല്ലോ മുറിവേററതുമവൻ.”

വധു:— 36

ആനന്ദിച്ചിടാം നമുക്കാത്മനായകാ! മേന്മേൽ,
പീനമാം നിൻജ്യോതിസ്സിൽ നമ്മെ നാം ദർശിക്കുക;
നിർമ്മലജലമൂറും ശൈലവും കുന്നും കേറി
നമ്മളങ്ങെത്തീടുക കാനനഹൃദന്തത്തിൽ.

37

“പാറതൻ പിളർപ്പിലുണ്ടഗാധകുഹരങ്ങ-
ളേറിടാമങ്ങു ചെമ്മെയാരുമേ ദർശിക്കാതെ,
മാദകമധുരമാം മാതളമദ്യമുണ്ടു
മോദമാർന്നവതന്നിൽ വാണിടാം നമുക്കൊപ്പം.

38

“അസ്ഥലത്തങ്ങുന്നെന്റെ ലാലസാസ്പദമേററം
വ്യക്തമായ്പ്രകാശിപ്പിച്ചക്ഷിഗോചരമാക്കും;
അവിടെ,യെൻജീവനേ, നീയെനിക്കുടൻ നൽകും
മറുനാളെനിക്കങ്ങുന്നരുളിയുള്ളോ‘രത്നം’.

39

“മാരുതനിശ്വസനം മസൃണമുജ്ജീവകം,
മാധുര്യമനോഹരം രാക്കുയിൽ പാടും ഗാനം.”
ശാന്തമാം നിശതന്നിൽ ശോഭിതം തരുജാലം,
നൊന്തിടാതെരിയിക്കും ജ്വാലയും സുമോഹനം.”

40

“ജാതമാമന്നിർവൃതി കണ്ടതില്ലാരും ഭാഗ്യം!
ഭൂതവുമണഞ്ഞില്ല, രോധമോ നിലച്ചുപോയ്;
അശ്വസേനകൾ കൗതുഹലം പൂണ്ടൊവൻജല–
ദർശനാകാംക്ഷാഭരമിറങ്ങിവന്നു, ശുഭം!”

(138-ാം പേജിന്റെ തുടർച്ച)

1790–ൽ ഫാ. പൗളീനോസ് മിഷ്യൻ സെമിനാരിയിലെ പൗരസ്ത്യഭാഷാ പ്രൊഫസറായിട്ടും 1797_ൽ മിഷ്യൻ പ്രൊക്കറേറററായിട്ടും നിയമിതനായി. 1798-ൽ ഫ്രഞ്ചുപട്ടാളം റോമാനഗരം കീഴടക്കിയപ്പോൾ അദ്ദേഹം പാദുവായിലേക്ക തന്റെ താമസം മാററി. അവിടെ പബ്ളിക്ക ലൈബ്രറിയുടെ ഭരണം അദ്ദേഹം കൈയേൽക്കേണ്ടിവന്നു. എന്നാൽ, രണ്ടു കൊല്ലത്തിനുശേഷം ഫാ. പൗളീനോസ് റോമിലേക്ക തിരിച്ചുപോകുകയും, ഫ്രഞ്ചു പടയാളികൾ നശിപ്പിച്ച മിഷ്യൻ സെമിനാരി പുനഃസ്ഥാപിക്കുകയും ചെയ്തു.

1803, മാർച്ചു് 24-ാം തിയതി ഈ വന്ദ്യ മിഷ്യനറിവൈദികൻ പ്രൊപ്പഗാന്ത സെമിനാരിയുടെ പ്രീഫെക്ടായിട്ടും, അതേവർഷംതന്നെ, ജൂലൈമാസം 22-ാം തിയതി കർമ്മലീത്താ മിഷ്യൻ സെമിനാരിയുടെ റെക്ടർ ആയിട്ടും നിയമിതനായി. കൂടാതെ ചില തിരുസ്സംഘങ്ങളുടെ ആലോചനക്കാരനായും പല വിദ്വൽ പരിഷത്തുകളുടേയും അംഗമായും അദ്ദേഹം സ്തുത്യർഹമായ സേവനം നിർവഹിച്ചിട്ടുണ്ടു്.

അവിചാരിതമായവിധം ന്യുമോണിയാരോഗത്തിനു വിധേയനായിത്തീന്ന പൗളീനോസച്ചൻ 1806, ഫെബ്രുവരി 7-ാം തിയതി റോമിൽ ലഃസ്ലാളാ എന്ന പേരിൽ അറിയപ്പെടുന്ന കർമ്മലീത്താ ആശ്രമത്തിൽവച്ചു് ദിവംഗതനായി.

ഫാ. പൗളീനോസ് ഇന്ത്യൻ ഭാഷകളേയും പുരാണങ്ങളേയും തത്വശാസ്ത്രങ്ങളേയും ജനങ്ങളേയും മററനേക കാര്യങ്ങളേയും പരാമർശിച്ചു് പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടു്. അവയിൽ 28 എണ്ണം ഇന്നുവരെ അച്ചടിച്ചു് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പ്രസിദ്ധപ്പെടുത്താതെ 57 ഗ്രന്ഥങ്ങൾ റോമിലുള്ള വിവിധ ലൈബ്രറികളിലായി സൂക്ഷിക്കപ്പെടുന്നുമുണ്ടു്.

അവയിൽ പ്രധാനപ്പെട്ട ചില ഗ്രന്ഥങ്ങളുടെ മാത്രം പേരു് ഇവിടെ നല്കാമെന്നു വിചാരിക്കുന്നു.

1) സിദ്ധരൂപം. അഥവാ സംസ്കൃതവ്യാകരണം. ഈ ഗ്രന്ഥത്തിൽ സംസ്കൃതഭാഷയുടെ ഉൽഭവം, പൗരാണികത്വം, മാഹാത്മ്യം മുതലായവയെപ്പററി ഗ്രന്ഥകാരൻ വിദഗ്ദ്ധമായവിധം പ്രതിപാദിച്ചിട്ടുണ്ടു്. ഇതു് 1790–ൽ റോമിൽ പ്രൊപ്പഗാന്ത അച്ചുകൂടത്തിൽനിന്നു പ്രസിദ്ധീകൃതമായി.

2) Systema Bhramanicum Liturgicum Mythologicum, Civile.........

ബ്രാഹ്മണ മതത്തിന്റെ ക്രമങ്ങൾ ആചാരങ്ങൾ പുരാണങ്ങൾ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചാണു് ഇതിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഇതു് റോമിൽ, അന്തോനി ഫുൾഗോണിയസിന്റെ അച്ചുകൂടത്തിൽ 1791–ൽ അച്ചടിക്കപ്പെട്ടു.

3. Alphabeta Indica-Sanscradamico- Malabaricum.

സംസ്കൃത–മലയാള അക്ഷരമാല.

റോമിൽ പ്രോപ്പഗാന്തയുടെ അച്ചുകൂടത്തിൽനിന്നു് 1791-ൽ പ്രസിദ്ധീകൃതമായി.

4. India Orientalis Christiana.

ഇന്ത്യയിലെ ക്രൈസ്തവസഭയുടെ സമഗ്രമായ ഒരു ചരിത്രം റോമിൽ, സലമാരിയൻ അച്ചുകൂടത്തിൽനിന്നു 1794–ൽ പ്രസിദ്ധീകൃതമായി.

5. Viaggto alle Indie Orientali.

ഇന്ത്യയിലേയ്ക്കുള്ള ഫാ. പൗളീനോസിന്റെ യാത്രയേയും അവിടത്തെ അദ്ദേഹത്തിന്റെ താമസത്തേയും പരാമർശിച്ചുള്ള ഒരു വിശിഷ്ടഗ്രന്ഥം. റോമിൽ, അന്തോണി ഫുൾഗോണിയസിന്റെ അച്ചുകൂടത്തിൽനിന്നു 1796-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഈ ഗ്രന്ഥം 1798–ൽ ജമ്മൻഭാഷയിലേക്കും, 1800-ൽ ഇൻഗ്ലീഷിലേക്കും, 1808–ൽ ഫ്രെഞ്ചിലേക്കും വിവത്തനം ചെയ്യപ്പെടുകയുണ്ടായി.

6. Amara Simha (അമരസിംഹാ)

ലത്തീനിലും മലയാളത്തിലും വാക്കുകൾ കൊടുത്തിട്ടുണ്ടു്. Vocabularium Brahmanicum, ബ്രാഹ്മണ ആകാരാദി, എന്നാണ് ഗ്രന്ഥകാരൻ ഇതിനെ വിശേഷിപ്പിക്കുന്നതു്.

1798–ൽ റോമിലുള്ള അന്തോനി ഫുൾഗോണിയസിന്റെ അച്ചുകൂടത്തിൽനിന്നു് പ്രസദ്ധീകൃതമായി.

അച്ചടിക്കപ്പെടാത്ത ചില ഗ്രന്ഥങ്ങൾ

1. Dictionarium Latino- Malabarico-Samscradamicum.

ലത്തീൻ–മലയാള–സംസ്കൃത ആകാരാദി.

# നവീകൃത കർമ്മേലാരാമത്തിലെ സുരഭിലസൂനം

(Rt. Rev. Mgr. P. Kackacherry, Ph. D; D. D;)

"അവക്കു ജീവൻ സുലഭമായുണ്ടാകുന്നതിനുവേണ്ടിയത്രെ ഞാൻ വന്നിട്ടുള്ളതു്." ഈശോനാഥൻ സ്വന്തം മൌതിക വധുവായ തിരുസഭയെ സ്ഥാപിച്ചതു അവിടത്തെ ദിവ്യ ജീവനെ ഭൂവാസികളേവക്കും സമൃദ്ധിയായി പ്രദാനം ചെയ്തുകൊണ്ടിരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണു്. കത്തോലിക്കാസഭയാകട്ടെ തൻെറ ആത്മനാഥനോടുള്ള ഉജ്ജ്വലവും നിസ്വാത്ഥവുമായ സ്നേഹത്താൽ പ്രേരിതയായി കാലോചിതമായ പ്രേഷിത പരിപാടികളാൽ പ്രസ്തുത ദൌത്യം യുഗയുഗാന്തരങ്ങളായി സവിജയം നിവ്വഹിച്ചുവരികയും ചെയ്യുന്നു.

ലോകപരിത്രാതാവിൻെറ രക്ഷണീയ കമ്മത്തെ അഭംഗം തുടൎന്നുകൊണ്ടുപോകുന്നതിൽ തിരുസഭയ്ക്കു എന്നും എവിടേയും താങ്ങും തണലുമായിരുന്നിട്ടുള്ളതു് സന്യാസസഭകളാണു. ആദ്യ നൂററാണ്ടുകളിലെ വനവാസികളായ തപോധനരിൽ നിന്നാണല്ലൊ സന്യാസജീവിതസമ്പ്രദായം ഉടലെടുത്തതു്. ഇന്നോളം സത്യസഭാന്തരീക്ഷത്തിൽ വളൎന്നുയരുകയും പടൎന്നു പന്തലിക്കയും ചെയ്തിട്ടുള്ള സന്യാസസഭകൾ അസംഖ്യമാണു. ഭാവിയിലും പുതിയപുതിയ സന്യാസസമൂഹങ്ങൾ പിറവിയെടുത്തുകൊണ്ടിരിക്കയും ചെയ്യും. ഈശ്വരസ്നേഹത്തേയും സഹോദരസ്നേഹത്തേയും മുൻനിറുത്തിയുള്ള പ്രാത്ഥനാനിരതതയുടേയും സ്വയപരിത്യാഗത്തിൻേറയും ആശാനിഗ്രഹത്തിൻേറയും പരസേവനത്തിൻേറയും മകുടോദാഹരണങ്ങളാണല്ലൊ സന്യാസസഭകൾ. ഏതാദൃശസന്യാസസംഘങ്ങളുടെ നിർല്ലോഭമായ ഉത്ഭവവും വിസ്മയാവഹമായ വളർച്ചയും തിരുസഭയിൽ കുടികൊള്ളുന്ന ദിവ്യചൈതന്യത്തിൻെറ പ്രത്യക്ഷലക്ഷണങ്ങളായി പരിഗണിക്കാം. സന്യാസസഭകളെ ക്രൈസ്തവസഭയുടെ "ആദ്ധ്യാത്മശക്തിശാലകളായി" സങ്കല്പിക്കുന്നതിലും അസാംഗത്യമില്ല. സഭാജീവിതത്തെ ഉത്തരോത്തരം ധന്യമാക്കുന്നതിലും പുഷ്ടിപ്പെടുത്തുന്നതിലും, തൽപ്രേഷിത പ്രവർത്തനങ്ങളെ വിപുലീകരിക്കുന്നതിലും ഫലസമൃദ്ധമാക്കുന്നതിലും, ആശ്രമഭിത്തികൾക്കുള്ളിൽ അജ്ഞാതഹോമബലികളായി ജീവിതം നയിക്കുന്ന പരസഹസ്രം സന്യാസിനീസന്യാസികളുടെ നിരന്തരപ്രാത്ഥനകളും ഉഗ്രതമമായ തപശ്ചയ്യകളും വീരോചിതമായ ഇന്ദ്രിയനിഗ്രഹങ്ങളും സ്നേഹാത്മകമായ സഹനങ്ങളും എത്ര മഹത്തരമായ സേവനവും സഹായവുമാണരുളിക്കൊണ്ടിരിക്കുന്നതെന്നു വിശ്വാസത്തിൻെറ കണ്ണുകൾ തുറന്നു്പിടിച്ചിരിക്കുന്നവക്കു നോക്കിക്കാണുവാൻ പ്രയാസമില്ല.

---

2. De Sex Divinis Attributis

ദൈവത്തിൻെറ ആറു ലക്ഷണങ്ങളെക്കുറിച്ചു് ഒരു പദ്യഗ്രന്ഥം. ദൈവത്തെസംബന്ധിച്ചു് തിരുവനന്തപുരം രാജകൊട്ടാരത്തിലെ ബ്രാഹ്മണരുടെ അന്ധവിശ്വാസങ്ങൾ അകററുന്നതിനുവേണ്ടി എഴുതപ്പെട്ടതു്.

3. Vita Sanctae Teresiae, Virginis

അമ്മത്രേസ്യായുടെ ജീവചരിത്രം, പദ്യഗ്രന്ഥം.

ഈ പദ്യഗ്രന്ഥം പുസ്തകരൂപേണ അച്ചടിക്കപ്പെട്ടിട്ടില്ലെങ്കിലും, ഇതിലെ പദ്യങ്ങൾ കാമ്മേൽ മാസികയുടെ മുൻ ലക്കങ്ങളിൽ ഖണ്ഡശ; പ്രസിദ്ധീകരിച്ചിട്ടുണ്ടു്. * ഇതിൻെറ അവസാനവരികൾ ഉദ്ധരിച്ചുകൊണ്ടു് അമ്മത്രേസ്യായുടെ വിശിഷ്ട പുത്രനായ ഫാ. പൌളിനോസിനെ സംബന്ധിച്ച ഈ ലേഖനം സമാപിക്കാം.

എത്രയുംശുഭബാലെ! കരുണാകരി,കന്യേ!
ത്രേസിയേ, പങ്കംനീക്കി ഗുണമേററുക നാഥേ!
വേദാത്ഥവിനാശനം വരുത്തും രിപുക്കളെ
വേദിതഗുണശീലെ! അമത്തിക്കൊള്ളണമെ.
സാധുത്വം ദാനശീലം, സുജ്ഞാനം ദൈവഭീതി,
ചാരുസ്വഭാവം,മോക്ഷേ സുഖിക്കുവാൻപ്രയത്നം,
നിനക്കുണ്ടായശുദ്ധി, സവ്വേശസേവാപ്രീതി
നമുക്കും നൽകീടണം, ശുഭാക്തകന്യാമൌലി.

---

* കാമ്മേൽ 1959 ലക്കം 4, 1960 ലക്കം 1, 3, 4

സെയിഗോണിലെ ഗവർണ്ണരോടു കൊച്ചിൻ ചൈനയിലെ ഒരു മെത്രാൻ ഇങ്ങനെ പറയുകയുണ്ടായി: "പത്തു കർമ്മലീത്താകന്യാസ്ത്രീകൾ ഇരുപതു പ്രഭാഷണപടുക്കളായ പുരോഹിതന്മാരേക്കാൾ ഉപരിയായി എനിയ്ക്കു സഹായം ചെയ്യും." തിരുസഭയുടെ ഉയർച്ചയും താഴ്ചയും, സന്യാസജീവിതത്തിൻെറ വളർച്ചയും തളർച്ചയും തമ്മിൽ അഭേദ്യബന്ധമുണ്ടെന്ന ഒരു സഭാചരിത്രപണ്ഡിതൻ പ്രസ്താവിച്ചിരിക്കുന്നതു അർത്ഥഗർഭവും യുക്തിയുക്തവുമാണു.

എന്നാൽ ബാഹ്യമായ ബദ്ധപ്പാടുകളിലും പ്രവർത്തനബഹളങ്ങളിലും മുഴുകികഴിയുന്നവർക്കു്, ആശ്രമങ്ങളിൽ പ്രാർത്ഥനയിലും പ്രായശ്ചിത്തപരിപാടികളിലും വ്യാപൃതരായി ജീവിതകാലം കഴിച്ചുകൂട്ടുന്നവർ തങ്ങളുടെ സമയവും കഴിവുകളും പാഴാക്കിക്കളയുന്നതായി തോന്നിയേക്കാം. അത്തരം ആക്ഷേപം ആദ്യം മുതൽക്കേ പുറപ്പെട്ടിട്ടുള്ളതാണു; ഇന്നും പല സങ്കേതങ്ങളിലും മുഴങ്ങിക്കേൾക്കുന്നതുമാണു. ആത്മരക്ഷാപ്രവർത്തനങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാനപരമായ ഒരു തത്വത്തെക്കുറിച്ചുള്ള ഭീമമായ അജ്ഞതയിൽനിന്നാണു ഇത്തരം നിരർത്ഥകമായ വിമർശനമുയരുന്നതു.

ആത്മരക്ഷാ സർവ്വോപരി ദൈവികമായൊരു പ്രക്രിയയാണു. ആത്മാർത്ഥവും അഗാധവുമായ ആഭ്യന്തരജീവിതനിഷ്ഠയാൽ ദൈവവുമായി ഗാഢമായ ഐക്യം പുലർത്തുന്നവർക്കുമാത്രമേ ആത്മപരിത്രാണനമണ്ഡലങ്ങളിൽ ഫലയുക്തമായി എന്തെങ്കിലും പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. ദിവ്യനാഥൻ കല്പിച്ചരുളീട്ടുള്ള മുന്തിരിച്ചെടിയുടെ ഉപമ സുവിശേഷപ്രസിദ്ധമാണല്ലോ. സുവിശേഷോപദേശമനുസരിച്ചുള്ള വ്രതാനുഷ്ഠാനം, ജപതപാദികൾ, ആശയടക്കം, ആത്മനിയന്ത്രണം, ക്ലേശാനുഭവം ആദിയായ ആദ്ധ്യാത്മോപാധികൾവഴി ഒരു ആത്മാവു ഈശോനാഥനോടു എത്ര ഗാഢമായി ബന്ധപ്പെടുകയും ഒന്നിച്ചുചേരുകയും ചെയ്യുന്നുവോ അത്ര കണ്ടുമാത്രമേ ആ ആത്മാവിനു്, മിശിഹായുടെ മൗതികശരീരത്തെ പരിപോഷിപ്പിക്കുന്നതിലും വികസിപ്പിക്കുന്നതിലും കാര്യക്ഷമമായ പങ്കുവഹിക്കുവാനുള്ള കഴിവും കരുത്തും കൈവരികയുള്ളൂ.

ആദ്ധ്യാത്മശാസ്ത്രത്തിലെ മൗലികപ്രാധാന്യമുള്ള ഈ വസ്തുതയെ വി. അമ്മത്രേസ്യാ പുണ്യവതി ഈശ്വരനിവേശിതമായി തെളിവോടും വെളിവോടുംകൂടി കണ്ടറിഞ്ഞു. തന്നിമിത്തമാണു അക്കാലത്തു അനുഷ്ഠിച്ചുവന്നിരുന്ന മയപ്പെടുത്തപ്പെട്ട കർമ്മലീത്താസന്യാസജീവിതരീതിയിൽ അവൾ അതീവം അതൃപ്തയായി ഭവിച്ചതു; അതിൻെറ ആദ്യ കാല കാർക്കശ്യവും പരിശുദ്ധിയും പുനരുദ്ധരിക്കുവാനും പുനഃസ്ഥാപിക്കുവാനും ആയിരുന്നു അവൾ ധീരോദാത്തമായ ദൃഢനിശ്ചയത്തോടും അചഞ്ചലമായ കർമ്മകുശലതയോടുംകൂടി ഒരു നവീകരണസംരംഭത്തിൽ ഏർപ്പെട്ടതു്. ഇക്കഴിഞ്ഞ ആഗസ്റ്റ് 24—ാംനു-യായിരുന്നു, ചരിത്രപ്രസിദ്ധവും വിപ്ളവാത്മകവുമായ പ്രസ്തുത സഭാനവീകരണപ്രസ്ഥാനത്തിൻെറ നാലാം ശതാബ്ദപൂർത്തിയാഘോഷം.

നവീകൃതമായ കർമ്മലാരാമത്തിൽ മൂന്നു നൂററാണ്ടുകൾക്കുശേഷം വിനീതമായൊരു ചെറുസൂനം മുളച്ചുയരുകയും വിടർന്നുല്ലസിക്കയും ചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽ അതു വാടിക്കൊഴിഞ്ഞുവീണു മണ്ണടിഞ്ഞുപോയി. എന്നാൽ ഏറെനാൾ കഴിയേണ്ടിവന്നില്ല, ആ ആദ്ധ്യാത്മകുസുമത്തിൻെറ നിരതിശയമായ സ്വർഗ്ഗീയ പരിമളധോരണി ഭൂമുഖത്താസകലം പ്രളയകാലത്തെ ജലപ്രവാഹം കണക്കെ പരന്നെത്തുവാൻ. സഭാവാസികളെ മാത്രമല്ല, പുറത്തുള്ളവരേപ്പോലും പ്രസ്തുത പ്രതിഭാസം അത്ഭുതസ്തബ്ധരാക്കിതീർത്തു. "ചെറുപുഷ്പം" ആവിഷ്കരിച്ചുദാഹരിച്ച "ആദ്ധ്യാത്മകുറുക്കുവഴി'' തിരുസഭയിലാസകലം ആത്മീയമായൊരു നവോത്ഥാനംതന്നെ സംജാതമാക്കി.

വി. കൊച്ചുത്രേസ്യാ ഒമ്പതുവർഷംമാത്രമേ നവീകൃത കർമ്മലീത്താമഠത്തിനുള്ളിൽ കഴിച്ചുകൂട്ടിയുള്ളൂ. എങ്കിലും ഹ്രസ്വമായ ആ കാലയളവിൽ, വി ത്രേസ്യാ പുണ്യവതി വി. യോഹന്നാൻക്രൂസ് പുണ്യവാൻെറ സമർത്ഥമായ സഹായസഹകരണങ്ങളോടെ പരിഷ്കരിച്ച കർമ്മലീത്താസന്യാസ ജീവിതമൂ തദംഗങ്ങളെ വ്യക്തിപരമായ പുണ്യപരിപൂർണ്ണതയുടെ ഉത്തുംഗശൃംഗത്തിലേക്കുയർത്തുവാനും, തിരുസഭയെ ആദ്ധ്യാത്മാഭിവൃദ്ധിയുടെ അങ്കണത്തിലേക്കാനയിക്കുവാനും, പ്രേഷിതരംഗങ്ങളെ കർമ്മോത്സുകമാക്കുവാനും, പ്രേഷിതചൈതന്യം സർവ്വത്ര ഉത്തേജിപ്പിക്കുവാനും, പ്രേഷിതപ്രയത്നങ്ങളെ ഫലഭൂയിഷ്ഠമാക്കുവാനും സർവ്വഥാ പ്രയോഗക്ഷമവും പര്യാപ്തവുമാണെന്നു ലിസ്യൂവിലെ ആ തപസ്വിനി ഉച്ചൈസ്തരം ഉൽഘോഷിച്ചു. പ്രേഷിതപ്രവരനായ സെൻറ്ഫ്രാൻസീസ് സേവിയറിനോ

ടൊപ്പം വിശുദ്ധ മിഷ്യനകളുടെ സഹമദ്ധ്യസ്ഥയായി വി. കൊച്ചുത്രേസ്യായെ സാദരം അവരോധിച്ചുകൊണ്ടു തൈലൈഹികസിംഹാസനം പ്രസ്തുത യാഥാർത്ഥ്യം ഔദ്യോഗികമായി അംഗീകരിക്കുയും ലോകസമക്ഷം പ്രഖ്യാപിക്കുയും ചെയ്തു.

എന്താണിതിന്റെ മഹാ രഹസ്യം? ആഭ്യന്തര ജീവിതത്തിന്റേയും തജ്ജന്യമായ പുണ്യപരിപൂർണ്ണതയുടേയും അടിത്തറയും ഭിത്തികളും മേൽപ്പുരയുമെല്ലാം സമഗ്രമായി എന്തിലാണടങ്ങിയിരിക്കുന്നതെന്നു വ്യക്തമായി ഗ്രഹിക്കുവാനുള്ള അസുലഭമായ അനുഗ്രഹം ദിവ്യനാഥൻ ആ പാവനചരിതയ്ക്കു ഇളംപ്രായത്തിൽ തന്നെ നല്കിയാദരിക്കുവാൻ സദയം കനിഞ്ഞരുളി. ത്രിതൈകസർവ്വേശ്വരനോടും ക്രിസ്തുനാഥനോടുമുള്ള ഉൾത്തടം തിങ്ങിക്കവിയുന്ന അതിനിർമ്മലവും അതീവോജ്ജ്വലവുമായ സ്നേഹം; പരിശുദ്ധതമമായ പ്രസ്തുത സ്നേഹത്തിൽനിന്നു അനിർവാര്യമായി ഉയർകൊള്ളുന്ന മതിവരാത്തതും കർമ്മോദ്യുക്തവുമായ ആത്മരക്ഷാദാഹം. അതായിരുന്നു കർമ്മലസഭയിൽ പ്രവേശിക്കുന്നതിലും അതിൽ ജീവിതകാലം മുഴുവനും സ്നേഹത്തിന്റെ ദഹനബലിയായി ആത്മാർപ്പണം ചെയ്യുന്നതിലും അവൾക്കുണ്ടായിരുന്ന പരമാദർശം.

വി. കൊച്ചുത്രേസ്യാ ആത്മകഥയിൽ തന്റെ ഹൃദയാഭിലാഷം വിവരിച്ചിരിക്കുന്നതിങ്ങനെയാണ്: "ഓ ഈശോ, അങ്ങേ മണവാട്ടിയാകുക, കർമ്മലസഭയുടെ അംഗമാകുക, അങ്ങേ സമാഗമത്താൽ ആത്മാക്കളുടെ അമ്മയാകുക---ഇവയെല്ലാം എനിക്കു മതിയാകുമായിരുന്നു. എന്നാൽ അങ്ങനെയല്ല. യോദ്ധാവിന്റേയും പ്രേഷിതന്റേയും വേദപാരംഗതന്റേയും രക്തസാക്ഷിയുടേയും ദൈവവിളി എനിക്കനുഭവപ്പെടുന്നുണ്ടു്. ധീരധീരങ്ങളായ സകല മഹൽകൃത്യങ്ങളും, ഈശോ, അങ്ങേയ്ക്കുവേണ്ടി നിർവ്വഹിക്കുവാനുള്ള പ്രചോദനവും എനിക്കുണ്ടു്. കുരിശുയോദ്ധാവിന്റേയും പേപ്പൽ സൈനികന്റേയും ധൈര്യം എന്റെ ആത്മാവിലുണ്ടു്. തിരുസഭയുടെ സംരക്ഷണത്തിനുവേണ്ടി പോർക്കളത്തിൽ മരിക്കുവാനും ഞാൻ തയ്യാറാണ്" (സ്വ. ച.)

ലിസ്യൂമഠത്തിന്റെ ഉയന്ന ഭിത്തികൾക്കുള്ളിൽ പുറംലോകത്തിന്നജ്ഞാതയായി കഴിഞ്ഞുകൂടുന്ന രോഗിണിയായൊരു യുവപരിത്യാഗിനി—ഇത്തരം ആഴമറിയാത്തതും അളവററതുമായ ഉച്ചാഭിലാഷങ്ങൾ നിർവ്വഹിപ്പാൻ എങ്ങനെ അവൾ പ്രാപ്തയാകും? വി. അമ്മത്രേസ്യായെപ്പോലെ വി. കൊച്ചുത്രേസ്യായും അതിനുള്ള എളുപ്പമാർഗ്ഗം കണ്ടെത്തി, സ്വയംകൃതചരിത്രത്തിൽ അവൾതന്നെ സഹജമായ സരളരീതിയിൽ പറയുന്നതു നോക്കുക: "തിരുസ്സഭയെന്ന മൗതികശരീരത്തെക്കുറിച്ചു ഞാൻ ചിന്തിച്ചപ്പോൾ വി. പൗലോസ് വിവരിക്കുന്ന അവയവങ്ങളുടെ ഇടയിൽ എനിക്കു സ്ഥാനമില്ലെന്നു ബോദ്ധ്യമായി. അഥവാ വാസ്തവത്തിൽ എല്ലാത്തിലും എനിക്കു സ്ഥാനം വേണമെന്നു് ഞാൻ ആഗ്രഹിച്ചു. എന്റെ ദൈവവിളിയുടെ സാരാംശം സ്നേഹമാണെന്നു് എനിക്കു മനസ്സിലായി തിരുസ്സഭ വിവിധ അവയവങ്ങളുള്ള ഒരു ശരീരമാണെങ്കിൽ എല്ലാററിലും ആവശ്യമുള്ളതും എല്ലാററിലും വിശിഷ്ടവുമായ ഒരവയവം അതിനു ഇല്ലാതിരിക്കുവാൻ നിവൃത്തിയില്ലെന്ന നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നു ആകയാൽ തിരുസ്സഭയ്ക്കു ഒരു ഹൃദയമുണ്ടെന്നും, ആ ഹൃദയം സ്നേഹത്താൽ എരിയുന്നതാണെന്നും, ഞാൻ തീരുമാനിച്ചു. തിരുസ്സഭയുടെ അവയവങ്ങളെ പ്രവത്തനോന്മുഖമാക്കുന്നതു സ്നേഹം മാത്രമാണെന്നും, സ്നേഹം അണഞ്ഞുപോയാൽ ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കയില്ലെന്നും, വേദസാക്ഷികൾ രക്തം ചിന്താൻ വിസമ്മതിക്കുമെന്നും എനിക്കു ബോദ്ധ്യമായി. സ്നേഹം സകല ദൈവവിളികളേയും ഉൾക്കൊള്ളുന്നുവെന്നും, സ്നേഹം സമസ്തവുമാണെന്നും, അതു സകല കാലങ്ങളേയും സകല ദേശങ്ങളേയും ആശ്ലേഷിക്കുന്നുവെന്നും, ഒററവാക്കിൽ പറയുകയാണെങ്കിൽ അതു സത്യമാണെന്നും എനിക്കു വ്യക്തമായി. എന്റെ അമ്മയായ തിരുസ്സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും. അങ്ങനെ ഞാൻ എല്ലാമായിത്തീരും. അങ്ങനെ എന്റെ ആദർശം നിറവേറുകയും ചെയ്യും."

വി. അമ്മത്രേസ്യാ സ്വന്തം സന്യാസസഭയുടെ നിയമാവലി നവീകരിക്കുന്നതിനുള്ള തീവ്രോദ്യമങ്ങളിൽ വ്യാപൃതയായിരുന്നു. അന്നൊരിക്കൽ സ്നേഹനാഥൻ അവൾക്കൊരു ദർശനം നൽകി. തന്മദ്ധ്യേ അവിടുന്നു കരുണാർദ്രമായി കല്പിച്ചരുളി; "മകളേ, നീ വൻകാര്യങ്ങൾ കണ്ടാനന്ദിക്കുവാനിടവരും.". തന്നെ ഹർഷോന്മത്തയാക്കുവാൻപോന്ന പല മഹാസിദ്ധികളും കർമ്മലീത്താസഭാനവീകരണത്തിന്റെ മധുരോദാരഫലങ്ങ

ളായി ഉളവായിക്കൊണ്ടിരിക്കുന്നതു ചാരിതാർത്ഥ്യത്തികവോടെ ദർശിച്ചാഹ്ളാദിക്കുവാനുള്ള ഭാഗ്യം പുണ്യവതിക്കു കൈവന്നു. എന്നാൽ സ്വർഗ്ഗത്തിലിരുന്നുകൊണ്ടാണ് ദിവ്യനാഥൻെറ പ്രവചനാനുസരണം തൻെറ സഭയെ സംബന്ധിക്കുന്ന ഏററം വലിയ "വൻകാര്യം" നിറവേറിക്കാണുവാനിടവന്നതു്—1925-ൽ നവീകൃത കർമ്മലസഭയുടെ മകുടമണിയായി പ്രശോഭിക്കുന്ന വി. കൊച്ചുത്രേസ്യാ സിദ്ധയായി നാമകരണം ചെയ്യപ്പെടുകയും, രണ്ടുവർഷം കഴിഞ്ഞു്, വി. ഫ്രാൻസീസ് സേവിയറോടൊപ്പം അഖിലലോക മിഷനറിയും പ്രധാനമദ്ധ്യസ്ഥയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തപ്പോൾ.

വി. അമ്മത്രേസ്യ, വി. യോഹന്നാൻക്രൂസ്, വി. കൊച്ചുത്രേസ്യ—കർമ്മലീത്താസഭയിലെ ഈ ഉജ്ജ്വലതാരങ്ങൾ—അദ്ധ്യാത്മദാർശനികരിൽ പ്രമുഖസ്ഥാനാർഹരാണ്. അദ്ധ്യാത്മവിജ്ഞാനീയത്തിൽ ദൈവാനുഗ്രഹത്താൽ അവർക്കു കൈവന്ന അഗാധവും വസ്തുനിഷ്ഠവുമായ അന്തർവീക്ഷണം ആരെയും അത്ഭുതപ്പെടുത്തും. എന്നാൽ അതിനെ സമഗ്രജീവസ്പർശിയാക്കിമാററുവാൻ അവർക്കു കഴിഞ്ഞു. അതിലാണ് അവരുടെ ജീവിതവിജയം അടങ്ങിയിരിക്കുന്നതും. അക്കാരണത്താൽ തന്നെയാണ് തങ്ങളുടെ വീരാത്മകമായ ആഭ്യന്തരജീവിതത്തെ തങ്ങൾക്കും സഭാമാതാവിനും സമസൃഷ്ടങ്ങൾക്കും പരമാവധി പ്രയോജനപ്പെടുത്തുവാൻ അവർക്കു കഴിവുണ്ടായതും.

ആ ദൈവസ്നേഹികളുടേയും മനുഷ്യസ്നേഹികളുടേയും അന്തേവാസികളും അനന്തരാവകാശികളുമായി, ആയിരമായിരം സന്ന്യാസിനീസന്ന്യാസികൾ, അവർ ഉൽബോധിപ്പിക്കുകയും സ്വജീവിതമാതൃകയാൽ ഉദാഹരിച്ചു കാണിക്കുകയും ചെയ്ത ജീവിതമുറയെ ഇന്നും വിശ്വസ്തതയോടെ അനുധാവനം ചെയ്തുവരുന്നുണ്ട്. ത്യാഗാത്മകമായ സ്നേഹവായ്പോടെ മൌനപൂർവ്വം തിരുസഭയ്ക്കും മാനവസമുദായത്തിനുതന്നെയും അനവരതം ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുല സേവനം ദർശനക്ഷമമല്ലായിരിക്കാം. എങ്കിലും ഇരുന്നാലോചിക്കുന്നവർക്കു ആ കർമ്മയോഗികളുടെ സേവനമഹത്വം ഏറെക്കുറെ വിലയിരുത്തിയാദരിക്കുവാൻ പ്രയാസം കാണുകയില്ല.

“മാർത്താ ഒരു സ്ഥലത്തു ശാരീരികമായ പ്രവർത്തനത്താൽ കുറച്ചു കാര്യങ്ങളിൽ മാത്രമേ വ്യാപൃതയായിരുന്നുള്ളു. മേരിയാകട്ടെ അവളുടെ ഉപവിയാൽ അനേകം സ്ഥലങ്ങളിൽ പറന്നെത്തുകയും. വളരെയധികം കാര്യങ്ങൾ സാധിക്കയും ചെയ്തു. എന്തുകൊണ്ടെന്നാൽ ദൈവത്തെക്കുറിച്ചുള്ള ധ്യാനത്താലും സ്നേഹത്താലും അവൾ സകലത്തേയും ദർശിക്കുന്നു; അവളുടെ ഹൃദയം എല്ലാത്തിനേയും സമീപിക്കുന്നു, എല്ലാത്തിനേയും ഗ്രസിക്കയും ആശ്ലേഷിക്കയും ചെയ്യുന്നു; ഇക്കാരണത്താൽ മാർത്താ താരതമ്യേന വളരെ കുറച്ചു കാര്യങ്ങളെക്കുറിച്ചു മാത്രമേ ഉൽക്കണ്ഠാകുലയായിരുന്നുള്ളു എന്നുവേണം പറയുവാൻ.” അദ്ധ്യാത്മശാസ്ത്രവിശാരദനായ റിച്ചാർഡ് ഓഫ് സെൻറ് വിക്ടറുടെ ഇപ്പറഞ്ഞ ചിന്തോദ്ദീപകമായ വാക്കുകളിൽനിന്നു സന്ന്യാസജീവിതം നയിക്കുന്നവർ സഭയിലാസകലവും ലോകം മുഴുവനിൽത്തന്നെയും ചെലുത്തുന്ന അതിസ്വാഭാവികമായ സ്വാധീനശക്തി എത്ര മോഹനവും മഹനീയവുമാണെന്നു ഗ്രഹിക്കാവുന്നതാണ്.

---

## ദണ്ഡവിമോചനം

1962 ജൂൺ 2-ാംനു ദണ്ഡവിമോചനങ്ങളുടെ തിരുസംഘം (The Sacred Apostolic Penitentiary, Prot. N. 4198/62) നിഷ്പാദുക കർമ്മലീത്താക്കാരുടെ ഒന്നും, രണ്ടും, മൂന്നും (അൽമേനികളൾപ്പെടെ) സഭാവിഭാഗത്തിൽപെട്ട എല്ലാ അംഗങ്ങൾക്കും താഴെക്കാണുന്ന ദണ്ഡവിമോചനങ്ങൾ *എന്നേയ്ക്കും* കല്പിച്ചനുവദിച്ചിരിക്കുന്നു.

1. “ഞങ്ങളുടെ വിശുദ്ധ അമ്മത്രേസ്യായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ” എന്ന സുകൃതജപം, കുറഞ്ഞപക്ഷം പാപത്തെക്കുറിച്ച് മനസ്തപിക്കുന്ന ഹൃദയത്തോടുകൂടി, ഭക്തിപൂർവ്വം ചൊല്ലുമ്പോഴൊക്കെ 300 ദിവസത്തെ ദ. വി.

2. പ്രസ്തുത സുകൃതജപം മാസത്തിൻെറ എല്ലാ ദിവസവും ഭക്തിപൂർവ്വം ചൊല്ലുന്നെങ്കിൽ. സാധാരണ വ്യവസ്ഥകളനുസരിച്ച് മാസത്തിലൊരിക്കൽ പൂർണ്ണ ദണ്ഡവിമോചനം.

# രണ്ടാം വത്തിക്കാൻ സൂനഹദോസ് വിജയിപ്പതാക!

## നാം അതിനു എന്തുചെയ്യണം?

(Rev. Fr. Philip, O. C. D.)

ഈ മാസം 11-ാം തീയതി, ന. അമ്മകന്യകാമറിയത്തിന്റെ മാതൃത്വത്തിരുനാൾ ദിവസം, വത്തിക്കാനിലെ, സെൻറ് പീറേറഴ്സ് ബസിലിക്കായിൽ, ഈ നൂററാണ്ടിൽ കത്തോലിക്കാസഭയിൽ നടക്കുന്ന ഏററവും മഹത്തായ സംഭവം,-തിരുസ്സഭയിൽ ഇന്നുവരെ നടന്നിട്ടുള്ളതിൽ ഏററവും വലിയ സൂനഹദോസ് ആരംഭിച്ചിരിക്കുന്നു. അഞ്ചു ഭൂഖണ്ഡങ്ങളിലെ എഴുപത്തഞ്ചോളം രാജ്യങ്ങളിൽനിന്നു് 2500-ഓളം മെത്രാന്മാരും, 80-ൽപരം കർദ്ദിനാളന്മാരും, മററനേകം വൈദികപ്രമുഖരും ഈ സൂനഹദോസിൽ സംബന്ധിക്കുന്നുണ്ടു്. അവരുടെ കൂട്ടത്തിൽ 200-ഓളം മെത്രാന്മാർ ഏഷ്യയിൽനിന്നുമുണ്ടു്. ഇവരിൽ 37 പേർ ആഫ്രിക്കൻ വംശജരും 130 പേർ ഏഷ്യാക്കാരുമാണു്.

1959 ജനുവരിമാസം 25-ാം തീയതിയാണു് പരി. പിതാവു്, 23-ാം ജോൺ മാർപ്പാപ്പാ ഈ സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനു നിശ്ചയിച്ചതു്. അന്നു വി. പൗലോസിന്റെ ബസിലിക്കായിൽ, തിരുസ്സഭയുടെ ഐക്യത്തിനായി നടന്ന തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചശേഷം പരി. പിതാവു ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: "അടുത്തുതന്നെ ഒരു സാർവ്വത്രികസൂനഹദോസ്- രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനു നാം ഉദ്ദേശിക്കുന്നു.''

ഈ നിശ്ചയത്തെ സംബന്ധിച്ചു, വെനിസിലെ വൈദികഗണത്തിനു അവിടുന്നു അയച്ച ഒരു ലേഖനത്തിൽ പരി. പിതാവു് പ്രസ്താവിക്കുന്നതു് ശ്രദ്ധാർഹമാണു്. അവിടുന്നു പറയുന്നു: "എളിയവനായ നമ്മുടെ ഹൃദയാന്തർഭാഗത്തു്, പെട്ടെന്നും അപ്രതീക്ഷിതവുമായി അനുഭവപ്പെട്ട ഒരു പ്രചോദനഫലമായിട്ടാണു് നാം സൂനഹദോസ് വിളിച്ചുകൂട്ടാനുള്ള നിശ്ചയം പ്രഖ്യാപിച്ചതു്.''

ഇങ്ങനെ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനഫലമായി സംജാതമായിരിക്കുന്ന ഈ മഹാ സൂനഹദോസിന്റെ ഉദ്ദേശ്യം എന്താണു് എന്നും നാം ആരായേണ്ടതാണു്. പരിശുദ്ധപിതാവുതന്നെ തൽസംബന്ധമായ വിവരങ്ങൾ നമുക്കു് നൽകിയിട്ടുണ്ടു്. മേൽപ്രസ്താവിച്ച 1959 ജാനുവരി 25-ാം തീയതിയിലെ പ്രഖ്യാപനത്തിൽ അ ഭി വ ന്ദ്യ തി രു മേ നി ഇപ്രകാരം അരുളിച്ചെയ്തു. "റോമാപ്പട്ടണത്തിലും, ലോകത്തിൽ ആകമാനവും ഉള്ള മതാത്മകജീവിതത്തിന്റെ നിലവാരം കണ്ടപ്പോൾ, പഴയകാലങ്ങളിൽ തിരുസ്സഭയിൽ നിലവിലിരുന്നതും നവീകരണത്തിന്റെ അവസരങ്ങളിൽ അസാധാരണമായവിധം ഫലപ്രദമായി അനുഭവപ്പെട്ടതുമായ സനാതന സത്യങ്ങളുടെയും, ബുദ്ധിപൂർവ്വമായ തിരുസ്സഭാനിയമങ്ങളുടെയും പ്രഖ്യാപനങ്ങൾ പുനരാരംഭിക്കണമെന്നുള്ള ഒരു നിശ്ചയത്തിൽ നാം എത്തിച്ചേർന്നു.''

ഈ പ്രസ്താവനയിൽനിന്നു സൂനഹദോസിന്റെ മുഖ്യമായ ഉദ്ദേശ്യം എന്താണെന്നു് വ്യക്തമാകുന്നുണ്ടു്. എങ്കിലും ക്രൈസ്തവസഭയിൽത്തന്നെ കത്തോലിക്കാവിശ്വാസത്തിൽനിന്നു് ഭിന്നിച്ചു നിൽക്കുന്നവരേയും ഏകതൊഴുത്തിലേക്കും ഏകഇടയനിലേക്കും ആനയിക്കാനുള്ള ഒരു പരിശ്രമവും ഈ സൂനഹദോസിൽ നടക്കും. 1959 ജൂൺ 29-ാം തീയതി പ്രസിദ്ധപ്പെടുത്തിയ Ad Petri Cathedram എന്ന വിശ്വലേഖനത്തിൽ പരിശുദ്ധപിതാവു് തൽസംബന്ധമായി പ്രഖ്യാപിച്ചിരിക്കുന്നതു് ഇപ്രകാരമാണു്: "ഈ സൂനഹദോസ്, സത്യം, ഐക്യം, സാഹോദര്യം എന്നിവയുടെ വിസ്മയനീയമായ ഒരു പ്രത്യക്ഷീകരണം ആയിരിക്കും. തൽഫലമായി തിരുസിംഹാസനത്തിൽനിന്നു അകന്നു നില്ക്കുന്നവർക്കു്, ക്രിസ്തുനാഥൻ തന്റെ പിതാവിനോടു ചെയ്ത തീക്ഷ്ണമായ പ്രാർത്ഥനയിൽ പ്രകടിപ്പിച്ചിട്ടുള്ള ആ ഐക്യത്തിലേക്കു പിന്തിരിയുന്നതിനുള്ള സുമധുരമായ ഒരു ക്ഷണവും നല്കപ്പെടും.''

മററു് ക്രൈസ്തവസഭകളെ കത്തോലിക്കാസഭയിലേക്കു് അടുപ്പിക്കുന്നതിനുള്ള പ്രയത്നങ്ങൾക്കായി ഒരു

പ്രത്യേക സെക്രട്ടറിയേററുതന്നെ ഈ സൂനഹദോസിനോടനുബന്ധിച്ചു സ്ഥാപിതമായിട്ടുണ്ട്. അതിൻെറ പ്രസിഡണ്ട് കാർഡിനൽ ബെയാ ആണ്. കൂടാതെ കത്തോലിക്കാസഭയ്ക്കു പുറമെ സ്ഥിതിചെയ്യുന്ന എല്ലാ ക്രൈസ്തവസഭകളും, ഈ സൂനഹദോസിലേക്ക് നിരീക്ഷകരെ അയക്കുന്നതിനു ക്ഷണിക്കപ്പെട്ടിട്ടുണ്ട്. തൽഫലമായി കിഴക്കും പടിഞ്ഞാറുമുള്ള സഭകളുടെ മേലദ്ധ്യക്ഷന്മാർ പ്രശസ്തരായ വ്യക്തികളെ രണ്ടാം വത്തിക്കാൻ സൂനഹദോസിലേക്ക് നിരീക്ഷകരായി അയക്കുന്നതിനു തീരുമാനിച്ചുകഴിഞ്ഞു.

കേരളത്തിൽനിന്നു, യാക്കോബായ സഭയുടെ കാതോലിക്കാബാവാ ആയ മാർ ബസിലിയോസ്, യാക്കോബായ മെത്രാപ്പോലീത്താ ആയ മാർ ക്ലീമിസ്, മാർതോമാസഭയുടെ മെത്രാപ്പോലീത്താ ആയ മാർ തോമാ, സൗത്ത് ഇൻഡ്യൻ സഭയുടെ മെത്രാനായ ബിഷപ്പ് ജോൺ എന്നിവർക്ക് തിരുസിംഹാസനത്തിൽനിന്ന് ക്ഷണം ലഭിച്ചിട്ടുണ്ട്.

ഇങ്ങനെ കത്തോലിക്കാസഭയിൽത്തന്നെ, വിശ്വാസത്തിൻേറയും സാന്മാർഗ്ഗിക ജീവിതത്തിൻേറയും ഒരു നവോത്ഥാനം; പരിശുദ്ധ പിതാവിൻെറ വാക്കുകളിൽപ്പറഞ്ഞാൽ, ഒരു പുതിയ പന്തക്കോസ്താ- സംജാതമാക്കുക, തൽഫലമായി അകത്തോലിക്കാസഭകളേയും തിരുസ്സഭയുടെ മടിയിലേക്ക് ആകർഷിക്കുക, എന്നിവയാണ് ഈ രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഉദ്ദേശ്യങ്ങൾ.

ഇവ സാധ്യമാകുന്നതിനുവേണ്ടി ലോകത്തിലെ സകലമാന കത്തോലിക്കരും പ്രാർത്ഥിക്കണമെന്നും പ്രായശ്ചിത്തം ചെയ്യണമെന്നും പ. പിതാവ് അഭ്യർത്ഥിക്കുന്നു. തൽസംബന്ധമായി അവിടുന്ന് പ്രസിദ്ധീകരിച്ച Paenitentiam agere എന്നു തുടങ്ങുന്ന തിരുവെഴുത്തിൽ ഇപ്രകാരം പറയുന്നു: "ആകയാൽ നമ്മോട് പുത്രസഹജമായ വിധേയത്വത്തോടുകൂടിയിരിക്കുന്ന എല്ലാവരും, തങ്ങളുടെ ശ്രദ്ധയെ നമ്മുടെ ഈ അവസാന ആഹ്വാനത്തിലേക്കു തിരിക്കട്ടെ. അങ്ങനെ സകല വിശ്വാസികളും, കുട്ടികളും, രോഗികളും, പീഡിതരും, ഈ അവസരത്തിൽ സഭയ്ക്കാവശ്യമായ വെളിവും അതിസ്വാഭാവികശക്തിയും ലഭിക്കുവാനായി പ്രാർത്ഥിക്കുകയും പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കുകയും ചെയ്യട്ടെ.''

നിഷ്പാദുക കർമ്മലസഭയുടെ നാലാം ശതാബ്ദാഘോഷങ്ങൾ നടക്കുന്ന ഇക്കൊല്ലം ഈ രണ്ടാം വത്തിക്കാൻ സൂനഹദോസ് നടക്കുന്നുവെന്നുള്ളതു് കർമ്മലസഭാംഗങ്ങൾക്കും വി. ത്രേസ്യായുടെ ഭക്തർക്കും സവിശേഷമായവിധം അഭിമാനകരവും ആധ്യാത്മികപ്രചോദനാർഹവുമാണ്. എല്ലാ വിശുദ്ധരും തിരുസ്സഭയെ സ്നേഹിച്ചിരുന്നുവെങ്കിലും "ഞാൻ തിരുസ്സഭയുടെ മകളായി മരിക്കുന്നതിൽ അഭിമാനം കൊള്ളുന്നു'' എന്നു പറഞ്ഞുകൊണ്ട് മരണംപ്രാപിച്ചതു് വിശുദ്ധ ആവിലായിലെ ത്രേസ്യാമാത്രമാണ്. മരിക്കുമ്പോൾമാത്രമല്ലാ, ജീവിക്കുമ്പോഴും അമ്മത്രേസ്യാ തിരുസ്സഭയെ ആത്മനാ സ്നേഹിക്കുകയും തിരുസ്സഭയ്ക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുകയും ചെയ്തു.

നവീകൃത കർമ്മലസഭയുടെ ആദർശത്തെ സംബന്ധിച്ചു വിശുദ്ധ തൻെറ സുകൃതസരണി എന്ന കൃതിയിൽ എഴുതുന്നതു് നോക്കുക. അവർ പറയുന്നു: "നവീകൃതസഭയുടെ മഠങ്ങളിൽ ഇത്ര കഠിനമായ തപസ്സുകൾ അനുഷ്ഠിക്കണമെന്നു ആരംഭത്തിൽ എനിക്കു ഉദ്ദേശ്യമുണ്ടായിരുന്നില്ല. അക്കാലത്തു് ഫ്രാൻസിലെ കഷ്ടപ്പാടുകളെപ്പററിയും അവിടെ ലൂഥറൻ പാഷണ്ഡമതക്കാർ വരുത്തിയിരുന്ന കെടുതികളെപ്പററിയും, ആ നവീകരണപ്രസ്ഥാനത്തിൻെറ വളർച്ചയെപ്പററിയും ഞാൻ കേൾക്കാൻ ഇടയായി.....അവിടെ നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളിൽ ഒന്നിനെ രക്ഷിക്കുന്നതിന് ഒരായിരംപ്രാവശ്യം മരിക്കുന്നതിനു ഞാൻ തയാറായിരുന്നു. എന്നാൽ ഞാൻ ബലഹീനയും പാപിനിയുമായ ഒരു സ്ത്രീ മാത്രമായിരുന്നതുകൊണ്ട്, ഞാൻ ആഗ്രഹിച്ചതുപോലെ ദൈവത്തെ സേവിക്കുന്നതിനു എനിക്കു കഴിഞ്ഞില്ല. തന്മൂലം കഴിവുള്ളതു ചെയ്യുന്നതിനു ഞാൻ നിശ്ചയിച്ചു. സുവിശേഷസാരോപദേശങ്ങളെ പരിപൂർണ്ണമായി പാലിക്കുകയും, എൻെറകൂടെ ഇവിടെയുള്ള കന്യാസ്ത്രീകളും അപ്രകാരം ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്ക എന്നതായിരുന്നു അതു്....അങ്ങനെ നമ്മുടെ സ്നേഹനാഥൻ ലോകത്തിൽ ഒരു സങ്കേതംപോലും നല്ലാതെ, തന്നെ വീണ്ടും കുരിശിൽ തറക്കുന്നതിനു, തന്നിൽനിന്നു വലിയ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നവർതന്നെ പരിശ്രമിക്കുന്നു എന്നു തോന്നിപ്പോകുന്ന ഇക്കാലത്തു്, തിരുസ്സഭയ്ക്കുവേണ്ടിയും, സഭയെ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രസംഗകർക്കും വേദശാസ്ത്രജ്ഞന്മാർക്കും വേണ്ടിയും

നിരന്തരം പ്രാർത്ഥിച്ചുകൊണ്ട്, അവിടുത്തെ, അല്പമെങ്കിലും സഹായിക്കാമെന്നായിരുന്നു എൻെറ പ്രതീക്ഷ.”

ഇന്ന്, കമ്മ്യൂണിസമാകുന്ന കാളസർപ്പം ലോകത്തിൻെറ പകുതിയും ഗ്രസിച്ചിരിക്കുമ്പോൾ, ലൂഥറന്മാരെപ്പോലെ അനേകം കോടി ജനങ്ങൾ ദിവ്യനാഥൻെറ പേരു വഹിച്ചുകൊണ്ട് അവിടുത്തെ ഉത്തമതാൽപ്പര്യങ്ങൾക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, കത്തോലിക്കർ തന്നെ, ആധുനിക പരിഷ്കാരത്തിൻെറ ലഹരിയിൽ മയങ്ങി വിശ്വാസത്തേയും സന്മാർഗ്ഗത്തേയും അവഗണിച്ചുകൊണ്ടിരിക്കുന്ന ഈ ഇരുപതാം നൂററാണ്ടിൽ, ഈ ഭയങ്കര തിന്മകൾക്കെല്ലാം പ്രതിവിധി കാണുന്നതിനു ഇത്ര മഹത്തായ ഒരു സൂനഹദോസ് വത്തിക്കാനിൽ സമ്മേളിക്കുമ്പോൾ, അമ്മത്രേസ്യാ ജീവിച്ചിരുന്നെങ്കിൽ കടൽത്തീരത്തിലെ മണൽപരപ്പുപോലെ വിശാലമായ അവളുടെ ഹൃദയം എങ്ങനെ ആനന്ദപാരവശ്യത്തിൽ ആറാടുമായിരുന്നു! ഈ മഹാ സംരഭത്തിൻെറ വിജയത്തിനായി അവൾ എത്രമാത്രം പ്രാർത്ഥിക്കുകയും തപസ്സുചെയ്യുകയും, അപ്രകാരം ചെയ്യുന്നതിനു മററുള്ളവരെ ആഹ്വാനം ചെയ്യുകയും ചെയ്യുമായിരുന്നു!

ഇതേ ആശയത്താലും ആവേശത്താലും പ്രചോദിതരായിത്തീരുന്നതിനു നമുക്കും പരിശ്രമിക്കാം. പരിശുദ്ധപിതാവ് തൻെറ ഒരു ലേഖനത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, നമ്മൾക്കോരോരുത്തർക്കും ഈ മഹാ സംഭവത്തിൽ വ്യക്തിപരമായ ഒരു പങ്കുണ്ട് എന്ന ബോധത്തോടുകൂടെ, ഈ രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കുകയും, നമ്മുടെ കഴിവുകൾപോലെ പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കുകയും ചെയ്യാം.



For Favours Received through the intercession of the Little Flower and St. Martin de Porres.

## Statistics of Catholic India 1962

| | |
|---|---|
| Catholics: | 6 million (6,282,409) |
| Non-Catholic Christians: | 5 million |
| Non-Christians: | 427 million |
| Total | 438 million, of whom only 1.4% are Catholics. |

| | Priests | Brothers | Sisters (112 Institutes) |
|---|---|---|---|
| Foreigners: | 1338 | 296 | 2078 |
| Indians | 5480 | 1207 | 19816 |
| Total | 6818 of whom about 2500 are Religious. | 1503 | 21894 |

## Statistics of Catholic Kerala 1962

| Rite | Catholics | Native Priests | Native Sisters |
|---|---|---|---|
| Syro-Malabar: | 1,475,010 | 1474 | 7385 |
| Syro-Malankara: | 124,433 | 206 | 289 |
| Total | 1,599,443 | 1680 | 7674 |
| Latin: | 821,456 | 528 | 1345 |
| Grand total | 2,420,899 | 2208 | 9019 |

The total population of Kerala: 16,875,199 of whom only one-seventh or 14.53% are Catholics.

# Apostolic Letter

## of HIS HOLINESS POPE JOHN XXIII

to His Eminence Cardinal Ferdinand Cento appointing him as Legate to preside at the Centenary Celebrations at Avila, Spain.

*To Our Beloved Son*
*Ferdinand Cento*
*Cardinal of Holy Roman Catholic Church*

POPE JOHN XXIII

Beloved Son, Health and Apostolic Benediction.

It is a very noble cause, of an entirely spiritual nature, which induces Us, beloved Son, to address to you this Letter, by which We invest you with a distinguished mission and call on you to participate in our spiritual jubilation.



In fact, four centuries will soon have elapsed since Saint Teresa of Jesus, that most renowned virgin and unique light of the Church, began at Avila in Spain her work of restoring the Carmelite Order to its pristine state, an immense task and one most fruitful in its spiritual results.

On August 24th 1962 she founded her first little convent, outside the city walls and dedicated it to Saint Joseph, Spouse of the holy Mother of God, wherein the Carmelite Nuns were to embrace a more austere form of life.

Word has been brought to Us that, in order to commemorate this centennial event, there will be solemn festivities at Avila, at which large crowds will participate, together with Prelates, State Authorities and members of the Carmelite Order, lovingly fascinated by the triumphant glory of their Mother and lawgiver. We too, in Our desire to take part in these solemnities, have given Our wholehearted approval to the request of the Father General of the Discalced Carmelites that We send a Cardinal to Avila to represent Us there. For this reason, beloved Son, We

choose and appoint you as Our Legate, you who are the Protector of this Order, so that you will preside at the sacred ceremonies, invested with Our Own authority.

The announcement of this hallowed occurrence is a sweet reminder to Us of a memorable event in Our life: on July 25th 1954 We visited the Convent called the Incarnation at Avila, where this noble daughter of Christ armed herself for the conquest of virtue and, in the city of Alba de Tormes, as We knelt at her tomb, Our heart was moved with tender devotion to this most elect of Heaven's citizens.

The work inaugurated by Saint Teresa deserves to have its praises sung and it should be commemorated with due festive rites: for the restoring of the religious life, achieved by this virgin, when she caused it to spring up, as it were, from the ancient and illustrious trunk of the Carmelite Order, was like a flowering and sweet-scented springtime for Holy Church, taking place at the same time as the Council of Trent was giving new impetus to the Catholic faith.

Wounded by the dart of divine love, this Saint, whose praises have been amply sung by our Predecessors, especially Pope Gregory XV and Saint Pius X, determined to observe and have observed, with all sanctity and diligence, the high and sublime ideals of her Order. And so, together with some other devoted religious, she began her great enterprise, under the inspiration of divine grace. Her design was to lead souls away from the empty bustle of the world and its fleeting cares, so as to devote themselves to God alone in hallowed retirement and solitude of heart. She intended that primacy of place be given to the contemplation of divine things, especially by means of that prayer which gives wisdom to understand rightly and a certain forestate of heaven. She resolved therefore to embrace a more austere way of life, together with poverty and other voluntary mortifications. And so she and her Nuns set out on their journey which, though arduous and laborious, was lit up with heavenly delights.

Not in the least daunted by the difficulties, Saint Teresa succeeded in founding seventeen Convents wherein the Nuns followed this way of life, under the protection of the Blessed Virgin Mary, who is entitled the Queen and Beauty of Carmel. But Saint Teresa also communicated this flame which burned within her own heart to the Order, finding in Saint John of the Cross her most valiant collaborator. And so seventeen monasteries of men of the same Order, observing the more strict way of life, came into existence during the lifetime of this intrepid foundress and teacher.

The charity which inflamed her soul could not be contained within the limits of her own religious family, but extended itself to the entire Church, since the Lord Himself had endowed her "with a broadness of heart, like the sand on the seashore" (3 Kings, IV, 29). She yearned for the salvation of souls with all the ardour of her being. Continual sorrow filled her heart because of the blindness of pagans and heretics and she never ceased to implore the Lord to lead them to the truth of the Catholic faith. To achieve this she also offered to God the acceptable sacrifice of her fasts, disciplines and voluntary mortifications. Her great preoccupation was that priests be shining examples of sanctity, that theologians be imbued with sound doctrine and that the preachers of the Gospel be labourers full of zeal. She sought to obtain this from God by the fervour of her prayers

and she wanted her Nuns to follow her example by engaging themselves in a life of greater intimacy with their divine Master.

Saint Teresa was convinced that a life of prayer and continual self-immolation had very much to contribute as a most efficacious means of saving souls: moreover, it was in itself an excellent form of the apostolate. So she regulated her whole way of life in the light of this principle and determined that all who were to have her as mother and lawgiver should do the same. The truth and solidarity of this foundamental point of spiritual doctrine is clearly established by the vitality of the Carmelite Order for past four centuries.

We have frequently explained the fruitfulness of the contemplative religious life and now, with Our eyes fixed on Saint Teresa of Jesus, We are pleased to affirm that while the Church highly esteems the active apostolate which is so prized in our day, nevertheless, even in this age of feverish activity, she attaches the greatest importance of all to that form of life which is consecrated to God and devoted to the contemplation of divine things. The apostolate, if it is to be true and authentic, must be a participation in the saving mission of Christ and this is impossible without the exercise of prayer and self-immolation; in fact, it was above all by the offering of prayer to His Father and the sacrificing of Himself that our Redeemer brought salvation to humanity, as it lay enchained and oppressed by sin. And so it follows, that all those who by their prayer and sacrifice associate themselves with this intimate spirit of the saving work of Christ exercise the apostolate in an eminent manner, although they be engaged in no external activity.

It is with affectionate and paternal love, therefore, that We contemplate the Daughters of Saint Teresa in every part of the world and apply to them the words of Saint Cyprian, that champion of sacred virginity: they are "the choicest portion of the flock of Christ". Mother Church rejoices in them. They are the generous flowering of her glorious luxuriance". (*De habitu virg.*, 3; P. L. 4, 455).

We offer them our most profound gratitude for their hidden and lowly life by means of which they afford the faithful and the whole of society so many benefits; at the same time, we exhort them to preserve with strength of spirit and a loving heart the way of life bequeathed them by such a teacher. Let them call to mind and engrave on their soul these words of hers: "It breaks my heart to see so many souls travelling to perdition. I would I did not see more being lost every day. Oh, my sisters in Christ! Help me to entreat the Lord, for the Lord has brought you together here for that very purpose. This is your vocation; this must be your business; these must be your desires; these your tears; these your petitions . If your prayers and desires and disciplines and fasts are not performed for the intentions of which I have spoken, reflect that you are not carrying out the work or fulfilling the object for which the Lord has brought you here" (cfr. *Way of Perfection*, I, 4-5; III, 10).

We are certain that the Sons too of Saint Teresa will derive from these solemn celebrations an incentive to preserve and perfect with determined will, vigilant constancy and the utmost diligence all that their Mother and lawgiver intended when she restored the primitive rule to the Carmelite Order with such unparalleled devotedness and towering wisdom. Though the Fathers give themselves to the active apostolate as well, nevertheless that "precious pearl", which their Mother



Conference of the Carmelite Sisters.



Eucharistic procession going to start.



A scene of the penitential procession.



Our Lady of Mount Carmel accompanying the Penitential Procession.



Very Rev. Fr. Bernardine OCD., delivers his Welcome Speech at the Public Meeting.



His Grace The Most Rev. Mathew Kauwkatt, Archbishop of Changanacherry delivering His Presidential address, at the Public Meeting.



The Honourable Justice Mrs. Anna Chandy addressing the Public Meeting.



Our Aspirants singing the "Samuhaganam."



A scene of the Public Meeting.



A scene of the Public Meeting.



Very Rev. Fr Thaddaeus OCD., Our Provincial thanking the audience.



Women utilising the privilege of visiting the cemetry crypt within the Papal enclosure.

bequeathed them, as it were, in heritage, must always shine forth with undying splendour. If we consider the matter more deeply we shall see that a life dedicated to contemplation is not opposed to the active apostolate undertaken for love of God. For if we are intimately united with the Lord and seek Him alone in all we do, the flame of apostolic charity must necessarily be enkindled. Then we have that unifying harmony between the active apostolate and the comtemplative life of separation from the world; because both forms of life flow from charity as from a common fountain and they are nurtured by the same love. For this reason. We make Our own the words of Saint Bernard: "Brethren, have a loving esteem for the precious pearl, have a loving esteem for sanctity of life, because it will liken you to the saints and introduce you into the household of God" (*Serm de div.* 37; P. L. 185, 641).

This ardent charity will also lead the entire Teresian family to dedicate itself to the welfare and progress of Holy Church and draw down on it the divine favours by means of special prayers and voluntary penances, so that the forthcoming Second Vatican Ecumenical Council may usher in, as it were, a new springtime, harbinger of consummate spiritual beauty.

These are the thoughts that inundate Our spirit, as we contemplate the undertaking happily begun by Saint Teresa four centuries ago. While We raise suppliant hands to God in prayer that the forthcoming solemnities may be productive of copious spiritual benefits, We lovingly impart to you, beloved Son, to the Prelates, State Authorities, clergy, members of the Teresian family and all participating in these solemn celebrations, Our Apostolic Blessing in the Name of the Lord, as a pledge of divine favours and sign of Our special benevolence.

Given at Rome, in Saint Peter's on July 16th, Commemoration of the Blessed Virgin Mary of Mount Carmel, in the year 1962, fourth of our Pontificate.

JOHN XXIII

*Pope*

---

# Pastoral Letter

**Of His Excellency, the Bishop of Trivandrum**

*(Bishop's House, Vellayambalam, 4-8-1962)*

Dear Rev. Fathers, Rev. Sisters and my Beloved Faithful,

I am happy to announce to you that the Discalced Carmelites all over the world are celebrating the fourth centenary of the reformation of their Order by the great St. Teresa of Avila, that valiant woman of the 16th century. It was on 24th August 1562 that the first convent of the reform was opened in Avila under the patronage of St. Joseph. Since that great and epoch-making event in the History of the Church and the Carmelite Order four hundred years have passed. We are commemorating the

fourth centenary of it. On this occasion, it will not be out of place, to recall to our mind the great things the Carmelite Order has done for India and especially for the Church in Malabar. Fr. Joseph Sebastiani, later on Bishop, arrived at Cochin in February 1657 by order of Pope Alexander VII by a brief dated 19th February 1656 to work among the dissident Catholics and bring them back from the schism. With that begins an apostolate of more than three hundred years which still continues in two dioceses of Trivandrum and Vijayapuram and in the St. Joseph's Apostolic Seminary of Alwaye. The most glorious monuments of the Carmelite Mission work are the different Religious Congregations which have come to exist under the patronage and inspiration of the Carmelite Missionaries. Thus we have the Congregation of the Syrian Carmelites now known as the Carmelites of Mary Immaculate, the Carmelites of the Latin Rite in Manjummel, Regular Third Orders for women of both Latin and Syrian Rites. Besides we have 12 convents of Cloistered Carmelite nuns in India. To complete the work of the Missionaries the illustrious Sons of the Province of Flanders established the Carmelite First Order in India with Indians as its members on 1st June 1928. All the dioceses of Malabar except Cochin and Alleppey owe their origin to the Carmelite Mission Work.

On this thrice happy occasion of the Fourth centenary celebrations of the Carmelite Order of which we ourselves have the happiness to be a member and which has rendered yeomen service to Church and our country, it is our duty to thank the good God for all the graces He has bestowed on the Carmelite Order and through it on each and every one of us, by the intercession of our loving Mather, Queen of Carmel. Therefore we request that *Te Deum* be sung in all our Churches and Convent Chapels on 24th of August 1962 in thanksgiving for all the favours received. We also earnestly exhort the priests and faithful of this diocese to take part in the centenary celebrations to be held in Carmel Hill Monastery, Trivandrum from 7th to 19th August 1962 especially in the public meeting to be held on 19th August 1962 at 4.30 p. m. under the auspices of the Malabar Province of the discalced Carmelites and the Carmelite Mission of Trivandrum. The Rev. Fathers of this diocese who are members of the Carmelite secular Third Order are hereby requested to be present for the conference of the Third Order Fathers to be held on August 16th 1962 at 10.30 a. m. in the Benziger Memorial Retreat House, Carmel Hill, Trivandrum.

I am also glad to inform you that Rome has allowed women to enter the enclosure of Carmel Hill Monastery, Trivandrum on 19th August 1962 to visit the tomb of the late Archbishop Benziger.

With my best blessing.

Your devoted Father in Xto. et Ma.
† fr. VINCENT V. DEREERE, O. C. D.,
*Bishop of Trivandrum.*

STATISTICS OF THE CARMELITE PROVINCE OF MALABAR

| | | | | | |
|---|---|---|---|---|---|
| Fathers | : 47 | Monasteries | : 6 | Publication | : Carmel (Quarterly) |
| Chorists | : 5 | | | | |
| Lay Brothers | : 21 | Sunday School | : 1 | Retreat House | : 1 |
| Total | 73 | | | | |
| Aspirants : | 65 | Printing Press | : 1 | | |
| Grand total | 138 | | | | |

# The Gem of Avila

(Rev. Fr. Victor, O. C. D., Ceylon)

In the atmosphere of the modern world people of every walk of life are looking for thrilling adventures like those of the astronauts Glen, Gargarin and Popowich.

However wonderful these material achievements may be, they pale into insignificance before the other category of thrills that attract much more the human mind and heart i. e. the marvellous power of Faith and Love that raises common clay to the sublime heights of heroic sanctity.

The sixteenth century was noted for its galaxy of great saints. Among the glorious heroes and heroines that adorned the firmament of this period Teresa of Avila was one of the most outstanding. She was indeed a veritable Gem of Avila.

It was the angelic doctor St. Thomas Aquinas, who said that whenever God chooses a person for a special work, He gives that person all the graces necessary to accomplish that task. However this does not mean that the person selected becomes an automaton. Not at all. Besides the aid of divine grace our human cooperation is necessary. In any enterprise, the human qualities, natural capabilities and the individual characteristics of the person concerned, not only remain intact, but are even made use of by God for the accomplishment of that task.

We shall see in the course of this brief sketch that eminent qualities of mind and heart, such as courage, magnanimity and generosity adorned the soul of St. Teresa in a very high degree.

From her earliest childhood, Teresa burned with the desire of martyrdom. As a child she even actually set out from her home with her brother Rodrigo to evangelise the Mohomedans of Morrocco, thus hoping to be martyred by the infidels. Though foiled in her attempt at becoming a martyr of blood, she certainly did become a martyr of love.

She never flinched or wavered when it was a question of duty or principle. Once convinced that it was God's will that such a step should be taken, no expediency, convenience or temporal advantage could ever deter her from carrying out her plan.

In order to understand properly therefore Tereas's heroic achievement of the Reform of the Carmelite Order, a bird's eye view of her historic background is imperative.

Although the Middle Ages witnessed a Christian Commonwealth with a remarkably high development of Christian culture, abuses and flagrant violation of Christian principles were rampant.

The policy of appointing prince-bishops to ecclesiatical benefices and recruiting monastic prelates from the ranks of the nobility led to an alarming decline in religious discipline. The Church suffered from within and without. Heresy raised its poisonous head on the horizon of Northern Europe. The fair churches of France, Germany and England succumbed to the seducer. Christ slept once more and the barque of Peter was about to sink beneath the raging waves. But the Lord rising up commanded the winds and stilled the tempest. The counter-

